ഒരു കാലഘട്ടത്തിൽ നിന്നുള്ള
ഉദ്ധരണികൾ

# അവതാരിക

ജൂലിയസ് ഫ്യൂച്ചിക്ക് ഈ പുസ്തകം എഴുതിയതു നാസി ആരാച്ചാരന്മാരുടെ കൊലക്കരുക്കിന്റെ നിഴലിനു കീഴിൽവെച്ചാണ്. കയ്യെഴുത്തുപ്രതിയുടെ കേവലഭാവം തന്നെ ഗ്രന്ഥകാരന്റെ അജയ്യമായ മനോവീര്യത്തിന്റെയും ഏതൊരു പ്രതിസന്ധിഘട്ടത്തേയും അഭിമുഖീകരിക്കുവാനുള്ള ധീരോദാത്തമായ സാമർത്ഥ്യത്തിന്റെയും അനിഷേദ്ധ്യമായ തെളിവാണ്. പ്രേഗിലെ 'പാൻക്രാററ്സ്' എന്ന സ്ഥലത്തുള്ള ഗെസ്റ്റാപ്പൊ ജയിലിൽനിന്ന് അനുഭാവിയായ ഒരു 'ചെക്ക്' വാർഡറുടെ സഹായത്തോടെ ഒന്നൊന്നായി കടത്തിക്കൊണ്ടുവന്ന പെൻസിലിൽ കുറിച്ച കടലാസുകഷണങ്ങൾ ഒന്നിച്ചുചേർന്നതാണ് കയ്യെഴുത്തുപ്രതി. ആത്മവഞ്ചനയേ അങ്ങേഅററം വെറുക്കുന്നവനായ ഫ്യൂച്ചിക്ക്, അനിശ്ചിതമായ അവസ്ഥയിൽവെച്ചു തുടൻകൊണ്ടിരിക്കുന്ന ഈ തൂലികാസമരം മുഴമിപ്പിക്കുാൻവേണ്ടി താൻ ജീവിച്ചിരിക്കുകയില്ലെന്നറിഞ്ഞിരുന്നു. എന്നാൽ, അതിന്റെ "സന്തോഷകരമായ പര്യവസാനം", അദ്ദേഹത്തിന്റെ ഭാഷയിൽ കോടിക്കണക്കായ തന്റെ സ്വന്തം നാട്ടുകാരും മറെറല്ലാ രാജ്യങ്ങളിലുമുള്ള ഫാസിസ്ററുവിരോധികളും സാധിക്കുമെന്നുള്ള വിശ്വാസത്തിൽ അദ്ദേഹം നിലയുറപ്പിച്ചിരുന്നു.

ജനങ്ങളിലും അവരുടെ ഭാവിയിലുമുള്ള ഈ വിശ്വാസമാണ് ഈ ഗ്രന്ഥത്തിന്റെ മൗലികമായ വസ്തുത. മറെറല്ലാ യുദ്ധകാലജയിൽസാഹിത്യങ്ങളിലുമെന്നപോലെ, ഈ പുസ്തകത്തിലും, ഫാസിസ്ററു നിഷ്ഠൂരതകളുടെ മാക്കാനാവാത്ത ചിത്രംതന്നെയാണ് നാം കാണുന്നതെന്നുള്ളത് ശരിയാണ്. എന്നാൽ ഇത് ഫാസിസത്തിന് ഇരയാകുകമാത്രം ചെയ്ത ഒരാളുടെ ചിത്രമല്ല, അതിനേ കൂട്ടിൽക്കയററിയ ഒരന്യായക്കാരനും, ജഡ്ജിയും, ധാർമ്മികമായി അതിനെ ജയിച്ചു കീഴടക്കിയ യോദ്ധാവും കൂടെയായ ഒരാളുടെ ചിത്രമാണ്.

"ഹാ, ഭീകരമായ ഈ വിതയിൽനിന്ന് എന്തൊരു വിളവായിരിക്കും ഒരുനാൾ ഉയൎന്നുവരുക," അദ്ദേഹം ആവേശപൂൎവ്വം ചോദിക്കുന്നു. "തന്റെ സ്വന്തം ഭാവിനേരെ മരണത്തിലേയ്ക്കു ചൂണ്ടപ്പെട്ടിരിയ്ക്കുമ്പോൾ എപ്പോഴും മററുള്ളവൎക്ക് ഭാവിയിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുന്നവനായ" ഒരു സഖാവിനെ വൎണ്ണിയ്ക്കുവാൻ ഫ്യൂച്ചിയ്ക്ക് തെരഞ്ഞെടുത്ത അതേ വാക്കുകൾ അദ്ദേഹത്തിനുവേണ്ടിയും പ്രയോഗിയ്ക്കുക നമുക്ക് അലംഘനീയമായിത്തീൎന്നു.

ഫ്യൂച്ചിക്ക് ഗെസ്റ്റാപ്പോയുടെ കൈകളാൽ വധിയ്ക്കപ്പെട്ടു, എങ്കിലും ഈ പുസ്തകത്തിൽ അദ്ദേഹം ചൂണ്ടിക്കാണിയ്ക്കുന്ന ഭാവി, അദ്ദേഹത്തിന്റെ സ്വന്തംനാടായ ചെക്കോസ്ലോവോക്യായിൽ ഒരു ജീവനുള്ള യാഥാൎത്ഥ്യമായിത്തീൎന്നിരിക്കുന്നു. ആ നാട്ടിൽ യുദ്ധത്തെപ്പററിയുള്ള എല്ലാ സാഹിത്യങ്ങളിലുംവെച്ചു ഏററവും കൂടുതൽ വായിക്കപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകം; ഫ്യൂച്ചിക്ക് നാടിന്റെ വീരാത്മാക്കളിലൊരാളായി കൊണ്ടാടപ്പെട്ടുവരുകയും ചെയ്യുന്നു. ഹിററ്ലറിനെ അടിപ്പെടുത്താൻ അതാതിന്റെ പങ്കുനിൎവ്വഹിച്ച, സോവ്യററുയൂണിയൻ, യൂഗോസ്ലാവിയാ, ഫ്റാൻസ് എന്നിവയുൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളിലേയും പ്രധാന ഭാഷകളിലേക്കും ഈ പുസ്തകം തൎജ്ജമചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. "നാളെ ഇന്നലെയായിക്കഴിഞ്ഞിരിക്കുന്ന രാജ്യത്തിൽ." എന്നപേരിൽ സോവ്യററു യൂണിയനേക്കുറിച്ച് ഒരു പുസ്തകം അത്യാദരപൂൎവ്വം ഫ്യൂച്ചിക്ക് എഴുതുകയുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ പുസ്തകത്തിൽ അദ്ദേഹം എഴുതുന്ന ഭാവി ചെക്കോസ്ലോവാക്യായിലും യൂറോപ്പിലേ മററു ജനാധിപത്യരാജ്യങ്ങളിലും ഇപ്പോൾ രൂപമെടുത്തു കഴിഞ്ഞിരിക്കുന്നു.

ഒരു പത്രപ്രവൎത്തകനും, സാഹിത്യനിരൂപകനും, കമ്മ്യൂണിസ്ററുനേതാവുമായ ഫ്യൂച്ചിക്ക് 1903-ാമാണ്ട് ഫെബ്രുവരിമാസം 23-ാംതീയതി പ്രേഗ് സ്മീച്ചോവിൽ ജാതനായി. അദ്ദേഹത്തിന്റെ പിതാവ് ഒരു ഉരുക്കുതൊഴിലാളിയും, അതേസമയം അഭിനയം ഒരു തൊഴിലായി സ്വീകരിക്കാതെ തന്നെ, വാസനാബലമുള്ള ഒരു നടനും പാട്ടുകാരനുമായിരുന്നു. ഫ്യൂ

ച്ചിസ്റ്റ് തൊഴിലാളിപ്രസ്ഥാനത്തിലും, ചെക്കോസ്ലാവാക്യായിലെ സാംസ്കാരികലോകത്തിലുമുള്ള തന്റെ പ്രവർത്തനങ്ങൾ വളരെ നേരത്തെ, പതിമൂന്നു പതിനാലുവയസ്സു മുതൽക്കു തന്നെ, ആരംഭിച്ചിരുന്നു. പ്രേഗ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ, അദ്ദേഹം സാഹിത്യവും, സംഗീതവും, കലയും അഭ്യസിച്ചു. ഒരുതൊഴിലാളിയായി പണിയെടുത്തു നിത്യവൃത്തിക്കു വേണ്ടവക സമ്പാദിക്കുവാനായി അദ്ദേഹം കമ്മ്യൂണിസ്റ്റുപാർട്ടിയിൽച്ചേർന്നു, സോഷ്യലിസ്റ്റ് പത്രങ്ങൾക്കു ലേഖനങ്ങളെഴുതുകയും, കമ്മ്യൂണിസ്റ്റ് വിദ്യാർത്ഥിസംഘടനയിലെ ഒരു പ്രമുഖനായിത്തീരുകയും ചെയ്തു. 1929-ൽ അദ്ദേഹം "ടോർബാ" (സൃഷ്ടി) എന്ന പത്രത്തിന്റെ പ്രധാന അധിപരായിത്തീർന്നു; അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആ പത്രം വലിയ സ്വാധീനശക്തിയുള്ള ഒരു സാംസ്കാരിക-രാഷ്ട്രീയപത്രമായി ഉയർന്നു. അനന്തരം അദ്ദേഹം ചെക്കോസ്ലോവാക്യായിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മുഖപത്രമായ "റൂഡിപ്രാവോ"യുടെ പത്രാധിപരായി.

ഒരു പത്രറിപ്പോർട്ടറുടേയും, പ്രാസംഗികന്റേയും, പത്രാധിപരുടെയും നിലയിൽ, തന്റെ രണ്ടുപ്രാവശ്യത്തെ സോവ്യറ്റ്യൂണിയൻ സന്ദർശനങ്ങളെക്കുറിച്ച്, സ്വന്തം നാട്ടുകാരോട് റിപ്പോർട്ടുചെയ്തതിനെത്തുടർന്ന്, ചെക്കുപിന്തിരിപ്പന്മാരാൽ ഫ്യൂച്ചിക്ക് ദ്രോഹിക്കപ്പെടുകയും, തുടരെത്തുടരെ ജയിലിലടയ്ക്കപ്പെടുകയും ചെയ്തു. മ്യൂണിച്ച് ഉടമ്പടിയുടെ കാലത്ത് കമ്മ്യൂണിസ്റ്റുപാർട്ടി നിയമവിരുദ്ധമാക്കപ്പെടുകയും, പാർട്ടി ഒളിവിലേയ്ക്കോടിക്കപ്പെടുകയും ചെയ്തു. നാസികൾ രാജ്യം പിടിച്ചടക്കിയതോടെ ഫ്യൂച്ചിക്ക് ഒളിവിൽപ്പോയി. ചരിത്രപരവും സാഹിത്യപരവുമായ മാർക്സിസ്റ്റ് ഗവേഷണങ്ങൾക്കും, അതേസമയം തന്നെ പാർട്ടിക്ക് നിയമവിരുദ്ധമായ ഒരു കേന്ദ്രസങ്കേതം സ്ഥാപിക്കുന്നതിന് ഉപകരിക്കുവാനും അദ്ദേഹം തന്നെത്തന്നെ നിയോഗിച്ചു. സഹപ്രവർത്തകരോടൊന്നിച്ച് അദ്ദേഹം പാർട്ടിയുടെ കേന്ദ്രമുഖപത്രമായ "റൂഡിപ്രാവോ" രഹസ്യമായി (അദ്ദേഹമായിരുന്നു പത്രാധിപർ) പ്രസിദ്ധപ്പെടുത്തുകയും "കൊച്ചുവീപ്പി" എന്ന(ർത്ഥം വരുന്ന) പേരോടുകൂടി

യ ഹാസ്യപത്രമുൾപ്പെടെ പല പ്രസിദ്ധീകരണങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

ഇന്നത്തെ ഭൂരിപക്ഷകക്ഷിയായ, ചെക്കോസ്ലോവാക്യയിലെ കമ്യൂണിസ്ററുപാർട്ടിയേക്കുറിച്ച്, ഏററവും ബഹുമാനത്തോടും ഭക്തിയോടും കൂടെയാണ് ഈ പുസ്തകത്തിൽ ഫ്യൂച്ചിക്ക് എഴുതുന്നത്. ഈ പാർട്ടി, രാക്ഷസീയമർദ്ദനത്തിനു കീഴിലും, ചെക്ക് തൊഴിലാളിവർഗ്ഗത്തിൻെറയും രാജ്യത്തിൻെറ മുഴുവൻ തന്നെയും ശക്തിയുടെ നശിപ്പിക്കപ്പെടാനാവാത്ത ഒരു ഭാഗമാണെന്ന് തെളിയിച്ചുകഴിഞ്ഞു. ചെക്കോസ്ലോവാക്യയിലെ "മ്യൂണിച്ചു"കാരേപ്പോലെ തന്നെ, അമേരിക്കയിലെ സാമ്രാജ്യപിൻതിരിപ്പന്മാരും, നമ്മുടെ സ്വന്തം തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പാർട്ടിയേ അടിച്ചുടയ്ക്കാൻ നോക്കുന്ന ഈ സന്ദർഭത്തിൽ, ഫ്യൂച്ചിക്കിൻെറ പുസ്തകം വായിക്കുന്നത് പ്രത്യേകിച്ചും പ്രയോജനകരമാണ്. ജനങ്ങളുടെ താല്പര്യങ്ങളേ സംരക്ഷിക്കുന്നതിനുവേണ്ടി ഏററവും ധൈര്യപൂർവ്വം നിലകൊള്ളുന്നവരെന്ന നിലയിൽ, കമ്യൂണിസ്ററുകാരെ അവരുടെ ശരിയായ വെളിച്ചത്തിൽ നാമിവിടെക്കാണുന്നു. സോഷ്യലിസത്തിൻെറ നാടായ സോവ്യററുയൂണിയനുമായുള്ള ആത്മാർത്ഥമായ സൗഹാർദ്ദം, ഏതൊരു രാജ്യത്തേയും ഫാസിസത്തിൽനിന്നും പിന്തിരിപ്പത്വത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള ഒഴിച്ചുകൂടാത്ത ഉപാധിയാണെന്നു നാം ഇവിടെ കാണുന്നു. മഹാനായ ഒരു ചെക്ക് ദേശാഭിമാനിയെന്ന നിലയിൽ, ചെക്ക് തൊഴിലാളിവർഗ്ഗത്തിൻെറ ബലിഷ്ഠനായ ഒരു പുത്രനെന്ന നിലയിൽ, സോവ്യററുയൂണിയൻെറ നേർക്ക് ബഹുമാനത്തോടും സ്നേഹത്തോടുംകൂടെ, ഫ്യൂച്ചിക്ക് നമ്മളോടു സംസാരിക്കുന്നു.

അദ്ദേഹം ഗെസ്റ്റാപ്പോയാൽ അറസ്റ്റ് ചെയ്യപ്പെടുകയും, പിച്ചിച്ചീന്തപ്പെടുകയും, നാല്പതാമത്തേ വയസ്സിൽ കൊല്ലപ്പെടുകയും ചെയ്തു. എങ്കിലും, ഈ വേളകളിൽക്കൂടെ, ഇത്രയ്ക്കു അനായാസേന ഗംഭീരവും, ഇത്രയേറെ സൂക്ഷ്മനിരീക്ഷണപടുതയോടുകൂടിയതും, ജീവിതസ്നേഹധന്യത തികഞ്ഞതുമായ ഒരു

അനശ്വരസാഹിത്യകൃതി ഫ്യൂച്ചിക്ക് നമുക്കായി സമ്മാനിച്ചിരിക്കുന്നു. അനശ്വരമായ ഒരു പാഠവും—നമുക്ക് അദ്ദേഹത്തിന്റെ അവസാനവാക്കുകൾ ഓർമ്മിക്കാം: "കരുതിയിരിക്കുക!" അദ്ദേഹം എഴുതുന്നു, "യഥാർത്ഥ ജീവിതത്തിൽ കാഴ്ച്ചക്കാരില്ല; നാമെല്ലാം ജീവതത്തിൽ പങ്കെടുക്കുന്നു." ഇത് ജീവിതത്തിന്റേതായ യഥാർത്ഥ സാഹിത്യംപോലെ തന്നെ വാസ്തവമായിട്ടുള്ളതല്ലേ? ഫാസിസത്തിന്റെ രാക്ഷസീയമായ മനുഷ്യവിരോധത്തിനെതിരായി ഇന്നും തുടൻകൊണ്ടിരിക്കുന്ന സമരത്തിൽ—അത് നമ്മുടെ സ്വന്തം വീടുകളോട് ഇന്നു എത്രയോ കൂടുതൽ സമീപിച്ചു കഴിഞ്ഞിരിക്കുന്നു—ഇന്നും വഹിച്ചുകൊണ്ടിരിക്കുന്ന ഉൽകൃഷ്ടമായ ഒരു ഭാഗമാണ് ഈ പുസ്തകം.

സാമുവൽ സില്ലൻ

# ഒരു കുറിപ്പ്

റാവൻസ് ബ്രൂക്കിലെ കോൺസെൻട്രേഷൻക്യാമ്പിൽ വെച്ച്, എൻെറ ഒപ്പമുണ്ടായിരുന്ന മറെറാരു തടവുകാരിയിൽ നിന്ന്, എൻെറ ഭർത്താവായ ജൂലിയസ് ഫ്യൂച്ചിക്കിനെ 1943 ആഗസ്റ്റ് 25-ാംതിയതി ബർളിനിലെ ഒരു നാസികോടതി മരണശിക്ഷയ്ക്കു വിധിച്ചു എന്നു ഞാൻ കേട്ടു.

അദ്ദേഹത്തിൻെറ വിധി പിന്നെ എന്തായി എന്നതിനേപ്പററിയുള്ള ചോദ്യങ്ങൾ ക്യാമ്പിനു ചുററുമുള്ള ഉയൻ മതിലുകളിൽച്ചെന്നലച്ചു മാറെറാലികൊള്ളുകമാത്രം ചെയ്തു.

1945 മെയ് മാസത്തിൽ, ഹിററ്ലർ ജർമ്മനി പരാജയപ്പെട്ടു കഴിഞ്ഞപ്പോൾ ഫാസിസ്ററുകൾക്ക് ചീന്തിച്ചീന്തി മുഴുവനായി കൊന്നുതീർക്കാൻ സമയംകിട്ടാതെ ശേഷിച്ചിരുന്ന തടവുകാർ മോചിക്കപ്പെട്ടു. അങ്ങിനെ രക്ഷപെട്ടവരിൽ ഒരാളായിരുന്നു ഞാൻ.

സ്വതന്ത്രമായ എൻെറ നാട്ടിൽ തിരിച്ചെത്തി ഞാനെൻെറ ഭർത്താവിനേ അന്വേഷിച്ചു. ജർമ്മൻ അക്രമികളാൽ, എണ്ണമററ തരത്തിലേ മർദ്ദനങ്ങളുടെ നരകങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെട്ടിരുന്ന, തങ്ങളുടെ ഭർത്താക്കന്മാരേയും, ഭാര്യമാരേയും, മാതാപിതാക്കന്മാരേയും, കുഞ്ഞുങ്ങളേയും അന്വേഷിച്ചു നടന്നിരുന്ന ആയിരമായിരം ആളുകളേപ്പോലെ ഞാനും അന്വേഷിച്ചു.

അദ്ദേഹം ശിക്ഷിക്കപ്പെട്ടതിൻെറ പതിനാലാംദിവസം, 1943 സെപ്തംബർ 8-ാംതിയതി, ബർളിനിൽവെച്ച് അദ്ദേഹത്തിൻെറ മരണശിക്ഷ നടത്തപ്പെട്ടുവെന്നു ഞാൻ മനസ്സിലാക്കി.

പ്രേഗിലെ പാൻക്രാററ്സ് ജയിലിലായിരുന്നപ്പോൾ ജൂലിയസ് ഫ്യൂച്ചിക്ക് ചില കുറിപ്പുകൾ എഴുതിയിട്ടുണ്ടായിരുന്നെന്നും എനിക്കറിവുകിട്ടി. കടലാസും പെൻസിലും അദ്ദേഹ

ത്തിൻെറ തുറുങ്കുമുറിയിൽ എത്തിച്ചുകൊടുക്കുകയും, എഴുതിത്തി ന്ന കടലാസുകൾ ഒന്നൊന്നായി പുറത്തു കടത്തിക്കൊണ്ടുപോകുകയും ചെയ്തിരുന്നതു്, എ. കോളിൻസ്കി എന്ന ഒരു ചെക്കു വാർഡറായിരുന്നു. ഞാൻ ആ വാർഡറേക്കണ്ടു്, ഒടുവിൽ 'പാൻക്രാററ്സ്' ജയിലിൽവെച്ചു് എൻെറ ഭർത്താവു് എഴുതിയ കുറിപ്പുകൾ ശേഖരിക്കുകയും ചെയ്തു. വിശ്വസ്തരായ പലരുടേയും പക്കലായി സൂക്ഷിക്കപ്പെട്ടിരുന്ന, വഴിസ്സുവഴി നമ്പരിട്ടിരുന്ന, ആ കടലാസുകൾ അങ്ങിനെ ഒളിവിൽനിന്നും പുറത്തുവന്നു. അവയേ ഞാനിതാ വായനക്കാരുടെ മുമ്പിൽ വെക്കുന്നു. ജൂലിയസ് ഫ്യൂച്ചിക്കിൻെറ ജീവിതഗ്രന്ഥത്തിൻെറ അവസാനഅദ്ധ്യായം.

അഗസ്റ്റീനാ ഫ്യൂച്ചിക്

---

# മുഖവുര

ഞെളിഞ്ഞ് നിവന്ന്, കൈവെള്ളകൾകൊണ്ട് കാൽമുട്ടുകളെ ഞെക്കിപ്പിടിച്ച്, കണ്ണുകൾതുറിച്ച് പഴകിമുഷിഞ്ഞ് മഞ്ഞനിറമായിത്തുടങ്ങിയ ചുവരിന്മേൽ ഉറപ്പിച്ചുനോക്കി, "അററൻഷ"നായി പഴയ 'പെച്ചെക്ക്' ബാങ്കുകെട്ടിടത്തിന്റെ ഒരു മുറിയിൽ ഇങ്ങിനെയിരിയ്ക്കുക—ഇതു തീർച്ചയായും ചിന്തയിൽ മുഴുകിയിരുന്നുപോവാൻ പററിയതരത്തിലുള്ള ഒരിരുപ്പല്ല. എന്നാൽ "അററൻഷനായി" ഇരിക്കുവാൻ ആർക്കാണ് നിങ്ങളുടെ ചിന്തകളെ നിർബന്ധിക്കുവാൻ സാധിക്കുക?

ആരാണെന്നോ, എപ്പോഴാണെന്നോ, ഒരിക്കലും അറിയാൻ നമുക്കു സാധിക്കുകയില്ല, എന്നാൽ ആരോ ഒരിക്കൽ 'പെച്ചെക്ക്' കെട്ടിടത്തിലെ ഈ ഹാളിനെ "സിനിമാ" എന്നു വിളിക്കുകയുണ്ടായി. ജർമ്മൻകാർ ഇതിന് "വീട്ടുതടവ്" എന്ന് പേരിട്ടിരിക്കുന്നു, എന്നാൽ "സിനിമാ" എന്നപേർ പ്രതിഭാശാലിയായ ഒരുവന്റെ മനോധർമ്മം തന്നെയാണ്. വിശാലമായ ഈ ഹാളിൽ ആറുവരിയായി നീണ്ട ബെഞ്ചുകൾ ഇട്ടിരിക്കുന്നു. വിചാരണയിലിരിക്കുന്ന ആളുകളുടെ അനങ്ങാനാവാതായിത്തീർന്ന ശരീരങ്ങളായിരുന്നു ആ ബെഞ്ചുകളിൽ പററിപ്പിടിച്ചിരുന്നത്. അവരുടെ ആ തുറിച്ച കണ്ണുകൾക്കു മുമ്പിൽ നഗ്നമായ ആ ഭിത്തി ഒരു തിരശ്ശീലയായിത്തീർന്നു, അതിന്മേലവർ ഒരിക്കലും ഫിലിംചെയ്തുതീർക്കാനാവാത്തത്ര രംഗങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്നു; ഇനിയും ഒരു വിചാരണക്കോ, മർദ്ദനത്തിനോ, മരണത്തിനു തന്നെയോ വേണ്ടി വിളിക്കപ്പെടുന്ന നിമിഷവും കാത്തുകൊണ്ടുള്ള ആ ഇരുപ്പിൽ അവരോരുത്തരും നിർമ്മിച്ചിരിക്കാവുന്ന ചിത്രങ്ങൾ! ഒരുവന്റെ മുഴുവൻ ജീവിതത്തിന്റെയോ അല്ലെങ്കിൽ ജീവിതത്തിലെ ഏതാനും അപ്രധാന നിമിഷങ്ങളുടെയോ ചിത്രങ്ങൾ! അവന്റെ അമ്മയുടെ ചിത്രം, ഭാര്യയുടേയോ കുഞ്ഞുങ്ങളുടേയോ ചിത്രം, തകർന്ന വീടിന്റേയോ നശി

ച്ച ജീവിതത്തിൻേറയോ ചിത്രം, ധീരന്മാരായ സഖാക്കളുടെ ചിത്രം - അല്ലെങ്കിൽ ഒററിക്കൊടുക്കപ്പെട്ടതിൻേറ. ഞാൻ നാസിവിരുദ്ധലഘുലേഖകളേല്പിച്ച ആ മനുഷ്യൻേറ ചിത്രം, വീണ്ടും ഒഴുകുന്ന ചോരയുടെ ചിത്രം, എന്നെ വിശ്വസ്തനാക്കി ഉറപ്പിച്ചുനിർത്തിയ ആ ശക്തിയായ കൈഅമർത്തലിൻേറ ചിത്രം, ഭീകരതയോ ധീരോദാത്തതയുടെ ദൃഢനിശ്ചയങ്ങളോ നിറഞ്ഞ ചിത്രങ്ങൾ, വെറുപ്പോ സ്നേഹമോ, ദയയോ പ്രതീക്ഷയോ നിറഞ്ഞ ചിത്രങ്ങൾ. ജീവിതത്തിൻേറ നേരെ പുറംതിരിഞ്ഞു നിന്നുകൊണ്ടു, ദിവസേന ഞങ്ങളോരോരുത്തരും ഞങ്ങളുടെ കൺമുമ്പിൽവെച്ചു തന്നെ മരിച്ചു. എന്നാൽ എല്ലാവരും പുനർജ്ജീവിച്ചില്ല.

എൻേറ ജീവിതത്തിൻേറ ഫിലിം ഒരു നൂറുതവണ ഞാൻ കണ്ടിരിക്കുന്നു, അതിലെ ആയിരമായിരം വിശദവിവരങ്ങൾ വരെ ഞാൻ കണ്ടുകഴിഞ്ഞു. ഇനി അതൊക്കെ ഒന്നു കുത്തിക്കുറിച്ചുവെക്കാൻ നോക്കട്ടേ. ഞാനിതെഴുതി അവസാനിപ്പിക്കുന്നതിനുമുമ്പായി ആരാച്ചാരുടെ കുരുക്ക് എൻേറ കഴുത്തിൽ മുറുകുകയാണെങ്കിൽ, കോടിക്കണക്കായ ആളുകൾ ഇതിൻേറ "സന്തോഷകരമായ പര്യവസാനം" എഴുതിച്ചേർക്കുന്നതിനായി അവശേഷിച്ചിട്ടുണ്ട്.

പ്രേഗിൽ 'പാൻക്രാററ്സി'ലെ
'ഗെസ്റ്റാപ്പൊ' ജയിലിൽവെച്ച്
1943-ലെ വസന്തകാലത്തിൽ
എഴുതപ്പെട്ടതു്.

j. F.

അദ്ധ്യായം 1

# ഇരുപത്തിനാലു മണിക്കൂറുകൾ

അഞ്ചുമിനിട്ടിനകം മണി പത്തടിക്കും. മനോഹരവും സുഖകരവുമായ ഒരു വസന്തകാലസായാഹ്നം, ഏപ്രിൽ 24, 1942.

പ്രായംചെന്നവനും മുടന്തനുമായ ഒരു മനുഷ്യനായി നടിച്ചുകൊണ്ടു് കഴിയുന്നത്ര വേഗത്തിൽ ഞാൻ നടക്കുകയാണ്. 'പത്തുമണിക്കു് 'കർഫ്യൂ' തുടങ്ങുമ്പോഴേയ്ക്കും ജെലിനെക്കിൻെറ വീടു അടച്ചുപോകും, അതിനുമുമ്പ് അവിടെ എത്തിച്ചേരണം. എൻെറ "അഡ്ക്യൂററൻറ്" (കീഴുദ്യോഗസ്ഥനായ പടത്തലവൻ) ആയ 'മിറക്' അവിടെ കാത്തുനില്ക്കുന്നുണ്ടു്. ഇപ്പോൾ വളരെ കാര്യമായ സംഗതികളൊന്നും തന്നെ ഞങ്ങൾക്കു അന്യോന്യം പറയാനുണ്ടായിരുന്നില്ല എന്നെനിക്കറിയാമായിരുന്നു. പക്ഷേ, മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച ഒരു കൂടിക്കാഴ്ച, തെററിച്ചാൽ ആശങ്കയും പരിഭ്രമവും ഉണ്ടാകും. എൻെറ ആതിഥേയരായ ആ രണ്ടു വിശിഷ്ടാത്മക്കൾക്കും കൂടുതലായ വിഷമങ്ങളുണ്ടാകാൻ ഞാനിഷ്ടപ്പെട്ടില്ല.

ഒരുകപ്പു ചായകൊണ്ടു് അവർ എനിക്കു് സ്വാഗതമരുളി. 'മിറെക്' അവിടെയുണ്ടായിരുന്നു– ഫ്റിഡ് ദമ്പതികളുടെ കൂടെ—ഇതു് അനാവശ്യമായ ഒരു 'ആപത്സാദ്ധ്യതയ്ക്കു് ഉത്തരവാദപ്പെടുക'യാണ്. "സഖാക്കളേ, ഞാൻ നിങ്ങളേക്കാണാനിഷ്ടപ്പെടുന്നു, പക്ഷേ ഇങ്ങിനെ, എല്ലാവരേയും ഒന്നിച്ചല്ല. ഇത്രയും പേർ ഒരേസമയം ഒരു മുറിയിൽ ഒന്നിച്ചുകൂടുകയെന്നുവെച്ചാൽ, ജയിലിലേക്കും മരണത്തിലേക്കുമുള്ള എളുപ്പവഴിയിൽ എത്തുകയെന്നാണ്. ഒന്നുകിൽ രഹസ്യപ്രവർത്തനത്തിൻെറ നിയമങ്ങളേ നിങ്ങൾ കർശനമായി അനുസരിക്കണം, അല്ലെങ്കിൽ ഞങ്ങളുടെ കൂടെയുള്ള പ്രവർത്തനത്തിൽനി

ന്നു വിട്ടുപോകണം. എന്തുകൊണ്ടെന്നാൽ നിങ്ങൾ നിങ്ങളേയും അതിനോടൊപ്പം മററുള്ളവരെക്കൂടെയും അപകടപ്പെടുത്തുന്നു. മനസ്സിലായോ?"

"ഉവ്വ്, മനസ്സിലായി."

"പിന്നെ, നിങ്ങൾ എനിക്കെന്താണ് കൊണ്ടുവന്നിട്ടുള്ളത്?"

"രക്താവകാശങ്ങ (റൂഡ് പ്രാവോ) ളുടെ മെയ്ദിനലക്കത്തിനുള്ള കോപ്പി."

"അസ്സലായി. പിന്നെ, നിങ്ങളോ 'മിർക്കോ'?"

"പുതിയതായി ഒന്നുമില്ല. കാലുങ്ങൾ ശരിക്കു നീങ്ങുന്നുണ്ട് . ."

"അതുതന്നെ. മെയ് ഒന്നാംതിയതിക്കുശേഷം നിങ്ങളേക്കാണാം. ഞാൻ അങ്ങോട്ടറിയിക്കാം."

"നേതാവേ, ഇതാ ഒരുകപ്പു ചായക്കൂടെ."

"വേണ്ടാ, വേണ്ടാ, മിസ്സസ് ജെലിനെക്ക്: ഇവിടെ ഞങ്ങൾ വളരെപേരുണ്ട്."

"ഒരു കപ്പെങ്കിലും,"

അപ്പോൾ പകൎന്നുവെച്ച ആ ചായയിൽനിന്ന് ആവി ഉയരുന്നു.

ആരോ വാതില്ക്കൽ മുട്ടുന്നു.

രാത്രി ഈ സമയത്തോ? ആരായിരിക്കും അത്?

വന്നവർ അക്ഷമരാണ്. അവർ വാതിലിന്മേൽ ഇടി തുടങ്ങി. "തുറക്കു! പോലീസ്!"

വേഗം ജനാലയിൽക്കൂടി രക്ഷപ്പെടുക. എൻെറ കയ്യിൽ ഒരു കൈത്തോക്കുണ്ട്; ഞാനവരേ പിന്നമത്തിനിറുത്താം. വളരെ വൈകിപ്പോയി. ഗെസ്റ്റാപ്പോകൾ മുറിക്കകത്തേക്കു തോക്കചൂണ്ടിക്കൊണ്ട് ജനാലകൾക്കു താഴെ നില്ക്കുന്നു. സി. ഐ. ഡി. കൾ വാതിൽ തല്ലിപ്പൊളിച്ചു അട്ടക്കളയിൽക്കൂടെ മുറിക്കകത്തേക്കു ഇരച്ചുവരുന്നു. ഒന്ന്, രണ്ട്, മൂന്ന്—ഒൻപതുപേരുണ്ടവർ. എന്നെ അവർ കണ്ടില്ല, അവർ കടന്നുവന്ന വാതിലിനു പിന്നിലായിരുന്നു ഞാൻ. എനിക്കവരെ പിന്നിൽ നിന്നു വെടിവെയ്ക്കാൻ എളുപ്പമായിരുന്നു. പക്ഷേ, അവരുടെ ഒൻപതു കൈത്തോക്കുകൾ രണ്ടു സ്ത്രീകളുടേയും നിരായുധരായ

മൂന്നു പുരുഷന്മാരുടേയും നേരേ ചൂണ്ടപ്പെട്ടിരിക്കുന്നു. ഞാൻ വെടിവെച്ചാൽ എന്നെക്കാൾമുമ്പേ എൻെറ അഞ്ചുസ്നേഹിതരും നിലംപതിക്കും. ഞാൻ വെടിവെച്ചാൽ എങ്ങിനെയായാലും വെടിവെപ്പ് നടക്കും, അവർ അഞ്ചുപേരും മരിക്കും. ഞാൻ വെടിവെക്കാതിരുന്നാൽ, അവക്ക് ആറുമാസമോ ഒരു കൊല്ലമോ ജയിലിൽ കിടക്കേണ്ടിവരും, അപ്പോഴേയ്ക്കു വിപ്ലവം വരുകയും അവർ ജീവനോടെ രക്ഷിക്കപ്പെടുകയും ചെയ്യും. ഞാനും മിറെക്കുംമാത്രം ജീവനോടെ പുറത്തുവരില്ല; അവർ ഞങ്ങളേ ക്രൂരമായി മർദ്ദിക്കും. എന്നിൽനിന്ന് അവക്കൊന്നും കിട്ടില്ല, എന്നാൽ മിറെക്കോ? സ്പെയിനിൽപ്പോയി യുദ്ധംചെയ്ത ഒരുവൻ, ഫ്റാൻസിൽ കോൺസെൻട്രേഷൻ ക്യാമ്പിൽ രണ്ടുകൊല്ലംകിടന്ന ഒരുവൻ, ഫ്റാൻസിൽനിന്ന് യുദ്ധത്തിനിടയിൽ രഹസ്യമായി പ്രേഗിൽ തിരിച്ചെത്തിയ സമത്ഥനായ ഒരു ഒളിപ്രവത്തകൻ—ഇല്ല, അയാൾ ഒരിക്കലും പറയുകയില്ല. തീരുമാനമെടുക്കാൻ എനിക്ക് രണ്ടു നിമിഷമുണ്ട്. അല്ലെങ്കിൽ അതു മൂന്നുനിമിഷമാണോ?

ഞാൻ വെടിവെച്ചാൽ എനിക്കു സ്വയംമർദ്ദനത്തിൽനിന്ന് രക്ഷപ്പെടാമെന്നല്ലാതെ മററാരേയും രക്ഷിക്കാൻ സാധിക്കുകയില്ല—അഞ്ചുസഖാക്കളുടെ ജീവൻ ബലികഴിക്കുകയും വേണം. അങ്ങിനെയല്ലേ? അതേ. അപ്പോൾ അതു തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. ആ മൂലയിൽനിന്ന് മുറിയുടെ നടുവിലേയ്ക്കു നീങ്ങി.

"ആഹാ! ഒരുത്തൻകൂടെ!"

ആദ്യത്തെ അടി എൻെറ മുഖത്ത്. ഒരാളേ വീഴ്ത്താൻതക്ക കരുത്തുള്ള ഒരടി.

"പൊക്ക്, കൈകൾ!"

മറെറാരിടി, പിന്നെയും ഇടി.

വീണ്ടും ഇടികളും ചവിട്ടുകളും.

"മാർച്ച്."

അവർ എന്നെ വലിച്ചിഴച്ചു കൊണ്ടുപോയി ഒരു കാറിനകത്തിട്ടു. എൻെറ നേരെ എപ്പോഴും തോക്കുകൾ ചൂണ്ടപ്പെട്ടു തന്നെയിരുന്നു. കാറിൽവച്ചുതന്നെ എന്നെ മർദ്ദിച്ചുതുടങ്ങി.

"നീ ആരാണ്?"

"പ്രൊഫസർ ഹോറാക്."

"നീ കള്ളം പറയുന്നു."

ഞാൻ എന്റെ തോളുകൾ ഒന്നു കുലുക്കുകമാത്രം ചെയ്തു.

"അനങ്ങാതിരിക്കു അല്ലെങ്കിൽ നിന്നെ വെടിവെക്കും!"

"ഓഹോ, വെടിവെച്ചോളു."

വെടിക്കുപകരം അവരെന്നെ ഇടിതുടങ്ങി.

ഒരു തെരുവുകാർ ഞങ്ങൾക്കെതിരേ കടന്നുപോയി. അതു വെള്ളനിറം പൂണ്ടിരുന്നതായി എനിക്കു തോന്നി. ഒരു കല്യാണക്കാരോ—രാത്രിയിലോ? എനിക്കു പനിക്കുന്നുണ്ടാവണം.

ഗെസ്റ്റാപ്പോവിന്റെ കേന്ദ്രമായിരിക്കുന്ന 'പെച്ചെക്ക്' കെട്ടിടം. ജീവനോടെ ഇതിനകത്തു കയറാൻ കഴിയുമെന്നു ഞാൻ ഒരിക്കലും കരുതിയില്ല. നാലാമത്തേ നിലയിലേക്കു അവരെന്നെ ഓടിച്ചുകയറ്റി. ആഹാ, പേരെടുത്ത ആ II എ. വിഭാഗം, കമ്യൂണിസ്റ്റ് വിരോധവിചാരണ. ഇതെല്ലാം എങ്ങനെയിരിക്കുമെന്നറിയാനുള്ള ജിജ്ഞാസ എന്നിൽ ഉദിക്കുന്നതുപോലെ തോന്നി.

പോക്കററിൽ ഒരു കൈത്തോക്ക് തിരുകിവെച്ചുംകൊണ്ടു, അറസ്റ്റ് ചെയ്യുന്ന ഘടകത്തിന്റെ മേലുദ്യോഗസ്ഥനായ, ഉയരംകൂടി മെലിഞ്ഞ, ഒരു 'കമ്മിസ്സാർ' എന്നെ അയാളുടെ ഓഫീസിലേക്കു കൊണ്ടുപോയി. അയാൾ എന്റെ സിഗററു കൊളുത്തിത്തന്നു.

"നീ ആരാണ്?"

"പ്രൊഫസർ ഹോറാക്."

"നീ കള്ളം പറയുന്നു."

അയാളുടെ കൈത്തണ്ടയിലെ വാച്ച് 11 മണിക്കു കുറിച്ചു.

"ഇവനേ പരിശോധിക്ക്."

അവരെന്റെ വസ്ത്രമെല്ലാം അഴിച്ചു പരിശോധിച്ചു.

"ഇവന്റെ കയ്യിൽ (ആളെ തിരിച്ചറിയാനുള്ള) ഒരു കാർഡുണ്ട്."

"അതിലേ പേരു്?"

"പ്രൊഫസർ ഹോറാക്."

"അതു ചെക്കു ചെയ്യുക."

അവർ ഫോൺ ചെയ്തു.

"ഹും, തീർച്ചയായും അവൻ രജിസ്റ്റർ ചെയ്തിട്ടില്ല. ഇതു കള്ളക്കാർഡാണ്."

"നിനക്കിതു ആരുതന്നു?"

"പോലീസ് ഹെഡ് ക്വാർട്ടേഴ്സ്"

അപ്പോഴാണ് വടികൊണ്ടുള്ള ആദ്യത്തെ അടി കിട്ടിയതു്. രണ്ട്, മൂന്ന്.........ഞാനിതു് എണ്ണണോ? വേണ്ടാ എൻെറ കുഞ്ഞേ, ഇത്തരം സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ട്ചെയ്യാൻ ഒരിടവുമില്ല.

"നിൻെറ പേരെന്താ? പറയെടാ. നിൻെറ മേൽവിലാസം? ആരുമായിട്ടാണ് നിനക്കു ബന്ധമുണ്ടായിരുന്നതു്? പറയെടാ. അവരുടെയെല്ലാം? പറയൂ! പറയൂ പറയൂ! അല്ലെങ്കിൽ ഇടിച്ചു നിന്നെ ചമ്മന്തിയാക്കും."

എത്ര അടികൾ ഒരാൾക്കു നിന്നുകൊള്ളാൻ കഴിയും.?

റേഡിയോ ഒരു ചിലമ്പിച്ച ശബ്ദംകൊണ്ട് പാതിരാത്രി അറിയിച്ചു. ഭക്ഷണശാലകൾ അടച്ചുതുടങ്ങിയിരിക്കണം. അവസാനത്തെ അതിഥികൾ വീടുകളിലേയ്ക്കു തിരിക്കുകയാവും. പരസ്പരം വിട്ടുപിരിയാൻ ശക്തരാകാതെ കാമിനികാമുകന്മാർ വീടുകളുടെ ഉമ്മറവാതിക്കൽ നില്ക്കുന്നുണ്ട്. നീണ്ടുമെലിഞ്ഞ ആ കമ്മീസാർ ഒരു പുഞ്ചിരിയോടെ മുറിയിലേയ്ക്കു വരുന്നു.

"എല്ലാം ക്രമത്തിൻതന്നെയല്ലേ, മിസ്റ്റർ പത്രാധിപർ?"

ഇവക്ക് ആരിതു പറഞ്ഞുകൊടുത്തു? കെലിനിക്ക് ദമ്പതികളോ? ഫ്രഡ് ദമ്പതികളോ? ഛേ, അവർക്കെൻെറ പേരു കൂടി അറിയില്ല.

നോക്ക്, ഞങ്ങൾക്കെല്ലാം അറിയാം. പറഞ്ഞോളൂ! ബുദ്ധികാണിക്ക്."

അവരുടെ പ്രത്യേക നിഘണ്ടുവിൽ ബുദ്ധികാണിക്കുക എന്നുവച്ചാൽ വഞ്ചിക്കുക എന്നാണർത്ഥം.

അങ്ങനത്തെ ബുദ്ധികാണിക്കാൻ ഞാൻ കൂട്ടാക്കിയില്ല.

"അവനെ പിടിച്ചുകെട്ടി കുറേക്കൂടി കൊടുക്ക്"

മണി ഒന്ന്, അവസാനത്തെ തെരുവുകാറുകളും അകത്തേക്കു വലിയുന്നു. തെരുവുകൾ ശൂന്യങ്ങളായി. റേഡി

യോ അതിൻെറ അവസാനത്തെ വിശ്വസ്ഥ ശ്രോതാവിനോടുകൂടെയും രാത്രി വന്ദനം പറഞ്ഞു.

"സെൻട്രൽക്കമ്മററിയിലെ മററു മെമ്പർമാർ ആരെല്ലാം? നിങ്ങളുടെ ട്രാൻസ് മിററുകൾ (സന്ദേശങ്ങളയയ്ക്കാൻ ഉപയോഗപ്പെടുത്തുന്ന കമ്പിയില്ലാക്കമ്പിയന്ത്രങ്ങൾ) എവിടെയാണ്? നിങ്ങളുടെ അച്ചടിശാല എവിടെയാണ്? പറയൂ! പറയൂ! പറയൂ!"

ഇപ്പോഴേയ്ക്കും എനിക്കു കിട്ടുന്ന അടികൾ എണ്ണാൻ വേണ്ടുന്നത്ര കഴിവ് വീണ്ടും എനിക്ക് ഉണ്ടായിക്കഴിഞ്ഞിരുന്നു. ഞാൻ കടിച്ചമർത്തിയിരുന്ന ചുണ്ടിൻെറ വേദന മാത്രമേ എനിക്കനുഭവപ്പെട്ടിരുന്നുള്ളു.

"അവൻെറ ബൂട്ട്സ് അഴിക്ക്"

അതുശരിയാണ്. എൻെറ പാദങ്ങൾ ഇതു വരെ അടിച്ചു മരവിക്കപ്പെട്ടില്ല. അതു ഞാനനുഭവിക്കുന്നു. അഞ്ച്, ആറ്, ഏഴ് — ഓരോഅടിക്കും ആ വടി എൻെറ തലച്ചോറിന്മേൽവരെ വന്നു പൂണ്ടുകയറിയിരുന്നു.

രണ്ടു മണി, പ്രേഗ് ഉറങ്ങുകയാണ്. എവിടെയോ ഒരു കുഞ്ഞു കരയുന്നുണ്ടാവും. ഒരു പുരുഷൻ പ്രേമപൂർവ്വം അവളുടെ പ്രിയതമയുടെ പുറത്തു തലോടുന്നുണ്ടാവും.

"പറയൂ! പറയൂ!"

എൻെറ നാക്ക് ചോരയൊഴുകുന്ന മോണയ്ക്കുചുററും തൊട്ടുനോക്കുകയാണ്, എത്ര പല്ലുകൾ അടിച്ചൊടിക്കപ്പെട്ടിട്ടുണ്ടെന്ന് എണ്ണുവാൻ അങ്ങിനെ ശ്രമിക്കുകയാണ്. എങ്കിലും എണ്ണുവാൻ എനിക്കു കഴിയുന്നില്ല. പന്ത്രണ്ട്, പതിനഞ്ച്, പതിനേഴ്? അല്ല, തെററി. അത് എന്നെ വിചാരണ നടത്തുന്ന കമ്മീസാർമാരുടെ എണ്ണമാണ് അവരിൽ ചിലർ പ്രത്യക്ഷത്തിൽത്തന്നെ ക്ഷീണിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും മരണം ഇനിയും വന്നു ചേരുന്നില്ല.

മണിമൂന്ന്. പട്ടണപ്രാന്തങ്ങളിൽനിന്നും പ്രഭാതം ഉള്ളിലേക്കു നീങ്ങുകയാണ്. പച്ചക്കറികൃഷിക്കാർ അവരുടെ വണ്ടികൾ ചന്തയിലേക്കു തെളിച്ചുതുടങ്ങി. തെരുവുതൂപ്പുകാർ പണിക്കിറങ്ങി. ഒരുപക്ഷേ ഒരു ദിവസപ്പിറവികൂടികാണാൻ എനിക്കുകഴിഞ്ഞേക്കാം.

അവർ എന്റെ ഭാര്യയേ കൊണ്ടുവന്നു എന്റെ മുമ്പിൽ നിറുത്തി.

"നീ ഇവനേ അറിയുമോ?"

എന്റെ വായുടെ അകത്തു ചുററുംനിന്നു ഊററിക്കൂടി ക്കൊണ്ടിരുന്ന രക്തം ഞാൻ വിഴുങ്ങുകയാണ്, അവളതു കാ ണാതിരിക്കാൻ... ....എങ്കിലും അതൊരു മറയത്തരം മാത്രമാ ണ്, എന്തുകൊണ്ടെന്നാൽ എന്റെ മുഖത്തിന്റെ ഓരോ ഇ ഞ്ചിൽനിന്നും രക്തം ഒഴുകുകയാണ്. വിരലിന്റെ തുമ്പിൽ നിന്നുപോലും രക്തം വാൎന്നുകൊണ്ടിരിക്കുന്നു.

"നീ ഇവനേ അറിയുമോ?"

"ഇല്ല, എനിക്കറിഞ്ഞുകൂടാ,"

ഭയത്തിന്റെ ഒരു നോട്ടംപോലും നോക്കാതെ അവളതു പറഞ്ഞു. തന്നിത്തങ്കമാണവൾ. ഇങ്ങിനെ അറിയുന്നഭാവം നടിക്കാതിരിക്കണമെന്നുള്ള ഞങ്ങളുടെ പ്രതിജ്ഞ അവൾ പാ ലിച്ചു എങ്കിലും ഇപ്പോൾ മിക്കവാറും അതിന്റെ ആവശ്യമി ല്ലായിരുന്നു. ആരാണാവോ എന്റെ പേർ അവൎക്കു പറഞ്ഞു കൊടുത്തതു്?

അവർ അവളേ കൊണ്ടുപോയി. എനിക്കു വരുത്താൻ കഴിയുന്നതിലേക്കും ആഹ്ളാദപൂൎണ്ണമായ ഒരു നോട്ടംകൊണ്ടു അവളേ ഞാൻ യാത്രയയച്ചു. ഒരുപക്ഷേ അതു് ആഹ്ളാദ ദ്യോതകമല്ലായിരുന്നിരിക്കണം. എന്തോ എനിക്കറിഞ്ഞുകൂടാ.

നാലുമണി. നേരം വെളുക്കുന്നുണ്ടോ ഇല്ലയോ? ഇരുളട ഞ്ഞ ജനാലകൾ യാതൊരുത്തരവും നല്കുന്നില്ല. മരണത്തി ന്റെ വരവ് വളരെ മന്ദഗതിയിലായിരിക്കുന്നു. അതിനേക്കാ ണാൻ ഞാൻ അങ്ങോട്ടു ചെന്നാലോ? എങ്ങിനെ?

ഞാൻ ആരെയോ അങ്ങോട്ടു തിരിച്ചടിച്ചു. മുന്നോട്ടു ഞ്ഞു നിലത്തുവീണു. അവരെന്നെ തൊഴിച്ചു. അവരുടെ ബൂട്ട്സുകൾ കൊണ്ടവരെന്നെ ചവുട്ടിയരച്ചു. അങ്ങിനെ വ രട്ടേ, ഇനി വേഗം അവസാനമാവും. ആ കറുത്ത കമ്മിസ്സാർ എന്റെ താടിമീശയ്ക്കുപിടിച്ചു വലിച്ചുപൊക്കി, പൈശാചിക മായ ഒരു ചിരിയോടെ എന്റെ താടിയിൽനിന്നു പിഴുതെടു ത്ത ഒരുപിടിരോമം എന്നെക്കാണിച്ചുതന്നു. ഇതു വാസ്തവ

ത്തിൽ തമാശയായിത്തീൎന്നു; വേദന എനിക്കറിഞ്ഞുകൂടാതെയായി.

അഞ്ചുമണി—ആറു്—ഏഴ്—പത്തു്. പിന്നെ ഉച്ചയായി, തൊഴിലാളികൾ അവരുടെ ജോലിസ്ഥലത്താണ്, കുട്ടികൾ പള്ളിക്കൂടത്തിലാണ്, കടകളിൽ ആളുകൾ കൊടുക്കൽവാങ്ങൽ നടത്തുന്നു, വീടുകളിൽ ഉച്ചഭക്ഷണം തയാറാവുന്നു. ഈ നിമിഷത്തിൽ ഒരു പക്ഷേ എൻെറ അമ്മ എന്നെപ്പററി വിചാരിക്കുന്നുണ്ടാവാം. എന്നെ അറസ്ററു് ചെയ്തവിവരം എൻെറ സഖാക്കൾ അറിഞ്ഞിട്ടുണ്ടായിരിക്കാം. തങ്ങളും ഇതുപോലെ പിടിപെടാതിരിക്കാൻ വേണ്ട മുൻകരുതലുകൾ അവർ ചെയ്യുകയാവാം.........ഞാൻ എന്തെങ്കിലും പറഞ്ഞുപോയാലോ...... ...... ഇല്ല, ഞാൻ ഒരിക്കലും പറയില്ല. നിങ്ങൾക്കൊക്കെ എന്നെ വിശ്വസിക്കാം. എങ്ങിനെയായാലും അവസാനം ഇനി അധികം അകലത്തായിരിക്കുകയില്ല. ഇതെല്ലാം ഒരു ദുസ്വപ്നമാണ്. ഭീകരമായ, ജ്വരജന്യമായ, ഒരു ദുസ്വപ്നം. എൻെറ മേൽ അടിതന്നെ, അടി. എന്നിട്ടു് ബോധം വരുത്താൻവേണ്ടി എൻെറ മേൽ അവർ വെള്ളമൊഴിക്കുന്നു. എന്നിട്ട് പിന്നെയും അടികൾ, ശബ്ദമുണ്ടാക്കലും. പറയൂ! പറയൂ!! പറയൂ!!! എന്നിട്ടും എനിക്കു മരിക്കാൻ സാധിക്കുന്നില്ല. അമ്മേ, അച്ഛാ, ഇതെല്ലാം സഹിച്ചു നില്ക്കാൻ വേണ്ടുവോളം ശക്തി എന്തിനു നിങ്ങൾ എനിക്കുതന്നു.?

ഉച്ചതിരിഞ്ഞു. മണി അഞ്ചു്. ഈ സമയം കൊണ്ടു് അവരെല്ലാം ക്ഷീണിച്ചിരിക്കുന്നു. അടികൾ സാവധാനമായി, ഇടവിട്ടിടവിട്ടായി, യന്ത്രങ്ങളുടേതുപോലെ നിൎവ്വികാരമായ, പിന്നോക്കം ആച്ചിലില്ലാത്ത അടികളായി. പെട്ടെന്നു ദൂരെനിന്നു്, അളവില്ലാത്ത അകലത്തിൽനിന്നു്, ശാന്തമായ, കരുണാശീതളമായ കരസ്പൎശംപോലുള്ള, ഒരു ശബ്ദം വന്നു:

"അവനു കിട്ടിയതു് വേണ്ടുവോളമായി."

അതിനുശേഷം കുറേക്കഴിഞ്ഞപ്പോൾ ഞാൻ ഒരു മേശയ്ക്കു മുമ്പിൽ ഇരിക്കുകയായിരുന്നു. ആ മേശ എന്നിൽനിന്നും അകലത്തിലേയ്ക്കു മറിഞ്ഞുവീണു പോകുന്നതായും വീണ്ടും തിരിച്ചുവന്നു നിവൎന്നു നില്ക്കുന്നതായും എനിക്കു തോന്നിക്കൊണ്ടിരുന്നു.

ആരോ വന്ന് എനിക്കു വെള്ളം തന്നു. ആരോ എനിക്കൊരു സിഗററു തന്നു; എനിക്കതു പൊക്കിയെടുക്കാൻ തന്നെ കഴിഞ്ഞില്ല. ആരൊ എൻെറ ചെരിപ്പു കാലിൽ ഇട്ടുതരാൻ ശ്രമിച്ചു; പക്ഷെ പാകുന്നില്ല എന്നു പറഞ്ഞു. അതിനുശേഷം അവരെന്നെ പകുതി നടത്തിയും പകുതി താങ്ങിയും താഴെ കൊണ്ടുവന്നു ഒരു കാറിൽക്കയററി. ഞങ്ങൾ ഓടിച്ചുപോകുമ്പോൾ, ആരോ എൻെറ നേക്കു തോക്കു ചൂണ്ടിപ്പിടിച്ചിരുന്നു; എൻെറ ഇപ്പോഴത്തെ അവസ്ഥവെച്ചുനോക്കുമ്പോൾ എത്രയോ പരിഹാസ്യമായിരിക്കുന്നു അതു്, വെളുത്ത പുഷ്പങ്ങൾ കൊണ്ടു വിതാനിക്കപ്പെട്ട ഒരു തെരുവുകാറിനേ ഞങ്ങൾ പിന്നിട്ടുകയാണ്, ഒരു കല്യാണക്കാറ് —ഒരുപക്ഷേ ഇതൊരു സ്വപ്നം മാത്രമായിരിക്കാം. ഒരു സ്വപനമോ അല്ലെങ്കിൽ പനിയോ, അല്ലെങ്കിൽ ഞാൻ മരിക്കാൻ പോവുകയാണ് — അല്ലെങ്കിൽ മരണം തന്നെയായിരിക്കാം. എങ്കിലും മരിക്കുക കഠിനമാണ്, ഇതു് എളുപ്പവും—അഥവാ ഇതു കഠിനവുമല്ല എളുപ്പവുമല്ല. ഇതു് അരയന്നത്തൂവൽപോലെ ലാഘവമുള്ളതാണ് ശ്വാസം വിട്ടുപോകയാൽ അതെല്ലാം പറന്നുപോകും.

അതേയോ? എല്ലാം പറന്നുപോകുമോ? ഇല്ല, അത്രയ്ക്കായില്ല. ഇപ്പോൾ വീണ്ടും ഞാൻ എഴുന്നേററുനില്ക്കുകയാണ്, വാസ്തവത്തിൽ യാതൊരു സഹായവും കൂടാതെ തന്നത്താൻ നില്ക്കുന്നു. എൻെറ മുഖത്തിനു നേരെമുമ്പിൽ ചെളിഞ്ഞുകുഴഞ്ഞിരിക്കുന്ന ഒരു മഞ്ഞച്ചുമരുണ്ട് ... ... എന്തുകൊണ്ടു ചെളിഞ്ഞുകുഴഞ്ഞതു്? രക്തം കൊണ്ട്, അങ്ങിനെ കാണപ്പെടുന്നു.... അതേ, അതു രക്തംതന്നെയാണ്, ഞാൻ ഒരു വിരൽ ഉയർത്തിക്കൊണ്ടുവന്നു ആ ചുമരിൽ ഉരച്ചുനോക്കി ... അതേ പുത്തൻചോര ...... എൻെറ സ്വന്തം ചോര ....

പിന്നിൽനിന്ന് ആരോ ഒരാൾ എൻെറ തലയ്ക്കു് ഇടിച്ചു. കൈകൾ പൊക്കിപ്പിടിച്ചുകൊണ്ട് കാൽമുട്ടുകൾ തറയിൽക്കുത്തി കുന്തിച്ചിരിക്കാൻ അയാളെന്നോടാജ്ഞാപിച്ചു. ഡൗൺ—അപ്പ്—ഡൗൺ. (ഇരിക്കുക—എഴുന്നേൽക്കുക—ഇരിക്കുക.) മൂന്നാമത്തെ പ്രാവശ്യം ഞാൻ മുന്നോട്ടുവീണു.

ഉയരം കൂടിയ ഒരു എസ്സ്. എസ്സ്. ഭടൻ എൻെറ അരി

കിൽനിന്നു, എണീക്കാൻ പറഞ്ഞുകൊണ്ട് എന്നെ പുറംകാലിനു തട്ടുകയാണ്. തട്ടുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലായിരുന്നു. വേറെയാരോ എന്റെ മുഖം കഴുകിത്തരുന്നു. ഒരു മേശയ്ക്കു മുമ്പിൽ ഞാൻ ഇരിക്കുകയാണ്. ഒരു സ്ത്രീ എന്തോ ഒരുതരം മരുന്നെനിയ്ക്കു തരുന്നു; എവിടെയാണെനിയ്ക്കേററവും വേദന തോന്നുന്നതെന്നവരെന്നോടു ചോദിച്ചു. വേദന മുഴുവൻ എന്റെ ഹൃദയത്തിലാണെന്നു തോന്നുന്നതായി ഞാൻ പറഞ്ഞു.

"നിനക്കൊരു ഹൃദയമില്ല," ഉയരംകൂടിയ ആ എസ്സ്. എസ്സ്. ഭടൻ പറയുകയാണ്.

"ഓ, തീർച്ചയായും എനിക്കു ഹൃദയമുണ്ട്," ഞാൻ പറഞ്ഞു. എന്റെ ഹൃദയത്തിനുവേണ്ടി നിലകൊള്ളാനുള്ള ശക്തി ഇപ്പോഴും എന്നിൽ അവശേഷിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി, ഞാനതിൽ അഭിമാനം കൊണ്ടു.

വീണ്ടും എല്ലാം മാഞ്ഞുപോകുന്നു——മതിലും, മരുന്നുകൊണ്ടുവന്ന സ്ത്രീയും, പൊക്കക്കാരൻ എസ്സ്. എസ്സ്. ഭടനും; എല്ലാം.

എനിക്കു ബോധം വന്നപ്പോൾ, എന്റെ മുമ്പിൽ ഒരു തുറുങ്കുമുറിയുടെ വാതിൽ തുറക്കപ്പെടുകയായിരുന്നു. തടിയനായ ഒരു എസ്സ്. എസ്സ്. ഭടൻ എന്നെ അതിലേക്കു തള്ളിയിട്ടു. കീറിപ്പറിച്ചിട്ടിരുന്ന എന്റെ ഷർട്ടിന്റെ ബാക്കിയും ദേഹത്തിൽനിന്ന് അയാൾ വലിച്ചുകളഞ്ഞു. ഒരു വൈയ്ക്കോൽത്തടുക്കിന്മേൽ എന്നെക്കിടത്തിയിട്ട്, നീരുവെച്ചു വീങ്ങിയിരുന്ന എന്റെ ശരീരം അയാൾ തൊട്ടുനോക്കി.

"നോക്കൂ, അവരുടെ പണി എത്ര അടുക്കുവഴി അവർ ചെയ്യുന്നു, നോക്കൂ!" അയാൾ തലയാട്ടിക്കൊണ്ട് മറെറാരാളോടു പറയുകയാണ്.

വീണ്ടും ദൂരെനിന്ന്, അളവില്ലാത്ത അകലത്തിൽനിന്ന്, ശാന്തമായ, കരുണാശീതളമായ കരസ്പർശംപോലുള്ള, ആ സ്വരം ഞാൻ കേൾക്കുകയാണ്:

"പുലർച്ചയ്ക്കു അവൻ ശേഷിച്ചുണ്ടാവില്ല."

അഞ്ചുമിനിട്ടിനുള്ളിൽ പത്തടിക്കും. മനോഹരവും സുഖകരവുമായ ഒരു വസന്തകാലസായാഹ്നത്തിൽ, ഏപ്രിൽ 25, 1942.

അദ്ധ്യായം 2

# മരിച്ചുപോകുന്നു

"സൂര്യന്റെ സുഖകരമായ ചൂട്ടും നക്ഷത്രങ്ങളുടെ ശോഭയും നമ്മിൽ നിന്നും മറയുമ്പോൾ, നമ്മിൽ നിന്നും മറയുമ്പോൾ........"

രണ്ടാളുകൾ, പ്രാർത്ഥനാഭാവത്തിൽ കൈകൾ കെട്ടിക്കൊണ്ട്, ഒരാൾക്കു പിന്നിൽ മറെറാരാളായി, വെള്ളപ്പൂമരങ്ങളുള്ള ഒരു കല്ലറസ്ഥലത്തിൽ സാവധാനം വട്ടത്തിൽ നടക്കുന്നു. ശിക്ഷണമില്ലാത്ത അവരുടെ സ്വരങ്ങൾ ഒരു മരണസങ്കീർത്തനം വലിച്ചിഴക്കുകയാണ്.

"........എത്രയോ ആനന്ദകരമായി ആത്മാവു ചിറകു വിരുത്തിപറക്കുന്നു, സ്വർഗ്ഗത്തിലേക്കുള്ള അതിന്റെ വഴിയേ പറക്കുന്നു, ഉന്നതങ്ങളിലേക്ക്, സ്വർഗ്ഗത്തിലേക്ക്........"

ആരോ മരിച്ചിട്ടുണ്ട്. ആരാണ്? തലയ്ക്കൽ ഉതല്ലുമേൽ ഭാഗത്തായി കത്തിച്ചുവെച്ച രണ്ടുമെഴുകുതിരികൾക്കു നേരേ കിടക്കുന്ന ആ ശവപ്പെട്ടിയും ശവവും ഒന്നു നോക്കിക്കാണാൻ വേണ്ടി ഞാൻ തലയൊന്നു ചരിക്കാൻ ശ്രമിച്ചു.

"…. എവിടെയോ ഇനിമേലിൽ രാത്രിയില്ലാത്തത്, എവിടെയോ ദിവസപ്രകാശം അനശ്വരമാണ് …."

ദൃഷ്ടിയുയർത്തി ഒന്നു ചുഴററുവാൻ എനിക്കു സാധിച്ചു. ഇവിടെ മററാരുമില്ല. അവരെ രണ്ടുപേരേയും എന്നേയും മാത്രമല്ലാതെ വേറെ ആരേയും കാണാൻ എനിക്കു കഴിയുന്നില്ല. ആർക്കുവേണ്ടിയാണീ മരണസങ്കീർത്തനം ഇവർ പാടുന്നത്?

" …നിത്യജീവനുള്ള ആ നക്ഷത്രം മിന്നിത്തിളങ്ങുന്നതെവിടെയോ, സാക്ഷാൽ മിശിഹാ, സാക്ഷാൽ മിശിഹാ."

ഇന്നൊരു ശവസംസ്കാരമാണ്. തീർച്ചയായും ഇതൊരു ശവസംസ്കാരംപോലെ തന്നെ കാണപ്പെടുന്നു, പക്ഷേ ആരെയാണിവർ സംസ്കരിക്കുന്നത്? ശരി, ഇവിടെ ആരൊക്കെയുണ്ടെന്നു നോക്കാം—അവർ രണ്ടുപേരും ഞാനും. അതേ ഞാനും കൂടെ മാത്രം. അപ്പോൾ ഇത് എൻെറ ശവസംസ്കാരമാണ്? അതേയോ? ഹേ! കൂട്ടരേ, ഇതാ ഇങ്ങോട്ടുനോക്കൂ, നിങ്ങൾക്ക് ഏതോ തെററുപററിയിരിക്കുന്നു. ഞാൻ മരിച്ചിട്ടില്ല. ഞാനിപ്പോഴും ജീവിച്ചിരിക്കുന്നു. ഞാൻ നിങ്ങളുടെ നേരേ നോക്കുന്നതും നിങ്ങളോടു സംസാരിക്കുന്നതും കണ്ടുകൂടേ? നിറുത്തൂ. എന്നെ കുഴിച്ചിടാറായിട്ടില്ല.

"........ആരോ നമ്മളോട് അവൻെറ അന്ത്യയാത്ര പറയുമ്പോൾ, അവൻെറ അന്ത്യയാത്ര പറയുമ്പോൾ........"

അവർ കേൾക്കുന്നേയില്ല. അവർ ചെകിടന്മാരാണോ? അതോ അവർക്കു കേൾക്കത്തക്കവിധം ഉത്രസ്സുറക്കേ ഞാൻ സംരിക്കുന്നില്ലായിരിക്കാം. അതോ ഒരുപക്ഷേ ഞാൻ വാസ്തവത്തിൽ മരിക്കുകയും ശരീരമില്ലാതെയുള്ള എൻെറ സ്വരം കേൾക്കാൻ അവർക്കു കഴിയാതെ വന്നിരിക്കുകയുമാണോ ചെയ്തിരിക്കുന്നത്? ഞാൻ എൻെറ സ്വന്തം ശവസംസ്കാരം കണ്ടുകൊണ്ടിരിക്കുമ്പോൾ എൻെറ സ്വന്തം ശരീരം ഇവിടെ ഇങ്ങിനെ മുഖം കുത്തിക്കിടക്കണമെന്നുണ്ടോ? നല്ല തമാശയായിരിക്കുന്നു.

"........ഭക്തിപൂർവ്വം സ്വർഗ്ഗത്തിലേയ്ക്കവൻ കണ്ണുകൾ തിരിക്കുന്നു. ഉന്നതങ്ങളിലേ സ്വർഗ്ഗത്തിലേയ്ക്ക്, ഉന്നതങ്ങളിലേ സ്വർഗ്ഗത്തിലേയ്ക്ക്........"

ഇല്ല ഞാനോക്കുന്നു. ആരോ ഒരാൾ എന്നെ പിടിച്ചെഴുന്നേല്പിച്ച് വസ്ത്രങ്ങൾ ധരിപ്പിക്കാൻ ബദ്ധപ്പെടുന്നു. എന്നിട്ട് അവരെന്നെ ഒരു മഞ്ചത്തിന്മേൽവെച്ചു ചുമന്നുകൊണ്ടുപോയി. അവരുടെ ലാടംതറച്ച ബൂട്ട്സുകളുടെ ശബ്ദം ഇടനാഴിയിൽ മുഴങ്ങിക്കേട്ടു. എന്നിട്ട്....അത്ര തന്നെ. പിന്നെ ഒന്നും എനിക്കോർമ്മയില്ല.

".... അ അനശ്വരദീപം എവിടെ എന്നെന്നും നിലനില്ക്കുന്നുവോ."

ച്ഛെ, ഇതൊക്കെ വെറും അസംബന്ധം. ഞാൻ ജീവിച്ചിരിക്കുക തന്നെ ചെയ്യുന്നു, വിദൂരമായ ഒരു വേദനയും ഒരു ദാഹവും മാത്രമേ എനിക്കു തോന്നുന്നുള്ളു. മരിച്ചവർക്കു ദാഹം വരില്ല. എന്റെ കൈ ഒന്നനക്കാൻവേണ്ടിയുള്ള ശ്രമത്തിലേക്ക് എന്റെ മുഴുവൻ ശക്തിയും ഞാൻ പ്രയോഗിച്ചു. അസാധാരണവും അസ്വാഭാവികവുമായ ഒരു ശബ്ദം എന്നിൽനിന്നും പൊട്ടിപ്പുറപ്പെട്ടു:

"വെള്ളം!"

ഒടുവിൽ! ആ രണ്ടുപേർ വട്ടംകറങ്ങുന്ന അവരുടെ നടപ്പു നിറുത്തി. ഇപ്പോൾ അവർ എന്റെമേൽ കുനിഞ്ഞുനോക്കിക്കൊണ്ടു നിന്നു, അവരിലൊരാൾ എന്റെ തല താങ്ങിയുയർത്തിപ്പിടിച്ചുകൊണ്ട് ഒരുപാത്രം വെള്ളം എന്റെ ചുണ്ടിനോടു ചേർത്തുപിടിച്ചുതന്നു.

"കുഞ്ഞേ, നീ എന്തെങ്കിലും തീററിതിന്നുകയും കൂടി വേണം. രണ്ടുദിവസമായി നീ വെള്ളം മാത്രമേ കുടിച്ചിട്ടുള്ളു."

ഇതെന്താ ഈയാളീപ്പറയുന്നത്? രണ്ടുദിവസമായിക്കഴിഞ്ഞിരിക്കുന്നോ? ഇതെന്താഴ്ചയാണ്?

"തിങ്കളാഴ്ച."

തിങ്കളാഴ്ച. വെള്ളിയാഴ്ചയായിരുന്നു എന്റെ അറസ്റ്റ്. ഓ, എന്റെ തലയ്ക്കെന്തൊരു ഭാരം. വെള്ളത്തിനെന്തൊരു തണുപ്പ്. ഉറക്കം. ഞാനുറങ്ങട്ടേ. ജലപ്പരപ്പിന്മേ അതിന്റെമേൽ വന്നുവീണ ഒരുതുള്ളി ഇളകിമറിച്ചിരിക്കുന്നു. ആ കൊച്ചരുവി, അതെനിക്കറിയാം, ആ കുന്നുകളുടെ ഇടയ്ക്കുള്ള മൈതാനത്തിൽ കൂടെയുള്ള ആ അരുവി, റോക്ലാൻമലയുടെ താഴ്വരയിൽത്താമസിക്കുന്ന ആ ഫോറസ്റ്ററുടെ വീട്ടിനരികേക്കൂടെ, ആ പുൽപ്പരപ്പിന്റെ നടുവിൽക്കൂടെ ആ വെള്ളിനീരുറവ അങ്ങിനെ ഒഴുകുന്നതെനിക്കറിയാം. ഇലകൊഴിഞ്ഞ വൃക്ഷങ്ങളുടെ സൂചിപോലുള്ള ശിഖരത്തുമ്പുകളിൽ തൂവിക്കൊണ്ടിരിക്കുന്ന അനന്തമായ ഒരു പ്രകാശമൊഴിച്ചിൽപ്പോലെ അതു പാടിക്കൊണ്ടേയിരിക്കുന്നു...... ഉറങ്ങുക എത്രയോ മധുരതരമാണ്....... പിന്നെ ഞാനുണർന്നപ്പോൾ ചൊവ്വാഴ്ച വൈകുന്നേരമായിരുന്നു, ഒരു പട്ടി എന്റെമേൽ കുനിഞ്ഞുനോക്കുന്നു. ചെന്നായേപ്പോലുള്ള

ഒരു പട്ടി. ബുദ്ധിശക്തിയേ ദ്യോതിപ്പിക്കുന്നതും അഴകുള്ളതുമായ ആ കണ്ണുകൾ കൊണ്ടുതന്നെ പരിശോധനാഭാവത്തിൽ നോക്കിക്കൊണ്ട് അവൻ ചോദിക്കുകയാണ്:

"എവിടെയാണ് നീ താമസിച്ചിരുന്നത്?"

ഓ, അല്ല, ആ പട്ടിയല്ല അങ്ങിനെ ചോദിച്ചത്. സ്വരം മററാരുടെയോ ആയിരുന്നു. അതേ, മററാരോ ഇവിടെ നില്ക്കുന്നുണ്ട്. ഉയരമുള്ള ബൂട്ട്സുകൾ എനിക്കു കാണാം. മററൊരു ജോഡി ഉയർന്ന ബൂട്ടുകളും കൂടെ. ഒരു പട്ടാളക്കാരന്റെ ട്രൗസർ(സ്) കാണാം. മേല്പോട്ടുള്ളതൊന്നും കണ്ടുകൂട, തല ഉയർത്താൻ ശ്രമിച്ചാലുടനെ കറങ്ങുന്നു. അയ്യോ, ആരു വകവെയ്ക്കുന്നു, ഞാനൊന്നുറങ്ങിക്കൊള്ളട്ടെ........

ബുധനാഴ്ച.

സങ്കീർത്തനങ്ങൾ പാടിയിരുന്ന ആ രണ്ടാളുകൾ ഇപ്പോൾ ഒരു മേശയ്ക്കരികിലിരുന്നുകൊണ്ട് ഒരു മൺപാത്രത്തിൽനിന്ന് ആഹാരം കഴിക്കുകയാണ്. ഇപ്പോൾ അവരെ തിരിച്ചു പറഞ്ഞുതരാൻ കഴിയും. ഒരാൾ മറേറയാളേക്കാൾ ചെറുപ്പമാണ്, അവർ സന്യാസിപ്പാതിരിമാർ അല്ലാത്തതുപോലെയും തോന്നിക്കുന്നു. ഇതൊരു സന്യാസാശ്രമത്തിലെ മുറിയല്ല; തടവുമുറിയാണ്. നിലത്തുള്ള പലകകളെല്ലാംകൂടെ ഒന്നിച്ച് എന്റെ കണ്ണിൽനിന്നും ഓടിയകലുന്നു, അങ്ങേ അററത്ത്, അതാ അങ്ങ്, അവിടെ, ഒരു ഭാരിച്ച, ഭീകരമായ ദ്രോഹത്തിന്റെ വാതിലും ......

വാതിലിന്റെ തഴതിൽ ഒരു താക്കോലിന്റെ കിരുകിരാശബ്ദം; ആ രണ്ടുപേരും ചാടിയെഴുന്നേററ് അററൻഷനായി നില്ക്കുന്നു, എസ്സ്. എസ്സ്. യൂണിഫോറം ധരിച്ച രണ്ടുപേർ അകത്തുകടന്ന് എന്നെ വസ്ത്രം ധരിപ്പിക്കുവാൻ മുറിയിലുണ്ടായിരുന്നവരോടാജ്ഞാപിച്ചു. വസ്ത്രം ധരിപ്പിക്കപ്പെടാൻ വേണ്ടിയുള്ള ഓരോ ചെറിയ ചലനങ്ങളിലും ഇത്രയധികം വേദന എവിടെ ഒളിച്ചിരുന്നോ, എനിക്കറിഞ്ഞുകൂടാ. അവർ എന്നെ ഒരു സ്റ്റ്രെച്ചറിന്മേൽക്കിടത്തി വഹിച്ചുകൊണ്ട് കോവണിയിറങ്ങി. അവരുടെ ഭാരിച്ച ബൂട്ട്സിന്റെ ശബ്ദം നെടിയ ആ ഇടനാഴിയിൽ ഇടിമുഴക്കങ്ങളുണ്ടാക്കുകയാ

യിരുന്നു....... മുമ്പ്, അവസാനമായി എനിക്കു ബോധംകെട്ടപ്പോൾ ഈ വിധത്തിലാണവരെന്നെ കെട്ടിയെടുത്തുകൊണ്ടുപോയതു്. എവിടേയ്ക്കാണീ പോക്ക്? ഏതു നരകത്തിൽ ചെന്നാണിതവസാനിക്കുക?

പാൻക്രാററ്സിലെ പോലീസ് ജെയിലിൻെറ ഇരുട്ടടഞ്ഞതും ഭീകരവുമായ സ്വീകരണമുറിയാണതു്; ഇവിടെ അവരെന്നെ നിലത്തുകിടത്തി. ക്രുദ്ധമായ ഒരു ജർമ്മൻശബ്ദത്തോ സ്തേഹനാടൃത്തോടുകൂടിയ ഒരു ചെക്കശബ്ദം പരിഭാഷപ്പെടുത്തി:

"ഇവളേ നിനക്കറിയാമോ?"

ഞാൻ എൻെറ കൈകൊണ്ടു താടിക്കുപിടിച്ചു തെല്ലൊന്നുയർത്തി. വട്ടമുഖക്കാരിയായ ഒരു യുവതി എൻെറ സ്റ്റ്റെച്ചറിനഭിമുഖമായി നില്ക്കുന്നു. അഭിമാനപൂർവ്വം തലയുയർത്തിപ്പിടിച്ചുകൊണ്ടു്, മ്ളാനതയുടെ നിഴൽപോലും തട്ടാത്ത, തികഞ്ഞ പ്രസരിപ്പോടെ ഉൽകൃഷ്ടഭാവത്തിൽ അവളങ്ങിനെ നിവർന്നുനില്ക്കുന്നു. എന്നെ നോക്കിക്കാണാനും അഭിവാദ്യം ചെയ്യുനാനും വേണ്ടി മാത്രം, അവൾ ദൃഷ്ടികൾ കീഴോട്ടു ചായ്ച്ചു് തറയിൽക്കിടക്കുന്ന എൻെറ നേക്കു നോക്കുന്നുണ്ടു്.

"എനിക്കറിഞ്ഞുകൂടാ."

ഇതിനു മുമ്പൊരിക്കൽ ഞാനവരെ കണ്ടിട്ടുള്ളതായി ഒരോർമ്മ വരുന്നുണ്ടു്, പക്ഷേ ഒരു നിമിഷം മാത്രം, പെച്ചെക്ക് കെട്ടിടത്തിൽ വെച്ചനുഭവിച്ച ആ കാളരാത്രിയിലേ ഒരു നിമിഷത്തിൽ. ഇതു രണ്ടാമത്തെത്തവണയാണ്. അയ്യോ, കഷ്ടം, ഒരിക്കലും ഒരു മൂന്നാംപ്രാവശ്യമുണ്ടാവില്ല, അവളുടെ ഈ നിലയിലേ ഈ ഉന്നതഭാവത്തിനുവേണ്ടി ആ കയ്യൊന്നു പിടിച്ചമർത്താൻ ഒരിക്കലും ഒരവസരമുണ്ടാവില്ലേ? എർണൊസ്റ്റ് ലോറൻസിൻെറ ഭാര്യയാണവൾ. 1942–ലെ നാസിപട്ടാളഭരണക്കാലത്തെ ആദ്യത്തെ രക്തസാക്ഷിയായിരുന്നു അവർ.

"ഇവളേ നീ തീർച്ചയായും അറിയും."

അനിച്ക്കാ ജിറാസ്സ്ലോവാ! ദൈവത്തെ ഓർത്തു്, എൻെറ അനിച്ക്കാ, നിങ്ങളിവിടെയെങ്ങിനെ വന്നു? ഞാൻ

നിങ്ങളുടെ പേരു പറഞ്ഞിട്ടില്ല. നിങ്ങൾക്കു ഞാനുമായി ഒരു ബന്ധവുമില്ല, ഞാൻ നിങ്ങളേ അറിയില്ല, മനസ്സിലായോ, എനിക്കു നിങ്ങളേ അറിഞ്ഞുകൂടാ.

"എനിക്ക് ഇവരേ അറിഞ്ഞുകൂടാ."

"എടോ മനുഷ്യാ, ഓർത്തു സംസാരിക്കു!"

"എനിക്കവരേ അറിഞ്ഞുകൂടാ."

"ഇല്ലോ, സാരമില്ല," അനിച്ച്കാ പറയുകയാണ്, ചുരുട്ടിപ്പിടിച്ചിരിക്കുന്ന കൈലേസിന്റെ അമർത്തുന്ന വിരലിന്റെ ചെറുചലനം മാത്രം അവളുടെ വികാരക്ഷോഭത്തെ പുറത്തുകാട്ടിയിരുന്നു. "അതു സാരമില്ല. ആരൊ എന്നെ പറഞ്ഞു കൊടുത്തിരിക്കുന്നു."

"ആരാണത്?"

"വായ് മൂട്ട്!" മറുപടി പറയാൻ അവർ അവളേ സമ്മതിച്ചില്ല. ശക്തിയായ ഒരു തള്ളുകൊണ്ടിട്ട് എന്റെ നേരേ കുനിഞ്ഞു കൈനീട്ടിയടുത്തുകൊണ്ടിരുന്ന അവൾ ദൂരെ തെറിച്ചുപോയി.

അനിച്ച്കാ!

പിന്നെ അവരുടെ ചോദ്യങ്ങളൊന്നും എനിക്കു കേൾക്കാൻ കഴിയാതായി. രണ്ടു എസ്സ്. എസ്സ്. ഭടന്മാർ വേദന തട്ടാത്തവിധം എന്നെ എടുത്തു തുറുങ്കുമുറിയിലേക്കു തിരിച്ചുകൊണ്ടുപോകുന്നതായി ദൂരെ നില്ക്കുന്ന ഒരു കാഴ്ചക്കാരനെപ്പോലെ എനിക്കനുഭവപ്പെട്ടു. എത്ര ക്രൂരമായി അവരെന്നെ സ്റ്റ്റെച്ചറിലിട്ടു കുലുക്കുന്നു; ഇടയ്ക്കിടെ അവർ കുലുങ്ങിച്ചിരിച്ചുകൊണ്ടു ചോദിക്കുന്നുമുണ്ട്: 'നിനക്കൊരു കയറിൽ ഞാന്നു മരിക്കാനാണോ ഇഷ്ടം?' എന്ന്.

വ്യാഴാഴ്ച.

എനിക്കു വീണ്ടും കാര്യങ്ങൾ മനസ്സിലാകാൻ തുടങ്ങി. എന്റെ കൂട്ടുതടവുകാരിലൊരാൾ, 'കാരെക്' എന്നു പേരുള്ളവനായ ഇളയവൻ മറേറയാളേ "അപ്പാപ്പൻ" എന്നാണ് വിളിക്കുന്നത്. അവർ അവരുടെ കഥയേപ്പററി എന്തൊക്കെയോ എന്നോടു പറഞ്ഞു. എങ്കിലും എല്ലാംകൂടെ കുഴഞ്ഞുമറിഞ്ഞ രീതിയിലാണ് എന്റെ തലയിൽക്കയറുന്നത്. അവരുടെ

സംസാരത്തിൽ ഒരു ഖനിവന്നു എന്നു തോന്നുന്നു. ബെഞ്ചുകളിൽ കുറേ കുട്ടികൾ ഇരിക്കുന്നതുപോലെ തോന്നുന്നു. എവിടെയോ ഞാൻ മണിയടി കേൾക്കുന്നു, വല്ലിടത്തും തീപിടുത്തമുണ്ടായതായിരിക്കും. എല്ലാ ദിവസവും ഒരു ഡോക്ടർ വന്ന് എന്നെ നോക്കുന്നുണ്ടെന്നും, എൻെറ നേരെ വലിയ ക്രൂരനല്ലാത്ത ഒരു എസ്സ്. എസ്സ്. ശുശ്രൂഷകൻ പരിചരിക്കുന്നുണ്ടെന്നും, എൻെറ സ്ഥിതി വളരെ മോശമല്ല എനിക്കു വേഗം സുഖം കിട്ടും എന്നും ഒക്കെ അവരെന്നോടു പറഞ്ഞു. 'അപ്പാപ്പ' നാണത്ത് പറയുന്നത്. കാരെക്ക് ഉത്സാഹപൂർവ്വം അതു ശരിവെക്കുകയും ചെയ്യുന്നു. ഈ പരിതാപകരമായ അവസ്ഥയിൽപ്പോലും, അതു കേട്ടപ്പോൾ, ഇവർ ഒരു 'ഭംഗിയുള്ള കള്ളം' പറയുകയാണെന്നെനിക്കു തോന്നിപ്പോയി. ഇവർ നല്ല ആളുകളാണ്! എങ്കിലും ഇവരേ വിശ്വസിക്കാൻ നിവത്തിയില്ലാത്തതിൽ ഞാൻ ഖേദിക്കുന്നു.

ഉച്ചതിരിഞ്ഞു.

തുറുങ്കുമുറിയുടെ വാതിൽ തുറക്കുന്നു. ശബ്ദമുണ്ടാകാതെ നടന്ന് ആ പട്ടി അകത്തുകയറുന്നു. എൻെറ തലയ്ക്കൽവന്നു നിന്ന് അവൻ വീണ്ടും എന്നെ പരിശോധനാഭാവത്തിൽ നോക്കുകയാണ്. വീണ്ടും രണ്ടുജോഡി ഭാരിച്ച ബൂട്ട്സ്. അതിൽ ഒരുജോഡി പട്ടിയുടെ ഉടമസ്ഥൻേറതാണെന്നും, അയാൾ പാൻക്രാററ്സ് ജയിലിൻെറ സൂപ്രണ്ടാണെന്നും, മറേറ ജോഡിയുടെ ഉടമസ്ഥൻ ഗസ്റ്റാപ്പോയുടെ കമ്യൂണിസ്റ്റ് വിരോധവകുപ്പിലെ തലവനും ആദ്യരാത്രിയിലെ എൻെറ വിചാരണയിൽ അദ്ധ്യക്ഷത വഹിച്ച ദേഹവുമാണെന്ന് എനിക്കു മനസ്സിലായി. ഒരു സിവിലിയൻ (പട്ടാളത്തിൻേറതല്ലാത്ത) ട്രൗസർ (സ്) കാണപ്പെട്ടു. അവയ്ക്കുനേരെ ഞാൻ ദൃഷ്ടികളുയർത്തി. അതേ, എനിക്കറിയാം, ഇതു 'റെയ്ഡിങ്ങ് സ്ക്വാർഡ്' (വീടു പരിശോധന, അറസ്റ്റ്, ആളുകളേ ഭീതിപ്പെടുത്തുന്ന മറേറപ്പോടുകൾ എന്നിവയൊക്കെ ചെയ്യുന്ന സംഘം) ൻെറ തലവനായ ആ മെലിഞ്ഞുനീണ്ട കമ്മിസ്സാർ ആണെന്ന്. അയാൾ ഒരു കസേരയിലിരുന്നു ചോദ്യം തുടങ്ങി:

"നിൻെറ മത്സരത്തി ... നി മുഴവനായും തോററുകഴി

ഞ്ഞിരിക്കുന്നു, സ്വയരക്ഷയ്ക്കെങ്കിലും കരുതലെടുത്തോളൂ; പറഞ്ഞേക്കൂ!"

അയാൾ എനിക്കൊരു സിഗററ്റു സമ്മാനിക്കുന്നു. എനിക്കതിൻെറ ആവശ്യമില്ല. അതെനിക്കു സഹിച്ചില്ല.

"നീ എത്രനാൾ ബക്സാസിൻെറ വീട്ടിൽത്താമസിച്ചു?"

ബക്സാസിൻെറ വീട്ടിലോ? ഇതു കുറെ കവിഞ്ഞ സംഗതിയാണ്. ഇവരോടിതാരു പറഞ്ഞു?

"ഇതാ, നോക്ക്, ഞങ്ങൾക്കെല്ലാം അറിയാം. പറഞ്ഞോളൂ!"

നിങ്ങൾക്കെല്ലാം അറിയാമെങ്കിൽ കൂടുതലായി ഞാനെന്തിനു പറയണം? എൻെറ ജീവിതം ഞാൻ പാഴാക്കിയിട്ടില്ല; ഇനി അതിൻെറ അന്ത്യം ഞാൻ പാഴാക്കുകയുമില്ല.

വിചാരണ ഒരുമണിക്കൂർ നീണ്ടുനിന്നു. അയാൾ ഒച്ചപ്പാടുണ്ടാക്കുന്നില്ല; ക്ഷമാപൂർവ്വം ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരം കിട്ടാതെ വരുമ്പോൾ മറെറാരു ചോദ്യം ചോദിക്കുകയും, അങ്ങിനെ തിരിച്ചും മറിച്ചും അന്തമില്ലാതെ ചോദ്യങ്ങൾ ചോദിച്ചു ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

"നിനക്കു മനസ്സിലാകുന്നില്ലേ? ഇതാണ് അവസാനം, മനസ്സിലായോ? നിൻെറ മത്സരത്തിൽ നീ തോററിരിക്കുന്നു."

"തോററുപോയതു് ഞാൻ മാത്രമാണ്."

"അപ്പോൾ കമ്യൂണിസ്റ്റിൻെറ വിജയത്തിൽ നീ ഇപ്പോഴും വിശ്വസിക്കുന്നുണ്ട്, അല്ലേ?"

"വളരെ സ്വാഭാവികമായും."

"അവൻ ഇനിയും വിശ്വസിക്കുന്നോ?" പ്രധാനി ജർമ്മൻ ഭാഷയിൽ ചോദിക്കുകയാണ്—കമ്മീസ്സാർ തർജ്ജമ ചെയ്യുന്നു—"റഷ്യയുടെ വിജയത്തിൽ അവനിപ്പോഴും വിശ്വസിക്കുന്നു?"

"സ്വാഭാവികമായും. അങ്ങിനെയല്ലാതെ വരില്ല."

ഞാൻ നന്നേ ക്ഷീണിച്ചു. കരുതലായിരിക്കാൻവേണ്ടി ഞാൻ എൻെറ മുഴുവൻ കഴിവുകളും സംഭരിച്ചു; അഗാധമായ ഒരു മുറിവിൽനിന്നും രക്തം വാർന്നുകൊണ്ടിരിക്കുന്നതുപോലെ ബോധം എന്നിൽനിന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അവർ

കൈകൾ നീട്ടി എന്നെ തൊടുന്നതുപോലെ തോന്നി. ഒരുപക്ഷേ എൻെറ നെററിയിൽ മരണത്തിൻെറ അടയാളം കണ്ടിട്ടായിരിക്കാം. ചില രാജ്യങ്ങളിൽ, കൊലപ്പുള്ളിയെ ആരാച്ചാർ തൂക്കിലിടുന്നതിനു മുമ്പായി ചുംബിക്കുക എന്ന പതിവുപോലുമുള്ളതായി കേട്ടിട്ടുണ്ട്.

സായാഹ്നം.

രണ്ടുപേർ ഒരാൾക്കു പിന്നിൽ മറെറാരാളായി വട്ടത്തിൽ നടക്കുന്നു. അവർ വ്യസനാത്മകമായ ഒരു സങ്കീർത്തനം പരസ്പരം യോജിപ്പില്ലാത്ത സ്വരത്തിൽ വലിച്ചുനീട്ടിപ്പാടുകയാണ്:

"......സൂര്യൻെറ സുഖകരമായ ചൂടും നക്ഷത്രങ്ങളുടെ ശോഭയും നമ്മിൽനിന്നും മറയുമ്പോൾ, നമ്മിൽനിന്നും മറയുമ്പോൾ......"

ഓ, നല്ല സ്നേഹിതന്മാരേ, അതു നിർത്തുക! അതൊരു നല്ല പാട്ടായിരിക്കാം, എന്നാൽ ഇന്ന്, മെയ് ഒന്നാംതീയതിയുടെ തലേന്നാളാണ്; മനുഷ്യൻെറ ഏററവും ആഹ്ലാദകരവും മനോഹരവുമായ ഒഴിവുദിവസത്തിൻെറ തലേദിവസം. ആഹ്ലാദകരമായ എന്തെങ്കിലും പാടാൻ ഞാൻ ശ്രമിച്ചുനോക്കി. ഒരുപക്ഷേ അതു അവരുടെ പാട്ടിനേക്കാൾ വ്യസനകരമായതായി അവർക്കു തോന്നിയിരിക്കാം. ചെറുപ്പക്കാരനായ ആ മനുഷ്യൻ മുഖം തിരിച്ചുകളയുകയും, അപ്പാപ്പൻ കണ്ണുരുട്ടുകയും ചെയ്യുന്നതിൽനിന്ന് അങ്ങനെയാണ് മനസ്സിലാകുന്നതു്. എന്നാൽ അതെല്ലാം ആര് ശ്രദ്ധിക്കുന്നു, ഞാൻ തുടർന്നുപാടി, അവർ സാവധാനം എന്നോടു ചേർന്നു പാടിത്തുടങ്ങി. സന്തോഷകരമായ ഒരു മാനസികാവസ്ഥയിൽ ഞാൻ ഉറക്കത്തിൽപ്പെട്ടു.

മേയ് ദിനത്തിലെ പുലരി.

ജെയിൽ ടവറിലെ ക്ലോക്ക് മണി മൂന്നടിക്കുന്നു. ഞാനതു വ്യക്തമായി കേൾക്കുന്നതിപ്പോഴാദ്യമാണ്. എനിക്കു പരിപൂർണ്ണമായ ബോധം വീണ്ടുകിട്ടിയിരിക്കുന്നു. തുറന്നുകിടക്കുന്ന ജനാലയിൽക്കൂടെ അകത്തേയ്ക്കു പ്രവഹിക്കുന്ന ശുദ്ധവായു എൻെറ വൈക്കോൽത്തടുക്കിനു ചുററും വട്ടമടിച്ചുകൊണ്ടി

രിക്കുന്നത് എനിക്കറിയാൻ കഴിയുന്നു. വൈക്കോലിൻെറ എഴുന്നനാരുകൾ പെട്ടെന്നു ഞാൻ സ്പർശിച്ചറിയുന്നു. ശരീരത്തിലേ ഓരോ ഇഞ്ചിലും ഒരായിരം വേദനകളുള്ളതിനാൽ എനിക്കു ശ്വാസോഛ്വാസം വളരെ വിഷമകരമായിരിക്കുന്നു. ഒരു ജനൽ പെട്ടെന്നു തുറന്നാലെന്നപോലെ ഇതാണവസാനമെന്നു ഞാൻ വ്യക്തമായികാണുന്നു. ഞാൻ മരിച്ചുപോകുന്നു.

മരണമേ, നിൻെറ വരവിന്ന് നീ വളരെ സമയമെടുത്തു. ഒരിക്കൽ ഞാൻ വിചാരിച്ചിരുന്നത് ഇനിയും വളരെ വളരെ വർഷങ്ങൾ കഴിഞ്ഞുമാത്രമേ നിന്നെ പരിചയപ്പെടാൻ സാധിക്കുകയുള്ളു എന്നാണ്. ഒരു സ്വതന്ത്രമനുഷ്യൻെറ ജീവിതം ഞാൻ പ്രതീക്ഷിച്ചു. വളരെയേറെ പ്രവർത്തിക്കുവാനും വളരെയേറെ സ്നേഹിക്കുവാനുംവേണ്ടി ഞാൻ പ്രതീക്ഷയുള്ളവനായിരുന്നു. പാട്ടുകൾ പാടാനും ലോകം മുററിസഞ്ചരിക്കുവാനും കഴിയുമെന്നു ഞാൻ പ്രതീക്ഷിച്ചു. എനിക്കന്നു പ്രായം തികഞ്ഞിട്ടേയുള്ളായിരുന്നു; വളരെയേറെ ശക്തിയും എനിക്കുണ്ടായിരുന്നു. എന്നാൽ ഇന്നെനിക്കില്ല. അതെല്ലാം അസ്തമിക്കുകയാണ്.

ഞാൻ ജീവിതത്തെ സ്നേഹിക്കുകയും അതിൻെറ സൗന്ദര്യത്തിനുവേണ്ടി പടവെട്ടാൻ പുറപ്പെടുകയും ചെയ്തു. ഞാൻ മനുഷ്യരെ സ്നേഹിച്ചു, എൻെറ സ്നേഹം നിങ്ങൾ സ്വീകരിക്കുകയും തിരിച്ചു സ്നേഹിക്കുകയും ചെയ്യുമ്പോൾ ഞാൻ അഹ്ളാദവാനായിത്തീർന്നിരുന്നു. നിങ്ങൾ എന്നെ തെററിദ്ധരിക്കുമ്പോൾ എൻെറ ഹൃദയം നോവുകയായിരുന്നു. ഞാൻ ആരോടെല്ലാം തെററുചെയ്തിട്ടുണ്ടോ അവർ എനിക്കു മാപ്പുതരുക; ആരെയൊക്കെ സന്തോഷിപ്പിച്ചിട്ടുണ്ടോ അവർ എന്നെ മറന്നുകളയുക. എൻെറ പേരിനോടുകൂടെ വ്യസനം ഒരിക്കലും ഉണ്ടാകാതിരിക്കട്ടേ. ഇതാണെൻെറ മരണപത്രം, എൻെറ അഛാ, അമ്മേ, സഹോദരിമാരേ, അഗസ്റ്റാ, എൻെറ പ്രിയപ്പെട്ട സഖാക്കളേ — ഞാൻ സ്നേഹിച്ച എല്ലാവരുമേ, നിങ്ങൾക്ക്. ദു:ഖത്തിൻെറ പൊടിനീക്കിക്കളയാൻ കണ്ണുനീരിനു കഴിയുമെന്നു നിങ്ങൾ കരുതുന്നെങ്കിൽ സ്വല്പം കരയുക. എന്നാൽ വ്യസനിക്കരുത്. ഞാൻ ആനന്ദത്തിനു

വേണ്ടി ജീവിച്ചു; ആനന്ദത്തിനുവേണ്ടി മരിക്കുന്നു, എന്റെ ശവകുടീരത്തിന്മേൽ ദുഃഖത്തിന്റെ ദൈവദൂതനേ പ്രതിഷ്ഠിക്കുന്നത് ഒരനീതിയായിരിക്കും.

മേയ് ഒന്നാംതീയതി! ഈ പുലർവേളയിൽ ഉണർന്നാണ് ഞങ്ങൾ നാട്ടിൻപുറത്തുവെച്ച് കൊടികൾ തയാറാക്കുന്നത്. ഈ മണിക്കൂറുകളിൽ മോസ്കോയിലെ വീഥികളിൽ മേയ്ദിന പരേഡിനുവേണ്ടി മുൻകിട പട്ടാളവിഭാഗങ്ങൾ അണിനിരന്നിട്ടുണ്ടാവും. ഈ മണിക്കൂറുകളിൽ ആയിരക്കണക്കിന് മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസാനസമരത്തിൽ കോടിക്കണക്കിന് ജനങ്ങൾ പൊരുതുന്നുണ്ടാവും; ആയിരക്കണക്കിന് യോദ്ധാക്കൾ ആ സമരത്തിൽ മരിക്കുന്നുണ്ടാവും. ഞാൻ അങ്ങിനെ മരിക്കുന്നവരിലൊരുവനാണ്. അവരിലൊരുവനാകുന്നത് മനോഹരമാണ്; അവസാനസമരത്തിലേ പടയാളികളിലൊരുവൻ. എന്നാൽ മരണം മനോഹരമല്ല. ഞാൻ വിമ്മിഷ്ടപ്പെടുകയാണ്. എനിക്കു ശ്വാസംവിടാൻ കഴിയുന്നില്ല. എന്റെ തൊണ്ടയിലേ കുറുങ്ങൽശബ്ദം എനിക്കു കേൾക്കാം, അതു് ഒരുപക്ഷേ എന്റെ കൂട്ടുതടവുകാരേ ഉണർത്തിയേക്കും. കുറച്ചു വെള്ളം കുടിച്ചെങ്കിൽ.....പാത്രത്തിൽ വെള്ളമില്ല. ഞാൻ കിടക്കുന്നിടത്തുനിന്ന് ആറടി അകലെയാണെങ്കിലും, മുറിയുടെ മൂലയിലുള്ള മുഖം കഴുകുന്ന സ്ഥലത്തു് ധാരാളം വെള്ളമുണ്ട്. അവിടംവരെ എത്താൻ വേണ്ടുവോളം ശക്തി എന്നിൽ ശേഷിച്ചിട്ടുണ്ടായിരിക്കുമോ?

ഞാൻ കമിഴ്ന്നുകിടന്നിരുന്ന കിടപ്പിൽ വയറിന്മേൽ ഇഴഞ്ഞുനീന്തുകയാണ്, വളരെ നിശബ്ദമായി—മരണത്തിന്റെ മഹത്വം മുഴുവൻ ഞാൻ ആരേയും ഉണർത്താതിരിക്കുന്നതിലാണെന്നതുപോലെ അത്രയ്ക്കു ശാന്തമായി ഞാനിഴഞ്ഞു. ഒടുവിൽ ഞാനവിടെയെത്തി അത്യാർത്തിയോടെ വെള്ളം കുടിച്ചു.

എത്രസമയം അതിനു ഞാനെടുത്തു എന്നെനിക്കറിഞ്ഞുകൂടാ. തിരികെ ഇഴഞ്ഞുവരാനും എത്രസമയം എടുത്തു എന്നറിവില്ല. ബോധം വീണ്ടും അസ്തമിക്കുന്നു. എന്റെ നാഡി പിടിച്ചുനോക്കാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്കൊന്നും അ

റിയാൻ കഴിഞ്ഞില്ല. ഹൃദയം തൊണ്ടയിലേയ്ക്കു വലിഞ്ഞു വരുന്നതുപോലെയും പെട്ടെന്നു കീഴോട്ടു തിരിച്ചുവീണുപോകുന്നതുപോലെയും തോന്നി. അതോടെ ഞാനും വീണുപോകുന്നു, വളരെ സമയമായി വീഴുന്നു. പകുതിവഴിക്കുവെച്ച് 'കാരെക്കി'ന്റെ സ്വരം ഞാൻ കേട്ടു:

"അപ്പാപ്പാ, അപ്പാപ്പാ, കേട്ടോ? ആ പാവം മരണശ്വാസം വലിക്കുന്നു."

പുലർന്കഴിഞ്ഞു ഡാക്ടർ വന്നു.

പക്ഷെ അതൊക്കെ പിന്നീടാണ് ഞാനറിഞ്ഞതു്.

അയാൾവന്ന് എന്നെ പരിശോധിച്ചിട്ട് തല കുലുക്കി. എന്നിട്ട് അയാൾ ആസ്പത്രിയിലേക്കു തിരിച്ചുപോയി തലേദിവസം എന്റെ പേർ ചേർത്തു തയാറാക്കിവെച്ചിരുന്ന മരണറിപ്പോർട്ടെടുത്തു കീറിക്കളഞ്ഞു. അതു കഴിഞ്ഞ് ഒരു വിദഗ്ദ്ധന്റെ ആത്മവിശ്വാസത്തോടെ പറയുകയാണ്:

"ഒരു കുതിരയുടെ ഉടലാണിവന്റേതു്."

---

# തുറുങ്കുമുറി 267

വാതില്ക്കൽനിന്ന് ജനാലയ്ക്കലേക്കേഴ് ചുവട്, ജനാലയ്ക്കൽനിന്ന് വാതില്ക്കലേക്ക് ഏഴ് ചുവട്.

അതെനിക്കുസ്സലായറിയാം.

ആ അകലം പാൻക്രാറ്റ്സിലെ എന്റെ തുറുങ്കുമുറിയിലെ പൈൻമരപ്പലകകളുടെമേൽ എത്രയോ പ്രാവശ്യം ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നിരിക്കുന്നു! ഒരുപക്ഷെ, നമ്മുടെ പട്ടണവാസികളുടെ വിനാശകാരികളായ നയങ്ങളുടെ ദുഷ്ഫലങ്ങൾ ചെക്കുജനത അനുഭവിക്കുന്നതു വ്യക്തമായിക്കാണാൻ കഴിഞ്ഞതുകൊണ്ടായിരിക്കാം ഞാനിങ്ങനെ കിടക്കേണ്ടിവന്നതു്. എന്റെ ജനത ഇപ്പോൾ ക്രൂശിന്മേൽ വിരിച്ചുകിടത്തപ്പെട്ടിരിക്കുകയാണ്. എന്റെ തുറുങ്കുമുറിക്കു മുമ്പിൽ ജർമ്മൻ വാഡർമാർ കാവൽനില്ക്കുന്നു; വെളിയിൽ, അങ്ങെവിടെയോ രാഷ്ട്രീയ സൃഷ്ടികർത്താക്കൾ രാജ്യദ്രോഹത്തിന്റെ നൂലുകൾ പിരിച്ചുണ്ടാക്കുന്നു. മനുഷ്യൻ കണ്ണുതുറക്കാൻ ഇനിയും എത്രനാൾ വേണം? മനുഷ്യരാശി അതിന്റെ മുന്നോട്ടുള്ള ഗതിയിൽ എത്രയോ തുറുങ്കുമുറികൾ കഴിച്ചുപെട്ടു പിന്നിട്ടിരിക്കുന്നു. ഇനിയും എത്രയേ കടക്കേണ്ടതായിരിക്കുന്നു. ഓ, 'നെറൂദാ'യുടെ ക്രിസ്തുശിശോ, മനുഷ്യന്റെ രക്ഷയുടെവഴി അന്തമററതാണ്. എന്നാൽ ഇതാ മനുഷ്യർ അവസാനമായി ഉണന്നിരിക്കുന്നു, അവസാനമായി ഉണന്നിരിക്കുന്നു.

ഏഴടി അങ്ങോട്ടും ഏഴടി പിന്നോട്ടും. ഒരു ചുമരിൽ ചേർത്തു മടക്കിവെക്കാവുന്ന ഒരു ബഞ്ചും, മറേറച്ചുമരിൽ ഒരു മൺപാത്രം വെച്ചിട്ടുള്ള തവിട്ടുനിറത്തിലെ ഒരു ഷെൽഫും ഉണ്ട്. ഇതൊക്കെ ഇപ്പോഴെനിക്കു മനസ്സിലാകുന്നുണ്ട്. ഇക്കാലത്തു് ജയിലുകളൊക്കെ യന്ത്രീകൃതമാണ്. പഴയ വെള്ളത്തൊട്ടിയുടെ സ്ഥാനത്ത് ഇപ്പോൾ 'ഫ്ളഷ് ടോയലററ്,'

ഒരു കേന്ദ്രത്തിൽനിന്ന് എല്ലാമുറിക്കും ചൂടുകൊടുക്കാനുള്ള ഏഷ്പ്പാടുകൾ — മനുഷ്യർപോലും യാന്ത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ പ്രധാനമായും മനുഷ്യരാണ് യാന്ത്രീകരിക്കപ്പെട്ടത് — വെറും യന്ത്രപ്പാവകൾ. ഒരു ബട്ടൺ അമർത്തിയാൽ വാതിൽത്തഴുതിൽ ഒരു താക്കോൽ ശബ്ദിക്കുന്നതു കേൾക്കാം, മുറികളിലേയ്ക്കു് എത്തിനോക്കാനുള്ള ദ്വാരം തന്നത്താൻ തുറക്കുന്നതു കാണാം—അപ്പോഴേയ്ക്കും തടവുകാർ—അവർ എന്തുചെയ്തുകൊണ്ടിരുന്നാലും—ചാടിയെഴുന്നേല്ക്കും; ഒരാൾക്കു പിന്നിൽ മറെറാരാളായി അററൻഷനിൽ നില്ക്കും. വാതിൽ തുറന്നാലുടനെ മുറിയിലുള്ളതിലേയ്ക്കും പ്രായംകൂടിയ ആൾ ഒരൊററ ശ്വാസത്തിൽ വിളിച്ചുപറയും.

"അററൻഷൻ! 'സെൽ'നമ്പർ ഇരുനൂററി അറുപത്തിയേഴ്, മൂന്നുപേർ എല്ലാം ശരി."

നമ്പർ 267 ഞങ്ങളുടെ മുറിയാണ്. എന്നാൽ ഇതിലെ യന്ത്രപ്പാവകൾ ഇന്നു ശരിക്കു പ്രവർത്തിക്കുന്നില്ല. രണ്ടുപേർ മാത്രം ചാടിയെഴുന്നേല്ക്കുന്നു. ഞാൻ ജനാലയ്ക്കു കീഴേയുള്ള എൻെറ വൈക്കോൽതട്ടിൽ അനങ്ങാതെ കിടക്കുകയാണ് — മുഖം കുത്തി ചരിഞ്ഞുകൊണ്ടുള്ള ഈ കിടപ്പ്, ഒരാഴ്ച, രണ്ടാഴ്ച, ഒരു മാസം, ആറാഴ്ചകളായി ഞാനിങ്ങനെ കിടക്കുന്നു. ഞാനിതാ, ഇപ്പോൾ, പുനർജ്ജന്മം പ്രാപിച്ചിരിക്കുന്നു. എൻെറ ശിരസ്സു തിരിയ്ക്കാനും കയ്യ് അനക്കാനും എനിക്കിപ്പോൾ കഴിയുന്നുണ്ട്, കൈമുട്ടിന്മേൽ ഉയർന്ന് ഒന്നു മലർന്നുകിടക്കാൻ പോലും ഞാൻ ശ്രമിച്ചു, എന്നാൽ അപ്പോഴതു ചെയ്യാൻ കഴിഞ്ഞതിനേക്കാൾ വേഗത്തിൽ ഇപ്പോഴതെഴുതാൻ എനിക്കു കഴിയുന്നു.

മുറിയിൽ മാററങ്ങളുണ്ടായിട്ടുണ്ട്. എൻെറ മരണസങ്കീർത്തനം പാടിയിരുന്ന രണ്ടുപേരിൽ ഇളയവനായ കാരക് അപ്രത്യക്ഷനായതിനെത്തുടർന്ന്, വാതിൽക്കുതകിന്മേലുള്ള മൂന്നുപേരുകളുടെ സ്ഥാനത്ത് രണ്ടായിത്തീർന്നു. കനിവേറിയ ഒരു ഹൃദയത്തിൻെറ സ്മരണകളെ അവശേഷിപ്പിച്ചുംകൊണ്ടാണ് അയാൾ അപ്രത്യക്ഷനായത്. പകുതി ബോധവും പകുതി സ്വപ്നവും പോലുള്ള ഒരവസ്ഥയിൽ മാത്രമേ

എനിക്കയാളെ കാണാൻ കഴിയുന്നുള്ളു; ഞങ്ങളൊന്നിച്ചുള്ള അവസാന രണ്ടുദിവസങ്ങളിലെ ഓർമ്മകളിൽ മാത്രമെ അയാളെ എനിക്കു കാണാൻ കഴിയുന്നുമുള്ളു. അയാളുടെ കേസിന്റെ വിവരങ്ങൾ ആവർത്തിച്ചാവർത്തിച്ച് അയാൾ എന്നെ പറഞ്ഞുകേൾപ്പിച്ചിരുന്നു; അയാളുടെ കഥകളുടെ നടുക്കുവച്ചു ഞാനുറങ്ങുകയായിരുന്നു പതിവ്.

അയാളുടെ പേര് 'കാരെക്ക മാലെററ്സ്' എന്നായിരുന്നു. ഏസ്ലിററ്സിനടുത്തെവിടെയോ ഉള്ള ഒരു ഇരുമ്പുഖനിയിൽ പണിയെടുത്തിരുന്ന ഒരു 'മെക്കാനിക്കർ' ആണയാൾ. ഒളിപ്പോരിനു വേണ്ടിയിരുന്ന വെടിമരുന്നുസാധനങ്ങൾ അയാൾ കടത്തിക്കൊടുത്തിരുന്നു. ഏകദേശം രണ്ടു വർഷങ്ങൾക്കുമുമ്പാണയാൾ അറസ്ററു ചെയ്യപ്പെട്ടത്. ഇപ്പോൾ വിചാരണയ്ക്കു പോവുകയാണ്, പക്ഷെ ബർളിനിലേയ്ക്കായിരിക്കാം. ഒരു വലിയ സംഘം മുഴുവനും ഇങ്ങിനെ പോകുന്നുണ്ട്. എന്തു ശിക്ഷയായിരിക്കും ഇവർക്കു കിട്ടുകയെന്നാർക്കറിയാം? അയാൾക്കു ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമുണ്ട്. അയാളവരെ സ്നേഹിക്കുന്നു, ഏററം പ്രിയംകരമായി സ്നേഹിക്കുന്നു—എന്നാൽ......... ഇതാ, ഇതെന്റെ കടമയാണ്, ഇതല്ലാതെ ഒന്നും ചെയ്യാൻ എനിക്കു കഴിവില്ല.........
ഇങ്ങിനെ കുറിച്ചുവെക്കാം.

എന്റെ കിടക്കമേൽ വന്നിരുന്നുകൊണ്ടു എന്നെ ഭക്ഷണം കഴിപ്പിക്കാൻ അയാൾ ഉത്സാഹിച്ചിരുന്നു. പക്ഷെ, എനിക്കു കഴിഞ്ഞില്ല. ശനിയാഴ്ചദിവസം- ഇവിടെ ഞാൻ എട്ടുദിവസമായോ?—അയാൾ അങ്ങേ അററത്തെ ഒരു സൂത്രമെടുത്തു; ഇത്രദിവസവും ഞാൻ യാതൊരാഹാരവും കഴിച്ചിട്ടില്ലെന്നു പോലീസ് മാസ്റ്റർക്കു റിപ്പോർട്ടു ചെയ്തു. ഒരികലും സൈര്യമില്ലാത്തവനായ ആ പോലീസ്മാസ്റ്റർ, എസ്സ്. എസ്സ്. യൂണിഫാറക്കാരനായ പാൻക്രാററ്സിലെ ആ അർഡർലി, ഇയാളുടെ അനുവാദംകൂടാതെ ചെക്കുകാരനായ ഡോക്ടർക്ക് ഒരു 'ആസ്പിരിൻ' ഗുളികപോലും കുറിക്കുന്നതിനുള്ള അധികാരമില്ല—ഒരു പാത്രം ആസ്പത്രിസൂപ്പുകൊണ്ടുവന്നു എന്റെ അടുത്തുനിന്ന് അതു മുഴുവൻ എന്നെ കുടിപ്പിച്ചു. ഇങ്ങനെ

നിർബന്ധം ചെലുത്താൻ സാധിച്ചതിൽ കാരെക് സംതൃപ്തനായി. പിറേറന്ന് അയാൾതന്നെ ഒരുപാത്രം 'ഞായറാഴ്ച സൂപ്പ്' എന്റെ അകത്താക്കിച്ചു.

എങ്കിലും ക്രൂരതചായൊന്നും കഴിക്കാൻ എനിക്കു സാദ്ധ്യമല്ലായിരുന്നു. ഞങ്ങളുടെ ഞായറാഴ്ച ഗൗലാഷ് (ഒരുതരം ജയിൽ ഭക്ഷണം) ലെ വെന്തലിഞ്ഞ ഉരുളക്കിഴങ്ങിന്റെ കഷണങ്ങൾപോലും ചവയ്ക്കുവാൻ നീരുവെച്ചു വീങ്ങിയിരുന്ന എന്റെ മോണകൾ അശക്തങ്ങളായിരുന്നു. നീരുവെച്ചു വീത്തിരുന്ന എന്റെ തൊണ്ട യാതൊന്നും വിഴുങ്ങുവാൻ സമ്മതിച്ചില്ല.

"ഗൗലാഷ് പോലും വേണ്ടേ; അയാൾക്കു ഗൗലാഷ് പോലും വേണ്ടാ," കുനിഞ്ഞു, വ്യസനപൂർവ്വം എന്നെ നോക്കി തലയാട്ടിക്കൊണ്ട് കാരെക് അവലാതിപ്പെടുകയാണ്.

എന്റെ ഭക്ഷണം ഭാഗിച്ചു പകുതി 'അപ്പാപ്പ'നു കൊടുത്തിട്ട് ബാക്കി അയാൾ സ്വയം അകത്താക്കി

ഓ, 1942-ൽ പാൻക്രാററ്സിൽ ജീവിച്ചിട്ടില്ലാത്ത നിങ്ങൾക്ക് ഗൗലാഷിന്റെ സ്വാദ് അറിയില്ല. നിങ്ങൾ ഒരിക്കലും അറിയുകയുമില്ല. ദുരിതത്തിന്റെ വറുതിയിലെ ആ ദിവസങ്ങളിൽ ഞങ്ങളുടെ വയർ വിശന്നുപൊരിഞ്ഞിരുന്ന— ആഴ്ചയിലൊരിക്കൽ കുളിപ്പിക്കാൻവേണ്ടി മനുഷ്യന്റെ തൊലി പൊതിഞ്ഞ അസ്ഥിപഞ്ജരങ്ങളായ ഞങ്ങളെ പുറത്തിറക്കി നിരത്തനിറുത്തിയിരുന്ന നിങ്ങളുടെ ഉററ സ്നേഹിതൻ നിങ്ങളുടെ ഭക്ഷണം കണ്ണുകൊണ്ടെങ്കിലും കട്ടെടുത്തിരുന്ന,- കാലമായ—ദുരിതത്തിന്റെ ആ ദിവസങ്ങളിൽ— വാടികരിഞ്ഞ പച്ചക്കറികളും ടൊമാറെറാ (തക്കാളിക്കായ്)യും ചേർത്തുണ്ടാക്കിയിട്ടുള്ള, വെള്ളംചേർത്തു നീട്ടിനീട്ടി പാകപ്പെടുത്തിയ ആ ആഹാരസാധനം – ഗൗലാഷ്—ഒരപൂർവ്വസാധനംതന്നെയായിരുന്നു; വളരെ രുചിയേറിയതായിരുന്നു. ആ ദുരിതംപിടിച്ച ദിവസങ്ങളിൽ, ആഴ്ചയിൽ രണ്ടുപ്രാവശ്യം വീതം, വ്യാഴാഴ്ചയും ഞായറാഴ്ചയും, ഒരു കയിൽ ഉരുളക്കിഴങ്ങു കുഴച്ചതും അതിന്റെ പുറത്തു സ്വല്പം 'ഗൗലാഷ്' ഗ്രേവിയും രണ്ടുമൂന്നു ഇറച്ചിത്തുണ്ടുകളും, സൂക്ഷിപ്പുകാരൻ ഞങ്ങ

ളൂടെ ചട്ടിയിൽ – ഇട്ടുംവച്ചുപോകും. അതിൻെറ രുചി അത്ഭുതകരമായിരുന്നു - എന്നാൽ രുചിയേക്കാൾ കൂടുതലായി, അത് മനുഷ്യജീവിതത്തെക്കുറിച്ചുള്ള വസ്തു നിഷ്ഠാത്മകമായ (വിചാരങ്ങളുടെ ലോകത്തിൽ മാത്രമല്ലാത്ത—പരിഭാഷകൻ) ഒരനുസ്മരണമായിരുന്നു ; പരിഷ്കൃതമായ ഏതൊ ഒന്നു, ഗസ്റ്റാപ്പൊ തടവിൻെറ ക്രൂരമായ അസാധാരണത്വത്തിന്റെ മദ്ധ്യത്തിൽവെച്ചു സാധാരണജീവിതത്തിലെ ഏതൊ ഒന്നു. അതിനെപ്പററി മധുരമായ ആവേശത്തോടെ ഞങ്ങൾ സംസാരിച്ചു. അനുദിനം വളൎന്നുകൊണ്ടിരിക്കുന്ന മരണഭീതമായ അവസ്ഥയ്ക്കു് അനുരൂപപ്പെട്ടുകഴിയുമ്പോൾ, ആ ഒരു സ്ഫൂൺ ഗ്രേവിക്കു ആശിക്കാൻ കഴിയുന്ന മാനുഷികമൂല്യത്തിൻെറ ഔന്നത്യവും മഹനീയതയും! അതാക്കുതന്നെ മനസ്സിലാക്കാൻ കഴിയും ?

രണ്ടുമാസം കഴിഞ്ഞപ്പോൾ, അന്ന് എനിക്ക് ഗൗലാഷ് വേണ്ടെന്നു പറഞ്ഞതിൽ കാരെക്കിനുണ്ടായ പരിഭ്രമത്തിൻെറ ഗൗരവം എനിക്കു മനസ്സിലായി. എൻെറ മരണം അടുത്തിരിക്കുന്നു എന്നതിനു, ഞാൻ ഗൗഷ്പോലും കഴിക്കാൻ കൂട്ടാക്കുന്നില്ല എന്ന വസ്തുതയേക്കാൾ വ്യക്തമായ തെളിവ് വേറെ വേണ്ടിയിരുന്നില്ല.

അതിൻെറ പിറേറരാത്രി രണ്ടുമണിക്ക് അവർ കാരെക്കിനെ ഉണൎത്തി. അഞ്ചുമിനിററിനുള്ളിൽ അയാൾ തയാറാകേണ്ടിവന്നു. സ്വല്പസമയത്തേക്കു വെളിയിൽപോവുകയാണ്. അല്ലാതെ ജീവിതത്തിൻെറ അവസാനത്തിലേക്ക്, മറെറാരു ജയിലിലേക്കൊ, കോൺസെൻട്രേഷൻ ക്യാമ്പിലേക്കൊ, അതുമല്ലെങ്കിൽ കഴുമരത്തിലേക്കുതന്നെയൊ—എവിടേയ്ക്കാണെന്നാൎക്കു പറയാൻ കഴിയും—എൻെറ കിടക്കയ്ക്കരികെ മുട്ടുകുത്തി, കൈകൾ നീട്ടി എൻെറ കഴുത്തിനു ചേൎത്തു, എന്നെ ചുംബിക്കുന്നതിനായി അയാൾ സമയമെടുത്തു. അപ്പോഴേക്കും, പാൻക്രാററ്സിൽ മൃദുലവികാരങ്ങൾക്കു സ്ഥാനമില്ലെന്നു താക്കീതു ചെയ്യുന്ന, ആ യൂണിഫാറത്തിലെ ശരീരത്തിൻെറ, പരുപരുത്ത ശബ്ദം ഇടനാഴിയിൽ മുഴങ്ങി. കാരെക് വാതിലിൽകൂടെ പുറത്തോട്ടോടി. തഴതിനുള്ളിൽ താക്കോൽ കിരു

കിരാ ശബ്ദിച്ചു ......... ഇപ്പോൾ ഈ തുറുങ്കിൽ ഞങ്ങൾ രണ്ടാൾ മാത്രമായിരിക്കുന്നു.

നാമിനി എന്നെങ്കിലും കൂട്ടിമുട്ടുമോ, എൻെറ പൊന്നുകുഞ്ഞേ? അടുത്തതായി പിരിഞ്ഞുപോകുന്നതായിരിക്കും?. നാം രണ്ടുപേരുള്ളതിൽ ആദ്യം പോകുന്നതാരായിരിക്കും?. എവിടെയ്ക്കായിരിക്കും?. അയാളേക്കൊണ്ടുപോകാൻ ആരുവരും?. യൂണിഫോറംധരിച്ച എസ്സ്. എസ്സ്. ശിപായിയോ— അതോ യൂണിഫോറം ധരിക്കാത്ത മരണമോ?.

ജയലിൽ വെച്ചുണ്ടായ ആദ്യവിയോഗത്തിനുശേഷം ഞങ്ങളേ ഞെരുക്കിപ്പിടിച്ച വിചാരങ്ങളുടെ പ്രതിദ്ധ്വനിയിലാണ് ഞാനിപ്പോൾ ഇതെഴുതുന്നത്. അതു മുതൽ ഇപ്പോൾ ഒരു കൊല്ലമായിട്ടുണ്ട്. ഞങ്ങളുടെ ചങ്ങാതിയേ അനുഗമിച്ച ചിന്തകൾ പലപ്പോഴും ആവത്തിക്കപ്പെട്ടുകയുണ്ടായിട്ടുണ്ട്; ആ ചിന്തകൾക്കു ചിലപ്പോൾ മൂർച്ചവളരെക്കൂടിയും ചിലപ്പോൾ കുറഞ്ഞും ഇരിക്കും. ഞങ്ങളുടെ വാതലിന്മേലുള്ള രണ്ടുപേരുകൾ ചിലപ്പോൾ മൂന്നായി വദ്ധിക്കും. വീണ്ടും രണ്ടായി കുറയും — പിന്നെ മൂന്ന്, രണ്ട്, മൂന്ന്, രണ്ട് — പുതിയ തടവുകാർ വരുന്നതും പോകുന്നതും അനുസരിച്ച് ആ സംഖ്യ വ്യത്യാസപ്പെട്ടുകൊണ്ടിരുന്നു. 267—ൽ അവശേഷിച്ച ആ രണ്ടുപേർ ഇന്നും വിശ്വസ്തതയോടെ അവിടെ തങ്ങിനില്ക്കുന്നു.

"അപ്പാപ്പ"നും ഞാനും.

അപ്പാപ്പൻ അറുപതുവയസ്സുചെന്ന ഒരു അദ്ധ്യാപകനാണ്; 'ജോസഫ് പെഷെക്' എന്നാണ് പേര്. അറസ്ററു ചെയ്യപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരിൽ വെച്ച് ഏററവും പ്രായം കൂടിയ ആൾ അദ്ദേഹമാണ്. എന്നെക്കാൾ 85 ദിവസങ്ങൾക്കു മുമ്പ് അറസ്ററു ചെയ്യപ്പെട്ടു. കാരണം, ചെക്കസ്ക്കൂളുകൾ വീണ്ടും സ്വാതന്ത്ര്യങ്ങളാകുമ്പോൾ അവയേ പരിഷ്ക്കരിക്കാൻവേണ്ടി ഒരു പദ്ധതി തയാറാക്കാൻ ശ്രമിച്ചു എന്നുള്ളതാണ്. "ജർമ്മൻ രാഷ്ട്രത്തിനെതിരായ ഗൂഢാലോചന"യാണ് ആരോപിക്കപ്പെട്ടിരിക്കുന്ന കുററം.

"അപ്പാപ്പൻ"........

എന്നാൽ ഇതൊക്കെയിങ്ങനെ എഴുതിയിടാൻ എന്നെങ്കി

ല്ലം സാദ്ധ്യമാണോ, എൻെറ കുഞ്ഞേ? ഒരു കൊല്ലം ഒരു മുറിയിൽക്കിടന്നിരുന്ന രണ്ടുപേരേ വിവരിയ്ക്കാൻ എത്രവിഷമിക്കുന്നു. ഇത്രയും കാലംകൊണ്ട് "അപ്പാപ്പൻ" എന്ന അദ്ദേഹത്തിൻെറ സംജ്ഞക്കു കരുതപ്പെട്ടിരുന്ന ഉദ്ധാരണചിഹ്നം ഇല്ലാതായി; ഇത്രയും കാലംകൊണ്ട് വ്യത്യസ്ത പ്രായക്കാരായ ഞങ്ങൾ രണ്ടുപേർ വാസ്തവത്തിൽ അച്ഛനും മകനും തന്നെയായിത്തീന്നു. ഇത്രയും കാലംകൊണ്ട് ഞങ്ങൾ പരസ്പരം ഒരോരുത്തരുടേയും പ്രത്യേക സംസാരശൈലികളും, അംഗവിക്ഷേപരീതികളും, സ്വരത്തിൻെറ മുറപോലും അംഗീകരിച്ചു. മുറിക്കുകത്തുള്ള സാധനങ്ങൾ ഏതേതെല്ലാം ആരുടേതെന്നോ ആരാണ് ഏതേതെല്ലാംകൊണ്ടുവന്നിരുന്നു എന്നോ ആൎക്കും പറയാൻ സാദ്ധ്യമല്ല.

അദ്ദേഹം രാത്രിതോറും ഉറക്കമൊഴിഞ്ഞ് എൻെറ അരികെ ഇരുന്നുകൊണ്ട്, വെള്ളത്തിൽമുക്കിയ വെളുത്ത ശീലപ്പട്ടിസുകൊണ്ട് എൻെറ അടുത്തേക്കു വന്നിരുന്ന മരണത്തെ അട്ടിയോടിച്ചുകൊണ്ടിരുന്നു. പഴുപ്പുകളഞ്ഞ് എൻെറ മുറിവുകളെ അദ്ദേഹം വൃത്തിയാക്കുകയും, എൻെറ കിടക്കക്കുചുററും തങ്ങിനിന്നിരുന്ന ദുർഗ്ഗന്ധം അനുഭവപ്പെടുന്നതായി ഒരിയ്ക്കൽപ്പോലും ഭാവിയ്ക്കാതിരിക്കുകയും ചെയ്തിരുന്നു. എൻെറ കീറിപ്പറിഞ്ഞ ഷർട്ടിൻെറ അവശിഷ്ടങ്ങൾ അദ്ദേഹം അലക്കിയെടുക്കയും, തുന്നിച്ചേർക്കുകയും ചെയ്തു. ഒടുവിൽ തുന്നിച്ചേർക്കാൻ സാധിക്കാതെ വന്നപ്പോൾ, തൻെറ സ്വന്തം ഒരു ഷർട്ട് എന്നെ ഇടുവിച്ചു. ഒരു ദിവസം അദ്ദേഹം എനിയ്ക്കു ഒരു ചെറിയ 'ഡെയിസി' പ്പൂവും, ഏതാനും പുൽക്കൊടികളും കൂടെകൊണ്ടുവന്നുതന്നു. കാലത്ത് ജയിൽ മുററത്തു പതിവുള്ള അരമണിക്കൂർ സമയത്തെ വ്യായാമത്തിനു പോയിതിരിച്ചുവന്നപ്പോഴാണദ്ദേഹമതുകൊണ്ടുവന്നത്; ജയിലധികാരികൾ കണ്ടാൽ അദ്ദേഹത്തിൻെറ ജീവൻ അപകടത്തിലാകുന്ന ഏർപ്പാടായിരുന്നു, എന്നിട്ടുകൂടെ അതു കൂട്ടാക്കാതെ അദ്ദേഹം എനിക്കായി അതുപറിച്ചെടുത്തുകൊണ്ടുവന്നു. ഒരോ പ്രാവിശ്യവും പുതിയ പുതിയ വിചാരണകൾക്കായി എന്നെ പുറത്തേയ്ക്കുകൊണ്ടുപോകുമ്പോൾ ആ കനിവേറിയ ദു

ഷ്ടികൾ എന്നെ അനുഗമിക്കുകയും; തിരിച്ചുകൊണ്ടുവരുമ്പോൾ കാണപ്പെടുന്ന പുതിയ പുതിയ മുറിവുകൾ നനഞ്ഞ പട്ടീസുകൊണ്ട് സ്നേഹപൂർവ്വം അദ്ദേഹം വെച്ചുകെട്ടുകയും ചെയ്യും. എന്നെക്കൊണ്ടുപോകുന്നതു രാത്രിയിലായിരുന്നാൽ, ഞാൻ തിരിച്ചുവന്ന് എന്നെ കിടക്കയിൽ കിടത്തി പുതപ്പിച്ചു കഴിഞ്ഞാൽ മാത്രമേ അദ്ദേഹത്തിനുറക്കം വരുമായിരുന്നുള്ളു.

അർദ്ധരാത്രിയിലെ മർദ്ദനത്തിനുശേഷം ഇങ്ങിനെയാണ് ആ ബന്ധം ആരംഭിച്ചതു്. എനിക്കു വീണ്ടും എഴുന്നേറ്റുനില്ക്കാൻ ശക്തി ലഭിക്കുകയും, ആ പിവാതിനോടുള്ള എന്റെ കടമകൾ നിർവ്വഹിക്കുവാൻ തുടങ്ങുകയും ചെയ്തു. തിൽപ്പിന്നെ യാതൊന്നും ഞങ്ങളുടെ ആ ബന്ധത്തെ കെടുത്തിയിട്ടില്ല.

എന്നാൽ ഇതെല്ലാം ഒരേ ഇരുപ്പിൽ എഴുതിത്തിക്കാൻ ഒരിക്കലും സാദ്ധ്യമല്ല, എന്റെ കുഞ്ഞേ. തുറുങ്കുമുറി 267 ന് അക്കൊല്ലം ധന്യമായ ഒരു ജീവിതമുണ്ടായിരുന്നു. അതിലെ ഓരോ നിമിഷത്തിലും അപ്പാപ്പൻ തന്റെ സ്വന്തം രീതിയിൽ ജീവിക്കുകയും ചെയ്തു. എന്നാൽ ഇതുകൊണ്ടു കഥ ആകുന്നില്ല—ഇതിന് ആശയുടേതായ ഒരു ധ്വനിയുമുണ്ട്.

267–ന് ധന്യമായ ഒരു ജീവിതമുണ്ടായിരുന്നു. ചിലപ്പോഴൊക്കെ പെട്ടെന്ന് വാതിൽ തുറക്കപ്പെടുകയും ഞങ്ങൾ മണിക്കൂർതോറും പരിശോധിക്കപ്പെടുകയും ചെയ്തിരുന്നു. ഞങ്ങളുടെ കമ്മ്യൂണിസ്റ്റ് കുറ്റവാളിയെ കൂടുതൽ കർശനമായി സൂക്ഷിച്ചുകൊള്ളാനുള്ള ഉത്തരവുകൾ ലഭിച്ചിരുന്നതനുസരിച്ചാണ് അതെല്ലാം സംഭവിച്ചിരുന്നതു്. എന്നാൽ ചിലപ്പോൾ വെറും ജിജ്ഞാസയുമാവുംകാരണം. മരിക്കുമെന്നു തീരെ കരുതിയിരിക്കാത്തപ്പോൾ പലപ്പോഴും ഇവിടെ ആളുകൾ മരിക്കാറുണ്ട്. എന്നാൽ മരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നവർ മരിക്കാതെവരികയുമില്ല. മറ്റു വാർഡുകളിൽനിന്ന് വാഡർമാർ വരാറുണ്ട്. ചിലർ ഉറക്കെ സംസാരിക്കും, ചിലർ നിശബ്ദമായി കരിമ്പടംപൊക്കി വിദഗ്ധന്മാരുടെ ഭാവത്തിൽ എന്റെ മുറിവുകൾ മണത്തുനോക്കും,

എന്നിട്ട് ഓരോരുത്തൻെറയും സ്വഭാവത്തിൻെറ രീതിയിൽ ഹൃദയശൂന്യമായ തമാശകൾ പറയുകയോ അല്ലെങ്കിൽ സ്നേഹഭാവമുള്ള ഒരു സ്വരം സ്വീകരിക്കുകയോ ചെയ്യും. അവരിൽ ഒരുവൻ—സ്മാർട്ടിനെന്നാണ് അയാളെ ഞങ്ങൾ വിളിക്കുന്നതു്—മററാരേക്കാളും കൂടുതൽപ്രാവശ്യം വരാറുണ്ട്. അയാൾ സാധാരണയായി ഒരു പുഞ്ചിരിയോടുകൂടെ "ആ ചുവന്ന ചെകുത്താന്" എന്തെങ്കിലും ആവശ്യമുണ്ടോ എന്ന് അന്വേഷിക്കും. വേണ്ട, ഉപകാരം, ഒന്നുംവേണ്ടാ. കുറച്ചു ദിവസങ്ങൾക്കകം ചുവന്ന ചെകുത്താനു വേണ്ടതായി എന്തോ ഒന്നു സ്മാർട്ടി കണ്ടുപിടിച്ചു—ഒരു ക്ഷൗരം. അങ്ങിനെ അയാൾ ക്ഷൗരക്കാരനെ കൂട്ടിക്കൊണ്ടുവന്നു.

ഞങ്ങളുടെ തുറുങ്കുമുറിക്കു വെളിയിൽനിന്നും ആദ്യമായി ഞങ്ങൾ പരിചയപ്പെട്ട ഒരു തടവുകാരൻ ഈ ബാർബറായിരുന്നു—സഖാവ് ബോച്ചെക്. സ്മാർട്ടിയുടെ സദുദ്ദേശപരമായ സ്നേഹകൃത്യം ഒരുതരം ക്രൂരതയായിട്ടാണ് കലാശിച്ചതു്. അപ്പോപ്പൻ എൻെറ തല താങ്ങിപ്പിടിച്ചിരുന്നു. സ: ബോചെക്ക് കിടക്കയുടെ അരികിൽ മുട്ടുകുത്തിനിന്ന്, അശേഷം മൂർച്ചയില്ലാത്ത ഒരു കത്തികൊണ്ടു് എൻെറ മുഖത്തെ വളർന്നുമുററിയ മീശക്കാട്ട് വെട്ടിത്തെളിച്ചുതുടങ്ങി. അയാളുടെ കൈകൾ വിറച്ചു, കണ്ണുകൾ നിറഞ്ഞൊഴുകി; കാരണം, താൻ ഒരു ശവത്തിനെയാണ് ക്ഷൗരം ചെയ്യുന്നതെന്ന് അയാൾക്കു ബോദ്ധ്യമുണ്ടായിരുന്നു. ഞാനയാളെ ധൈര്യപ്പെടുത്തി.

"കുഞ്ഞേ, ധൈര്യമായിരിക്കൂ. പെച്ചെക്ക് കെട്ടിടത്തിലെ മർദ്ദനത്തെ അതിജീവിക്കാനെനിക്കു കഴിഞ്ഞെങ്കിൽ നിൻെറ ക്ഷൗരം സഹിക്കാനും എനിക്കു ശേഷിയുണ്ട്."

എന്നാൽ ഞങ്ങളിരുവരും തീരെ ശക്തി ക്ഷയിച്ചുകഴിഞ്ഞവരായിരുന്നതിനാൽ ഇടയ്ക്കിടെ ക്ഷൗരംനിത്തി വിശ്രമിക്കേണ്ടിവന്നിരുന്നു.

രണ്ടു ദിവസത്തിനുശേഷം രണ്ടു തടവുകാരെക്കൂടെ ഞാൻ പരിചയപ്പെട്ടു. പെച്ചെക്ക് കെട്ടിടത്തിലെ മാന്യന്മാരായ കമ്മിസ്സാർമാർക്കു ക്ഷമയററുതുടങ്ങി. ഓരോ ദിവസ

വും എന്നെ കൊണ്ടുചെല്ലാൻ അവർആളയച്ചെങ്കിലും പോലീസ് മാസ്റ്റർ "മാററാൻ പററിയ അവസ്ഥയല്ല," എന്നെഴുതി മടക്കിയിരുന്നു. പിന്നീട് അതു കൂട്ടാക്കാതെ തന്നെ എന്നെ അയക്കാൻ കല്പനയായി. കൺവിക്ട് വാർഡർമാരുടെ വേഷത്തിൽ രണ്ടു തടവുകാർ ഒരു സ്റ്റ്റെച്ചറുംകൊണ്ട് എൻെറ അടുക്കൽ വന്നുനിന്നു. എന്നെ ശരിക്കു പുതപ്പിക്കാൻ അപ്പാപ്പൻ ധൃതിപ്പെട്ടു. കൺവിക്ട് വാർഡർമാർ എന്നെ സ്റ്റ്റെച്ചറിലിട്ട് ചുമന്നുകൊണ്ടുപോയി. അവരിലൊരാൾ ആ ബ്ളോക്കിൻെറ മുഴുവൻ ശുദ്ധാല്പവായ കാരണവരായ സ: സ്റ്റ്രാറിപ്പായാണ്. രണ്ടാമത്തെയാൾ—ഞാൻ സ്റ്റ്റെച്ചറിൽകിടന്നുള്ള കോണിയിറക്കത്തിൽ മറിഞ്ഞുവീഴാൻ പോവുമ്പോൾ എൻെറമേൽക്കുനിഞ്ഞ്: മുറുകെപ്പിടിച്ചോളു" —എന്നു പറഞ്ഞിരുന്നു്.

പിന്നെ ഒരു പതിഞ്ഞ സ്വരത്തിൽ അയാൾ വീണ്ടും പറഞ്ഞു:

"രണ്ടർത്ഥത്തിലും, മുറുകെപ്പിടിച്ചോളു."

ഇത്തവണ ഞങ്ങൾ അഫീസ്മുറിയിൽ തങ്ങിയില്ല. ആളുകളെക്കൊണ്ടു നിറഞ്ഞ ഒരു നീണ്ട ഹാളിൽക്കൂടെ അവരെന്നെ ചുമന്നുകൊണ്ടുപോയി. അന്നു വ്യാഴാഴ്ചയായിരുന്നു, തടവുകാർക്ക് പുതിയ വസ്ത്രങ്ങൾ കൊടുക്കാനും, മുഷിഞ്ഞവ വാങ്ങിക്കൊണ്ടുപോകാനുമായി അവരുടെ ബന്ധുക്കൾ വന്നിരുന്നു. ദുഃഖകരമായ ഞങ്ങളുടെ ഈ ഘോഷയാത്രയെ ആളുകൾ നിർന്നിമേഷരായി, സഹതാപത്തോടെ നോക്കിനിന്നു. അതെനിക്കത്ര ഇഷ്ടപ്പെട്ടില്ല. ഞാൻ എൻെറ കൈ തലയ്ക്കുമീതെ ഉയർത്തി മുഷ്ടിചുരുട്ടി. അതൊരഭിവാദ്യമായി അവർ ഒരുപക്ഷെ മനസിലാക്കിയേക്കാം. ഒരുപക്ഷെ, അതൊരു ബുദ്ധിശൂന്യമായ ആംഗ്യമായിരുന്നിരിക്കാം. എങ്കിലും അതിൽ കൂടുതലായി യാതൊന്നിനും, ഒരു വാക്കിനുപോലും എനിക്കു ശക്തിയുണ്ടായിരുന്നില്ല.

ജയിൽമുററത്ത്, ഒരു പട്ടാള ലോറിയിന്മേൽ അവർ എൻെറ സ്റ്റ്റെച്ചർ കിടത്തി. ഡ്റൈവറുടെ അടുത്ത സീററിൽ രണ്ട് എസ്സ്. എസ്സു-കാർ ഇരിക്കുന്നുണ്ട്. എൻെറ തല

ക്ഷൂല്യം രണ്ടു് എസ്സ്. എസ്സ്.കാരുണ്ടു് നില്ക്കുന്നു. കൈത്തോക്കിന്റെ പിടിയിന്മേലാണു് അവരുടെ കൈകൾ. അങ്ങിനെ ഞങ്ങൾ ഓടിച്ചുപോയി. റോഡ് വളരെ മോശം. ചക്രങ്ങൾ ഒരു കുണ്ടിൽനിന്നു് മറെറാരു കുണ്ടിലേക്കു ചാടിക്കൊണ്ടിരുന്നു. ഏതാണ്ടൊരിരുന്നൂറുവാര ദൂരം ഓട്ടുന്നതിനകമായി എന്റെ ബോധം മറഞ്ഞുകഴിഞ്ഞു. പ്രേഗ് നഗരവീഥികളിൽക്കൂടെയുള്ള ഒരു ഹാസ്യയാത്രയായിരുന്നു അതു് —മുപ്പതുപേരെ കയററാവുന്ന ഒരു അഞ്ചു ടൺ 'ട്രക്ക്' ഒരാൾക്കുമാത്രംവേണ്ടി ഇത്രയേറെ പെട്രോൾ ചെലവാക്കി ഓടിക്കുന്നു. ഈരണ്ടു് എസ്സ്. എസ്സ്. പട്ടാളക്കാർ ചീതം റിവോൾവറുകളും പിടിച്ചു് മുമ്പിലും പുറകിലും ഒരു ശവത്തിനു കാവൽനില്ക്കുന്നു. ഈ ശവം അവരുടെ പിടിയിൽനിന്നു രക്ഷപെട്ടുകളഞ്ഞാലൊ എന്നു ഭയന്നിട്ടു്.

എനിക്കു ബോധമില്ലാതെ വിചാരണ നടത്തുക സാദ്ധ്യമല്ലായിരുന്നു. അതിനാൽ അവരെന്നെ പാൻക്രററ്സ ലേക്കു തിരിച്ചുകൊണ്ടുപോയി. പിറേറന്നും ഈ പ്രഹസനം ആവർത്തിക്കപ്പെട്ടു. ഒരു വ്യത്യാസം മാത്രം. ഇത്തവണ പെച്ചെക്ക് കെട്ടിടത്തിൽ എത്തുന്നതുവരെ എനിക്കു ബോധമുണ്ടായിരുന്നു. എങ്കിലും വിചാരണ അധികസമയം നടന്നില്ല. കമ്മീസ്സാർ ഫ്രഡ്റിക്ക് അല്പം അശ്രദ്ധമായി എന്റെ ദേഹം സ്പർശിച്ചു. പിന്നെയും പ്രജ്ഞയില്ലാത്ത അവസ്ഥയിൽ എന്നെ അവർ മടക്കി.

ഞാൻ ഇനിയും ജീവിച്ചിരിക്കുന്നുവെന്ന സംഗതിയിൽ എനിക്കു സംശയം ശേഷിച്ചിട്ടില്ലാത്ത ദിവസങ്ങളാണു് തുടർന്നുവന്നതു്. വേദന—ജീവിതത്തിന്റെ ഇരട്ടപെററ അസഹോദരി—നിരന്തരമായും വ്യക്തമായും എന്നെ അതു ബോദ്ധ്യപ്പെടുത്തി. ഏതോ ഒരു സൂക്ഷ്മക്കേടിന്റെ ഫലമായി ഞാൻ ഇനിയും ജീവിച്ചിരിക്കുന്നെന്നു് പാൻക്രാററ്സിലുള്ളവർ മുഴുവൻ അറിയുകയും എനിക്ക് അഭിവാദനങ്ങളയച്ചുതുടങ്ങുകയുംചെയ്തു. കനത്ത ഭിത്തികളിൽ വിരൽകൊണ്ടു് കൊട്ടി അടയാളങ്ങൾ കേൾപ്പിച്ചും ഭക്ഷണം കൊണ്ടുവന്നി

രുന്ന കൺവിക്ട് വാർഡർമാരുടെ കണ്ണുകൾ മുഖേനയുമായിരുന്ന ആ അഭിവാദ്യങ്ങൾ.

എന്റെ ഭാര്യമാത്രം എന്നെപ്പററിയാതൊന്നും അറിഞ്ഞിരുന്നില്ല. ഞാൻ കിടന്നിരുന്നതിന്റെ നേരെ താഴത്തെ നിലയിൽ, ഏതാനും നമ്പരുകൾക്കപ്പുറമുള്ള ഒരു മുറിയിൽ, ഉൽക്കണ്ഠയോടും ആശയോടുംകൂടെ ഏകാകിയായി അവൾ ജീവിച്ചു. അങ്ങിനെ ഒടുക്കം, ഒരു ദിവസം വ്യായാമത്തിനു പുറത്തിറങ്ങിയ സമയത്ത് ഒരു സ്ത്രീ അവളുടെ ചെവിയിൽ മന്ത്രിച്ചു, ഞാൻ മരിച്ചുപോയെന്നും അദത്തെ മർദ്ദനത്തിൽനിന്നേററ മുറിവുകൾനിമിത്തം തടവുമുറിയിൽ കിടന്ന് അന്ത്യശ്വാസം വലിച്ചു ഞാൻ അവസാനിച്ചു എന്നും. അവൾക്കു താങ്ങാൻകഴിയാത്ത ഒരടിയായിരുന്നു. തലക്ക് വെളിവില്ലാത്തവളെപ്പോലെ അവളാമുററത്തു കറങ്ങിനടന്നു. ജയിലിലെ ജീവിതംകൊണ്ടു വെറും കോലങ്ങളായി തീർന്നിരുന്ന മററു സ്ത്രീകളുടെ അണിയിൽ അവളെ ശരിക്കു പിടിച്ചുനിറുത്താൻവേണ്ടി സ്ത്രീ വാർഡർ അവളുടെ മുഖത്തിടിച്ച ഇടികൾപോലും അവളറിഞ്ഞില്ല. അറിയാനുള്ള കഴിവിന്റെയും പരിധിക്കപ്പുറം തകർന്നുകഴിഞ്ഞിരുന്ന ആ ഹൃദയവുമായി ദിവസംമുഴുവൻ ആ തുറുങ്കു ഭിത്തിയിന്മേൽ തുറിച്ചുനോക്കിക്കൊണ്ടവളിരുന്ന ആ ഇരുപ്പിൽ, അവളുടെ ആ കനിവേറിയ വിരിഞ്ഞ കണ്ണുകൾക്കു മുമ്പിൽ എത്രയെത്ര രംഗങ്ങൾ തെളിഞ്ഞുകാണപ്പെട്ടിട്ടില്ല! പിറേറന്നു മറെറാരു കിംവദന്തികൂടെ അവൾ കേട്ടു, എന്നെ കൊന്നതല്ല, വേദന സഹിക്ക വയ്യാഞ്ഞിട്ട് സ്വയം തൂങ്ങിമരിച്ചതാണെന്ന്.

ഈ സമയമെല്ലാം എന്റെ നാറിയ കിടക്കയിൽക്കിടന്നു ഞാൻ വളയുകയും പുളയുകയുമായിരുന്നു. ദിവസവും സന്ധ്യാസമയത്ത് ഞാൻ മതിലിനഭിമുഖമായി ചരിഞ്ഞു കിടന്നുകൊണ്ട്, എന്റെ അഗസ്റ്റീനായ്ക്കേററവും പ്രിയപ്പെട്ട പാട്ടുഞാൻ പാടാറുണ്ട്. ഇത്രയേറെ വികാരം ഞാനതിൽ ചെലുത്തിയിട്ടും അവൾക്കെന്തുകൊണ്ടതു കേൾക്കാൻ കഴിയുന്നില്ല?

ഇന്ന് അവളതറിയുന്നു; ഇന്ന് അവളാപാട്ടുകേൾക്കുന്നു. അവളിന്ന് അന്നത്തേക്കാൾ അകലെയാണെങ്കിലും—267-ാം നമ്പർ മുറിയിൽ പാട്ടുകേൾക്കുമെന്നുള്ള വസ്തുത ഇന്ന് വാർഡർമാർക്ക് സുപരിചിതമായിരിക്കുന്നു. നിശബ്ദതയ്ക്കാവശ്യപ്പെട്ടുകൊണ്ട് ഇന്നവർ വാതിലിൽ മുട്ടാറില്ല.

267-ാം നമ്പർ പാട്ടുന്നു. ജീവിതകാലം മുഴുവൻ ഞാൻ പാടീട്ടുണ്ട്. ജീവിതത്തിൻെറ അവസാനത്തിൽ, ഏററവും ശക്തിയായി ജീവിക്കുന്ന അവസരത്തിൽ, അതു് നിറുത്തുവാൻ ഞാൻ കാരണം കാണുന്നില്ല. എന്നാൽ അപ്പാപ്പൻെറ കഥയോ? അദ്ദേഹം ഒരസാധാരണ ജീവിയാണ്. സംഗീതമെന്നുവച്ചാൽ പുള്ളിക്കു ജീവനാണ്. ശബ്ദം നല്ലതല്ല; നല്ല സംഗീതം തിരിച്ചറിയാനുള്ള കഴിവോ ഓർമ്മശക്തിയോ ഇല്ല. എങ്കിലും മനോഹരവും കറയററതുമായ ഒരു സ്നേഹത്തോടുകൂടി അദ്ദേഹം സംഗീതത്തെ സ്നേഹിക്കുന്നു. പാട്ടിൽ അദ്ദേഹം അനുഭവിക്കുന്ന ആനന്ദാതിരേകം നിമിത്തം ഒരു സ്വരത്തിൽനിന്നും മറെറാരുസ്വരത്തിൽ വഴുതി വീഴുമ്പോഴും നിങ്ങളുടെ കാതുകൾ 'എ' എന്നു കേൾക്കാൻ പ്രതീക്ഷിക്കുമ്പോൾ അദ്ദേഹം 'ജി' എന്നു ശഠിച്ചു പാടുമ്പോഴും ഞാൻ അതൊന്നു ശ്രദ്ധിക്കാറില്ല. അങ്ങിനെ സന്തോഷകരമായ സന്ദർഭങ്ങൾ ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ പാടാനുള്ള ആഗ്രഹം തടുക്കാനാവാതെ വരുമ്പോഴോ ഒക്കെ ഞങ്ങൾ പാടും. പിന്നീടൊരിയ്ക്കലും ഞങ്ങൾക്കു കാണാൻ സാധിക്കാതായേക്കാവുന്ന ഒരു സഖാവു ഞങ്ങളെ വിട്ടുപിരിയുമ്പോൾ അയാളെ യാത്രയാക്കാൻവേണ്ടി ഞങ്ങൾ പാടും. കിഴക്കൻ യുദ്ധരംഗത്തുനിന്നുള്ള നല്ല വാർത്തകളെ ഞങ്ങൾ സ്വാഗതംചെയ്യുന്നതും പാടികൊണ്ടായിരിക്കും. ആനന്ദത്തിനുവേണ്ടിയും സ്വയം സ്വാന്തനപ്പെടുത്താൻ വേണ്ടിയും ഞങ്ങൾ അങ്ങിനെ പാടിയിരുന്നു.; മനുഷ്യർ യുഗങ്ങളായി പാടികൊണ്ടിരിക്കുന്നതുപോലെ, മനുഷ്യർ മനുഷ്യരായിരിക്കുന്നിടത്തോളം കാലം ഇനിയും പാടുകയും ചെയ്യും.

സംഗീതമില്ലാതെ ജീവിതമില്ല. സൂര്യനേക്കൂടാതെ ജീവിതമില്ലാത്തതുപോലെ സംഗീതമില്ലാതെ ജീവിതവുമി

ല്ല. ഇവിടെ ഞങ്ങൾക്കു പാട്ടിന്റെ ആവശ്യം ഇരട്ടിയാണ്, എന്തുകൊണ്ടെന്നാൽ ഇവിടെ സൂര്യന്നു പ്രവേശനമില്ല. 267–ാംനമ്പർ മുറിയുടെ മുഖം വടക്കോട്ടു തിരിഞ്ഞിട്ടാണ്. വേനൽക്കാലത്തു മാത്രമേ ചിലപ്പോഴെല്ലാം അസ്തമയസൂര്യൻ ഞങ്ങളുടെ മുറിയുടെ ജനലിന്റെ എതിർവശത്ത് ഏതാനും സമയം ശോഭിക്കാറുള്ളൂ. അപ്പോഴൊക്കെ, അപ്പാപ്പൻ ആ ഏതാനും മിനിട്ടു സമയം ചുവരിനോടുചേർത്തു മടക്കിവച്ച തന്റെ ബെഞ്ചിനരികേ നിന്നുകൊണ്ട് സൂര്യന്റെ ആ ധ്യുതി പിടിച്ച സന്ദർശനത്തെ ഉററു നോക്കും...... വ്യസനകരമായ കാഴ്ച ഒരിക്കലും കാണാൻ ഞങ്ങൾക്കു കഴിയില്ല.

സൂര്യൻ തന്റെ മാന്ത്രികരശ്മികളെ എത്ര ഉദാരമായി വാരി വിതറുന്നു, മനുഷ്യന്റെ കൺമുന്നിൽ അവനെത്രയോ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു! എങ്കിലും എത്ര ചുരുക്കംപേർ മാത്രം സൂര്യപ്രകാശത്തിൽ ജീവിക്കുന്നു! അവൻ പ്രകാശിക്കും, അതേ, അതേനമുക്കെല്ലാവക്കും വേണ്ടി ഒരു ദിവസം പ്രകാശിക്കും, അവന്റെ ചൂടുള്ള രശ്മികളിൽ നാമെല്ലാം ജീവിക്കുയും ചെയ്യും. അറിയുന്നത് ആനന്ദകരമാണ്. എങ്കിലും, അതിലും എത്രയോ പ്രാധാന്യം കുറഞ്ഞ ഒരു കാര്യം അറിയാൻ ഞാനാഗ്രഹിക്കുന്നു—ഞങ്ങൾ രണ്ടാൾക്കും വേണ്ടി അദ്ദേഹം ഇനിയും ക്ലേശിക്കുമോ?

ഞങ്ങളുടെ മുറി വടക്കോട്ടു തിരിഞ്ഞിട്ടാണ്. വേനൽക്കാലത്ത് വളരെ അപൂർവ്വമായി മാത്രം, വളരെ അസാധാരണ ഭാഗ്യത്തിന്, ഒരിക്കലെങ്ങാനും സൂര്യാസ്തമനം കാണാൻ ഞങ്ങൾക്കു സാധിച്ചേക്കും. ഓ, എന്റപ്പാ ഒരിക്കൽക്കൂടെ സൂര്യോദയം കാണാൻ ഞാനെത്രയോ കൊതിക്കുന്നു.

# നമ്പർ 400

ഉയിർത്തെഴുന്നേല്പ് ഏറെക്കുറെ അപൂർവ്വമായ ഒരു സംഭവമാണ്. അത് അസാധാരണവും അവർണ്ണനീയവുമാണ്. ആകർഷണീയമായ ഒരു ദിവസത്തിൽ നല്ലവണ്ണം നേരങ്ങിയെണീററു നോക്കിയാൽ ലോകം മനോഹരമായിത്തോന്നും. മററെപ്പോഴത്തേക്കാളുമധികം നന്നായിട്ടുറങ്ങിയെഴുന്നേററിട്ടെന്നാൽപ്പോലെ, ഉയിർത്തെഴുന്നേല്പിന്റെ ദിവസം മററു ദിവസങ്ങളേക്കാൾ മനോഹരമായ ഒന്നായിരിക്കും. ജീവിതമാകുന്ന നാടകവേദി നിങ്ങൾ ശരിക്കറിയുമെന്നാണ് നിങ്ങളുടെ വിചാരം, എന്നാൽ ഉയിർത്തെഴുന്നേല്പ് ആ വേദിയിലെ ദീപങ്ങളുടെ കണ്ണാടിച്ചില്ലുകൾ പുതുക്കി, ഉത്തമം പ്രകാശം മുഴുവൻ പ്രതിഫലിപ്പിക്കുന്നവയുമായ ചില്ലുകളാക്കിത്തീർക്കുകയും, അങ്ങിനെ പെട്ടെന്ന് ആ നാടകവേദിയെ നിറവെളിച്ചത്തിൽ നിങ്ങൾക്കു കാണിച്ചുതരികയും ചെയ്യുന്നു. ജീവിതം വേണ്ടത്ര വ്യക്തമായി കണ്ടിട്ടുണ്ടെന്നാണ് നിങ്ങളുടെ വിചാരം, എന്നാൽ ഉയിർത്തെഴുന്നേല്പ് നിങ്ങളുടെ കണ്ണുകൾക്ക് ഒരു ദൂരദർശിനി പിടിച്ചുതരുകയത്രെ. അതോടൊപ്പം ഒരു ഭൂതക്കണ്ണാടിക്കൂടെ അതു പിടിച്ചുതരുന്നു. തികച്ചും വസന്താഗമംപോലുള്ള ഒരു സംഭവമാണത്, ഏററവും സുപരിചിതമായ ചുററുപാടുകളിൽപോലും സംശയിക്കപ്പെടാത്ത ചെപ്പടിവിദ്യകൾ പ്രയോഗിക്കുന്ന വസന്തത്തിന്റെ പ്രവേശംപോലെ.

അത് ഒരു നിമിഷനേരത്തേക്കു മാത്രമേ ഉണ്ടായിരിക്കാൻ സാദ്ധ്യതയുള്ളു എന്നു നിങ്ങൾ ബോദ്ധ്യപ്പെടുന്ന, ഇവിടെപ്പോലും, അതാണ് സംഭവം. വാൻക്രാററ്സിലെ ഒരു തുറുങ്കുമുറിയിലേപോലെ നിങ്ങളുടെ സാഹചര്യങ്ങൾ സംഭവ

ബഹളലവും ആകർഷണീയവുമാണെങ്കിൽപോലും അതങ്ങിനെ തന്നെയായിരിക്കും.

ഒടുവിൽ ഒരുദിവസം അവർ നിങ്ങളെ ലോകത്തിലേക്കു കൂട്ടിക്കൊണ്ടുപോകും. ഒരു ദിവസം സ്റ്റ്റെച്ചർ കൂടാതെ തന്നെ അവർ നിങ്ങളെ ഒരു വിചാരണയ്ക്കു വിളിക്കും. അവിടെ അങ്ങിനെ എത്തിച്ചേരുക അസാദ്ധ്യമാണെന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിലും, അങ്ങിനെ അവിടെ എത്തും. ഇടനാഴിക്ക് ഒരുവശത്ത് അഴികളുണ്ട്, കോണിപ്പടിക്കു അഴികളുണ്ട്; നടക്കുക എന്നതിനേക്കാൾ നിങ്ങൾ ഇഴയുകയായിരിക്കും വേണ്ടിവരുക. കോണിയിറങ്ങിക്കഴിഞ്ഞാൽ കൂട്ടുതടവുകാർ നിങ്ങളെ താങ്ങിപ്പിടിച്ച് അവിടെ മുററത്തുള്ള ജയിൽബസ്സിൽ കൊണ്ടുചെന്നാക്കിത്തരും. അതിൽ നിങ്ങൾ ഇരിക്കുന്നു. ഇരുട്ടടഞ്ഞ ഒരു സഞ്ചരിക്കുന്ന തടവുമുറിയിൽ പത്തോ പന്ത്രണ്ടോ പേരങ്ങിനെ ഇരിക്കുന്നു. പുതിയ മുഖങ്ങൾ നിങ്ങളെ നോക്കി മന്ദഹസിക്കുന്നു, നിങ്ങൾ അങ്ങോട്ടും മന്ദഹസിക്കുന്നു. ആരോ നിങ്ങളോട് എന്തോ മന്ത്രിക്കുന്നു, ആരാണെന്നു അറിയാൻ കഴിയുന്നില്ല. ആരുടേയോ കൈപിടിച്ച് അമർത്തുന്നു, പക്ഷേ ആരുടെയാണെന്ന് അറിയുന്നില്ല. ബസ്സ് ചെക്ക് മാളികയുടെ മുററത്തേക്ക് കുത്തനേ തിരിയുന്നു, നിങ്ങളുടെ പുതിയ സഖാക്കൾ നിങ്ങളേ താങ്ങി താഴെയിറക്കുന്നു. നഗ്നമായ ചുമരുകളോടുകൂടിയതും, അഞ്ചുവരിയായി ഇട്ടിരിക്കുന്ന നെടിയ ബഞ്ചുകളിൽ ചില ശരീരങ്ങൾ "അററൻഷ"നായി ഇരിക്കുന്നതായി കാണപ്പെടുന്നതുമായ ഒരു വലിയ മുറിയിലേയ്ക്കു് നിങ്ങളെല്ലാം കയറിച്ചേരുന്നു. അവിടെ അങ്ങിനെ, ആ ബഞ്ചുകളിൽ നിരന്നിരിക്കുന്നു, അവരുടെ കൈകൾ കാൽമുട്ടുകളിന്മേൽ അമർത്തിപ്പിടിച്ചിട്ട്, ആ അവസ്ഥയിലിരുന്ന് മരവിച്ചുപോയതുപോലെ ഇരിക്കുന്നു. അവരുടെ മുമ്പിലുള്ള ആ ശൂന്യമായ ഭിത്തിയിന്മേൽ, പറിക്കാനാവാത്ത നോട്ടങ്ങളുറപ്പിച്ച് തുറിച്ചുകൊണ്ടവരങ്ങിനെ ഇരിക്കുന്നു.... അതാ, എൻെറ കുഞ്ഞേ, നിൻെറ പുതിയ ജീവിതത്തിൻെറ ഒരു ശകലമാണതു്; അതിനെയാണ് "സിനിമ" എന്നു വിളിക്കുന്നതു്. ആ തിരശ്ശീലയിന്മേൽ പകർത്തിയിട്ടാണ് നിനി

ൻെറ തന്നെ ജീവിതത്തെ ഒരു നൂറുതവണ മറിച്ചും തിരി ച്ചും നോക്കിക്കാണുക.

## 1943-ലെ മേയ് ദിനത്തിൽ.

ഇന്ന് 1943-മാണ്ട് മേയ് ഒന്നാം തിയതിയാണ് എനിക്ക് എഴുതാൻ സൗകര്യം കിട്ടിയ ഒരു ഒഴിവ്. എന്തൊരു ഭാഗ്യം! —ഒരു നിമിഷനേരത്തേയ്ക്കു വീണ്ടും ഒരു കമ്മ്യൂണിസ്റ്റ് പത്രാധിപരാവുക, പുതിയ ലോകത്തിൻെറ സമരശക്തിയുടെ മേയ് ദിന പ്രകടനത്തെപ്പററി ഒരു കഥയെഴുതുക!

ഇതിൽ പാറിക്കുന്ന കൊടിക്കൂറകളെക്കുറിച്ചു കേൾക്കാമെന്നു പ്രതീക്ഷിക്കേണ്ട, അങ്ങിനെയൊന്നും ഇല്ല. ആളുകൾ കേൾക്കാൻ ഇഷ്ടപ്പെടുന്നതരത്തിലുള്ള ആവേശകരങ്ങളായ സംഭവങ്ങളെപ്പററിയും എനിക്കൊന്നും പറയാനില്ല. പ്രേഗിലെ തെരുവീഥികളിൽക്കൂടെ മേയ് ഒന്നാം തീയതി ആയിരക്കണക്കിന് ആളുകൾചേന്ന് ആവേശപൂർവ്വം മാർച്ചുചെയ്യാറുള്ള മുൻകൊല്ലങ്ങളെല്ലാം അപേക്ഷിച്ചു വളരെ ലഘുവായതാണ് ഇന്നത്തെ ദിവസം. മോസ്കോയിലെ റെഡ്സ്ക്വയറിൽ, ഞാൻ കണ്ടിട്ടുള്ളതുപോലെ, തിങ്ങിനിറഞ്ഞു, കവിഞ്ഞു പ്രവഹിക്കുന്ന, ലക്ഷോപലക്ഷങ്ങളുടെ ഒരു മനുഷ്യ സമുദ്രം ഇവിടെ ആഹ്ളാദാവേശഭരിതമായി ഇരച്ചാക്കുന്നില്ല. ഇവിടെ നിങ്ങൾ ലക്ഷക്കണക്കിനൊ നൂറുകണക്കിനുപോലുമൊ, ആളുകളെ കാണുകയില്ല; ഒരുപിടി സഖാക്കൾ മാത്രമെ ഇവിടെയുള്ളു. എങ്കിൽപോലും ഇതൊട്ടും കുറവല്ലാത്ത പ്രാധാന്യത്തോടുകൂടിയതുതന്നെയാണെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നു; എന്തുകൊണ്ടെന്നാൽ, ഇതു് ഒരു പുതിയ ശക്തിയുടെ പുനഃപരിശോധനയാണ്; ആ ശക്തിയാകട്ടെ ഏററവും തീവ്രമായ ഒരു തീയിൽക്കൂടെ മുന്നോട്ടുപോന്നു; അതിനെ ആളിക്കത്തിക്കുന്നു; എന്നാൽ കണിച്ചാരമായിപ്പോവുകയല്ല, കരുത്തേറിയ ഉരുക്കായി മാറുകയാണ് അതു ചെയ്യുന്നതു്. അങ്ങിനെ, നാം പടച്ചട്ടകളണിഞ്ഞിരിക്കുന്ന യുദ്ധക്കിടങ്ങുകളിൽവച്ചു നടത്തുന്ന ഒരു പുനഃപരിശോധനയാണിതു്.

ഏററവും തുച്ഛമായ സംഭവങ്ങളിൽക്കൂടെ നടക്കുന്ന ഈ

പരീക്ഷണം, യുദ്ധത്തിൻെറ തീച്ചൂളയിൽ ജീവിച്ചിട്ടില്ലാത്ത നിങ്ങൾക്കു വായിക്കുമ്പോൾ മനസ്സിലാകുമൊ എന്നു ഞാൻ ശങ്കിക്കുന്നു. ഒരുപക്ഷെ നിങ്ങൾക്കു മനസ്സിലായേക്കാം. വിശ്വസിക്കുക, ഇവിടെ ശക്തിജന്മമെടുത്തിരിക്കുന്നു.

അടുത്തമുറിയിൽനിന്നുള്ള പ്രഭാതാഭിവാദ്യം 'ബീത്തോവി'ൻെറ ഗാനശകലത്തിൻെറ താളംകുറിക്കുന്ന രണ്ടു കൊട്ടുകളായി നിർവ്വഹിക്കപ്പെടുന്നു. ഇന്നത്തു എല്ലാദിവസത്തേക്കാളും ശക്തിയോടും ആഹ്ലാദവായ്പോടുംകൂടെ ചുമരുകൾ ഉയന്ന സ്വരത്തിൽ എടുത്തുപറയുന്നു.

ഞങ്ങൾക്കുള്ളരിലേക്കും നല്ലവസ്ത്രങ്ങൾ ഞങ്ങളണിഞ്ഞു. എല്ലാമുറികളിലും അതുപോലെ തന്നെയായിരുന്നു.

വമ്പിച്ചതായ ഒരു പ്രാതലായിരുന്നു അന്നു ഞങ്ങൾ കഴിച്ചതു്. തുറന്നുകിടക്കുന്ന തുറുങ്കുമുറികൾക്കു മുമ്പിൽക്കൂടെ കൺവിക്റ്റ് വാർഡർമാർ കട്ടംകാപ്പിയും റൊട്ടിയും വെള്ളവുമായി വന്നു പ്രകടനം നടത്തി. സഖാവ് 'സ്റ്റ്യാറിപ്പാ' ഞങ്ങൾക്കു രണ്ടിനുപകരം മൂന്നു 'ബൺ' തന്നു; അതായിരുന്നു അയാളുടെ മേയ്ദിനാഭിവാദ്യം—തൻെറ വികാരങ്ങൾ പ്രതിഫലിപ്പിക്കാൻ വളരെ ലളിതമായ ഉപാധികൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്ന കരുതലുള്ള ഒരു ജീവൻെറ അഭിവാദ്യം. ആ 'അപ്പത്തി'നു കീഴിൽ ഞങ്ങളുടെ കൈവിരലും പരസ്പരം സ്പർശിച്ചു. ഏററവും ലഘുവായ ഒരമത്തൽ അന്യോന്യം ഞങ്ങൾ കൈമാറി. എന്തെങ്കിലും പറയുവാൻ ആരും ധൈര്യപ്പെടുകയില്ല—ഞങ്ങളുടെ കണ്ണുകളിൽ നിഴലിക്കുന്ന ഭാവഭേദങ്ങൾപോലും അവർ ശ്രദ്ധിക്കുന്നുണ്ടു്. എന്നാൽ മൂകന്മാർക്കു് വിരലുകൾകൊണ്ടു് സംസാരിക്കാൻ കഴിയുമല്ലൊ.

ഞങ്ങളുടെ ജനാലയ്ക്കു കീഴെ സ്ത്രീതടവുകാർ അവരുടെ വ്യായാമത്തിനായി മുററത്തേയ്ക്കോടിക്കപ്പെടുന്നു. ജനാലയുടെ ഇരുമ്പഴിക്കിടയിൽക്കൂടെ കീഴോട്ടുനോക്കാൻവേണ്ടി ഞാൻ മേശപ്പുറത്തുകയറി. പക്ഷെ അവർ മേല്പോട്ടു നോക്കുമായിരിക്കാം. അവരെന്നെക്കണ്ടു മുഷ്ടിചുരുട്ടി അഭിവാദ്യം ചെയ്തു. പിന്നെയും അഭിവാദ്യംചെയ്തു. താഴത്തെ ആ മുററം സജീ

വമാണ്—വാസ്തവത്തിൽ മററെല്ലാദിവസങ്ങളെക്കാളും താരതമ്യേന സജീവമാണ്. വാർഡർ ഇതൊന്നും കാണുന്നില്ല—അല്ലെങ്കിൽ ഒരുപക്ഷെ കാണാൻ ആഗ്രഹിക്കായ്കയായിരിക്കാം. അതുപോലും മേയ്ദിന പ്രകടനത്തിൻെറ ഒരു ഭാഗമാണ്.

പിന്നെ ഞങ്ങളുടെ സമയംവന്നു, ഞാനായിരുന്നു വ്യായാമം നയിക്കേണ്ടിയിരുന്നത്. കുഞ്ഞുങ്ങളെ, ഇന്നു മേയ് ഒന്നാം തീയതിയാണ്, എന്തെങ്കിലും പുതിയ ഒരു വിധത്തിലാണ് നാമിന്ന് ആരംഭിക്കേണ്ടത്; വാർഡർ നോക്കുന്നുണ്ടോ ഇല്ലയൊ എന്ന കാര്യം അവിടെയിരിയ്ക്കട്ടെ. ആദ്യത്തേ അഭ്യാസം ചുററികവീശലാണ്—ഒന്ന്, രണ്ട്, ഒന്ന്, രണ്ട്; രണ്ടാമത്തേത് കൊയ്ത്ത്, ചുററികയും അരിവാളും—തടവുകാർക്ക് മനസ്സിലായിത്തുടങ്ങി. അണികളിൽ ഒരു പുഞ്ചിരിപരക്കുന്നു, അവർ ഉത്സാഹപൂർവ്വം അഭ്യാസങ്ങൾ ചെയ്യുന്നു. കുഞ്ഞുങ്ങളേ, ഇതാണ് നമ്മുടെ മേയ്ദിനപ്രകടനം. മരണത്തിലേയ്ക്ക് മാർച്ച് ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ പോലും, ഈ പാവക്കൂത്തുകൊണ്ടെങ്കിലും നാം പ്രകടിപ്പിക്കുന്നത്, നമ്മുടെ ലക്ഷ്യത്തിൽ മരണം വരേയ്ക്കും ഉറച്ചുതന്നെ നാം നിലകൊള്ളുമെന്നുള്ള നമ്മുടെ മേയ്ദിന പ്രതിജ്ഞയെ പുതുക്കലാണ്.

തിരികെ തടവുമുറികളിലേക്ക്. ഒൻപതുമണി. ക്രെംലിനിലെ മണിമാളിക പത്തടിക്കുന്നു. റെഡ്സ്ക്വയറിൽ പരേഡ് ആരംഭിക്കുകയാണ്. വരൂ, അപ്പാപ്പാ, അവർ ഇൻറർനാഷനൽ (സാർവ്വലൗകിക തൊഴിലാളിഗാനം.) പാടുകയാണ്. ലോകമെങ്ങും ഇൻറർനാഷനൽ മുഴങ്ങുകയാണ്; നമ്മുടെ മുറിയിലും അതു മുഴങ്ങട്ടെ. ഞങ്ങളതുപാടി, പിന്നീടുപുറകെ ഒന്നായി അനവധി വിപ്ലവഗാനങ്ങളും ഞങ്ങൾ പാടി. ഞങ്ങൾ ഒററപ്പെട്ടവരല്ല—ഒററപ്പെട്ടു കഴിയാൻ, അതുകൊണ്ടു ഞങ്ങൾ ആഗ്രഹിച്ചില്ല. അങ്ങ്, പുറത്തും വിശാലമായ ലോകത്തിൽ, സ്വാതന്ത്ര്യപൂർവ്വം ധൈര്യത്തോടെ പാടിക്കൊണ്ടിരിക്കുന്നവരുടെക്കൂടെയായിരുന്നു ഞങ്ങളും. ഞങ്ങളെപ്പോലെതന്നെ അവരും സമരത്തിലാണ്.......

കൽത്തുറുങ്കുകൾക്കുള്ളിൽ, മരവിച്ച-
ഭിത്തികൾക്കപ്പുറ,മുള്ള സഖാക്കളെ!
ഞങ്ങളൊന്നിച്ചാണൊപ്പമാണിപ്പൊഴി
മുന്നണികളിൽ, നിങ്ങളില്ലെങ്കിലും.
അതേ, ഞങ്ങൾ നിങ്ങളുടെകൂടെയുണ്ട്.

267-ാംനമ്പർ തടവുമുറിയിൽ, ഞങ്ങളുടെ 1943-ലെ മേയ്ദിനാഘോഷങ്ങൾക്ക് ഉചിതമായ ഒരു സമാപ്തമായിട്ടുള്ളത് എന്നു ഞങ്ങൾ കരുതി. എന്നാൽ അതു് അവസാനമായിരുന്നില്ല. സ്ത്രീകളുടെ വാർഡിലെ കൺവിക്ട് വാർഡർ ചുമപ്പുസേനയുടെ മാർച്ചിന് താളം മൂളിക്കൊണ്ട് അവരുടെ മുററത്തു ഉലാത്തുന്നു. എന്നിട്ട് അവൾ "പാർട്ടിസാങ്കാ" എന്ന സോവ്യററു ഗാനവും മററുവിപ്ലവഗാനങ്ങളും മൂളി. അങ്ങിനെ അവളുടെ ധീരത പുരുഷന്മാരുടെ മുറികളിലോതിനോടുകൂട്ടിച്ചേർത്തു. എനിക്കു കടലാസും പെൻസിലും കൊണ്ടുവന്നു തരികയും, എഴുതിക്കൊണ്ടിരിക്കുമ്പോൾ പെട്ടന്നാരും വന്നുകാണാതിരിക്കാൻവേണ്ടി മുറിയുടെ വാതില്ക്കൽ കാവൽ നില്ക്കുകയും ചെയ്തിരുന്ന, ചെക്ക് പോലീസ് യൂണിഫോറധാരിയായ ആ മനുഷ്യൻ. ഈ എഴുത്തു തുടങ്ങാൻ എന്നെ സഹായിക്കുകയും, അച്ചടിയിൽ പ്രത്യക്ഷപ്പെടാനുള്ള സമയം വരുന്നതുവരെ ഒളിച്ചു സൂക്ഷിച്ചുവെക്കാൻവേണ്ടി ഈ കടലാസുകൾ ഓരോന്നായി പുറത്തു കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന ആ ചെക്കു വാർഡർ. ഈ കടലാസുകഷണത്തിനുവേണ്ടി അയാളുടെ തലതന്നെ കൊടുക്കേണ്ടിവരുന്നേക്കാം; എന്നിട്ടും, ഇരുമ്പഴിക്കുപിന്നിലെ "ഇന്നിനേയും സ്വാതന്ത്ര്യത്തിലെ നാളെയേയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു കടലാസുപാലം നിർമ്മിക്കാൻവേണ്ടി, അയാൾ തന്റെ ജീവനേ പണയംവെച്ചുകൊണ്ടു പ്രവർത്തിക്കുന്നു. അവരെല്ലാം ഒരൊററ സമരമാണ് ചെയ്യുന്നതു്. അവരെല്ലാം ധീരതയോടെ പടവെട്ടുന്നു. പരിതഃസ്ഥിതികൾ എവിടെയെല്ലാമാണൊ അവരെ എത്തിച്ചേർത്തിരിക്കുന്നതു് അവിടെയെല്ലാംനിന്നുകൊണ്ട് കയ്യിൽ കിട്ടുന്ന ആയുധങ്ങൾകൊണ്ട് അവരെല്ലാം പടവെട്ടുന്നു. ഇതിലെല്ലാമുള്ള അവരുടെ പെരു

മാററരീതികൾ എത്രയൊ സരളവും അർഭാടരഹിതവും വ്യാജാനുകമ്പതീണ്ടാത്തതുമാണ്! തൻെറ ജീവൻ നഷ്ടപ്പെട്ടമോ ഇല്ലയൊ എന്നുള്ള സംഗതി വെറുമൊരു ഭാഗ്യ പരീക്ഷ പോലെയുള്ള നിലയിലെ ഒരു ജീവമരണപ്പോരാട്ടത്തിലാണ് തങ്ങളെന്ന് അവർ ഭീതിപ്പെടുന്നതായി അവരുടെ പെരുമാററങ്ങളുടെ രീതികളിൽനിന്ന് ഒരിക്കലും നിങ്ങൾക്ക മനസിലാക്കാൻ സാധിക്കുകയില്ല.

പത്തു പ്രാവശ്യം, ഇരുപതു പ്രാവശ്യം വിപ്ലവപ്പോരാളികൾ മേയ്ദിന 'പരേഡ്' നടത്തുന്നതു നാം കണ്ടിട്ടുണ്ട്; അതുഗംഭീരമായ 'പരേഡ്' തന്നെയായിരുന്നു. എന്നാൽ യുദ്ധത്തിൽ മാത്രമേ, ഈ സൈന്യത്തിൻെറ കരുത്തു കണ്ടറിയാനും അത് അങ്കമാണെന്ന് ബോദ്ധ്യപ്പെടുവാനും നിങ്ങൾക്ക കഴിയുകയുള്ളു. മരണം നിങ്ങൾ വിചാരിച്ചതിലും ലളിതമാണ്, ധീരോദാത്തതയുടെ ശരസിനു ചുററും പ്രകാശവലയവുമില്ല. എന്നാൽ യുദ്ധം നിങ്ങൾ വിചാരിച്ചതിലും ക്രൂരമാണ്; കടിച്ചു, പിടിച്ചു കയറാനും, വിജയത്തിലെത്തിച്ചേരാനും അളവില്ലാത്ത ധൈര്യം വേണം. ഈ സൈന്യം നീങ്ങുന്നതു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും, എന്നാൽ അതിന് എത്രമാത്രം കരുത്തുണ്ടെന്നു നിങ്ങൾ എപ്പോഴും മനസ്സിലാക്കുന്നില്ല. അതിൻെറ പ്രഹരങ്ങൾ അനായാസവും യുക്തിയുക്തവുമാണ്.

ഇന്ന് അതു നിങ്ങൾക്ക ബോദ്ധ്യപ്പെടുന്നു.

1943–ലെ മേയ്ദിന പ്രകടനത്തിൽ

1943, മേയ്, ഒന്നാംതീയതി ഈ കഥാപ്രവാഹത്തെ തെല്ലൊന്നു തടഞ്ഞുനിറുത്തി. അതെങ്ങിനെയായിരിക്കേണമോ അങ്ങിനെയായിരുന്നു അത്. വിശേഷ ദിവസങ്ങളിൽ ഒരുവൻ വ്യത്യസ്ഥമായി ചിന്തിക്കുന്നു. എനിക്കിന്നു തോന്നുന്ന സന്തോഷം അതിനെക്കുറിച്ചുള്ള എൻെറ ഓമ്മയെ അലങ്കോലപ്പെടുത്തിയേക്കാം.

എന്നാൽ പെച്ചെക്ക് മാളികയിലെ "സിനിമാ" തീർച്ചയായും സന്തോഷകരമല്ലായിരുന്നു. ഇതു മനുഷ്യക്കശാപ്പു ശാലയിലേയ്ക്കുള്ള പ്രവേശന മുറിയായിരുന്നു. ഇവിടെ

മററുള്ളവരുടെ കരച്ചിലും ദീനസ്വരങ്ങളും നിങ്ങൾ കേൾക്കുകയും നിങ്ങൾ എന്തായിരിക്കും അഭിമുഖീകരിക്കേണ്ടി വരികയെന്നു അത്ഭുതപ്പെടുകയുമാവും. ആരോഗ്യവും കരുത്തും ഉള്ള ആളുകൾ അകത്തേയ്ക്കു പോകുന്നതായി നിങ്ങൾ കാണുന്നു; രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞ് മർദ്ദനത്താൽ തകർന്നും ഒടിഞ്ഞുതൂങ്ങിയും ആളുകൾ തിരിച്ചു കൊണ്ടുവരപ്പെടുന്നു. അകത്തു കടക്കുമ്പോൾ ശക്തിയുള്ള ഒരു ശബ്ദം യാത്ര പറഞ്ഞു നിങ്ങളെ വിട്ടുപിരിയുന്നു. വേദനകൊണ്ടു തകർന്നും, ശ്വാസംമുട്ടിയും, പനിപിടിച്ച നിലയിലും അതു തിരിച്ചുവരുന്നു. ചിലപ്പോൾ നിങ്ങൾ കാണുക ഇതിലും വഷളായിട്ടാണ്. നിഷ്കളങ്കവും നേരെയുള്ളതുമായ നോട്ടങ്ങളോടെ ഒരാൾ അകത്തേയ്ക്കു പോകുന്നതു നിങ്ങൾ കാണുന്നു; എന്നാൽ അയാൾ മടങ്ങുമ്പോൾ നിങ്ങളുടെ മുഖത്തു നോക്കാൻ ധൈര്യപ്പെടുന്നില്ല. ചോദ മുറിയിൽ ഒരു നിമിഷനേരം ദൌർബല്യം അയാളെ പിടികൂടി, ഒരു നിമിഷനേരത്തെ മനോദൌർബല്യം, ഭയം, തന്നെത്താൻ രക്ഷനേടാനുള്ള അടക്കാനാവാത്ത ഒരാഗ്രഹം. അതിൻെറ അർത്ഥം നാളെ അവ പുതിയ ഇരകളെ തേടിപ്പിടിച്ചു കൊണ്ടുവരുമെന്നുള്ളതാണ്; ആ സഖാവ് ശത്രുക്കൾക്കു ഒററിക്കൊടുത്ത ആളുകൾ.

ധൈര്യവും മനഃസാക്ഷിയും നഷ്ടപ്പെട്ട ഒരാളെ കാണുന്നത്, ശരീരം തല്ലിച്ചതയ്ക്കപ്പെട്ട ഒരാളെ കാണുന്നതിലും വിഷമകരമാണ്. ഇവിടെ യഥേഷ്ടം സഞ്ചരിക്കുന്ന മരണം നിങ്ങളെ കണ്ണുതുറപ്പിച്ചിട്ടുണ്ടെങ്കിൽ, ഉയത്തെഴുന്നേല്പ് നിങ്ങളുടെ ഇന്ദ്രിയങ്ങളെ ഉത്തേജിപ്പിച്ചിട്ടുണ്ടെങ്കിൽ, ആരും പറഞ്ഞുതരാതെതന്നെ നിങ്ങൾക്കറിയാൻ കഴിയും ആരാണ് ആടിയിട്ടുള്ളതെന്ന്, ആരാണ് മറെറാരാളെ ഒററിക്കൊടുത്തിട്ടുള്ളത് എന്ന്, കീഴടങ്ങുകയും തൻെറ സഹപ്രവത്തകരിൽ ഏററവും അപ്രധാനൻെറയെങ്കിലും പേരെങ്കിലും പറഞ്ഞുകൊടുത്തു മർദ്ദിക്കപ്പെടാതിരിക്കുകയും ചെയ്യുകയെന്ന വിചാരത്തിൽ ഒരു നിമിഷമെങ്കിലും അഭയം പ്രാപിച്ചിട്ടുള്ളതാരാണെന്ന്. ദുർബ്ബലരായ അവർ അനുകമ്പാർഹരാണ്. ഒരു

സഖാവിന്റെ ജീവൻകൊണ്ട് വിലകൊടുക്കപ്പെട്ട അവരുടെ ജീവിതം എന്തൊരു തരമാണ്!

ഞാൻ സിനിമായിൽ ചെന്നിരുന്ന ആദ്യത്തെ ദിവസം എന്റെ മനസ്സിൽക്കൂടെ കടന്നുപോയ വിചാരം അതായിരുന്നിരിക്കയില്ല, എങ്കിലും പലപ്പോഴും എന്റെ മനസ്സിൽ അതു തിരിച്ചുവന്നിട്ടുണ്ട്. എന്നാൽ വ്യത്യസ്ഥമായ സാഹചര്യങ്ങളിലെ ഒരു പുലർകാലത്തു്, ബോദ്ധ്യങ്ങളുടെ ഒരു കിണറായ മുറിയിൽ, 400–ാം നമ്പരിൽ അതു പ്രത്യക്ഷമായി.

ഞാൻ സിനിമായിൽ ഇരിപ്പുറപ്പിച്ചിട്ട് അധികസമയമായിട്ടില്ല, ഒന്നോ ഒരുപക്ഷേ ഒന്നരയോ മണിക്കൂർ മാത്രമായിക്കാണും. അപ്പോൾ എന്റെ പിമ്പിൽനിന്ന് ആരൊ ഒരാൾ എന്റെ പേർ വിളിച്ചു. ചെക്കഭാഷ സംസാരിക്കുന്നവരായ രണ്ടു സിവിലിയന്മാർ (പട്ടാളക്കാരല്ലാത്തവർ) എന്നെ പുറവാങ്ങി ലിഫ്ററിന്മേൽക്കയററി നാലാമത്തെ നിലയിൽ ഇറക്കി, വാതിലിൽ 400 എന്ന നമ്പരോടുകൂടിയ വിശാലമായ ഒരു മുറിയിലേക്കു കൊണ്ടുപോയി.

ആദ്യം ഞാൻ തന്നെത്താൻ, മുറിയുടെ പിൻചുവരിനോടു ചേർത്തിട്ടിരുന്ന ഒരു കസേരയിൽ ഏകാകിയായിരുന്നു. ഇപ്പോൾ കഴിഞ്ഞുകൊണ്ടിരിക്കുന്ന ഈ നിമിഷത്തിൽക്കൂടെ മുന്നൊരുപ്രാവശ്യം ജീവിച്ചിട്ടുള്ളതായി വിഭാവനം ചെയ്യുന്ന ഒരാളുടെ അസാധാരണതരം മനോഭാവത്തോടുകൂടി ഞാൻ ചുററുപാടും ഒന്നുനോക്കി. എപ്പോഴെങ്കിലും ഇവിടെ ഞാൻ വന്നിട്ടുണ്ടോ? ഇല്ല, ഒരിക്കലുമില്ല. എങ്കിലും ഇതെല്ലാം പരിചിതങ്ങളായിത്തോന്നുന്നു. ഈ മുറി എനിക്കറിയാം; ക്രൂരമായ ഒരു പനിവേകിനാവ് ഇതിനെക്കുറിച്ചു ഞാൻ കണ്ടിട്ടുണ്ട്; ആ കാഴ്ച, ഇതിനേക്കുറിച്ച് ഒരു വിരുദ്ധമനഃസ്ഥിതിയും അറപ്പും ദ്വേഷവുമാണ് എന്നിൽ ഉണ്ടാക്കിയിരുന്നതു്, എങ്കിലും തിരിച്ചറിയാൻ അസാദ്ധ്യമാക്കിയിരുന്നില്ല. ഇതാ, ഇപ്പോഴിതു് എത്രയോ ആകർഷകമായിരിക്കുന്നു? സൂര്യപ്രകാശം നിറഞ്ഞുനില്ക്കുന്നതും, വ്യക്തമായ വർണ്ണഭംഗിയോടുകൂടിയതുമായിരിക്കുന്നു. ലഘുവായ ശീലകളോടുകൂടിയ വിസ്തൃതങ്ങളായ ജന്നാലകളിൽക്കൂടെ, ഇവിടെനി

ന്നുകൊണ്ട്, 'ടൈൻ' പള്ളിയും, 'ലെട്നാ'യിലെ പച്ചയായ പാക്കും, കൊട്ടാരവും ഇപ്പോൾ കാണാം. എന്റെ സ്വപ്നത്തിൽ, ഇത് ഇരുട്ടടഞ്ഞതും, ജനാലകളില്ലാത്തതും, പഴകി മുഷിഞ്ഞ് മഞ്ഞനിറം പിടിച്ചതുമായിരുന്നു; അതിൽ ആളുകളെ നിഴൽപോലെ മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളു. അതേ, ഇവിടെ ആളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ഇതു ശൂന്യമാണ്. നെടിയബെഞ്ചുകൾ വരിവരിയായിട്ടിരുന്നത് ഇപ്പോൾ 'ഡാൻഡിലിയൻ' പുഷ്പങ്ങളും ബട്ടർകപ്പുകളും നിറഞ്ഞ ഒരു മഞ്ഞമൈതാനമായിത്തീർന്നിരിക്കുന്നു. സ്വപ്നത്തിൽ ഇതുനിറയെ ആളുകളുണ്ടായിരുന്നു; രക്തം ഒലിക്കുന്ന വിളറിയ മുഖങ്ങളോടെ അടുത്തടുത്തിരുന്ന ആളുകൾ, അവിടെ, വാതിലിനു വളരെ അടുത്തു വേദനപ്പെട്ട കണ്ണുകളോടെ, നീലനിറത്തിലെ തൊഴിൽവസ്ത്രങ്ങൾ ധരിച്ച നിലയിൽ, ഒരാൾ നില്ക്കുന്നു; ദാഹിച്ചു ദാഹിച്ച്, ഒടുവിൽ ഒരു തിരശ്ശീല വീഴുന്നതുപോലെ അയാൾ വീണു... ...

അതേ, അതങ്ങിനെയായിരുന്നു. എന്നാൽ അതൊരു സ്വപ്നമായിരുന്നില്ലെന്നു ഇപ്പോഴും ഞാൻ മനസ്സിലാക്കുന്നു. ഭീതിപ്പെടുത്തുന്ന ആ സ്വപ്നം, വാസ്തവത്തിൽ സംഭവിച്ചതാണ്.

എന്റെ അറസ്റ്റിന്റെയും ആദ്യത്തെ വിചാരണയുടെയും ആ രാത്രിയിലാണതു് സംഭവിച്ചതു്. ഇവിടെ അവരെന്നെ മൂന്നുപ്രാവശ്യം കൊണ്ടുവന്നു ഒരുപക്ഷേ പത്തുതവണയായിരിക്കാം, ഞാനെങ്ങിനെ അറിയാനാണ്—അവക്കു വിശ്രമിക്കണമെന്നു തോന്നുമ്പോഴോ മറ്റാരേയെങ്കിലും പ്രയോഗങ്ങൾക്കായി തവണമാറുമ്പോഴൊ ഒക്കെ അങ്ങിനെ കൊണ്ടുവന്നു. ഞാൻ നഗ്നപാദനായിരുന്നു, എന്റെ നീരുവെച്ചു വീങ്ങിയിരുന്ന പാദങ്ങളെ ഈ ഇഷ്ടികത്തറയിലെ തണുപ്പ് എത്രയേറെ സുഖപ്രദമായിരുന്നു എന്നു ഞാനിപ്പോഴും ഓക്കുന്നു.

അന്നുരാത്രി ആ ബെഞ്ചുകൾ നിറയേ, ജങ്കേഴ്സ്യന്ത്രശാലയിൽനിന്നും ഗെസ്റ്റാപ്പൊ കുരുക്കിടിച്ചുകൊണ്ടുവന്നിരുന്ന, തൊഴിലാളികളായിരുന്നു. വാതിലിനരികേ നീലനി

റത്തിലെ പണിയുടുപ്പുകളിട്ട നിന്നിരുന്ന മനുഷ്യൻ എൻെറ അറസ്റ്റിനുള്ള പരോക്ഷമായ കാരണമായിരുന്നു; ജങ്കേഴ്സ് പാർട്ടിസെല്ലിലെ സഖാവ് 'ബാർട്ടൻ' ആണയാൾ. എനിക്കപററിയ ആപത്തിനു യാതൊരുത്തരും ഉത്തരവാദികളല്ലെന്നു സ്പഷ്ടമാക്കാൻവേണ്ടി, യാതൊരു സഖാവിൻേറയും ഭീരുത്വമോ ഒററിക്കൊടുക്കലോ കൊണ്ടല്ല, കേവലം ദുർഭാഗ്യവും സൂക്ഷ്മക്കുറവുംകൊണ്ടു മാത്രമാണെനിക്കിതു സംഭവിച്ചതെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. തൻെറ സെല്ലിനുവേണ്ടി ചെറുക്കൽപ്രസ്ഥാനത്തിൻെറ ഉപരിതലങ്ങളിലുള്ളവരുമായി ബന്ധം ലഭിക്കാൻ സഖാവ് ബാർട്ടൻ ശ്രമിക്കുകയായിരുന്നു. അയാളുടെ സ്നേഹിതനായ സഖാവ് ജെലിനക്ക്, ആദ്യമേ എന്നോടു ചോദിക്കാതെ, രഹസ്യപ്രവത്തനത്തിൻെറ നിയമങ്ങളെ ലംഘിച്ചുകൊണ്ട്, കേന്ദ്രവുമായി ബന്ധമുണ്ടാക്കാമെന്നു അയാൾക്കു വാഗ്ദാനം ചെയ്തു. അതു് ഒരു തെററായിരുന്നു. രണ്ടാമതു്, ഡ്വോറക്ക് എന്നു പേരായ ഒരു ഒററുകാരൻ (ചാരൻ) ബാർട്ടൻെറ അടുത്ത ആളായി നിന്നുകൊണ്ട് ജെലിനെക്കിൻെറ പേര് മനസ്സിലാക്കി എന്നുള്ളതാണ്. ഇങ്ങിനെ ജെലിനെക്ക് കുടുംബം ഗസ്റ്റാപ്പോയുടെ പിടിയിൽപ്പെട്ടു, പ്രധാനപ്പെട്ട ഏതെങ്കിലും ചുമതലയിൽ വീഴ്ച വരുത്തീട്ടില്ല—അതവർ രണ്ടുകൊല്ലങ്ങളായി വളരെ വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു—എന്നാൽ രഹസ്യപ്രവത്തനത്തിൻെറ നിയമങ്ങളിൽനിന്ന് അല്പം അകന്നുനിന്നുകൊണ്ടുള്ള ആ സേവനം മൂലമായിട്ടാണ് അതു സംഭവിച്ചതു്. ഞാൻ ജെലിനെക്കിൻെറ വീട്ടിൽച്ചെന്ന ആ ദിവസം തന്നെ അവരേ അറസ്റ്റ് ചെയ്യാൻ പെച്ചെക്ക് കെട്ടിടത്തിലേ മേധാവികൾ തീരുമാനപ്പെടുത്തിയിരുന്നതും, അവർ അത്രവളരെപ്പേർ അവിടെ ഒന്നിച്ചു വന്നിരുന്നതും കേവലം യാദൃശ്ചികമായിട്ടായിരുന്നു. അതു് അങ്ങിനെയല്ലായിരുന്നു പ്ലാൻ ചെയ്യപ്പെട്ടിരുന്നതു്; ജലിനിക്കു ദമ്പതികളേ അറസ്റ്റ് ചെയ്യാൻ വെച്ചിരുന്നതു പിറേറദിവസമാണ്. ജക്സേഴ്സ് യന്ത്രശാലയിലേ സെൽമെമ്പർമാരേ വളഞ്ഞുപിടിക്കാൻ സാധിച്ച വിജയത്തിൽ മതിമറന്ന ഗെസ്റ്റാപ്പോഘട

കം ഒരു ഭാഗ്യപരീക്ഷക്കായി ജലിനെക്ക് വീട്ടിലേക്കു വ
ന്നതാണ്. അവരുടെ വരവിൽ ഞങ്ങൾക്കുണ്ടായ അത്ഭുതം,
എന്നെ അവിടെ കണ്ടുമുട്ടിയതിൽ അവക്കുണ്ടായ അത്ഭുത
ത്തെക്കാൾ ക്രൂരതവല്ലായിരുന്നു. ഞങ്ങൾ ആരേയാണ് പി
ടിച്ചിരിക്കുന്നതെന്നുപോലും അവക്കറിവുണ്ടായിരുന്നില്ല. ഒ
രുപക്ഷെ അവരതൊരിക്കലും കണ്ടുപിടിക്കുകയുമില്ലായിരു
ന്നു, പക്ഷേ അതേസമയത്തു തന്നെ അവർ .. ....

400-ാംനമ്പർ മുറിയിലെ ഈ ആദ്യത്തെ എൻെറ വി
ചാരിച്ചിരിക്കൽ തുടൻകൊണ്ടുപോകാൻ അവസരം കിട്ടി
യതു് വളരെക്കഴിഞ്ഞശേഷമാണ്. അക്കാലത്തു് ഞാൻ ത
നിച്ചല്ലായിരുന്നു. ബഞ്ചുകൾ നിറച്ചും, പുറകിൽ മതിലി
നോടുചേൻ്ന് ഒരുവരിയായിട്ടും ആളുകൾ നിന്നിരുന്നു. അമ്പ
രപ്പിക്കുന്ന അവിചാരിതസംഭവങ്ങളേ വഹിച്ചുകൊണ്ടു മ
ണിക്കൂറുകൾ അങ്ങിനെ മത്സരിച്ചു പായുകയായിരുന്നു.
ചില സംഭവങ്ങൾ എനിക്കു മനസ്സിലാക്കാൻ സാധിക്കാത്ത
വിധം അത്ര അസാധാരണത്വമുള്ളവയായിരുന്നു; മററു ചി
ലവ വഷളത്വത്തിൻേറതായിരുന്നു, അതെല്ലാം എനിക്കു ശ
രിയായി മനസ്സിലാക്കാൻ കഴിഞ്ഞു.

ആദ്യത്തെ അവിചാരിത സംഭവം അസാധാരണമോ
ദുഷ്ടമോ ആയിരുന്നില്ല; എന്നാൽ ദയാപൂൎവ്വമായതും, നിസ്സാ
രവും അപ്രധാനവുമായിരുന്നു; എങ്കിൽപോലും അതു ഞാ
നൊരിക്കലും മറക്കുകയില്ല. എന്നെ ഉററുശ്രദ്ധിക്കൊണ്ടിരു
ന്ന ഗെസ്റ്റാപ്പോ ഏജൻറു് എൻെറ അറസ്റ്റിനുശേഷം എ
ൻെറ കീശകളെല്ലാം അകം മറിച്ചു നോക്കിയതയാളാണെന്നു
ഞാനോർക്കുന്നു—പകുതി എരിഞ്ഞു കഴിഞ്ഞ ഒരു സിഗര
റൊനിട്ടെറിഞ്ഞുതന്നു. മൂന്നാഴ്ചകൾക്കുള്ളിൽ ആദ്യമായി
ക്കിട്ടുന്ന സിഗററു്, ഒരു രണ്ടാമത്തേ പ്രാവശ്യം ഭൂമി
യിലേയ്ക്കു തിരിച്ചുവന്ന ഒരു മനുഷ്യന് ആദ്യമായിക്കിട്ടുന്ന
സിഗററു്. ഞാനതു പെറുക്കിയെടുക്കണമോ? അതോ ഒരു
സിഗററുകൊണ്ടു് എന്നെ വിലയ്ക്കു വാങ്ങിച്ചതായി അ
വൻ വിചാരിക്കുമോ? എന്നാൽ സിഗററിനെ അനു
ഗമിക്കുന്ന അയാളുടെ ആ നോട്ടം നിഷ്കളങ്കമാണ്; ആരേയും

വാങ്ങിക്കുന്ന കാൎയ്യത്തിൽ അയാൾക്കു താല്പൎയ്യമില്ല. എങ്കിലും അതു അവരിവരെ വലിച്ചു തീൎക്കാൻ എനിക്കു കഴിയുന്നില്ല. വൃദ്ധരായി ജനിച്ച കുഞ്ഞുങ്ങൾ കുട്ടിയായ പുകവലിക്കാരല്ലല്ലോ.

രണ്ടാമത്തെ അവിചാരിത സംഭവം—നാലുപേർ പട്ടാളമുറിയിൽ ചുവടൊപ്പിച്ചു നടന്നുവന്നു മുറിയ്ക്കകത്തു കയറി, ഞൊന്നൽപ്പെടെ അവിടെയുണ്ടായിരുന്നവരേയെല്ലാം ചെക്കു ഭാഷയിൽ അഭിവാദ്യം ചെയ്തു. അവർ മേശയ്ക്കു പിന്നിലിരുന്നു, കടലാസുകൾ നിവൎത്തിവെച്ചു, ഉദ്യോഗസ്ഥന്മാരാണോ എന്നു തോന്നിപ്പോകുമാറു, അത്രയ്ക്കു രസത്തിൽ, സിഗററു് കൊളുത്തി. ഞാൻ അവരെ അറിയും, അവരിൽ മൂന്നുപേരേയെങ്കിലും അറിയും—ഇവർ ഗസ്റ്റാപ്പോയുടെ സർവ്വീസിൽ ആണെന്നു വരുക സാദ്ധ്യമാണോ? ഒരുപക്ഷേ ആയിരിക്കാം—എങ്കിലും ഇവർ മൂന്നുപേർപോലുമോ? എന്നെ, അതു് ടെറികിൽ അല്ലെങ്കിൽ 'റെനെക്' എന്നു നമ്മൾ വിളിച്ചിരുന്ന, വളരെക്കാലം യൂണിയൻേറയും പാർട്ടിയുടേയും സെക്രട്ടറി ആയിരുന്ന ആളല്ലേ? സ്വല്പം പരുക്കനെങ്കിലും വിശ്വാസ്യനായ ആ മനുഷ്യൻ! അല്ല അങ്ങിനെ വരില്ല! മറേറതു് അങ്കാവിക്കോവായാണ്, മുടി മുഴുവൻ വെളുത്തുപോയെങ്കിലും, ഇപ്പോഴും അവർ സുന്ദരിയായും നിവർന്നുംതന്നെയിരിക്കുന്നു. അവൾ ദൃഢചിത്തയും മനക്കരുത്തുമുള്ള ഒരു പോരാളിയുമായിരുന്നു.— ഛെ, അതു സംഭാവ്യമല്ല. പിന്നെ മറെറതു് വാഷെക് റെസെക് ആണ്, വടക്കൻ ബൊഹീമിയൻ ഖനികളിൽ നിന്നും വന്നു് ഒരു ഇഷ്ടികച്ചുമട്ടുകാരനായിപ്പണിയെടുത്തിരുന്ന അയാൾ ഒടുവിൽ പാർട്ടിയുടെ ഡിസ്ട്രിക്ടു് സെക്രട്ടറിവരെയായി—തീൎച്ചയായും, ഞാൻ അയാളെ അറിയും. വടക്കൻ രംഗങ്ങളിൽ ഞങ്ങളൊരുമിച്ചുനിന്നു നടത്തിയ ആ സമരങ്ങൾക്കെല്ലാംശേഷം, അയാളുടെ നട്ടവൊടിയ്ക്കാൻ എന്തിനെങ്കിലും സാധിച്ചുവോ? ഛെ! അസംഭാവ്യം! എന്നാൽ അവരെല്ലാം എന്താണിവിടെ ചെയ്യുന്നതു്? അവൎക്കെന്തുവേണം?

ഈ ചോദ്യങ്ങൾക്കു ഞാൻ ഉത്തരം കണ്ടുപിടിച്ചു കഴി

ഞ്ഞിരുന്നില്ല, അല്പോഴേക്കം, വേറെ ചിലർ പ്രത്യക്ഷപ്പെട്ടു. അവർ മിറെക്കിനെയും ജെലിനെക്കദമ്പതികളെയും, ഫ്റിഡ് ദമ്പതികളെയും കൊണ്ടുവന്നു—അതെ, എന്നോടൊപ്പം അവരേയും അറസ്റ്റ് ചെയ്യിരുന്നുവെന്നെനിക്കറിയാം. എന്നാൽ, ബുദ്ധിജീവികളുടെ ഇടയിലുള്ള പ്രവത്തനത്തിൽ മിറെക്കിനെ സഹായിച്ചിരുന്ന കലാചരിത്രകാരനായ, പാവെൽ ക്രോമാച്ചെക്ക്, എങ്ങിനെ ഇവിടെ വന്നു? മിറെക്കം ഞാനുമല്ലാതെ മററാരെങ്കിലും അയാളെ അറിഞ്ഞിരുന്നോ? മുഖം പപ്പടംപോലെയായ ആ പൊക്കക്കാരൻ ചെറുപ്പക്കാരൻ, എന്തിനാണ്, ഞങ്ങൾ അന്യോന്യം അറിയുകയില്ലെന്നു നടിയ്ക്കാൻ ശ്രമിക്കുന്നതു്? വാസ്തവത്തിൽ എനിയ്ക്കയാളെ അറിവില്ല. എന്നാൽ ആരായിരിക്കും? അല്ലാ, ഇതു് ഷ്ററിച്ച് അല്ലേ? ഷ്ററിച്ച്? ഡോക്ടർ ദെനെക് ഷ്ററിച്ച്! ഹാ! ഇതിന്റെ അത്ഥം അവർ ഡോക്ടർമാരുടെ യൂണിററിനുള്ളിലും ഭേദിച്ചു കടന്നിരിക്കുന്നു എന്നാണ്. എനിയ്ക്കും മിറെക്കിനുമല്ലാതെ മററാക്കാണ് അവരേപ്പററി അറിവുണ്ടായിരുന്നതു്? തടവുമുറിയിൽവെച്ചുള്ള മർദ്ദനത്തിനിടയിൽ എന്തിനാണവർ ബുദ്ധിജീവികളുടെ ഗ്രൂപ്പിനെപ്പററി എന്നോടു ചോദിച്ചതു്? ബുദ്ധിജീവികളുടെ ഇടയിലുള്ള പ്രവത്തനവുമായി എന്നെ ബന്ധപ്പെടുത്താൻ അവക്കെങ്ങിനെ ഇടവന്നു? മിറെക്കിനും എനിയ്ക്കുമല്ലാതെ ആർക്കും അതിനെപ്പററി അറിവുണ്ടായിരുന്നില്ലല്ലോ.

ഉത്തരം കണ്ടുപിടിക്കാൻ വിഷമമുണ്ടായിരുന്നില്ല, എന്നാൽ ഒരു ക്രൂരമായ അടിയായിരുന്നു അതു്—മിറെക് പറഞ്ഞിട്ടുണ്ടാവണം, ഞങ്ങളേയെല്ലാം ഒററിക്കൊടുത്തിട്ടുണ്ടാവണം. എല്ലാം അയാൾ പറഞ്ഞുകാണുകയില്ലായിരിക്കാം എന്നു ഒരു നിമിഷത്തേയ്ക്കു ഞാൻ ആശിച്ചു, എന്നാൽ അവർ വേഗംതന്നെ മറെറാരു സംഘം തടവുകാരേയും കൊണ്ടുവന്നു; അയാൾ ചെയ്തിട്ടുള്ളതെന്താണെന്നെനിക്കു മനസ്സിലായി.

ചെക്ക് ബുദ്ധിജീവികളുടെ ദേശീയവിപ്ലവകമ്മററിയിൽ അംഗങ്ങളാണെന്നു കരുതപ്പെട്ടിരുന്നവരെല്ലാം ഇവിടെ എത്തിയിരിക്കുന്നു: ഗ്രന്ഥകാരനായ വ്ളാഡിമിർവാഞ്ചു

റെ; പ്രഫസ്സർ ഫെൽബെറും അദ്ദേഹത്തിന്റെ മകനും; തിരിച്ചറിയാൻ പാടില്ലാത്തവിധം വേഷപ്രച്ഛന്നനായ ബഡ്റിച്ചുവാക്ലാവെക്; ബൊഷീനാ പുൽ പാനോവാ, ജിൽഡ്റിച്ച് എൽബ്ൽ, പ്രതിമാശില്പിയായ ഡ്വാറക്, ബുദ്ധിജീവികളുടെ ഇടയിലെ പ്രവർത്തനത്തെപ്പററി സർവ്വവും മിറെക് പറഞ്ഞിട്ടുണ്ടായിരിക്കണം.

പെച്ചെക്ക് കെട്ടിടത്തിലെ ആദ്യഘട്ടം എനിക്കത്ര പ്രയാസം കുറഞ്ഞതൊന്നുമായിരുന്നില്ല; എന്നാൽ ഈ അടി എനിക്കേല്ക്കേണ്ടി വന്നതിലുംവെച്ച് ഏററവും ദുസ്സഹമായിരുന്നു. ഞാൻ മരണം പ്രതീക്ഷിച്ചിരുന്നു എന്നാൽ വഞ്ചന പ്രതീക്ഷിച്ചില്ല. മിറെക്കിനെ വിധി കല്പിക്കുന്നതിൽ ഞാൻ എത്രതന്നെ ദാക്ഷിണ്യം കാണിച്ചാലും, അയാളുടെ കൃതത്തിന്റെ ഗൗരവത്തെ ലഘൂകരിക്കുന്ന എന്തെല്ലാം സംഗതികൾ അയാൾക്കുവേണ്ടി ഞാൻ ചിന്തിച്ചുണ്ടാക്കിയാലും, അതിനു വഞ്ചനയെന്നല്ലാതെ മറെറാരു വാക്കും കണ്ടുപിടിക്കാൻ എനിക്കു കഴിഞ്ഞില്ല. ഇതു് ചാഞ്ചാട്ടവുമല്ല ദൗർബല്യവുമല്ല, മർദ്ദനംകൊണ്ടു മരണത്തിന്റെ അടുത്തെത്തിയ ഒരാളുടെ വഴുതിവീഴലും പനിപിടിച്ച പേയും അല്ല. അതെല്ലാം പൊറുക്കാമായിരുന്നു. ആദ്യത്തെ രാത്രിതന്നെ അവരെന്റെ പേരറിഞ്ഞതെങ്ങിനെയെന്ന് എനിക്കിപ്പോൾ മനസ്സിലായി, അവരുടെ വീട്ടിൽവെച്ച് ഒന്നു രണ്ടു തവണ ഞാൻ മിറെക്കിനോടു സംസാരിച്ചിട്ടുണ്ട്. ക്രോപ്പാച്ചെക്കും ഡോക്ടർ ഷ്ററിച്ച് ഇവിടെ എത്തിയതെങ്ങിനെയെന്നും എനിക്കിപ്പോൾ മനസ്സിലായി.

അതിനുശേഷം മിക്കവാറും എല്ലാദിവസവും എന്നെ 400-ാം നമ്പർ മുറിയിലേയ്ക്കു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു, ദിവസേന പുതിയ പുതിയ വിവരങ്ങൾ കണ്ടെത്തുകയും ചെയ്തിരുന്നു. അതു ഭീകരവും ദയനീയവുമായിരുന്നു. ഇതാ ധീരനായ ഒരു മനുഷ്യൻ; സ്പാനിഷ് സമരരംഗത്തു് യുദ്ധം ചെയ്തിരുന്നപ്പോൾ ഇയാൾ വെടിയുണ്ടകളെ ഭയപ്പെട്ടിട്ടില്ല; ഫ്രാൻസിലെ ക്രൂരമായ കോൺസെൻട്രേഷൻ ക്യാമ്പുജീവിതത്തിൽ തന്റെ തല കുനിച്ചിട്ടില്ല. എന്നാൽ

ഇപ്പോൾ ഒരു ഗെസ്റ്റാപ്പോക്കാരന്റെ കയ്യിലെ ഒരു സ്വിച്ചി
നു മുമ്പിൽ അയാൾ വിളറിപ്പോയിരിക്കുന്നു; സ്വന്തം തടി
രക്ഷിക്കാൻവേണ്ടി അയാൾ ഞങ്ങളെയെല്ലാം വഞ്ചിച്ചു.
ഏതാനും അടികളിൽനിന്നും ഒഴിയാൻവേണ്ടി തകർന്നുപോയ
അയാളുടെ ധൈര്യവും വിശ്വാസവും എത്രമേൽ തൊലിപ്പു
റമേയുള്ളതു മാത്രമായിരിക്കണം. ഒരു ഗ്രൂപ്പിൽ നില്ക്കു
മ്പോൾ, ഒരേ ആശയത്തോടുകൂടിയ സഖാക്കൾ ചുററുമുള്ള
പ്പോൾ, അയാൾ ബലവാനായിരുന്നു. അവരേപ്പററി വിചാ
രിച്ചപ്പോൾ അയാൾ ബലവാനായിരുന്നു. എന്നാൽ, ഒററപ്പെട്ട
പ്പോൾ, കുത്തിത്തുളച്ചു നോക്കുന്ന ശത്രുക്കളുടെ നടുക്കു തനി
ച്ചായപ്പോൾ അയാളുടെ ബലം പൂർണ്ണമായും നശിച്ചു. സ്വാർ
ത്ഥം ചിന്തിക്കാൻ തുടങ്ങിയതുമൂലം അയാൾക്കെല്ലാം നഷ്ട
പ്പെട്ടു. സ്വന്തം തൊലി രക്ഷിക്കാൻവേണ്ടി അയാൾ സഖാ
ക്കളെ ബലികഴിച്ചു, ഭീരുത്വത്തിനു കീഴടങ്ങി, ഭീരുത്വം നി
മിത്തം വഞ്ചിച്ചു.

അയാളുടെ മുറിയ്ക്കകത്തുനിന്നു അവർ കണ്ടെടുത്ത രേഖ
കൾ വായിച്ചു മനസ്സിലാക്കികൊടുക്കുന്നതിൽ ഭേദം മരിക്കുക
യാണെന്നു അയാൾ ഓർത്തില്ല. അതെല്ലാം അയാൾ അവക്കു
വായിച്ചുകൊടുത്തു. രഹസ്യമായി താമസിക്കുന്നവരുടെ
പേരുകളും മേൽവിലാസവും അയാൾ അവക്കു കൊടുത്തു.
ഷ്ററിച്ചിക്കുമായി ഒരു കൂടിക്കാഴ്ചക്കു അയാൾ ഒരു ഗെസ്റ്റാപ്പോ
ഏജൻറിനെക്കൂടെ കൊണ്ടുപോയി. സ്വോബൊടോക്കിന്റെ വീ
ട്ടിൽവെച്ച് വാക്ലാവെക്കും ക്രോപ്പെച്ചെക്കുമായുള്ള ഒരു യോ
ഗത്തിലേക്കു അയാൾ പോലീസിനെ അയച്ചു. അനിയെ
പിടിച്ചുകൊടുത്തു. അയാളെ സ്നേഹിക്കുന്നവളായ ലിഡ എ
ന്ന ഒരു ധീരയുവതിയെ അയാൾ ഒററിക്കൊടുത്തു. അയാൾ
ക്കറിയാവുന്നതിൽ പകുതി കാര്യങ്ങൾ അറിയിക്കുവാൻ ഏതാ
നും അടികൾ മാത്രമേ വേണ്ടിയിരുന്നുള്ളു. ഞാൻ മരിച്ചെ
ന്നും തനിക്കിനി ആരോടും ഉത്തരവാദപ്പെടേണ്ടതില്ലെന്നും
തോന്നിയപ്പോൾ ബാക്കിയുള്ള സംഗതികൾകൂടെ പറഞ്ഞു
കൊടുത്തു.

ഇതിലൊന്നും എന്നെ അയാൾ ദ്രോഹിച്ചിട്ടില്ല. അ

തിനുമുമ്പുതന്നെ ഞാൻ ഗെസ്റ്റാപ്പോയുടെ കൈകളിൽ അകപ്പെട്ടു കഴിഞ്ഞിരുന്നുവല്ലോ—എന്നെ ഇനി എന്താണിയാൾ ദ്രോഹിക്കാനുള്ളത്?. എന്നാൽ അയാളുടെ ഉത്തരങ്ങൾ വ്യാപകമായ ഒരു അന്വേഷണപരമ്പരക്കുതന്നെ അടിസ്ഥാനമിട്ടു; അത് തെളിവിൻെറ ഒരു ചങ്ങല ആരംഭിച്ചു, ആ ചങ്ങല വീണ്ടും എന്നിലേക്കു മടങ്ങിവന്നു. അവക്കു അപാരമായ സന്തോഷമുണ്ടാക്കിയ പല വിവരങ്ങളും അയാൾ വെളിപ്പെടുത്തി. ഇതിനുവേണ്ടിയാണോ ഞാനും, മറ്റേതെല്ലാം ഗ്രൂപ്പുകളിലുള്ള എത്രയേറെ ആളുകളും പട്ടാളനിയമകാലത്തു് അതിനെ അതിജീവിച്ചും കൊണ്ടിരുന്നതു്?. ഞങ്ങൾ രണ്ടാളും—അയാളും ഞാനും-പോയതിനുശേഷം ഞങ്ങളുടെ ഗ്രൂപ്പ് നിലനിൽക്കുമായിരുന്നില്ല . എന്നാൽ അയാൾ വായ് പൊളിച്ചില്ലായിരുന്നെങ്കിൽ, അയാളുടെ മറ്റേ ഗ്രൂപ്പു നിലനിൽക്കുകയും, ഞാനും അയാളും മരിച്ചു മണ്ണടിഞ്ഞു കഴിഞ്ഞും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു.

ഒരു ഭീരു സ്വന്തംജീവിതം മാത്രമല്ല നഷ്ടപ്പെടുത്തുന്നതു്. അവൻെറ സ്വന്തം ജീവിതത്തേക്കാൾ കൂടുതലാണ്. ഇയാൾ അത്ഭുതകരമായ ഒരു സൈന്യത്തെ വിട്ടുപേക്ഷിച്ചിട്ടു്, ഏറവും വൃത്തികെട്ട ശത്രുവിനു കീഴടങ്ങി. ഇന്നും ജീവിച്ചിരിക്കുന്നെങ്കിലും അയാൾ ചത്തവനാണ്, എന്തുകൊണ്ടെന്നാൽ, അയാൾ തൻെറ ഗ്രൂപ്പിൽനിന്നും സ്വയം പുറം തള്ളപ്പെട്ടിരിക്കുന്നു. പിന്നീട് അയാൾ പ്രായശ്ചിത്തം ചെയ്യാൻ ശ്രമിച്ചുനോക്കി, എങ്കിലും ഒരിക്കലും അയാളെ തിരിച്ചു സ്വീകരിച്ചില്ല. ആ ബഹിഷ്കരണം മറെറവിടെ വെച്ചെന്നതിനെക്കാളും ജയിലിൽ ദുസ്സഹമാണ്.

ബന്ധനവും ഏകാന്തതയും ആളുകളുടെ മനസ്സിൽ സാധാരണയായി കൂടിപ്പിണഞ്ഞുകിടക്കാറുള്ള രണ്ടു് ആശയങ്ങളാണ്. എന്നാൽ അതു വലിയ തെററാണ്. ഒരു തടവുകാരൻ ഏകാകിയല്ല- ജയിൽ ഒരു സമുദായമാണ്, ഏററവും കർശനമായ തടവിൽപോലും ഒരാളെ അയാളുടെ ഗ്രൂപ്പിൽനിന്നും അടർത്തി വേർപെടുത്തുക അസാദ്ധ്യമാണ് - വേണമെങ്കിൽ അയാൾ സ്വയം വേർപെടണം. അടിമകളാക്കപ്പെ

ട്ടവരുടെ സാഹോദര്യം സമ്മർദ്ദനത്തിനു വിധേയമാണ്, ആ സമ്മർദ്ദം അതിനെ കരുത്തുവെപ്പിക്കുകയും, കടിക്കൂട്ടുകയും, കൂടുതൽ വിശേഷമാക്കിത്തീർക്കുകയും ചെയ്യുന്നു. അതു് ചുമരുകളെ തുളച്ചുകടക്കുന്നു; ജീവിക്കുന്നവയും സംസാരിക്കുന്നവയും അടയാളശബ്ദങ്ങൾ പുറപ്പെടുവിക്കുന്നവയുമാണാ ചുവരുകൾ. ഓരോ ബ്ളോക്കിലേയും മുറികളെ സാഹോദര്യം ആശ്ലേഷിക്കുന്നു. ഈ മുറികൾ പൊതുവായ കടമകളാലും പൊതുവായ ഉൽക്കണ്ഠകളാലും പരസ്പരം ബന്ധിക്കപ്പെട്ടവയാണ്. ശുദ്ധവായുവിൽ വെച്ചുള്ള ഒരേ സമയത്തുള്ള പൊതുവായ വ്യായാമവും ഒരേ സൂക്ഷിപ്പുകാരുമവയ്ക്കുണ്ടു്. വെളിയിൽവെച്ചു അന്യോന്യം കണ്ടുമുട്ടുമ്പോൾ വാർത്തകളറിയിക്കാൻ ഒരു വാക്കോ ഒരു അടയാളമോ മതി, അല്ലെങ്കിൽ ചിലപ്പോൾ ഒരു മനുഷ്യജീവനെ രക്ഷിക്കാനും അതു മതിയാകും. ഒരേ ഗ്രൂപ്പിൽ വിചാരണക്കു പോകുന്ന തടവുകാരേയും,, സിനിമയിൽ ഒന്നിച്ചിരിക്കുന്നവരേയും, ഒന്നിച്ചു മടങ്ങിവരുന്നവരേയും ആ സാഹോദര്യം ഒന്നാക്കുന്നു. അല്പം വാക്കുകളുടേയും അപാരമായ സേവനങ്ങളുടേയും സാഹോദര്യമാണതു്. എന്തുകൊണ്ടെന്നാൽ, നിങ്ങളെ ഇട്ടിരിക്കുന്ന കൂടിനെ പൊളിക്കാനും നിങ്ങളെ തകർക്കാൻവേണ്ടി നിങ്ങളുടെമേൽ വെച്ചമർത്തിയിട്ടുള്ള ഏകാന്തതയിൽനിന്നു നിങ്ങളെ മോചിപ്പിക്കാനും ഒരു കൈ അമർത്തലിനോ ഒരു സിഗററു സമ്മാനത്തിനോ ശേഷിപ്പുണ്ടു്. തടവുമുറികൾക്കു് കൈകളുണ്ടു്; ഓരോ തവണത്തെ മർദ്ദനം കഴിഞ്ഞുവരുമ്പോഴും അതു നിങ്ങളെ എങ്ങിനെ വീഴാതെ പിടിച്ചു നിറുത്തുന്നു എന്നു നിങ്ങൾക്കനുഭവപ്പെടും. മററുള്ളവർ പട്ടിണികൊണ്ടുള്ള മരണത്തിലേക്കു നിങ്ങളെ ആട്ടിയോടിക്കുമ്പോൾ അതു നിങ്ങളെ തീററിപ്പോററുന്നു. തടവുമുറികൾക്കു കണ്ണുകളുണ്ടു്; മരണശിക്ഷ അനുഭവിക്കാനായി നിങ്ങൾ പോകുന്ന അവസരത്തിൽ അവ നിങ്ങളെ സൂക്ഷിച്ചു നോക്കും. അപ്പോൾ നിങ്ങളറിയും നിവർന്നു നടക്കണമെന്നു്, കാരണം, നിങ്ങൾ അവരുടെ സഹോദരനാണ്, ഉററിയ ഒരു കാൽ വെച്ചുകൊണ്ടു് നിങ്ങൾ അവരെ ബലഹീനരാ

കരുത്. പല മുറിവുകളും പൊട്ടി ചോരയൊലിക്കുന്ന ഒരു സാഹോദര്യമാണിത് എങ്കിലും അജയ്യമാണ്. അതിൻെറ സഹായം കൂടാതെ നിങ്ങൾക്കു വിധിച്ചിരിക്കുന്ന ഭാരത്തിൽ പത്തിലൊരംശംപോലും താങ്ങാൻ നിങ്ങൾക്കു കഴിയില്ല. നിങ്ങൾക്കെന്നല്ല ഒരാൾക്കും കഴിയുകയില്ല.

ഈ കഥ തുടങ്ങാൻ എനിക്കു സാധിക്കുകയാണെങ്കിൽ (മരണത്തിൻെറ ദിവസമൊ മണിക്കൂറൊ നമുക്കറിയുകയില്ലല്ലൊ) ഈ അദ്ധ്യായത്തിൻെറ തലക്കെട്ടിലെന്നപോലെ 400-ാം നമ്പർ പലപ്പോഴും പ്രത്യക്ഷപ്പെട്ടെന്നുവരും. ഞാനാദ്യം അതിനെ ഒരു മുറിയായിട്ടാണ് സങ്കല്പിച്ചത്. അതിൽവച്ചുള്ള എൻെറ ആദ്യത്തെ ചിന്തകൾ സന്തോഷത്തിൽനിന്നു തുലോം അകന്നതുമായിരുന്നു. എന്നാൽ അതൊരു മുറിയല്ല; ഒരു സമുദായമാണ്. സുവ്യക്തമായ ഉദ്ദേശത്തോടു കൂടിയ ഒരു സമരസംഘം, മിക്കവാറും സന്തോഷപൂർണ്ണമായ എന്നുതന്നെ പറയാവുന്ന ഒരു ഗ്രൂപ്പ്.

1940 ൽ, ഗെസ്റ്റാപ്പോയുടെ കമ്മ്യൂണിസ്റ്റ് വിരോധപ്രവർത്തനം വർദ്ധിപ്പിച്ചതോടെ, ഈ സമുദായം ആരംഭിക്കപ്പെട്ടു. ഇത് ആഭ്യന്തരതടങ്ങൽവകുപ്പിലെ കമ്മ്യൂണിസ്ററുകൾക്കായുള്ള ഒരു ശാഖയായിരുന്നു. ഗെസ്റ്റോപ്പാ ഉദ്യോഗസ്ഥന്മാർക്കു ചോദ്യങ്ങൾ ചോദിക്കാനുണ്ടാകുമ്പോഴൊക്കെ ഒന്നാമത്തെ നിലയിൽനിന്നു നാലാമത്തേതിലേക്കു കൊണ്ടുപോകുന്നതു കൂടാതെകഴിക്കാൻവേണ്ടി കമ്മ്യൂണിസ്ററുകാർക്കായി ഏർപ്പെടുത്തിയ ഒരു കാത്തിരിക്കൽമുറി (വെയിററിങ്ങ്റൂം)യായിരുന്നു ഇത്. ഇതുകൊണ്ട് അവരുടെപണി എളുപ്പമായിത്തീർന്നിരുന്നുവെന്നവർ വിചാരിച്ചു; ഈ ബ്രാഞ്ചു സിനിമാ തുറക്കുന്നതിൽ അവരെ പ്രേരിപ്പിച്ച ഉദ്ദേശം അതായിരുന്നു.

രണ്ടു തടവുകാരെ ഒന്നിച്ചിട്ടാൽ, പ്രത്യേകിച്ചും അവർ കമ്മ്യൂണിസ്ററുകളാണെങ്കിൽ, നിങ്ങളുടെ പ്ലാനുകളെല്ലാം തകിടംമറിക്കാനുദ്യമിക്കുന്ന ഒരു സംഘടന അഞ്ചുമിനിട്ടിനുള്ളിൽ അവിടെയുണ്ടാകും. 1942-ൽ സിനിമയ്ക്കു കമ്മ്യൂണിസ്റ്റ് സെൻട്രൽ എന്നുപേർ സിദ്ധിച്ചു; പല മാററങ്ങളും സംഭവിക്കുകയും ചെയ്തു. ആയിരമായിരം സഖാക്കൾ, സ്ത്രീ

കളും പുരുഷന്മാരും, അവരവരുടെ മുറയനുസരിച്ച് അതി ന്റെ ബഞ്ചുകളിലിരുന്നു.........എന്നാൽ ഒന്നിനുമാത്രം ഒരി ക്കലും മാറ്റം സംഭവിച്ചില്ല, അതായത്, യുദ്ധത്തിൽ സർവ്വവും ഉഴിഞ്ഞുവച്ചതും, അന്തിമവിജയത്തിൽ ദൃഢവിശ്വാസത്തോടു കൂടിയതുമായ ഒരു സമുദായത്തിന്റെ മനഃകരുത്ത്.

കീഴടങ്ങലിനെപ്പററി സ്വപ്നത്തിൽപോലും ചിന്തി ക്കാതെ, നാലുഭാഗത്തുനിന്നും ഉതിർന്നുകൊണ്ടിരുന്ന വെടിയു ണ്ടകൾക്ക് നടുവിൽ, ശത്രുവിനാൽ പൂർണ്ണമായും വലയം ചെ യ്യപ്പെട്ടിരുന്ന, യുദ്ധഭൂമിയിലെ മുന്നണിയിലുള്ള ഒരു കിടങ്ങ് (ട്രഞ്ച്) ആയിരുന്നു നമ്പർ 400. ഇവിടെ ചെങ്കൊടി ഉയ രത്തിൽ പാറിപ്പറക്കുന്നു. ഈ ചെറുസംഘത്തിന്റെ ഐ ക്യത്തിൽ പ്രതിഫലിക്കുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി സുധീരം സമരംചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ ഒരു ജന തയുടെ ഐക്യമാണ്.

ഉയന്ന് ബൂട്ട്സ് ഇട്ടവനായ ഒരു എസ്സ്. എസ്സ്. വാർ ഡർ, താഴെ പ്രധാന സിറീമാസ്റ്റു മുമ്പിൽ ഉലാത്തുന്നുണ്ട്; നിങ്ങൾ കണ്ണൊന്നു ചിമ്മിപ്പോയാൽ മതി, അവർ അ ലറും. മുകളിൽ 400-ാംനമ്പരിൽ, ചെക്ക പോലീസ് ഡി പ്പാർട്ടുമെന്റിൽനിന്നുള്ള ഇൻസ്പെക്ടർമാരൊ ഏജന്റന്മാരൊ ആയിരുന്നു ഡ്യൂട്ടിയിൽ നിന്നിരുന്നത്; ഒന്നുകിൽ സ്വമേ ധയാ, അല്ലെങ്കിൽ മേലുദ്യോഗസ്ഥന്മാരുടെ കല്പനയനുസ രിച്ച് ദ്വിഭാഷികളായി ഗെസ്റ്റാപ്പോ സർവ്വീസിൽ പ്രവേശി ച്ചവരാണിവർ. ഒന്നുകിൽ തനി ഗസ്റ്റാപ്പോ ദല്ലാളികളെ പ്പോലെയോ, അല്ലെങ്കിൽ ചെക്കകാരേപ്പോലെയൊ അവ രുടെ ഡ്യൂട്ടി ചെയ്യും. ചിലപ്പോൾ രണ്ടിന്റേയും ഒരു കലർപ്പുമായിരുന്നു. ഇവിടെ കൈവെള്ളകൾ കാൽ മുട്ടുകളിന്മേൽ ഞെരുക്കിപ്പിടിച്ച്, തുറിച്ച കണ്ണുകൾ ചുവരി ന്മേലുറപ്പിച്ച് അറെൻഷനായി ഇരിക്കേണ്ട ആവശ്യമില്ല. ഇവിടെ നിങ്ങൾക്ക ഇഷ്ടംപോലെ ഇരിക്കാം, ചുററുപാടും നോക്കാം, കൈകളനക്കാം; ഡ്യൂട്ടിയിൽ നിൽക്കുന്ന വാർഡർ മാർ മൂന്നുതരക്കാരുള്ളതിൽ ഏതുതരമാണ് നിൽക്കുന്നതെന്ന തിനനുസരിച്ച കൂടുതലും ചെയ്യാം.

മനുഷ്യജന്തുവിനെക്കുറിച്ച് 400-ാം നമ്പരിൽവച്ച് അഗാധഗവേഷണങ്ങൾ നിങ്ങൾക്കു നടത്താൻ കഴിയുന്നു. മരണത്തിന്റെ സാമീപ്യം നമ്മെ ഓരോരുത്തരേയും പരിപൂർണ്ണനഗ്നരാക്കി ഉരിച്ചുനിറുത്തുന്നു. വിചാരണയിൻകീഴിലുള്ള കമ്മ്യൂണിസ്റ്റുകാരുമായി ബന്ധംപുലർത്തി എന്നു സംശയിക്കപ്പെട്ടുന്നവരെന്ന നിലയ്ക്കോ കൈകളിൽ ചുവപ്പുതുണി കെട്ടിയിരുന്നവർകൂടെയും, അതിനുംപുറമെ ഞങ്ങളെ സൂക്ഷിക്കാൻ ഇവിടെ കാവൽനിറുത്തപ്പെട്ടുകയും അടുത്തമുറിയിലെ വിചാരണകളിൽ സഹായിക്കുന്നതിനായി ഉപയോഗിക്കപ്പെടുകയും ചെയ്തിരുന്നവരടക്കം, അതേ അവസ്ഥയിൽ തന്നെയായിരുന്നു. ആ അടുത്തമുറിയിൽ, മർദ്ദനസമയത്തു് വാക്കുകളായിരുന്നു നിങ്ങളുടെ കവചവും ആയുധവും. ഇവിടെ 400-ാം നമ്പരിൽ നിങ്ങൾക്കു വാക്കുകളുടെ പിന്നിൽ ഒളിക്കാൻ സാധ്യമല്ല. ഇവിടെ നിങ്ങളുടെ വാക്കുകളേയല്ല തൂക്കിനോക്കുന്നതു്, എന്നാൽ നിങ്ങളുടെ ഉള്ളിൽ എന്താണുള്ളതെന്നും നിങ്ങൾ എന്തുകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു എന്നുമാണു്. ഈ സമയമാകുമ്പോഴേയ്ക്കും ജീവിതത്തിൽ ഏററവും പ്രധാനമായിട്ടുള്ളതെന്തോ അതുമാത്രമേ നിങ്ങളിൽ അവശേഷിക്കുന്നുള്ളു. ഈ സമയമാകുമ്പോഴേക്കും, മരണത്തിനു മുമ്പേ അടിച്ചുവരുന്നതായ ആ കൊടുങ്കാററു്, നിങ്ങളുടെ മൗലീക വ്യക്തിത്വത്തെ പാകപ്പെടുത്തുകയോ ബലഹീനമാക്കുകയോ, ഭംഗിപിടിപ്പിക്കുകയോ ചെയ്യുന്നതായ സർവ്വതിനേയും അടിച്ചുനീക്കീട്ടുണ്ടാവും. കർത്താവും ക്രിയയും മാത്രം ശേഷിച്ചു: വിശ്വസ്തൻ ചെറുത്തുനില്ക്കുന്നു, വഞ്ചകൻ ഒററിക്കൊടുക്കുന്നു, വീരപുരുഷൻ സമരംചെയ്യുന്നു, അശക്തൻ കീഴടങ്ങുന്നു. നമ്മിലോരോരുത്തരിലും ശക്തിയും അശക്തതയും, ധൈര്യവും ഭീതിയും, ദൃഢതയും, ചാഞ്ചല്യവും, ശുദ്ധതയും മാലിന്യവും ഉള്ളതിൽ, ഇവിടെ അതിലേതെങ്കിലും ഒന്നുമാത്രം അവശേഷിക്കുന്നു. ഉണ്ടു് — അല്ലെങ്കിൽ ഇല്ല. ഈരണ്ടറ്റങ്ങൾക്കും മദ്ധ്യേ കിടന്നുകൊണ്ടു് സാമർത്ഥ്യപൂർവ്വം ഞാണിന്മേൽക്കളിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ, അയാൾ തൊപ്പിയിന്മേൽ ഒരു മഞ്ഞത്തൂവൽ തിരു

കികൊണ്ടു നടന്നാലെന്നപോലെയോ ഒരു ശ്മശാന ഘോഷയാത്രയിൽ മണി കയ്യിൽപിടിച്ചു കിലുക്കിക്കൊണ്ടു കടുവാകളിച്ചാലെന്നപോലെയോ പെട്ടെന്ന് എല്ലാവരാലും ശ്രദ്ധിക്കപ്പെടും.

എന്നാൽ അത്തരത്തിലുള്ള ആളുകൾ തടവുകാരുടെയിടയിലും, ചെക്കകാരായ ഇൻസ്പെക്ടർമാരുടെയും ഏജന്റന്മാരുടേയും ഇടയിലും തീർച്ചയായും ഉണ്ടായിരുന്നു. വിചാരണസമയത്ത് അവർ തങ്ങളുടെ ‘റീച്ച് ലെ ദൈവത്തിനു ഒരു മെഴുകുതിരി കത്തിക്കുകയും, 400 ാംനമ്പരിൽ വരുമ്പോൾ ഷെവിക് ചെകുത്താന് വേറൊരു തിരി കത്തിക്കുകയും ചെയ്തിരുന്നു. ജർമ്മൻ കമ്മീസ്സാറുടെ മുമ്പിൽവച്ച്, നിങ്ങളുടെ സന്ദേശവാഹകന്റെ പേർ പറയിപ്പിക്കാൻവേണ്ടി അവർ നിങ്ങളുടെ പല്ലു തല്ലിക്കൊഴിക്കും; എന്നാൽ 400–ാം നമ്പരിൽവച്ച് അയാൾ നിങ്ങളുടെ വിശപ്പടക്കാൻവേണ്ടി ഒരു കഷണം റൊട്ടി തന്നെന്നുമിരിക്കും. വീട്ടുപരിശോധനാഘട്ടത്തിലാണെങ്കിൽ, അവർ നിങ്ങളുടെ വീട്ടിൽകാണുന്ന എന്തെങ്കിലും വിലപ്പെട്ട സാധനം മോഷ്ടിക്കയും ചെയ്യും. എന്നിട്ട് 400-ാംനമ്പരിൽവച്ചു നിങ്ങളോടു സഹതാപം കാണിക്കാൻവേണ്ടി അവരുടെ കൊള്ളമൊതലിൽനിന്ന് നിങ്ങൾക്കൊരുകഷണം സിഗററു വേണമെങ്കിൽ തരും. ഇനി മറ്റൊരു കൂട്ടരുണ്ട് - ആദ്യത്തേതിൽനിന്ന് അല്പം വ്യത്യസ്തരാണിവർ—അവർ സ്വമേധയാ ഒരിക്കലും നിങ്ങളെ ഉപദ്രവിക്കയില്ല, എന്നാൽ ഒരു സഹായമൊട്ടു ചെയ്കയുമില്ല. അവർക്കെപ്പോഴും അവരുടെ സ്വന്തം തൊലിയെപ്പറ്റിയാണ് ചിന്ത; ഇവർ രാഷ്ട്രീയ കാലാവസ്ഥകളെ വേഗത്തിലും സൂക്ഷ്മമായും കുറിക്കുന്ന ബേറോമീററുകളാണ്. അവർ വളരെ നിശബ്ദരും ശ്രദ്ധാലുക്കളും കണിശക്കാരുമായി കാണപ്പെട്ടാൽ, ജർമ്മൻകാർ സ്റ്റാലിൻഗ്രാഡിലേക്കടുക്കുകയാണെന്നു പറയാം. ഒരു തടവുകാരനുമായി സംഭാഷണമാരംഭിക്കത്തക്കവണ്ണം അവർ മനുഷ്യപ്പറ്റുള്ളവരായിക്കാണപ്പെട്ടാൽ, ജർമ്മൻകാർ സ്റ്റാലിൻഗ്രാഡിൽനിന്നും തിരിച്ചോടിക്കപ്പെട്ടു എന്നു തീർച്ചയാക്കാം. അവർ തങ്ങളുടെ ചെക്കകാരായ മുത

മുത്തച്ഛന്മാരേപ്പററിയോ നിർബ്ബന്ധംമൂലമാണു ഗെസ്റ്റാപ്പോ സർവ്വീസിൽ ചേരാനിടയായതെന്നോ നിങ്ങളോടു പറയാൻ തുടങ്ങിയാൽ— അതിവിശേഷമായി: ചുവപ്പുസേന റോസ്റ്റോവിലേക്കു മാർച്ചുചെയ്യുകയാണെന്നു തീർച്ച. ഇനിയും വേറൊരുതരം ജീവികളുണ്ട്. നിങ്ങൾ മുങ്ങിച്ചാവാൻ പോകുന്നതായി അവർ കാണുന്നുവെന്നിരിക്കട്ടെ, അവർ കൈ കീശകളിൽ തിരുകിക്കൊണ്ടു നോക്കിനില്ക്കും. എന്നാൽ നിങ്ങൾ സ്വയം പിടഞ്ഞു കരയ്ക്കുകയറിയാൽ അവർ വന്നു നിങ്ങൾക്കു കൈതന്നു കയററും!

ഇപ്പറഞ്ഞ കൂട്ടർ 401-ാംനമ്പരിലെ ഈ സമുദായത്തിന്റെ ശക്തിയെ സ്വാഭാവികഗുണംകൊണ്ടുമാത്രം മണത്തറിയുകയും, അതിന്റെ ആ ശക്തിവിശേഷത്തിൽ ആകൃഷ്ടരാകുകയും അതുമൂലം അതിനോട്ട് അടുപ്പം സമ്പാദിക്കാൻ ശ്രമിക്കുകയുംചെയ്യു. എന്നാൽ ഒരിക്കലും അവരതിൽ ചേർന്നില്ല. വേറൊരു കൂട്ടരുണ്ട് — ഇങ്ങനെ ഒരു സമുദായം ഉണ്ടെന്നുപോലും ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവർ. ഞാനവരെ കൊലപ്പുള്ളികളെന്നാണ് വിളിക്കുന്നത്. എങ്കിലും കൊലപ്പുള്ളികളും മനുഷ്യവർഗ്ഗത്തിൽപെട്ടവർ തന്നെയാണല്ലോ. എന്നാൽ ഇവററയാകട്ടെ, കയ്യിൽ വടിയും ഇരുമ്പുമേന്തിയ, ചെക്കുഭാഷ സംസാരിക്കുന്ന, മൃഗങ്ങളായിരുന്നു. ഇവർ ഞങ്ങളെ മർദ്ദിക്കുന്നതു കണ്ടിട്ടു്, ആ കാഴ്ച കാണാൻ കഴിയാഞ്ഞു്, പല ജർമ്മൻകമ്മിസ്സാർമാർപോലും ഓടിപ്പൊയ്ക്കളഞ്ഞിട്ടുണ്ട്. തങ്ങളുടെ സ്വന്തം രാഷ്ട്രത്തേയൊ തങ്ങളുടെ 'റീച്ച്നേ'യൊ ഓർത്തു മൃഗീയവികാരങ്ങളെ മറയ്ക്കുന്നതിനുള്ള കാപട്യംപോലും അവക്കു വേണ്ടുവോളമില്ലായിരുന്നു. അവർ രസത്തിനുവേണ്ടി മർദ്ദിക്കുകയും കൊല്ലുകയും ചെയ്തു; പല്ലുകൾ തല്ലിക്കൊഴിച്ചു, ശ്രവണചർമ്മങ്ങൾ കുത്തിക്കീറി, കണ്ണുകൾ ചൂഴ്ന്നെടുത്തു, കടവയറിന്മേൽ ചവിട്ടി, തലയ്ക്കടിച്ചു് തലച്ചോർ പുറത്താക്കി. ഇതെല്ലാം അവരിലെ ക്രൂരതയെ തൃപ്തിപ്പെടുത്താൻവേണ്ടിമാത്രമായിരുന്നു. അവരെ എന്നും ഇങ്ങിനെ കാണുകയും അവരുടെ സാന്നിദ്ധ്യം—രക്തവും ദീനരോദനവും അന്തരീക്ഷത്തെ ഭയങ്കരപ്പെടുത്തുന്ന

അവരുടെ സാന്നിദ്ധ്യം–സഹിക്കുകയും വേണ്ടിയിരുന്നു. അവരുടെ ക്രൂരകർമ്മങ്ങളുടെ അവസാനത്തെ സാക്ഷിയെപ്പോലും കൊന്നുകളഞ്ഞാൽകൂടി, നീതിയുടെ കൈകളിൽനിന്നും അവസാനം അവർ രക്ഷപെടുകയില്ല എന്നു നിങ്ങളിലുള്ള ഒരു ദൃഢവിശ്വാസം മാത്രമാണ് അവക്കെതിരായി നിങ്ങൾക്കുള്ള ഏകരക്ഷാകവചം.

ഇത്തരക്കാർ ഇരുന്നിരുന്ന ഒരു മേശയ്ക്കരികിൽത്തന്നെ ഒരു വലിയ 'മ'യോടുകൂടി ആരംഭിച്ച്—'മനുഷ്യർ'—എന്ന് എഴുതപ്പെടാൻ അർഹതയുള്ളവരും ഇരുന്നിരുന്നു. അവരാണ് തടവുകാരെ രക്ഷിക്കാൻവേണ്ടി ജയിൽ നിയമങ്ങളുണ്ടാക്കിയതും, 400 ാം നമ്പരിലെ ജയിൽ സമുദായത്തെ കെട്ടിപ്പടുക്കാൻ സഹായിച്ചതും, അവരുടെ പൂർണ്ണ ഹൃദയത്തോടും ധൈര്യത്തോടുംകൂടെ അതിലെ അംഗങ്ങളായി വർത്തിക്കുകയും ചെയ്തിരുന്നത്. അവർ കമ്യൂണിസ്റ്റുകാരല്ലെന്നുള്ളത് അവരുടെ മഹത്വത്തിന് മാററുകൂട്ടുന്നു; നേരേമറിച്ച് അവർ ചെക്ക പോലീസിന്റെ ഏജന്റന്മാരെന്ന നിലയിൽ കമ്യൂണിസ്ററുകൾക്കെതിരായി പ്രവർത്തിക്കുകകൂടി ചെയ്തിട്ടുണ്ടായിരിക്കാം. എന്നാൽ ഞങ്ങൾ, നമ്മുടെ രാജ്യം വെട്ടിപ്പിടിച്ച ആക്രമികൾക്കെതിരായി പടവെട്ടുന്നതു കണ്ടതുമുതൽ, രാജ്യത്തിന്റെ പൊതുവായ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം കമ്യൂണിസ്ററുകൾക്കുള്ള പ്രാധാന്യം അവർ മനസ്സിലാക്കി. ആ സമയം മുതൽ, ആ തടവു ബഞ്ചുകളിൽപോലും വിശ്വസ്തതയോടെ ഉറച്ചുനിന്ന ഞങ്ങളിൽ ഓരോരുത്തരെയും അവർ സഹായിച്ചു.

ഒരിക്കൽ ഗെസ്റ്റാപ്പോവിന്റെ കൈകളിൽ പെട്ടാൽ തങ്ങൾക്കു നേരിടേണ്ടിവരുന്നതെന്താണെന്നു ഒന്നു വിഭാവനം ചെയ്യാൻ കഴിഞ്ഞെങ്കിൽ, പുറത്തുനിന്നിരുന്ന നമ്മുടെ പടയാളികളിൽ പലരും കുലുങ്ങിപോകുമായിരുന്നു. ഓരോ നിമിഷവും ഓരോ മണിക്കൂറും അകത്തുള്ള വിശ്വസ്തഭടന്മാർ കൺമുന്നിൽത്തന്നെ ഭീകരതകൾ കണ്ടുകൊണ്ടിരുന്നു. അവരും ഏതു നിമിഷവും തടവുകാരുടെ കൂട്ടത്തിലേക്കു തള്ളപ്പെടുകയും, അവരേക്കാൾ ഭീകരമായ പരീക്ഷണങ്ങൾക്കു വിധേയരാവേ

ളകയും ചെയ്യേക്കാമെന്ന പ്രതീക്ഷയിലാണ് അവർ ഓരോ മണിക്കൂറും ജീവിച്ചിരുന്നത്. എങ്കിലും അവർ കുലുങ്ങിയില്ല. ആയിരക്കണക്കിനാളുകളുടെ ജീവൻ രക്ഷിക്കാനവർ സഹായിച്ചു; അവർക്കു രക്ഷിക്കാൻ കഴിയാത്തവരുടെ ജീവിതയാതനകളെ അവർ മയപ്പെടുത്തി. മഹത്വത്തിന്റെ നാമധേയവും അവരുടേതാണ്. ആയിരമായിരം കമ്യൂണിസ്റ്റുകാർക്ക് 400-ാം നമ്പർ എന്നെന്താണോ അതു് അവർക്കുണ്ടാതെ ആകുമായിരുന്നില്ല: ഇരുട്ടറയിലെ ഒരു പ്രകാശകേന്ദ്രം, ശത്രുനിരയുടെ പിന്നിലുള്ള ഒരു കിടങ്ങ് (ട്രഞ്ച്), ശത്രുവിന്റെ മടയ്ക്കുള്ളിൽത്തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ഒരു കേന്ദ്രം.

അദ്ധ്യായം 5

# *വ്യക്തികളും നിഴൽചിത്രങ്ങളും

ഈ ചരിത്ര കാലഘട്ടത്തിൽക്കൂടെ ജീവിക്കുന്നവരോട് എനിക്കൊന്നു പറയുവാനുണ്ട്: ഈ സമരത്തിൽ പങ്കെടുക്കുന്നവരെ ഒരിക്കലും മറക്കാതിരിക്കുക. നല്ലതിനേയും ചീത്തയേയും ഓർത്തിരിക്കുക. നിങ്ങൾക്കുവേണ്ടിയും തങ്ങൾക്കുതന്നെ വേണ്ടിയും മരിച്ചവരെപ്പറ്റി കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കുക. വർത്തമാനകാലം അചിരേണ ഭൂതകാലചരിത്രമായി മാറും; ചരിത്രം സൃഷ്ടിച്ച, പേരറിയപ്പെടാത്തവരായ, വീരനായകന്മാരെക്കൊണ്ടു നിറഞ്ഞ ഒരു മഹനീയ കാലഘട്ടമായി ഇതു് അറിയപ്പെടും. എങ്കിലും അവർക്കും പേരുകളും, മുഖങ്ങളും, ആശകളും, ആഗ്രഹങ്ങളും, ഉണ്ടായിരുന്നു. അക്കാരണംകൊണ്ടുതന്നെ പോലും, അവരുടെ ത്യാഗങ്ങൾ, അവരിൽ ഏറ്റവും ചെറിയവരുടേതുപോലും ഇന്നും പേർ നിലവിൽ നില്ക്കുന്ന ഏറ്റവും മുന്തിയവരുടേതിനേക്കാൾ ഒട്ടും കുറവായിരുന്നില്ല. നിങ്ങൾ അവരെ അറിഞ്ഞിരുന്നാൽ എന്നപോലെ, അവർ നിങ്ങളുടെ കുടുംബാംഗങ്ങൾ ആയിരുന്നാൽ എന്നപോലെ, അഥവാ നിങ്ങൾ അവർ തന്നെ ആയിരുന്നാൽ എന്നപോലെ അത്ര അടുപ്പം അവരോടു നിങ്ങൾക്കു തോന്നണമെന്നു മാത്രമാണ് ഞാനാഗ്രഹിക്കുന്നതു്.

വീരനായകന്മാരുടെ കുടുംബങ്ങൾ മുഴുവൻ ഇങ്ങിനെ കൊല്ലപ്പെട്ടിട്ടുണ്ടു്. അവരിൽ ആരെയെങ്കിലും തെരഞ്ഞെടുത്തു നിങ്ങളുടെ സ്വന്തം മകനെപ്പോലെയോ മകളെപ്പോലെയോ സ്നേഹിക്കുക; ഭാവിക്കുവേണ്ടി ജീവിച്ച മഹാന്മാരെക്കുറിച്ചെന്നപോലെ അവരെക്കുറിച്ചു് അഭിമാനംകൊള്ളുക. ഭാവിയിൽ ജീവിക്കുകയും ഭാവിയെ മനോഹരമാക്കാൻവേ

ണ്ടി സ്വന്ത ജീവിതം നല്കുകയും ചെയ്തു ഓരോരുത്തരും തങ്ങളുടെ പേരിൽ കൽപ്രതിമകൾ സ്ഥാപിക്കപ്പെട്ടതകുവണ്ണം ഉൽകൃഷ്ടരാണ്. ഭൂതകാലത്തിന്റെ പൊടികൊണ്ട് വിപ്ലവപ്പാച്ചിലിനെ എതിരായി അണകെട്ടാൻ ശ്രമിച്ചവർ അവരുടെ തോളുകളിൽ സ്ഥാനത്തിന്റേയും പദവിയുടേയും ചിഹ്നങ്ങളുടെ മിനുക്കങ്ങളുണ്ടെങ്കിലും അവർ ഭ്രമിക്കുന്ന മരപ്പാവകളാണ്. ആ കോലങ്ങളെ മാംസരൂപത്തിൽ കാണേണ്ടതാവശ്യം തന്നെയാണ്; അവരുടെ ദയനീയമായ നീചത്വത്തിലും, ക്രൂരതയിലും, അപഹാസ്യതയിലും വെച്ച് അവരെ കാണേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഭാവിയെപ്പറ്റിയുള്ള നമ്മുടെ സങ്കല്പത്തിന് അവരും അടിസ്ഥാനം നല്കുന്നുണ്ട്.

ഒരു ദൃക്സാക്ഷിയുടെ താഴെക്കാണുന്ന തെളിവ്, ഒരു ചെറിയ വശത്തെക്കുറിച്ചു മാത്രം, അതും ശരിയായ വീക്ഷണകോണത്തിൽക്കൂടെയല്ല, ഞാൻ കുത്തിക്കുറിച്ചിട്ട ചിത്രങ്ങളാണ്. വലിയവരുടേയും ചെറിയവരുടേയും വ്യക്തിഗതങ്ങളായ പാർശ്വഛായാചിത്രങ്ങളുടെ വെറും പുറംരേഖകൾ മാത്രം.

## ജെലിനെക്ക് ദമ്പതികൾ

ജോസഫും മേരിയും. അയാൾ ഒരു ട്രാം കണ്ടക്ടരും അവൾ ഒരു വീട്ടുവേലക്കാരിയുമാണ്. നിങ്ങൾ അവരുടെ വീടൊന്നു കാണേണ്ടതു തന്നെയാണ്. എന്തൊരു മിനുപ്പ്, ലാളിത്യം! നവീന വീട്ടുസാമഗ്രികൾ, ഒരു ബുക്ക്കേസ്, ഒരു ചെറിയ പ്രതിമ, ചുമരിൽ ചിത്രങ്ങൾ—എല്ലാം വൃത്തിയായി വെച്ചിരിക്കുന്നു, നിങ്ങൾക്കു വിശ്വാസം തോന്നില്ല, അത്രക്കു വൃത്തിയായിരിക്കും. മേരിയുടെ ജീവൻ മുഴുവൻ ആ മുറിക്കകത്താണെന്നും, ബാക്കി ലോകത്തെക്കുറിച്ചവൾക്കൊന്നും അറിയില്ലെന്നും നിങ്ങൾ പറഞ്ഞുപോകും. എന്നാൽ അവൾ വളരെക്കാലമായി കമ്യൂണിസ്റ്റ് പാർട്ടിയിൽ പണിയെടുക്കുന്നു, അവൾക്കും സാമൂഹ്യനീതിയെപ്പറ്റി അവളുടെ സ്വന്തമായ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. അവരിരുവ

ടും ആത്മസമർപ്പണത്തോടുകൂടിയും ശാന്തമായും പണിയെടുത്തു — വിദേശീയാക്രമണം ഭാരമേറിയ ചുമതലകൾ അവരെ ഏല്പിച്ചപ്പോൾ അവർ പിൻവാങ്ങിയില്ല.

മൂന്നുകൊല്ലത്തെ രഹസ്യപ്രവർത്തനത്തിനുശേഷം, അവരുടെ വീട്ടിൽ പോലീസു കയറി. തലയ്ക്കുമീതെ കൈകളുയർത്തിപ്പിടിച്ചുകൊണ്ട് അവരിരുവരും തൊട്ടുതൊട്ടുനിന്നു— ഹൃദയസ്പൃശിയായ കാഴ്ച.

## മേയ് 19, 1943.

ഇന്നു രാത്രി എന്റെ അഗസ്റ്റീനായെ അവർ വലിച്ചിഴച്ച് പോളണ്ടിലേയ്ക്കു "വേലയ്ക്കായി" കൊണ്ടുപോയി. കടൽബോട്ടിലോ കപ്പലിലോ പാചകശാലയിലോ പണിചെയ്യിക്കാൻ, മസൂരികൊണ്ടുള്ള മരണത്തിലേക്ക്— അവൾക്കിനി ഏതാനും ആഴ്ചത്തെ ജീവിതമേയുള്ളു, ഒരുപക്ഷേ രണ്ടോ, മൂന്നോ മാസത്തേയ്ക്കുണ്ടായേക്കാം. എന്റെ കേസ്സ് കോടതിയിലേക്കയച്ചു. പാൻക്രാററ്സിൽ ഇനി നാലാഴ്ചത്തെ വിചാരണ കൂടിയുണ്ടാകും, പിന്നെ രണ്ടോ മൂന്നോ മാസംകൊണ്ട് അന്ത്യവുമാകും. ഈ കുറിപ്പുകൾ ഒരിക്കലും അവസാനിപ്പിക്കാൻ സാധിക്കുകയില്ല. അവസരം കിട്ടുന്നതിനനുസരിച്ചു അടുത്ത ഏതാനും ദിവസങ്ങൾക്കകം എന്നെക്കൊണ്ടാവുന്നത്ര എടുക്കാൻ ഞാൻ ശ്രമിക്കാം. എന്നാൽ ഇന്ന് എനിക്കെഴുതാൻ സാദ്ധ്യമല്ല. എന്റെ മനസ്സിലും ഹൃദയത്തിലും നിറയെ അഗസ്റ്റീനയാണ്, ഉൽകൃഷ്ടയും വികാരഭരിതയുമായ ഒരു വ്യക്തി; ആഴമേറിയതെങ്കിലും അത്രയൊന്നും സമാധാനപരമല്ലാത്ത ഒരു ജീവിതത്തിലെ വിശ്വസ്തയായ ഒരു അനർഘമിത്രം.

എല്ലാദിവസവും സന്ധ്യാസമയത്ത് അവൾക്കേററവും പ്രിയപ്പെട്ട പാട്ട് ഞാൻ അവൾക്കായി പാടാറുണ്ട്. 'സ്റ്റെപ്പി' പരപ്പുകളിലെ ഇളംനീല പുൽക്കൊടികൾ അതുകളുടെ മർമ്മരങ്ങളിൽക്കൂടെ ഗെറില്ലായുദ്ധത്തിന്റെ ഉജ്ജ്വല കഥകളുരുവിടുന്നതിനെപ്പററിയും, ഭർത്താവിനോടൊന്നിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയ ഒരു കൊസ്സാക്ക ബാലികയേപ്പ

ററിയും, അവളുടെ ധീരതയേപ്പററിയും, ഒരു യുദ്ധത്തിൽ അവളെ നിലത്തുനിന്നും എണീപ്പിക്കാൻ കഴിയാതെ വന്നതെങ്ങിനെയെന്നതിനെപ്പററിയും, എല്ലാം ഞാനവൾക്കുവേണ്ടി പാടി.

ഓ, എൻെറ ധീരയായ സഖാവേ, നിൻെറ ആ കൃശഗാത്രത്തിലും ആ ഭംഗിയിൽ കടഞ്ഞെടുത്ത മുഖത്തിലും എത്ര മഹത്തായ ശക്തി! കുഞ്ഞുങ്ങളുടേതുപോലുള്ള ആ വലിയ കണ്ണുകളിൽ എന്തൊരുസ്നേഹം! അവസാനമില്ലാത്ത സമരവും കൂടെക്കൂടെയുള്ള വേർപാടുകളും ഞങ്ങളെ എന്നെന്നും കാമിനീകാമുകന്മാരാക്കിത്തീർത്തു. ആദ്യലാളനത്തിൻെറയും ആദ്യസംയോഗത്തിൻെറയും ചൂടേറിയ നിമിഷങ്ങളുടെ അനുഭൂതി ഒരു നൂറുതവണ ഞങ്ങൾ വീണ്ടുംവീണ്ടും ആസ്വദിച്ചിട്ടുണ്ട്. ഞങ്ങളുടെ രണ്ടു ഹൃദയങ്ങൾക്കുംകൂടി ഒരൊററ മിടിപ്പേയുള്ളു. ആനന്ദത്തിൻെറതായ നിമിഷങ്ങളിലും ഉൽക്കണ്ഠയുടേയും പരിഭ്രമത്തിൻെറയും ദുഃഖത്തിൻെറയും അവസരങ്ങളിലും ഞങ്ങൾ രണ്ടാളും ശ്വസിക്കുന്നത് ഒരേ ശ്വാസമാണ്.

അനേകവർഷം ഞങ്ങൾ ഒന്നിച്ചു പണിയെടുക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തിട്ടുണ്ട്; ആത്മമിത്രങ്ങൾക്കുമാത്രം സാധിക്കുന്ന രീതിയിലായിരുന്നു അത്. അനേകവർഷങ്ങളായി അവളാണ് എൻെറ ഒന്നാമത്തെ വായനക്കാരിയും ഒന്നാമത്തെ വിമർശകയും; അവളുടെ കണ്ണുകൾ എൻെറ മേലുണ്ടെന്നരോന്നൽ കൂടാതെ എഴുതാൻതന്നെ വിഷമമാണ്. ഞങ്ങളുടെ ജീവിതത്തിൽ സമൃദ്ധമായിട്ടുണ്ടായിരുന്ന സമരങ്ങളിൽ ഞങ്ങൾ അനേകവർഷം ഒരുമിച്ചു നിന്നിട്ടുണ്ട്. ഞങ്ങൾ സ്നേഹിക്കുന്ന ഈ നാട്ടിൽ ഞങ്ങൾ കൈകോർത്തുപിടിച്ചുകൊണ്ടു അനേകവർഷം അങ്ങോളമിങ്ങോളം അലഞ്ഞുനടന്നിട്ടുണ്ട്. ഞങ്ങൾക്ക് അനേകം പരീക്ഷണങ്ങളും ആനന്ദാനുഭവങ്ങളുമുണ്ടായിട്ടുണ്ട്. കാരണം, പാവങ്ങളുടെ ധനത്തിൽ—ഞങ്ങളിൽത്തന്നെയുള്ള ധനത്തിൽ—ഞങ്ങൾ സമ്പന്നരായിരുന്നു.

അഗസ്റ്റീനയോ? നോക്കു, അത് അഗസ്റ്റീനയാണ്:

പട്ടാളഭരണകാലത്തിനിടക്ക്, ഒരു കൊല്ലം മുമ്പ് ജൂൺ മാസത്തിന്റെ മദ്ധ്യത്തിലായിരുന്നു അത്. ഞങ്ങളുടെ അറസ്റ്റിനു ശേഷം ആറാഴ്ച കഴിഞ്ഞാണ് അവൾ എന്നെ ആദ്യമായി കാണുന്നത്; ആ ആറാഴ്ചക്കാലവും എന്റെ മരണത്തെപ്പററിയുള്ള പല കിംവദന്തികളേയും നേരിട്ടുകൊണ്ട് അവൾ ഒററക്കു തന്റെ ആപൽക്കരങ്ങളായ ദിവസങ്ങളെ തടവുമുറിയിൽ ഏകാകിനിയായി തള്ളിനീക്കുകയായിരുന്നു. എന്നെ മയപ്പെടുത്താൻവേണ്ടിയാണ് അവളെ അവരിപ്പോൾ കൊണ്ടുവന്നിരിക്കുന്നത്.

“അയാളെ പറഞ്ഞു സമ്മതിപ്പിക്കുക,” ഞങ്ങളെ മുഖത്തോടു മുഖംനോക്കി നിറുത്തിക്കൊണ്ടു ഡിപ്പാർട്ടുമെന്റ് ചീഫ് പറയുകയാണ്. “ബുദ്ധികാണിക്കാൻ അയാളെ പറഞ്ഞു സമ്മതിപ്പിക്കുക. അയാളെക്കുറിച്ചുതന്നെ അയാൾക്കു വിചാരമില്ലെങ്കിൽ നിന്നെ വിചാരിച്ചെങ്കിലും പ്രവർത്തിക്കാൻ അയാളെ അനുസരിപ്പിക്കുക. നിനക്ക് ഒരു മണിക്കൂർ സമയം തന്നിരിക്കുന്നു, ശരിക്കാലോചിച്ചോളൂ. ഇനിയും നീ ശാഠ്യം പിടിച്ചാൽ ഇന്നു രാത്രിതന്നെ നിന്നെ വെടിവെച്ചു, കൊല്ലും നിങ്ങളെ രണ്ടുപേരെയും.”

“മി: കമ്മിസ്സാർ, അതൊരിക്കലുമൊരു ഭീഷണിയല്ല. അത് എന്റെ അവസാനത്തെതും ഏററവും വലുതുമായ ഒരാഗ്രഹമാണ്. അദ്ദേഹത്തെ കൊല്ലുന്നെങ്കിൽ എന്നേയും കൊന്നുകളയുക.”

അതാണ് എന്റെ അഗസ്റ്റീന, അപാരമായ സ്നേഹവും മഹത്തായ ശക്തിയും.

അവർക്കു നമ്മുടെ ജീവൻ കവർന്നുകളയാൻ കഴിഞ്ഞേക്കാം. എന്നാൽ നമ്മുടെ പ്രേമമോ മാനമോ കവർന്നുകളയാൻ സാദ്ധ്യമല്ല? അല്ലേ, അഗസ്റ്റീനാ.?

ഇതെല്ലാം കഴിഞ്ഞു വീണ്ടും ഒത്തുചേരുകയാണെങ്കിൽ ഞങ്ങൾ എങ്ങിനെയാണു ജീവിക്കുക എന്നു നിങ്ങൾക്കു സങ്കല്പിക്കാമോ? നിർമ്മാണപരമായ സ്വാതന്ത്ര്യംകൊണ്ടു മനോഹരമായ ഒരു സ്വാതന്ത്ര്യജീവിതത്തിൽ ഞങ്ങൾ വീണ്ടും ഒത്തുചേർന്നാൽ ജീവിക്കുന്നതെങ്ങിനെയായിരിക്കുമെന്ന്?

ഞങ്ങർ യാതൊന്ന് ആഗ്രഹിച്ചുവോ, യാതൊന്നിനുവേണ്ടി ഞങ്ങർ ക്ഷമയോടുകൂടെ പണിയെടുത്തുവോ, യാതൊന്നിനു വേണ്ടി ഇപ്പോൾ ഞങ്ങർ മരിക്കുന്നുവോ, അതു സാധിച്ച ശേഷം, മരിച്ചാലും, നിങ്ങളുടെ സന്തോഷത്തിൻെറ ഒരു ഭാഗത്ത് ഞങ്ങളും കൂടും, കാരണം ഞങ്ങളുടെ ജീവൻകൊണ്ടു ഞങ്ങളിതിൽ മുതലിറക്കീട്ടുണ്ട്. വിട്ടുപിരിയുന്നതിലുള്ള സങ്കടമുണ്ടെങ്കിലും അതു ഞങ്ങൾക്കാനന്ദംതരുന്നു.

എന്നാൽ യാത്രപറഞ്ഞു പിരിയാൻ അവർ ഞങ്ങളെ അനുവദിച്ചില്ല, ആലിംഗനം ചെയ്യാനോ, കൈ ഒന്നു പിടിച്ചമത്താൻപോലുമോ ഞങ്ങളെ അനുവദിച്ചില്ല. പാൻക്രാററ്സ് ജയിലും കാർലോവാ സ്കായറും തമ്മിൽ ബന്ധിക്കുന്ന ജയിൽവഴിയിലെ കൂട്ടസ്ഥാപനംമാത്രം ഉടക്കിടക്കു ഞങ്ങളുടെ വർത്തമാനങ്ങൾ അന്യോന്യം അറിയിക്കും. എൻെറ അഗസ്റ്റീനാ, എനിക്കറിയാ, നിനക്കുമറിയാം, നമുക്കിനി ഒരുപക്ഷേ അന്യോന്യം കണ്ടുമുട്ടാൻ തരപ്പെട്ടുകയില്ല എന്ന്. എങ്കിലും വിദൂരതയിൽനിന്നും നിൻെറ ശബ്ദം വിളിച്ചറിയിക്കുന്നതായി ഞാൻ കേൾക്കുന്നു: പ്രിയാ, നമുക്കിപ്പോൾ പിരിയുക—പിന്നെക്കാണാം.

നമുക്കു പിന്നെക്കാണാം, എൻെറ അഗസ്റ്റീനാ!

## എൻെറ മരണപത്രം

എൻെറ ഗ്രന്ഥശാലയല്ലാതെ മറെറാരു സ്വത്തും എനിക്കുണ്ടായിരുന്നില്ല. ഗെസ്റ്റാപ്പോ അതു നശിപ്പിച്ചു.

സാംസ്കാരികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളേ സംബന്ധിക്കുന്ന അനവധി ലേഖനങ്ങളും, സാഹിത്യത്തേയും നാടകശാലയേയും കുറിച്ചുള്ള നിരവധി പത്രലേഖനങ്ങളും നിരൂപണങ്ങളും ഞാനെഴുതിവെച്ചിരുന്നു. ഇവയിലധികവും ദീർഘകാലപ്രാധാന്യമുള്ളവയായിരുന്നില്ല. ചിലതെല്ലാം ആ ദിവസത്തോടൊപ്പം നശിക്കുന്നവയുമാണ്. എന്നാൽ ചിലതു ജീവിക്കും. അഗസ്റ്റീനാ അതു പ്രസിദ്ധപ്പെടുത്തുമെന്നാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ ഇനി അതിനു വലിയ സാദ്ധ്യതയില്ല. അതിനാൽ അവയിൽ ഏററ

വും നല്ലതുനോക്കി തിരിഞ്ഞെടുത്ത് 5 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഞാൻ എൻെറ സഖാവ് 'ലാഡ്യാസ്ലോൾ' നോട് അവ ഏല്പിക്കുന്നു.

1–രാഷ്ട്രീയലേഖനങ്ങളും ചർച്ചകളും.

2–അഭ്യന്തരകാര്യങ്ങളേപ്പററിയുള്ള തെരഞ്ഞെടുത്ത റിപ്പോർട്ടുകൾ.

3–സോവ്യററയൂണിയനിൽ നിന്നുള്ള കുറിപ്പുകൾ.

4–5-നാടകങ്ങളേയും സാഹിത്യങ്ങളേയും സംബന്ധിച്ച നിരൂപണങ്ങൾ.

ഇവയിൽ മിക്കതും "ടോർബ" (സൃഷ്ടിപരമായ കല) യിലും "റൂഡ്പ്രാവോ" (രക്താവകാശങ്ങൾ) യിലും കാണാം. മററുള്ളവ "മെൻ," "പ്രാമെൻ", "പ്രോലെററ്കൾട്ട്", "സോബാ", "സോഷ്യലിസ്റ്റ്". "അവൻറ്ഗാർഡ്", എന്നിവയിലും മററു സാഹിത്യ രാഷ്ട്രീയപത്രങ്ങളിലും കണ്ടെത്താം.

'ജൂലിയസ്‌സേയറി'നേപ്പററിയുള്ള എൻെറ നിരൂപണകൃതികൾ, ഗിർഗാളിൻെറ കയ്യിലാണ്. ഞാൻ ഏററവും സ്നേഹിക്കുന്ന ഒരു പ്രസാധകനാണദ്ദേഹം; ശത്രുക്കൾ നമ്മുടെ രാജ്യം കീഴടക്കി തമ്പടിച്ചിരുന്ന കാലത്ത് അദ്ദേഹം എൻെറ "ബോഷിനനെംകോവ്" പ്രസിദ്ധപ്പെടുത്തുവാൻ ധൈര്യപ്പെട്ടു. സാബിനേപ്പററിയുള്ള നിരൂപണത്തിൻെറ ചില ഭാഗങ്ങളും, ജാൻനെരുദയേപ്പററിയുള്ള കുറിപ്പുകളും, ജെലിനക്കദമ്പതികളും മററും താമസിച്ചിരുന്ന കെട്ടിടത്തിലെവിടയോ ഒളിച്ചുവെച്ചിട്ടുണ്ട്. അവരിൽ മിക്കവരും മരിച്ചുപോയിരിക്കുന്നു.

നമ്മുടെ തലമുറയേപ്പററി ഞാൻ ഒരു നോവൽ തുടങ്ങിവെച്ചിരുന്നു. രണ്ടദ്ധ്യായങ്ങൾ എൻെറ മാതാപിതാക്കന്മാരുടെ കൈവശം ഉണ്ട്. ബാക്കി ഒരു പക്ഷേ നശിപ്പിച്ചിട്ടുണ്ടായിരിക്കാം. എൻെറ പല കഥകളുടെയും കയ്യെഴുത്തുപ്രതി ഗെസ്റ്റാപ്പൊ ഫയലിൽ ഞാൻ കാണുകയുണ്ടായി.

'ജാൻനെരുദ'യെപ്പററി എനിക്കുള്ള പ്രതിപത്തി ഇനിയും ജനിക്കാനിരിക്കുന്ന ഏതെങ്കിലും സാഹിത്യചരിത്രകാരന് ഞാൻ ഔസ്യത്തെഴുതിത്തരുന്നു. ജാൻനെരുദ നമ്മ

ടെ മഹാനായ ഒരു കവിയായിരുന്നു; നമ്മേക്കാൾ എത്രയോ അധികം വിദൂരമായ ഭാവിയിലേക്കു നോക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തെ പൂർണ്ണമായി മനസ്സിലാക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒരൊററ നിരൂപണമെങ്കിലും ഇതേവരെ ഉണ്ടായിട്ടില്ല. ഒരു തൊഴിലാളി എന്ന നിലയ്ക്കു ഞാൻ നെരൂദയുടെ ചിത്രം ഇതുവരേയും എഴുതിയിട്ടില്ല. തൊഴിലാളികൾ താമസിക്കുന്ന പ്രദേശമായ സ്മിച്ചോവിന്റെ അതൃത്തിയിലാണദ്ദേഹം ജനിച്ചതു് "ശ്മശാനപുഷ്പങ്ങൾ" എഴുതാനുള്ള വിവരങ്ങൾ അദ്ദേഹം ശേഖരിച്ചതു് 'റിംഗ് ഹോഫർ' എന്ന മില്ലിന്റെ പരിസരങ്ങളിൽ നിന്നാണ്. "ശ്മശാനപുഷ്പങ്ങൾ" തൊട്ടു " 890 മേയ് 1." എന്ന പദശകലംവരെയുള്ള നെരൂദയുടെ കൃതികൾ ഈ പശ്ചാത്തലത്തിലല്ലാതെ നിങ്ങൾക്കു മനസ്സിലാക്കാൻ വിഷമമാണ്. ഭൂരിപക്ഷം ആളുകളും—ഇത്ര വ്യക്തമായി ചിന്തിക്കുന്ന 'ഷാൽദ'യെപ്പോലുള്ള ഒരു വിമർശകൻ പോലും—വിചാരിക്കുന്നതു് അദ്ദേഹത്തിന്റെ പത്രപ്രവർത്തനം കവിതയുടെ മേന്മയേ കുറയ്ക്കുമെന്നാണ്. അതു് അസംബന്ധമാണ്. ഒരു പത്രപ്രവർത്തകനായിരുന്നതുകൊണ്ടു മാത്രമാണ് "വീരകഥകൾ," "ഗീതകങ്ങൾ," "വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കുള്ള കീർത്തനങ്ങൾ," മുതലായ മഹത്തരങ്ങളായ കൃതികളും, "സരളോദ്ദേശങ്ങൾ," എന്ന കൃതിയിലെ മിക്കഭാഗങ്ങളും എഴുതാൻ നെരൂദയ്ക്കു സാധിച്ചതു്. പത്രപ്രവർത്തനം ഏററവും ശ്രമകരവും ഭ്രാന്തു പിടിപ്പിക്കുന്നതുമായ പണിയാണ്. എങ്കിലും വായനക്കാരുമായി നേരിട്ടു ബന്ധം സ്ഥാപിക്കുന്നതിൽ അതു നമ്മളെ സഹായിക്കുന്നു. കവിത പോലും എഴുതാൻ അതു നമ്മളെ പഠിപ്പിക്കുന്നു– പ്രത്യേകിച്ചു് നാം നെരൂദയെപ്പോലെ സത്യസന്ധതയുള്ള പത്രപ്രവർത്തകരാണെങ്കിൽ, നാമതിനു ശക്തരാകുകതന്നെ ചെയ്യും. പത്രപ്രവർത്തനമില്ലായിരുന്നെങ്കിൽ 'ജാൻ നെരൂദ' അനവധി കവിതാഗ്രന്ഥങ്ങളെഴുതുമായിരുന്നു; എന്നാൽ, അവയിലൊന്നും ഇന്നത്തെ കൃതികളേപ്പോലെ നൂററാണ്ടുകാലം ജീവിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ "സാബിനാ," എന്ന

കൃതി ഇനിയും ആരെങ്കിലും മുഴമിച്ചു എന്നുവരാം, പ്രയോജനമുള്ള ഒരു പ്രവൃത്തിയാണത്.

അവരുടെ സ്നേഹവും നിഷ്കളങ്കമായ ഗാംഭീര്യവും കാരണം, എൻെറ മാതാപിതാക്കന്മാർക്ക് അവരുടെ ഈ വാർദ്ധക്യദശയിൽ ഒരു ശോഭനമായ ജീവിതം സാദ്ധ്യമാകാൻ ഞാനാഗ്രഹിച്ചു. ആ ലക്ഷ്യം എൻെറ പ്രവൃത്തികളിൽ അധികഭാഗത്തിനും അർത്ഥം നല്കി. എൻെറ വിയോഗം അവരുടെ അവസാന ദിവസങ്ങളെ കാർമേഘാവൃതമാക്കുകയില്ലെന്നു ഞാൻ ആശിക്കുന്നു. "വേലക്കാരൻ മരിച്ചുപോകുന്നവനാണ്, എന്നാൽ വേല അനശ്വരവുമാണ്" അവരെ ആവരണം ചെയ്യുന്ന ചൂടിലും വെളിച്ചത്തിലുംകൂടെ ഞാൻ എപ്പോഴും അവരുടെ കൂടെയുണ്ടായിരിക്കും.

നമ്മുടെ കുടുംബത്തിലുണ്ടായിരിക്കുന്ന ഈ വിടവ് മറന്നുപോകാൻവേണ്ടി, അച്ഛനമ്മമാരെ പാട്ടും ചിരിയും കൊണ്ടു സഹായിക്കാൻ, ഞാൻ എൻെറ സഹോദരിമാർ 'ലീബ'യോടും 'വേര'യോടും അഭ്യർത്ഥിക്കുന്നു. ചെച്ചെക്ക് കെട്ടിടത്തിൽ ഞങ്ങളെക്കാണാൻ വന്നപ്പോൾ അവർ അനവധി കണ്ണുനീർ പൊഴിച്ചു. എങ്കിലും അവരിൽ ആനന്ദം കുടികൊള്ളുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ അന്യോന്യം ഇത്രയും സ്നേഹിക്കുന്നത്. അവർ ഞങ്ങൾക്കു ചുററും ആനന്ദം വാരിവിതറുന്നു—അവരുടെ ആനന്ദത്തെ യാതൊന്നും ഒരിക്കലും കവരാതിരിക്കട്ടെ.

ഈ അവസാന സമരത്തെ അതിജീവിക്കുന്ന ഓരോ സഖാവിൻേറയും, ഞങ്ങൾക്കുശേഷം വരാനിരിക്കുന്നവരുടേയും കൈകളെ ഞാൻ പിടിച്ചമർത്തിക്കൊള്ളുന്നു. എനിക്കും അഗസ്റ്റിനക്കും ഒരു കൈ തരൂ; ഞങ്ങൾ ഞങ്ങളുടെ കടമകൾ നിറവേററിയവരാണ്.

ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഞങ്ങൾ ആനന്ദത്തിനുവേണ്ടി ജീവിച്ചു. ഞങ്ങളതിനുവേണ്ടി പടവെട്ടാൻപോയി. അതിനുവേണ്ടി മരിക്കുന്നു. ഞങ്ങളുടെ പേരുമായി വ്യസനം ഒരിക്കലും ബന്ധപ്പെടാതിരിക്കട്ടെ.

മേയ് 19, 1943

ജെ. എഫ്.

## മേയ് 22, 1943

കയ്യൊപ്പും മുദ്രയും വെച്ചിരിക്കുന്നു. ഇന്നലെകൊണ്ടു വിചാരണ ചെയ്യുന്ന ജഡ്ജിമാർ എൻെറ കേസിലേ അവരുടെ ജോലി അവസാനിപ്പിച്ചിരിക്കുന്നു. ഞാൻ വിചാരിച്ചതിലും വേഗം കേസ്സ് തീൎന്നു. അവൎക്കെന്തോ ധൃതിയുള്ളതുപോലെ തോന്നുന്നു. എൻെറ കൂട്ടുപ്രതികൾ, 'ലീഡാ പ്ലാർച്ചായും, മിറെക്കുമാണ്. വഞ്ചനകൊണ്ടും അയാൾക്കു വലിയ ലാഭമൊന്നുമുണ്ടായില്ല.

വിചാരണചെയ്യുന്ന ജഡ്ജിയുടെ മുമ്പിൽ, എല്ലാം ശീതളവും കണിശവുമാണ്— നമ്മേ വിറപ്പിക്കുന്നത്ര തണുപ്പാണ്. എന്നാൽ ഗെസ്റ്റാപ്പോ ഹെഡ്ക്വാർട്ടേഴ്സിൽ എല്ലാം ശരിക്കും സജീവമാണ്; ഭയങ്കരമാണ്—എന്നാൽ അതു ജീവിതത്തിൻെറ ഒരു ഭാഗമായിരുന്നു. അവിടെ മനുഷ്യ വികാരങ്ങളുണ്ട്— ഒരു ഭാഗത്തു പടയാളികളുടെ വികാരം, മറുഭാഗത്തു ക്രൂരജന്തുക്കളുടെയും വേട്ടക്കാരുടേയും വികാരം; അഥവാ വെറും തട്ടിപ്പറിക്കാരുടെയെങ്കിലും വികാരം. ഏതെങ്കിലും ഒരുതരം വിശ്വാസം അവിടെ എല്ലാവൎക്കുമുണ്ട്. എന്നാൽ വിചാരണ നടത്തുന്ന ജഡ്ജിയുടെ മുമ്പിൽ ഒരു ഔദ്യോഗികകൎമ്മമല്ലാതെ മറെറാന്നുമില്ല. അയാളുടെ കുപ്പായത്തിന്മേൽ തുന്നിപ്പിടിപ്പിച്ചിരുന്ന സ്വസ്തികയോടുകൂടിയ ഉദ്യോഗമുദ്ര അയാളിൽ ഇല്ലാത്ത ഒരു വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നതു്. ഈ കാലഘട്ടത്തിൽ എങ്ങിനെയെങ്കിലും ജീവിക്കുവാൻ ശ്രമിക്കുന്ന അനുകമ്പാൎഹനായ ഒരു ഉദ്യോഗസ്ഥൻ തന്നെത്താൻ രക്ഷിക്കാനും മറക്കാനും ഉപയോഗിച്ചിരുന്നപരിചയായിരുന്നു ആ ഉദ്യോഗ ചിഹ്നം എന്നു പറയാവുന്നതാണ്. അയാൾ പ്രതികൾക്കു് അനുകൂലവുമല്ല പ്രതികൂലവുമല്ല. അയാൾ മന്ദഹസിക്കുകയുമില്ല മുഖം വീൎപ്പിക്കുകയുമില്ല. അയാൾ ഒരു ഔദ്യോഗിക ചടങ്ങു നിർവഹിക്കുകമാത്രം ചെയ്യുന്നു. അയാളുടെ സിരകളിലുള്ളതു ചോരക്കു പകരം കട്ടികുറഞ്ഞ സൂപ്പാണ്.

അവർ തെളിവുകൾ പകൎത്തിവച്ചു, നിയമത്തിൻെറ വ

കുപ്പുകളുദ്ധരിച്ച്, ഒപ്പുവച്ചു. അതിൽ ആറോളം രാജ്യദ്രോഹ കുററാരോപണങ്ങളുണ്ടായിരുന്നു; 'റീച്ചി'നെ (ജർമ്മനിക്കെ)തിരായ ഗൂഢാലോചന, ആയുധമേന്തിയ കലാപത്തിനുള്ള ഒരുക്കങ്ങൾ, പിന്നെ എന്തൊക്കെയാണെന്നെനിക്കറിവില്ല. അതിൽ ഏതെങ്കിലുമൊന്നുമതിയായിരുന്നു.

എൻെറയും മററുള്ളവരുടേയും ജീവനുവേണ്ടി വളരെ ഉത്സാഹപൂർവ്വമായും, പലപല സൂത്രങ്ങളുപയോഗിച്ചും പതിമൂന്നുമാസമായി ഞാനിവിടെ പോരടിക്കുന്നു. എതിരാളികൾ അവരുടെ ഫ്ളാററുഫോറങ്ങളിൽ നോർഡിക്ക് തന്ത്രങ്ങളെപ്പററി പറയുന്നുണ്ട്. എന്നാൽ അതിലെല്ലാം അവരെ എനിക്കു തോല്പിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നുതന്നെ ഞാൻ വിചാരിക്കുന്നു; പിന്നെ, എൻെറ തോൽവി ശേഷിക്കുന്നതു് കോടാലി അവരുടെ കയ്യിലായിരിക്കുന്നു എന്ന വസ്തുതയിന്മേൽ മാത്രമാണ്.

അങ്ങിനെ ആ മൽപിടുത്തം അവസാനിച്ചിരിക്കുന്നു. ഇനി കാത്തിരുപ്പ് ആരംഭിക്കുകയാണ്; കുററപത്രം തയ്യാറാകുന്നതുവരെയുള്ള രണ്ടോ മൂന്നോ ആഴ്ച്ചത്തെ കാത്തിരുപ്പ്. പിന്നെ 'റീച്ച്' (ജർമ്മനി)ലേയ്ക്കുള്ള യാത്രപുറപ്പെടലായി, അവിടെച്ചെന്നു വിചാരണ കാത്തിരിക്കൽ, വിധി, അവസാനം വധശിക്ഷ വിധിക്കപ്പെട്ടുകഴിഞ്ഞു മരിക്കാൻവേണ്ടിയുള്ള ഒരു നൂറുദിവസത്തെ കാത്തിരുപ്പ്. ഇതാണെൻെറ മുന്നോട്ടുള്ള വീക്ഷണം—നാലൊ അഞ്ചോ മാസത്തെ ഭാവി. ആ സമയത്തിനുള്ളിൽ പലതും സംഭവിച്ചേക്കാം. ആ സമയംകൊണ്ട് എല്ലാം മാറിമറിഞ്ഞു എന്നുവരാം. ഇവിടെ ഇരുന്നുകൊണ്ട് ഒന്നും ഊഹിക്കാൻ കഴിയുന്നില്ല. പുറത്തെ സംഭവങ്ങളുടെ പെട്ടെന്നുള്ള വ്യത്യാസങ്ങൾ ഞങ്ങളുടെ അന്ത്യത്തെ ഒരുപക്ഷെ വേഗപ്പെടുത്തിയെന്നും വരും. അങ്ങിനെ അതും സഹായകമായില്ല എന്നു വന്നേക്കാം.

യുദ്ധവും പ്രതീക്ഷയും തമ്മിലുള്ള ഒരു മത്സരിച്ചോട്ടമാണിതു്. ഒരുതരത്തിലുള്ള മരണവും മറെറാരു തരത്തിലുള്ള മരണവും തമ്മിലുള്ള മത്സരം; ഏതാണ് ആദ്യം ഉണ്ടാകുക—എൻെറ മരണമോ ഫാസിസത്തിൻെറ മരണമൊ? ഇതെ

ൻെറ സ്വകാര്യപ്രശ്നം മാത്രമാണോ? അല്ല, ആയിരവും പതിനായിരവും തടവുകാരുടെ ചോദ്യമാണിത്; ലക്ഷക്കണക്കിനുള്ള പട്ടാളക്കാർ ചോദിക്കുന്ന ചോദ്യമാണിത്. യൂറോപ്പിലെല്ലായിടത്തും, ലോകത്തിൻെറ നാനാഭാഗത്തുമുള്ള കോടിക്കണക്കിനു മനുഷ്യർ ചോദിക്കുന്നതും ഇതേ ചോദ്യം തന്നെയാണ്. ചിലക്കു പ്രതീക്ഷ കുറച്ചു കൂടുതലുണ്ട്; ചിലക്കു കുറയും, എന്നാൽ അതു സാങ്കല്പികം മാത്രമാണ്. മുതലാളിത്വത്തിൻെറ ചീഞ്ഞളിയൽ ലോകത്തെ ഏതൊരു ഭയാനകതയിലാണൊ ആഴ്ത്തിയിരിക്കുന്നത്, അതെ എല്ലാവരേയും അങ്ങേഅററംവരെ ഭീഷണിപ്പെടുത്തുന്നുണ്ട്. ബാക്കി ശേഷിക്കുന്നവക്ക് "ഞാൻ ഫാസിസത്തെ അതിജീവിച്ചിരിക്കുന്നു." എന്നു പറയാൻ സാധിക്കുന്നതിനുമുമ്പു നൂറായിരം ആളുകൾ മരിക്കേണ്ടിയിരിക്കുന്നു.

അതു് ഏതാനുംമാസങ്ങളുടെമാത്രം ഒരുകാര്യമാണ്. കുറച്ചുകഴിഞ്ഞാൽ അതു് ഏതാനും ദിവസങ്ങളുടേതു മാത്രമായ ഒരു കാര്യമായിത്തീരും. എങ്കിലും അതു് ഏററവും ക്രൂരങ്ങളായ ദിവസങ്ങളായിരിക്കും. ഒരു യുദ്ധത്തിലെ അവസാന നിമിഷത്തിൽ, ആ യുദ്ധത്തിൻെറ അവസാനത്തെ വെടിയുണ്ട, ഹൃദയത്തിൽ ഏല്ക്കേണ്ടിവരുന്ന അവസാനത്തെ പടയാളിയാളിയാവുക എന്നതു് എത്ര വ്യസനകരമായ ഒന്നാണെന്നു ഞാൻ പലപ്പോഴും വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ അങ്ങിനെയുള്ള അവസാനത്തെ പടയാളിയാകാൻ ആരെങ്കിലുമൊരുവൻ കൂടിയെ കഴിയൂ. ആ അവസാനത്തെ ഭടനാകാൻ എനിക്കു കഴിയുമെന്ന് ഞാനറിയുന്നെങ്കിൽ, ഈ നിമിഷത്തിൽ തന്നെ അതിനായി പുറപ്പെടാൻ ഞാൻ തയ്യാറാണ്.

പാൻക്രാററിൽ എനിക്കു ശേഷിച്ചിരിക്കുന്ന തുഛമായ സമയം, ഈ കുറിപ്പുകൾക്കു ഞാനാഗ്രഹിച്ചിരുന്ന രൂപംകൊടുക്കുവാൻ എന്നെ അനുവദിക്കുന്നില്ല. ഞാൻ വളരെ ചുരുക്കമായി പ്രതിപാദിക്കേണ്ടിവന്നിരിക്കുന്നു; ആളുകളെക്കുറിച്ച് കൂടുതലായും ചരിത്ര കാലഘട്ടത്തെറിച്ചു സംക്ഷിപ്തമായും മാത്രം പ്രതിപാദിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവക്ക് അത്രയ്ക്കു പ്രാധാന്യമുണ്ട്.

ജെലിനെക്ക് ദമ്പതികളെ വിവരിക്കാനാണല്ലോ ഞാൻ ആരംഭിച്ചത്, സാധാരണ കാലങ്ങളിൽ അവരിൽ വീരനായകത്വം ദശിക്കാൻ നിങ്ങൾക്കു കഴിയത്തക്ക വിധത്തിൽ യാതൊന്നുംതന്നെയില്ലാത്ത ശുദ്ധ മനുഷ്യരാണവർ. അവർ അറസ്റ്റ് ചെയ്യപ്പെട്ട സമയത്ത്, അവർ തൊട്ടുരുമ്മി, കൈകൾ തലയ്ക്കുമീതെ ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നിരുന്നു—അയാൾ വിളറിപ്പോയിരുന്നു, അവളുടെ ചെന്നികൾക്കു താഴെ ക്ഷയരോഗത്തിന്റേതുപോലുള്ള ഒരു തുടുപ്പുണ്ടായി. അഞ്ചുമിനിട്ടിനുള്ളിൽ തന്റെ മാതൃകാമുറി എങ്ങിനെ ഗസ്റ്റാപ്പോ തകർത്തുകളഞ്ഞിരിക്കുന്നുവെന്നു കണ്ടപ്പോൾ അവളുടെ കണ്ണുകൾ ഭയത്തിന്റെ ഒരു ലാഞ്ഛന പ്രകടമാക്കി. എന്നിട്ട്, അവൾ പതുക്കെ ഭർത്താവിന്റെ നേർക്കു തിരിഞ്ഞുകൊണ്ടു ചോദിച്ചു:

"ജോ, ഇപ്പോഴെന്താ ഉണ്ടാവുക?"

അയാൾ സാധാരണ അധികം സംസാരിക്കാറില്ല. അയാൾ വാക്കുകൾക്കുവേണ്ടി ബുദ്ധിമുട്ടി തപ്പിത്തടയുകയും സംസാരത്തിൽ സ്വയം ചോദിച്ചുവശാകുകയും പതിവായിരുന്നു. എന്നാൽ ഇപ്പോൾ അയാൾ ശാന്തമായും ക്ലേശമോ ദീനഭാവമോ കൂടാതെയും മറുപടിപറഞ്ഞു:

"മേരീ, നമുക്കു മരിക്കാൻപോകാം."

അവൾ കരഞ്ഞില്ല. ഞെട്ടിയതുപോലുമില്ല. നേരെമറിച്ച് ആ കൈത്തോക്കുകളുടെ വായ്ക്കുമുമ്പിൽവെച്ചുതന്നെ മനോഹരമായ ഒരു ചനലംകൊണ്ട് അവൾ വലത്തെ കൈതെല്ലൊന്നു ചരിച്ച് അയാളുടെ കൈഗ്രഹിച്ച്, അമർത്തി. ആ പ്രവൃത്തിയാണ് അവർക്കു രണ്ടുപേർക്കും അദ്യത്തെ അടി സമ്പാദിച്ചു കൊടുത്തത്. അവൾ കവിൾ തുടച്ചു, ശത്രുക്കളെ അടിമുടി ഒന്നുനോക്കി, എന്നിട്ട് മിക്കവാറും തമാശയായി പ്പറഞ്ഞു:

"എത്ര അഴകുള്ള ചെറുപ്പക്കാർ," എന്നിട്ട് അവൾ സ്വല്പംക്രൂടെ സ്വരമുയർത്തിപ്പറഞ്ഞു, "എത്ര അഴകുള്ള ചെറുപ്പക്കാർ, എന്നിട്ട് വെറും മൃഗങ്ങളും."

അവൾ കണിശമായി അവരുടെ അളവെടുത്തു. ഏതാ

നം മണിക്കൂറുകൾ കഴിഞ്ഞ്, അവളെ അവർ ബോധംകെട്ടുന്നതുവരെ തല്ലിച്ചതച്ചുകഴിഞ്ഞ്, ആ പരിശോധനാ കമ്മിസാറുടെ മുറിയിൽനിന്ന് പുറത്തെടുത്തുകൊണ്ടുപോയി; എങ്കിൽ അവളിൽനിന്നു യാതൊന്നും തല്ലി പുറത്തുചാടിക്കാനവക്കു കഴിഞ്ഞില്ല. അപ്പോഴോ അതിനുശേഷം എപ്പോഴെങ്കിലുമോ അവൾ യാതൊന്നും പുറത്തുവിട്ടില്ല.

വിചാരണചെയ്യപ്പെടാൻ പററാത്ത നിലയിൽ ഞാനെൻെറ തുറുങ്കുമുറിയിൽ കിടപ്പായിരുന്ന കാലത്ത് അവക്കെന്തെല്ലാം സംഭവിച്ചുവെന്ന് കൃത്യമായി പറയാൻ എനിക്കു കഴിവില്ല. എന്നാൽ ഒരിക്കലും യാതൊന്നും അവർ പറഞ്ഞിരുന്നില്ലെന്ന് എനിക്കു തീർത്തും പറയാൻ കഴിയും. എൻെറ വാക്കിനുവേണ്ടി അവർ കാത്തുനില്ക്കുകയായിരുന്നു. കയ്യും കാലും വരിഞ്ഞുകെട്ടി നിറുത്തിക്കൊണ്ട് എത്രയോ പ്രാവശ്യം അയാളെ അവസാനമില്ലാതെ മർദ്ദിച്ചിരിക്കുന്നു. എന്നാൽ ഞാനവിടെയെത്തി, ഈ വിസ്താരം ഒന്നു കഴിച്ചുകൂട്ടാൻവേണ്ടി, എന്തു കാര്യം സമ്മതിച്ചുകൊടുക്കാമെന്ന് എൻെറ കണ്ണുകൾ കൊണ്ടൊരടയാളം കൊടുക്കുന്നതുവരെ, ഒരിക്കലും അയാൾ ഒന്നുംതന്നെ പറഞ്ഞിരുന്നില്ല.

അറസ്റ്റിനുമുമ്പ് എനിക്കറിയാവുന്നിടത്തോളവുംകൊണ്ട്, അയാളുടെ ഭാര്യ വികാരലോലയും ദയാശീലയുമായിരുന്നു. എന്നാൽ ഗെസ്റ്റാപ്പൊ ജയിലിലുണ്ടായിരുന്ന ആ കാലമത്രയും അവളുടെ കണ്ണിൽ ഒരു തുള്ളി കണ്ണുനീർപോലും ഞാൻ കണ്ടിട്ടില്ല. അവളുടെ വീടിനെപ്പററി അവൾക്കു വലിയ അഭിമാനമുണ്ടായിരുന്നു, എന്നാൽ അവളെ ആശ്വസിപ്പിക്കാനാഗ്രഹിച്ച പുറമേയുള്ള സഖാക്കൾ, അവളുടെ വീട്ടുസാമാനങ്ങൾ മോഷ്ടിച്ചവരെ തങ്ങൾക്കറിയാമെന്നും അവനെ തങ്ങൾ സൂക്ഷിക്കുന്നുണ്ടെന്നും മററും അറിയിച്ചപ്പോൾ അവൾ മറുപടി പറഞ്ഞു:

“വീട്ടുസാമാനങ്ങൾ ചെകുത്താനെടുക്കട്ടെ, അതിനെപ്പററി ക്ലേശിച്ചു സമയം പാഴാക്കേണ്ട” അതിനേക്കാൾ പ്രധാനമായ പല സംഗതികളും ചെയ്യേണ്ടതായിട്ടുണ്ട്, ഇപ്പോൾ മുതൽ ഞങ്ങളുടെ സ്ഥാനംകൂടെ സ്വീകരിച്ചുകൊ

ണ്ട് ഇരട്ടിപ്പണി ചെയ്യേണ്ടിയിരിക്കുന്നു. ആദ്യമായി ഞങ്ങൾക്ക് ഈ സ്ഥലം തുടച്ചു വൃത്തിയാക്കേണ്ടതുണ്ട്. അതിൽക്കൂടെ ഞാൻ പിഴച്ചു കയറുകയാണെങ്കിൽ, എൻെറ വീടിൻെറ കാര്യം ഞാൻ തന്നെ നോക്കിക്കൊള്ളാം.

ഒരു ദിവസം അവർ ജെലിനെക്ക് ദമ്പതികളെ രണ്ടു പേരെയും രണ്ടുദിക്കുകളിലേക്കായി—കൊണ്ടുപോയി. അവരുടെ വിധിയെപ്പററി എന്തെങ്കിലുമൊരു വിവരം ലഭിക്കാൻ വേണ്ടി ഞാൻ വൃഥാ ശ്രമിച്ചു. ഗെസ്റ്റാപ്പൊ കൈകാര്യം ചെയ്തുകഴിഞ്ഞാൽ ആളുകൾ തീരെയങ്ങു അപ്രത്യക്ഷരാകുന്ന ഒരു പതിവുണ്ട് – ഒരായിരം ശ്മശാനങ്ങളിലായി ചിന്നിച്ചിതറിപ്പോകും. അഹോ, ഭയങ്കരമായ ആ വിതയിൽനിന്ന് ഒരു നാൾ എന്തൊരു വിളവായിരിക്കും ഉയർന്നു വരുക!

അവളുടെ അവസാന സന്ദേശം ഇതായിരുന്നു:

"നേതാവെ, പുറത്തുള്ളവരോട് എന്നെക്കുറിച്ച് ദുഃഖിക്കാതിരിക്കാൻ പറയുക; എൻെറ വിധിയെ ഓർത്ത് ആരും ഭയപ്പെടാതിരിക്കാനും പറയുക. ഒരു തൊഴിലാളിയെന്ന നിലക്കു ഞാൻ എൻെറ ജോലി ചെയ്തു. അതുപോലെ ഞാൻ മരിക്കുകയും ചെയ്യും."

അവൾ വെറുമൊരു "വീട്ടുവേലക്കാരി" മാത്രമായിരുന്നു. വലിയ വിദ്യാഭ്യാസമൊന്നും ഉണ്ടായിരുന്നില്ല. നൂററാണ്ടുകൾക്കപ്പുറത്തെ ആ ധീര സന്ദേശത്തെപ്പററി അവൾ അറിഞ്ഞിരുന്നുമില്ല:

"അല്ലയൊ തീർത്ഥയാത്രക്കാരാ, ലെസിഡമോണിയാക്കാരോടു പറയുക, നിയമം ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങളിവിടെ മരിച്ചു കിടക്കുന്നുവെന്ന്."

## വെസ്സുഷിൽ ദമ്പതികൾ

ജെലിനെക്ക് ദമ്പതികൾ താമസിച്ചിരുന്ന അതേ കെട്ടിടത്തിൽത്തന്നെ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്നു. ഇവരുടേയും പേർ ജോസഫ് എന്നും മേരി എന്നും തന്നെയായിരുന്നു. ഒരു ചെറുകിട ഉദ്യോഗസ്ഥ കുടുംബം. ഇവർ തങ്ങളുടെ അയൽക്കാരെക്കാൾ സ്വല്പം പ്രായം കൂടുതലുള്ളവരാ

ണ്. ഒന്നാം ലോകമഹായുദ്ധത്തിൽ, 17 വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ നിർബന്ധപൂർവ്വം പിടിച്ചുവലിച്ചയക്കപ്പെട്ട, ഉയരംകൂടിയ,ഒരു 'നസ്സറി' ക്കാരൻ യുവാവായിരുന്നു അയാൾ. കാൽമുട്ടുകൾ തകർന്നുപോയിട്ട് ഏതാനും ആഴ്ചകൾക്കുശേഷം അയാളെ അവർ തിരിച്ചുകൊണ്ടുവന്നു. ആ കാൽ പിന്നീട് ഒരിക്കലും പൂർണ്ണമായി സുഖപ്പെടുകയുണ്ടായിട്ടില്ല. അവർ തമ്മിൽ ആദ്യം കണ്ടുമുട്ടിയത് ബ്രണോവിൽ ഒരു ആസ്പത്രിയിൽ വെച്ചായിരുന്നു. അവിടെ ഒരു നഴ്സ് ആയിരുന്നു അവൾ. അയാളെക്കാൾ അവൾക്കു എട്ടുവയസിനു പ്രായംകൂടും. അസുഖകരമായ ഒരു ദാമ്പത്യബന്ധത്തിൽനിന്നു അവൾ വിട്ടുനിൽക്കുന്ന ഒരു കാലമായിരുന്നു അത്—ഈ ഉയരം കൂടിയ റെയിൽവെ ഗുമസ്തനും ഈ സ്ത്രീയും തമ്മിൽ, ആസ്പത്രികളുള്ളിൽ വിരോധിക്കപ്പെട്ടിട്ടുള്ള, ഗുൽമാൽ പിടിച്ച, അധാസാരണ തരത്തിലെ എന്തെങ്കിലും പ്രവൃത്തിയിൽ പെട്ടിട്ടുണ്ടാവണം. അങ്ങിനെ വരാൻ പാടില്ലായ്കയില്ല.

എൻെറ അറസ്റ്റിന്ന് അടുത്തുതന്നെയാണ് അയാളേയും അറസ്ററുചെയ്തത്. അയാളെ അവിടെ കണ്ടപ്പോൾ ആദ്യം ഞാൻ ഭയപ്പെട്ടു. അയാളൊന്നു മിണ്ടിപ്പോയാൽ എന്തെല്ലാം പൊയ്പ്പോകും? എന്നാൽ അയാൾ മിണ്ടിയില്ല. ഒരു സ്നേഹിതന്നു വായിക്കാൻ കൊടുത്ത ഏതാനും രാഷ്ട്രീയലഘുലേഖകൾ കാരണമാണയാൾ അറസ്ററു ചെയ്യപ്പെട്ടത്. എന്നാൽ അയാൾ ലഘുലേഖകൾക്കപ്പുറം കടന്നതേയില്ല.

കുറച്ചുനാൾമുമ്പ്, പൊക്കോർണിയുടേയും പിക്സോവായുടേയും സൂക്ഷ്മക്കുറവുകാരണമായി, ഹോൺസാചെർണി താമസിച്ചിരുന്നത് മിസ്സസ്സ് വൈസുഷിലയുടെ സഹോദരിയുടെ വീട്ടിലായിരുന്നുവെന്ന വസ്തുത പുറത്തുവന്നു. അങ്ങിനെ, എന്നെ അറസ്ററുചെയ്തു രണ്ടു ദിവസം കഴിഞ്ഞ് അവർ ജോവൈസുഷിലിനെ 'വിചാരണ'ചെയ്തു. ഞങ്ങളുടെ സെൻട്രൽ കമ്മിററിയിലെ അവസാനത്തെ വിക്രമനായ പുള്ളിയെപ്പററി എന്തെങ്കിലും അയാളിൽനിന്നു തല്ലി പുറത്തുചാടിക്കാൻ അവർ ശ്രമിച്ചു. മൂന്നാം ദിവസം അയാൾ 400–ാം

നമ്പരിൽവന്ന വളരെ സൂക്ഷിച്ചിരുന്നു—വായ്പൊളിച്ചു നിൽക്കുന്ന മുറിവുകളോടുകൂടിയുള്ള ആ ഇരുപ്പ് ഒരു ചെകുത്താൻ പിടിച്ച ദണ്ഡമാണ്. ഞാൻ ഉൽക്കണ്ഠയോടും പ്രോത്സാഹന ഭാവത്തോടുംകൂടെ അയാളെനോക്കി നസ്ലീക്കാരൻെറ തുറന്ന ആ സമ്പ്രദായത്തിൽത്തന്നെ അയാൾ മറുപടി പറഞ്ഞു:

"ഞാൻ പറയാൻ കൂട്ടാക്കാത്തപ്പോൾ അവരെൻെറ പുറത്തുചെയ്യുന്ന ജോലിക്കൊന്നും ഒരു ഫലവുമില്ല."

എനിക്ക് ആ ദമ്പതികളെ നന്നായറിയാം—അവർ അന്യോന്യം എത്രയേറെ സ്നേഹിച്ചിരുന്നെന്നും, ഒന്നോ രണ്ടോ ദിവസത്തേക്കു മാത്രമെങ്കിലും പിരിഞ്ഞിരിക്കുമ്പോൾ എത്രയേറെ വിരഹദുഃഖം അവരനുഭവിച്ചിരുന്നെന്നും എനിക്കു നല്ലപോലെ അറിയാമായിരുന്നു. എന്നാൽ ഇപ്പോൾ മാസങ്ങൾ കടന്നുപോയിരിക്കുന്നു. ഏകാന്തത മരണത്തേക്കാൾ മൂന്നിരട്ടി ദുസ്സഹമായിത്തോന്നാവുന്ന ഈ പ്രായത്തിൽ, 'മിച്ചലി' നുമേലേയുള്ള ആ മനോഹരമായ വീട്ടിൽക്കഴിച്ചുകൂട്ടുന്ന ആ ഭാര്യ ഇപ്പോൾ എത്രത്തോളം ദുഃഖിതയായിട്ടായിരിക്കും കഴിച്ചുകൂട്ടുന്നത്. മമ്മികിൻസ് എന്നും ഡാഡികിൻസ് എന്നും അവർ തമാശായി വിളിക്കാറുള്ള ആ ചെറിയ കെട്ടുകഥകൾ അഭിനയിക്കാനായി തൻെറ ഭർത്താവിനെ തിരിച്ചുകൊണ്ടുപോകാൻവേണ്ടിയുള്ള എന്തെല്ലാം സൂത്രങ്ങൾ ഇതിനകം അവൾ ആലോചിച്ചു കണ്ടുപിടിച്ചിരിക്കണം. എന്നാൽ ദിവസങ്ങൾ കഴിച്ചുകൂട്ടാൻ അവൾ ഒരു മാർഗ്ഗമേ കണ്ടുള്ളൂ—രഹസ്യപ്രവൎത്തനം തുടർന്നു നടത്തുക, രണ്ടാളുടെയും പണി ഒററയ്ക്കുചെയ്യുക.

അങ്ങിനെ 1943-ാമാണ്ട് അവസാനത്തേ ദിവസം- ആണ്ടുപിറവിൻെറ തലേദിവസം—അവൾ തനിയേ മേശയ്ക്കരികിലിരുന്നു. അയാൾ ഇരിക്കാറുള്ള സ്ഥലത്ത് അയാളുടെ പടം വെച്ചിട്ടുണ്ട്. അദ്ധരാത്രിയുടെ മണിയടിച്ചപ്പോൾ അവൾ തൻെറ ഗ്ലാസ്സ് അയാളുടേതു് ഇരിക്കാറുള്ള ഒഴിഞ്ഞ സ്ഥലത്ത് കൂട്ടിമുട്ടിച്ചു. അയാളുടെ ആരോഗ്യത്തിനും വേഗം തിരിച്ചുവരാൻ വേണ്ടിയും അവൾ കുടിച്ചു—പ്ര

ധാനമായും അയാൾ സ്വാതന്ത്ര്യം കിട്ടുന്നതുവരെ ജീവിച്ചിരിക്കണമെന്നാശിച്ചു.

ഒരുമാസത്തിനുശേഷം അവളും അറസ്റ്റ് ചെയ്യപ്പെട്ടു. 400-ാംനമ്പരിൽ ഉണ്ടായിരുന്ന ഞങ്ങൾ പലരും ഞെട്ടിപ്പോയി. കാരണം, ഞങ്ങൾ പുറമേ ബന്ധം നിലനിത്താൻ ഉപയോഗിച്ചിരുന്നവരിൽ ഒരാളായിരുന്നു അവൾ.

അവൾ ഒരൊററവാക്കുപോലും ശബ്ദിച്ചില്ല. അവർ അവളെ തല്ലിയില്ല; അവൾക്കു തീരെ സുഖമില്ലായിരുന്നു, തല്ലിയാൽ കഥ കഴിഞ്ഞുപോകുമായിരുന്നു. എന്നാൽ തല്ലുന്നതിലും കഠിനമായി അവളേ അവർ ദ്രോഹിച്ചു—മാനസികമായ ദ്രോഹം.

അവളുടെ അറസ്റ്റിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അവളുടെ ഭത്താവിനെ അവർ പോളണ്ടിലേക്കു വേലക്കു കൊണ്ടുപോയിരുന്നു. എന്നിട്ട് ഇപ്പോൾ അവർ അവളോടു പറയുകയാണ്:

"നോക്കു, ആരോഗ്യമുള്ള ഒരാൾക്കുകൂടെ ഇതെത്ര കഠിനമായ ഒരു ജിവിതമാണ്? എന്നാൽ നിൻെറ ഭത്താവാണെങ്കിൽ ഒരു മുടന്തനാണ്. അയാൾക്ക് ഒരിക്കലും ഇതു സഹിക്കാൻ ശേഷിയുണ്ടാവില്ല. അവൻ അവിടെ ചത്തുവീഴും. നിനക്കയാളെ ഇനി ഒരിക്കലും കാണാനും കഴിയില്ല. പിന്നെ നിനക്കെവിടെക്കിട്ടും ഇനിയൊരു ഭത്താവിനെ—നിൻെറ ഈ പ്രായത്തിൽ? അതുകൊണ്ടു മയ്യാദക്കു നിനക്കറിയാവുന്നതു് പറഞ്ഞുതരുക. എന്നാൽ അയാളെ നിനക്ക് ഇപ്പോൾത്തന്നെ തിരിച്ചുകൊണ്ടുവന്നു തരാം."

അദ്ദേഹം അവിടെയെങ്ങാനും കിടന്നു മരിക്കും, എൻെറ ജോ, എൻെറ പാവം ജോ! എന്തൊരുതരത്തിലുള്ള മരണമാണെന്ന് ആക്കറിയാം? അവർ എൻെറ സഹോദരിയേ കൊന്നു. എൻെറ ഭത്താവിനേയും കൊല്ലും. ഞാൻ തനിച്ചാകും. ഈ പ്രായത്തിൽ എനിക്കു വല്ലവരേയും കിട്ടുമോ? എന്നാൽ എനിക്ക് അദ്ദേഹത്തേ രക്ഷിക്കാം. അവർ അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരും— ഒരു വില കൊടുത്താൽ.

ഇല്ല, ആ വില കൊടുത്താൽ ഈ ഞാൻ ഞാനായിരിക്കുകയി ല്ല. അത് അദ്ദേഹവുമായിരിക്കുകയില്ല.

അവൾ ഒരൊററവാക്ക് പുറത്തുവിട്ടില്ല.

ഗെസ്റ്റാപ്പോയുടെ പേരില്ലാത്ത അസംഖ്യം വാഹനങ്ങ ളിലൊന്നിൽ അവൾ അപ്രത്യക്ഷയായി. ഏറെത്താമസി യാതെ അവളുടെ ജോ പോളണ്ടിൽവെച്ചു മരിച്ചു എന്ന വാർത്തയും ഞങ്ങൾക്കു കിട്ടി.

## ലീഡാ

ഒരു സായാഹ്നത്തിലാണ് ബക്സാസിൻെറ വീട്ടിൽ ആദ്യമായി ഞാൻ പോയത്. ജോസിയും, വളരെ സജീ വമായ കണ്ണുകളോടുകൂടിയ മറെറാരു കൊച്ചുജീവിയും, മാത്ര മെ വീട്ടിലുണ്ടായിരുന്നുള്ളു. അവളെ ലീഡാ എന്നാണവർ വിളിച്ചിരുന്നത്. മിക്കവാറും ഒരു കുട്ടി. എൻെറ മീശ കണ്ട് അവൾ അത്ഭുതത്തോടെ തുറിച്ചുനോക്കി. കുറച്ചുനേര ത്തേക്കു തന്നെ രസിപ്പിക്കാനായി പുതിയതും രസകരവുമാ യ ഒരു വസ്തു വന്നുചേർന്നിരിക്കുന്നു എന്നവൾ സന്തോഷിച്ചു.

ഞങ്ങൾ വേഗംതന്നെ ചങ്ങാതിമാരായിത്തീർന്നു. ഈ കുട്ടിക്ക് വയസ്സ് 19 ഉണ്ട് എന്നറിഞ്ഞപ്പോൾ ഞാൻ അത്ഭു തപ്പെട്ടുപോയി. അവൾ ജോസിയുടെ അർദ്ധസഹോദരി ആ യിരുന്നു. അവളുടെ കുടുംബപ്പേര് 'പ്ലാച്ചാ' എന്നാണ്. (അ തിൻെറ അർത്ഥം ഭയചകിത എന്നാണ്) എന്നാൽ അവൾക്ക് ആ സ്വഭാവം ഇല്ല. വിനോദനാടകങ്ങൾ അവൾക്കിഷ്ടമാ യിരുന്നു.

ഞാനവളുടെ വിശ്വസ്തനായിത്തീർന്നു. എന്തെല്ലാമായാ ലും ഞാനൊരു പ്രായംചെന്ന മനുഷ്യനാണെന്ന വസ്തുത ഇ തെന്നെ ബോദ്ധ്യപ്പെടുത്തി. തൻെറ യൗവ്വനസഹജമായ ദുഃഖങ്ങളും സ്വപ്നങ്ങളുമെല്ലാം അവളെന്നോടു സ്വകാര്യ ത്തിൽ പറഞ്ഞുതന്നു. തൻെറ സഹോദരിയുമായോ അളിയ നുമായോ ഉണ്ടാകുന്ന വാദപ്രതിവാദങ്ങളിൽ വിധി കല്പി ക്കുവാൻ അവൾ എൻെറ അടുത്ത് ഓടിയെത്തും. സാധാര ണ കൊച്ചുപെൺകുട്ടികളെപ്പോലെതന്നെ അവളും മുൻകോ

പിയായിരുന്നു. സാധാരണ ഒട്ടുവിലത്തെ കുട്ടികളെപ്പോലെ അവളും ദുഷിച്ചിരുന്നു.

അ വീട്ടിൽ അക്കൊല്ലം താമസിച്ചുകഴിഞ്ഞ് ഒന്നാമതായി ഞാൻ പുറത്തിറങ്ങിയപ്പോൾ അവൾ എൻെറ ഒന്നിച്ചു വന്നിരുന്നു. കുറച്ചു പ്രായമായി മുടന്തനായ ഒരാൾ തൻെറ മകളോടുകൂടി നടക്കുകയാണെങ്കിൽ ഒററയ്ക്കു നടക്കുന്നതുപോലെ അത്രയ്ക്കു ശ്രദ്ധിക്കപ്പെട്ടു എന്നു വരില്ല. ഞങ്ങളെ കടന്നു പോകുന്ന ആളുകൾ എന്നെയല്ല, അവളെയാണു നോക്കിയിരുന്നത്. അതുകൊണ്ടാണ് എൻെറ യാത്രകളിൽ അവൾ എന്നോടൊന്നിച്ചു പോരാൻ തുടങ്ങിയത്, അതുകൊണ്ടാണ് എൻെറ ആദ്യ രഹസ്യയോഗത്തിൽ അവളും എൻെറകൂടെ വന്നത്. അതുകൊണ്ടാണ് എൻെറ അദൃശ്യത്തെ രഹസ്യമുറിയിൽ അവളും എന്നോടൊപ്പം വരാൻ ഇടയായത്. അങ്ങിനെ— കുററപത്രത്തിൽ പറയുന്നതുപോലെ– സ്വാഭാവികമായി അവൾ എൻെറ രഹസ്യസന്ദേശവാഹകയായിത്തീൎന്നു.

അവൾ അതു സന്തോഷത്തോടെ നിൎവ്വഹിക്കുന്നു. എന്താണു ചെയ്യുന്നതെന്നോ അതിൻെറ അൎത്ഥമെന്താണെന്നോ അത്രതന്നെ തലകാഞ്ഞ് ആലോചിക്കാതെതന്നെ അവൾ അതു നിൎവ്വഹിക്കുന്നു. അതു പുതിയതും രസകരവുമായ എന്തോ ഒന്നായിരുന്നു, എല്ലാവരും ചെയ്യാത്ത എന്തോ ഒന്ന്, അതിനു ഒരു സാഹസകൃത്യത്തിൻെറ സ്വാദുണ്ട്. അവൾക്കതുമാത്രം മതി.

ചെറിയ കാൎയ്യങ്ങൾമാത്രം അവൾ ചെയ്തിരുന്നിടത്തോളം കാലം അതിനെപ്പററി കൂടുതലായൊന്നും പറഞ്ഞുകൊടുക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അവൾ അഥവാ പിടിക്കപ്പെട്ടുപോവുകയാണെങ്കിൽ, എത്ര കുറച്ചുമാത്രം അവൾ അറിഞ്ഞിരിക്കുന്നുവോ, അത്ര നന്നായി അവൾക്കു അവളെത്തന്നെ രക്ഷിക്കാൻ കഴിയും—ഒരു അപരാധ ബോധമാണവൾക്കു അറിവുകൊണ്ടു അദൃശ്യമായി ഉണ്ടാവുകയെങ്കിൽ അതിലും നല്ലതു് ആദ്യം അധികമായി അവൾ അറിയാതിരിക്കുകതന്നെയാണ്.

ലീഡാ അതിവേഗത്തിൽ വളൎന്നു. ചെറിയ സന്ദേശങ്ങളുമായി ജെലിനെക്കിൻെറ വീട്ടിലേയ്ക്കോടുന്നതിലും കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്ക്കാൻ അവൾ പ്രാപ്തയായി. ഇതിൻെറയെല്ലാം അൎത്ഥം അവൾക്കു കാൎയ്യങ്ങൾ പറഞ്ഞുകൊടുക്കേണ്ട നിലയായി എന്നാണ്. ഞാൻ അവളെ പഠിപ്പിക്കാൻ തുടങ്ങി. ശരിക്കും അതൊരു സ്ക്കൂൾതന്നെ ആയിരുന്നു. ലീഡാ അത്യാൎത്തിയോടും സന്തോഷത്തോടും കൂടി പഠിക്കാൻ തുടങ്ങി. പുറമേ കാഴ്ചയ്ക്കു അവൾ അതേ സന്തുഷ്ടയായ ബാലികതന്നെയായിരുന്നു. ഹൃദയഭാരം ഇല്ലാത്ത, തെല്ലൊരു കുഴഞ്ഞാട്ടക്കാരി. എന്നാൽ ആന്തരികമായി അവൾ വളരെ വ്യത്യാസപ്പെട്ടിരുന്നു. അവൾ വളൎന്നു; അഗാധമായി ചിന്തിക്കാൻ തുടങ്ങി.

ഈ പ്രവൎത്തനത്തിൽക്കൂടെ അവൾ മിറെക്കുമായി പരിചയപ്പെട്ടു. ഇതിനകം വളരെ പ്രവൎത്തിച്ചിട്ടുള്ള ഒരു മനുഷ്യനായ അയാൾക്ക് അതിനെപ്പററിയെല്ലാം ബോദ്ധ്യം ജനിപ്പിക്കത്തക്കവിധം സംസാരിക്കാനും അറിയാമായിരുന്നു. അയാൾ അവളിൽ ശരിയായ ഒരു അഭിപ്രായമുണ്ടാക്കിത്തീൎത്തു. അയാളുടെ സ്വഭാവത്തിൻെറ ശരിയായ വശത്തെക്കുറിച്ചുള്ള അവളുടെ വിധി ഒരുപക്ഷേ തെററിപ്പോയിരിക്കാം; എന്നാൽ അക്കാൎയ്യത്തിൽ എനിക്കും തെററുപററുകയയാണല്ലൊ ഉണ്ടായതു്. അയാളുടെ പ്രവൎത്തികളും, അയാളിൽ പ്രത്യക്ഷമായിക്കണ്ട ദൃഢവിശ്വാസവും, അയാളെ മററു ചെറുപ്പക്കാരേക്കാൾ കൂടുതലായി അവളോടടുപ്പിച്ചുവെന്നതാണ് പ്രധാന സംഗതി.

പ്രേമം അവളിൽ അതിവേഗത്തിൽ വളൎന്നു, ആഴത്തിൽ വേരൂന്നി.

1942–ആദ്യത്തോടുകൂടി, പാൎട്ടിയിൽ അംഗത്വം കിട്ടുന്നതിനെക്കുറിച്ചു് അവൾ സങ്കോചത്തോടുകൂടി ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. അവളിൽ ഇത്രയും സങ്കോചം അതിനു മുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല, ഒരു കാൎയ്യവും ഇത്ര ഗൗരവപൂൎവ്വം അവൾ കരുതിയിട്ടുണ്ടായിരുന്നില്ല. ഞാൻ കാ

ഴ്വം തുക്കിനോക്കി. അവളുടെ പഠനം പിന്നെയും തുടന്നു; അവളെ പിന്നെയും പരീക്ഷിച്ചുനോക്കാൻ ഞാനാഗ്രഹിച്ചു.

1942–ഫെബ്രുവരിയിൽ സെൻട്രൽ കമ്മററി അവളെ പാർട്ടിയിലേക്ക നേരെ വോട്ടുചെയ്തു പ്രവേശിപ്പിച്ചു. മഞ്ഞു പെയ്യുകൊണ്ടിരുന്ന ഒരു ഇരുണ്ട രാത്രിയിൽ ഞങ്ങൾ വീട്ടിലേയ്ക്കു നടന്നു; സാധാരണ വളരെ വായാടിയായിരുന്ന അവൾ അന്നു ഒന്നും സംസാരിച്ചില്ല. വീട്ടിനടുത്തുള്ള ഒരു പാടം കടന്നുകൊണ്ടിരിക്കുമ്പോൾ അവൾ പെട്ടെന്നു നിന്നു, മഞ്ഞിൻ കട്ടകൾ ഉറയ്ക്കുന്നതിൻെറ ശബ്ദംപോലും കേൾക്കാമായിരുന്ന ആ നിശബ്ദതയിലവൾ ശാന്തമായി പറയുകയാണ്:

“ഇന്ന് എൻെറ ജീവിതത്തിലെ ഏററവും പ്രധാനദിവസമാണെന്നെനിക്കറിയാം, കാരണം, ഇന്നുമുതൽ ഞാൻ എൻേറതല്ലാതായിരിക്കുന്നു. എന്തുതന്നെ സംഭവിച്ചാലും ഞാൻ നിങ്ങളെ നിരാശപ്പെടുത്തുകയില്ലെന്നുറപ്പു നല്കുന്നു.”

അതിനുശേഷം വളരെയെല്ലാം സംഭവിച്ചു. അവൾ ഒരിക്കലും ഞങ്ങളെ നിരാശപ്പെടുത്തിയിട്ടില്ല.

നേതൃത്വത്തിലെ ഉപരിതലവുമായുള്ള ഞങ്ങളുടെ ഏററവും രഹസ്യമായ ബന്ധങ്ങൾ അവൾ നിലനിർത്തി. ബന്ധംവിട്ട ഗ്രൂപ്പുകളുമായി അതു സ്ഥാപിക്കുകയും, കഠിനമായ അപത്തു നേരിട്ടിട്ടുള്ള പ്രവർത്തകർക്കു മുന്നറിയിപ്പു കൊടുക്കുകയും ചെയ്യുകയെന്ന ഏററവും ആപല്ക്കരവും ഏററവും സൂക്ഷ്മതയോടുകൂടി ചെയ്യേണ്ടതുമായ ജോലികൾ അവൾക്കായിരുന്നു.

നേതൃത്വത്തിലെ ഉപരിതലത്തിനു എന്തെങ്കിലും തകരാറു പററുകയോ ഞങ്ങളുടെ രഹസ്യസ്ഥലത്തിനു എന്തെങ്കിലും ആപത്തു തട്ടുകയോ ചെയ്താൽ, ലിഡ ഒരു മലഞ്ചിൻമത്സ്യത്തെപ്പോലെ ഊന്നു വെളിയ്ക്കുചാടി അതെല്ലാം ശരിപ്പെടുത്തും. ചെറിയ കാര്യങ്ങൾ ചെയ്തിരുന്നതുപോലെ, അതേ ഹൃദയലാഘവത്തോടുകൂടിത്തന്നെ, ഇതൊരു സാധാരണ കാര്യമാണെന്ന മട്ടിൽ, വലിയ കാര്യങ്ങളും അവൾ ചെയ്തുപോന്നു. ആ ഹൃദയലാഘവത്തിൻെറ ചുവട്ടിൽ ഒരുറച്ച ചുമതലാബോധമുണ്ടായിരുന്നു.

ഞങ്ങളറസ്ററുചെയ്യപ്പെട്ടതിന്റെ ഒരു മാസത്തിനു ശേഷം അവളെ അറസ്ററുചെയ്തു. മിറെക്ക് സംസാരിച്ചപ്പോൾ അവളുടെ പേർ പറഞ്ഞിരുന്നു. അവളുടെ സഹോദരിയേയും അളിയനേയും രക്ഷപെട്ട് ഒളിവിൽപോകാൻ അവൾ സഹായിച്ചുവെന്നും അവർ മനസ്സിലാക്കി. തനിക്കു ഭയങ്കരമായ ആപത്തു നേരിട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയപ്പോൾ, നിയമവിരുദ്ധമായ എന്തെങ്കിലും ചെയ്യുന്നവളാണെന്നു സംശയിക്കുകപോലും ചെയ്യാൻ തരമില്ലാത്ത ഒരു ബാലികയെപ്പോലെ അവൾ കഴുത്തുവെട്ടിച്ച് അഭിനയിച്ചു.

വളരെയേറെ കാര്യങ്ങൾ അവൾക്കറിയാമായിരുന്നു. പക്ഷേ അവളതൊന്നുംതന്നെ പറഞ്ഞില്ല. എന്നാൽ ഏററവും പ്രധാനമായ സംഗതി: അവൾ പിന്നെയും പണിയെടുത്തുകൊണ്ടിരുന്നു എന്നുള്ളതാണ്. അവളുടെ ചുററുപാടുകളും രീതികളും മാറി; അവളുടെ ജോലികൾ വ്യത്യസ്ഥങ്ങളായി. എന്നാൽ യാതൊരത്ഥത്തിലും അവൾ അവളുടെ കൈകളെ മടിയിൽച്ചേത്തു വെറുതെ വെച്ചില്ല. പാർട്ടിയോടുള്ള അവളുടെ ചുമതലകളെ സംബന്ധിച്ചിടത്തോളം അവൾ ഒരത്ഥത്തിലും മാററംവരുത്തിയില്ല. എന്തെന്തു ചുമതലകൾ അവളെ ഏല്പിച്ചുവോ അതെല്ലാമവൾ കണിശമായും, വേഗത്തിലും, ആത്മസമപ്പണത്തോടുകൂടിയും ചെയ്തിരുന്നു. പുറത്തുള്ള ആരെയെങ്കിലും രക്ഷിക്കുകയോ, കഴഞ്ഞുമറിഞ്ഞ ഏതെങ്കിലും കാര്യങ്ങൾ ശരിപ്പെടുത്തുകയോ ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ, ലിഡ നിഷ്കളങ്കമായ ഒരു മുഖഭാവത്തോടെ അതേറെറടുക്കും. പാൻക്രാററ്സിലെ സ്ത്രീ വിഭാഗത്തിൽ അവളൊരു കൺവിക്ട് വാർഡർ ആയിത്തീന്നു. അവിടെ നിന്നും അവളയച്ച സന്ദേശങ്ങൾവഴിയായി പുറത്തുള്ള വളരെ സഖാക്കളെ അറസ്റ്റിൽനിന്നും അവൾ രക്ഷിച്ചിട്ടുണ്ട്. അങ്ങിനെ കഷ്ടിച്ചൊരുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും ഒരു സന്ദേശം പിടിക്കപ്പെട്ടു; അവളുടെ "ഉദ്യോഗം" അവസാനിച്ചു.

ഇപ്പോൾ അവൾ ഞങ്ങളോടൊപ്പം റീച്ചിലേയ്ക്കുള്ള വിചാരണയ്ക്കായി വരുകയാണ്. ഞങ്ങളുടെ ഗ്രൂപ്പിൽനിന്നു സ്വാതന്ത്ര്യം കിട്ടുന്നതുവരെ ജീവിച്ചിരിക്കുമെന്ന് ആരപ്പെററി

യെങ്കിലും ന്യായമായി ആശിക്കാമെങ്കിൽ അതു് അവളെപ്പററി മാത്രമാണ്. അവൾക്ക് ചെറുപ്പമാണ്. ഞങ്ങൾ ഇവിടെയില്ലെങ്കിലും അവളെ കൈവിട്ടുകളയരുതു്. അവൾ ഇനിയും വളരെ പഠിക്കാനുണ്ട്. അവളെ പഠിപ്പിക്കുക; വളർച്ച മുട്ടാൻ അനുവദിക്കാതിരിക്കുക. തന്നെത്താൻ അഭിനയിയ്ക്കാനൊ ഇതുവരെ ചെയ്തതിനെപ്പററി തൃപ്തിപ്പെട്ടിരിക്കാനൊ അനുവദിക്കരുതു്. അവൾ അഗ്നിയിൽക്കൂടി കടന്നുപോന്നു; തനിത്തങ്കമാണെന്നു തെളിയിച്ചിട്ടുണ്ട്.

## എൻെറ കമ്മിസ്സാർ

ഞാൻ ചിത്രീകരിക്കാനുദ്ദേശിച്ചിട്ടുള്ള വ്യക്തികളിൽ ഇയാൾ ഉൾപ്പെടുന്നില്ല. എങ്കിലും രസകരമായ ഒരു ചിത്രമാണിയാളുടേതു്—ബാക്കിയുള്ളവരെക്കാൾ പ്രത്യക്ഷത്തിൽ തന്നെ ഗംഭീരനാണ്.

പത്തുകൊല്ലങ്ങൾക്കു മുമ്പ്, 'വിനോഗ്രാഡി'യിലുള്ള പ്ലോറാകഫേയിൽ, നിങ്ങൾ ഒരു തുട്ടെടുത്തു് മേശപ്പുറത്തു കൊട്ടാൻ ഭാവിക്കയൊ, "ബില്ലിവിടെ ഹെഡ്‌വെയിററർ" എന്നു ചോദിക്കാൻ ഭാവിക്കുകയോ ചെയ്യുന്നതിനു മുമ്പായി, മെലിഞ്ഞു നീണ്ട്, കറുത്ത വാലുള്ള ഉടുപ്പുധരിച്ച ഒരു മനുഷ്യൻ പെട്ടെന്നു നിങ്ങളുടെ അടുത്തു പ്രത്യക്ഷപ്പെടും. വെള്ളത്തിൽ സഞ്ചരിക്കുന്ന ഒരു എട്ടുകാലിയെപ്പോലെ, അയാൾ നിശബ്ദനായി കസേരകൾക്കിടയിൽക്കൂടെ നീന്തി നിങ്ങളുടെ മുമ്പിലെത്തി, ബിൽ അവിടെവെക്കും. അയാൾക്ക് ഒരു ഹിംസ്രജന്തുവിൻെറ ശീഘ്രതരവും നിശബ്ദവുമായ ചലനങ്ങളും, എല്ലാം ഒററനോട്ടത്തിൽ മനസ്സിലാക്കുന്ന കണ്ണുകളും ഉണ്ടായിരുന്നു. നിങ്ങൾക്കാവശ്യമുള്ളതെന്താണെന്നു നിങ്ങൾ പറയുകപോലും ചെയ്യാതെ അയാൾ വെയിററോടു പറയും: "മൂന്നാമത്തെ മേശക്കു വെണ്ണ വേണ്ടാ, വെളുത്തകാപ്പി." അല്ലെങ്കിൽ, "ഇടത്തേ ജനാലയ്ക്കരികിലെ മേശക്കു് പെയ്‌സ്റ്ററിയും, പീപ്പിൾസ് പേപ്പറും." അതിഥികൾക്ക് അയാൾ ഒരു ഒന്നാന്തരം പ്രധാനപരിചാരകനും

മററു തൊഴിലാളികൾക്ക് ഒരു നല്ല സഹപ്രവത്തകനും ആയിരുന്നു.

അന്നു ഞാൻ അയാളെ അറിയില്ല. വളരെക്കാലത്തിനുശേഷം ജെലിനെക്കിൻെറ വീട്ടിൽ, പെൻസിലിനു പകരം തോക്കു കയ്യിൽപ്പിടിച്ചുകൊണ്ട് അയാൾ നില്ക്കുമ്പോഴാണ് ഞാൻ പരിചയപ്പെട്ടുന്നതു്. എൻെറ നേരേ തോക്കു ചൂണ്ടിപ്പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"ഈയാളിലാണ് എനിക്കധികം താല്പര്യം."

വാസ്തവം പറഞ്ഞാൽ അന്നുതൊട്ടു ഞങ്ങൾക്കു രണ്ടാൾക്കും പരസ്പരം താല്പര്യം ജനിച്ചു.

അയാൾ സ്വതെ ബുദ്ധിയുള്ളവനായിരുന്നു; മററുള്ളവരേക്കാൾ അയാൾക്കൊരു മെച്ചമുണ്ടായിരുന്നതു് അയാൾ ആളുകളെ മനസ്സിലാക്കിയിരുന്നു എന്നുള്ളതാണ്. അക്കാരണം കൊണ്ടുതന്നെ ക്രിമിനൽ പോലീസിൽ അയാൾ ഒരു വലിയ വിജയിയാകുമായിരുന്നു. ചെറിയ കുററക്കാരും, കൊലപാതകികളും, തെണ്ടിവർഗ്ഗവും, ഒററപ്പെട്ടവരും, അയാളുടെ മുമ്പിൽ തങ്ങളുടെ ഹൃദയം തുറന്നു കാണിക്കുവാൻ മടിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അവർ സ്വന്തം തൊലി രക്ഷിക്കുന്നതിനെപ്പററിമാത്രം വ ാകുലപ്പെട്ടുന്നവരാണ്. എന്നാൽ ഈ സ്വാത്ഥംഭരികൾ അധികമായി രാഷ്ട്രീയ പോലീസിൻെറ കയ്യിൽപ്പെടാറില്ല. ഇവിടെ ഇവർക്കു പോലീസുബുദ്ധിയേ, തങ്ങൾ പിടിച്ചെടുത്തിട്ടുള്ള ഒരാളുടെ ബുദ്ധിയോടുമാത്രമല്ല ഇടതട്ടിച്ചു നോക്കേണ്ടതു്; അതിലുമെത്രയോ മഹത്തായ ഒരു ശക്തിയോടാണ്! ഇവിടെ അവർ ഏററുമുട്ടുന്നതു് വിശ്വാസങ്ങളോടാണ്, അവരുടെ ഇര ഏതു ഗ്രൂപ്പിൻെറ ഭാഗമാണോ ആ ഗ്രൂപ്പിൻെറ ബുദ്ധിയോടാണ്. സൂത്രങ്ങൾക്കും പ്രഹരങ്ങൾക്കും വിശ്വാസത്തിൻെറ നട്ടെല്ലൊടിക്കാൻ സാദ്ധ്യമല്ല.

"എൻെറ കമ്മിസ്സാറി"ൽ ശക്തിയായ ഒരു ആന്തരീക വിശ്വാസവും നിങ്ങൾ കാണുകില്ല. അതു—വിശ്വാസം—മററു വല്ലവരിലും കാണുന്നുണ്ടെങ്കിൽ അതു വക്രത്വവുമായി കലൻന്നിരിക്കും—കൗശലവും, മനുഷ്യരെപ്പററിയുള്ള ജ്ഞാന

വും, എന്തെങ്കിലും ആദർശങ്ങളും ഒന്നുമായിരിക്കയില്ല അതിന്റെ കൂട്ട്. ആകെപ്പാടെ നോക്കുമ്പോൾ അവർ ജയിച്ചിട്ടുള്ളതായി തോന്നുന്നുണ്ടെങ്കിൽ അതിനു വ്യക്തമായ കാരണങ്ങളുമുണ്ട്: സമരം വളരെ നീണ്ടുപോയി എന്നുള്ളതും, എത്രയോ പരിമിതമായ ഒരു സ്ഥലത്താണ് അതു നടക്കുന്നതെന്നുള്ളതും, ഇതിനു മുമ്പുണ്ടായിട്ടുള്ള ഏതൊരൊളിപ്പോരിനേക്കാളും, താരതമ്യപ്പെടുത്താൻപോലും കഴിവില്ലാത്തത്ര, വിപരീതമായ പരിതഃസ്ഥിതികളിലാണിതെന്നുള്ളതുമാണാ കാരണങ്ങൾ. നല്ല ഒരു ഒളിപ്രവർത്തകൻ രണ്ടുകൊല്ലം ഉപയോഗപ്പെടും എന്നു റഷ്യൻ ബോൾഷെവിക്കുകാർ പറയാറുണ്ട്. എന്നാൽ മോസ്കോയിൽ ബുദ്ധിമുട്ടുണ്ടായാൽ അവർക്ക് ഉടനേ അവിടെനിന്നു മുങ്ങി പെട്രോഗ്രാഡിൽ തലപൊക്കാം, പെട്രോഗ്രാഡിൽനിന്ന് ഒഡീസായിലേക്കു മാറാം, ലക്ഷക്കണക്കിനുള്ള പട്ടണവാസികളുടെയിടയിൽ മറയാം. അവിടെ അവരെ ആരും അറിയുകയില്ല. ഇവിടെയാണെങ്കിൽ നമുക്കു പ്രേഗ് മാത്രമെയുള്ളു, പ്രേഗ്തന്നെ പ്രേഗ്. ഇവിടെ പകുതിയാളുകളും നിങ്ങളെ കണ്ടാലറിയും. ശത്രുചാരന്മാരും കേന്ദ്രീകരിച്ചിരിക്കുന്നതിവിടെയാണ്. ഇതെല്ലാമായിട്ടും ഞങ്ങൾ അനേകവർഷം പിടിച്ചുനിന്നു. ഗെസ്റ്റാപ്പോയുടെ പിടിയിൽ വീഴാതെ അഞ്ചുകൊല്ലമായി രഹസ്യപ്രവർത്തനം നടത്തുന്ന സഖാക്കളുണ്ട്. ഇതിനു കാരണം, ഞങ്ങൾ പലതും പഠിച്ചിട്ടുണ്ടെന്നതാണ്. അതെ, എന്നാൽ ശത്രു ശക്തനും ക്രൂരനുമാണെങ്കിലും നശിപ്പിക്കാനല്ലാതെ മറ്റൊന്നും അധികമവൻ പഠിച്ചിട്ടില്ല എന്നതുംകൂടി ഇതിനു കാരണമാണ്.

കമ്യൂണിസത്തിന്റെ ഏററവും കടുത്ത സംഹാരകന്മാരെന്നു പേരെടുത്തവരും, അഭ്യന്തര ശത്രുവിനെതിരായുള്ള യുദ്ധത്തിൽ ധീരതക്കുള്ള കറുപ്പും ചുവപ്പും വെള്ളയും ചേർന്ന നാടസമ്മാനം വാങ്ങിയവരുമായി സെക്ഷൻ II. A. യിൽ മൂന്നുപേരുണ്ട്—ഫ്രീഡറിച്ച്, സാണ്ടർ, "എന്റെ കമ്മിസ്സാർ" ജോസഫ് ബോം. ഇവർക്കു ഹിററ്ലരുടെ നാഷനൽ സോഷ്യലിസത്തെപ്പററി വളരെയൊന്നും പറയാനില്ല; കാരണം അ

ഛക്തിനെപ്പററി വളരെയൊന്നും അറിഞ്ഞുകൂടാ എന്നതുതന്നെ ഇവർ സമരത്തിനിറങ്ങിട്ടുള്ളതു് ഒരു രാഷ്ട്രീയാദർശത്തോടുകൂടിയല്ല; സ്വാർത്ഥത്തിനുവേണ്ടിയാണ്. ഓരോരുത്തനും തൻകാര്യം നോക്കുന്നു. സാണ്ടർക്ക്—മനസ്സിൽ അതിരുകടന്ന വിഷത്തോടുകൂടിയ ഒരു ചെറുമനുഷ്യനാണിയാൾ—പോലീസ് സമ്പ്രദായങ്ങളെക്കുറിച്ച് മററുള്ളവരേക്കാൾ കൂടുതലായറിയാം. പണമിടപാടുകളെക്കുറിച്ച് അതിലും കൂടുതലും അറിയാം. കുറച്ചുമാസത്തേക്ക് അയാളെ പ്രേഗിൽനിന്ന് ബർളിനിലേക്കുമാററി; എന്നാൽ വേഗത്തിൽ തിരിച്ചയക്കപ്പെടാനുള്ള സന്ദർഭം അയാളുണ്ടാക്കി. 'റീച്ചി'ന്റെ തലസ്ഥാനത്തിലെ ഉദ്യോഗം അയാളെ സംബന്ധിച്ചിടത്തോളം ഒരു തരംതാഴ്ത്തലായിരുന്നു. സാമ്പത്തികമായ ഒരു ത്യാഗവും, ഒരു കൊളോണിയൻ ഉദ്യോഗസ്ഥൻ ഇരുളടഞ്ഞ ആഫ്റിക്കയിലൊ അല്ലെങ്കിൽ പ്രേഗിലൊ, ബർളിനിലേക്കാൾ പ്രതാപവാനായ ഒരു യജമാനനായിരിക്കും; അയാൾക്കു തന്റെ ബാങ്കു കണക്കിൽ പണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സൗകര്യമുണ്ടായിരിക്കും. സാണ്ടർ വളരെ പരിശ്രമശീലനാണ്. ഭക്ഷണത്തിനിരിക്കുമ്പോൾപോലും ചോദ്യങ്ങൾ ചോദിക്കാനും വിചാരണ നടത്താനും അയാൾ ഇഷ്ടപ്പെടുന്നു; താൻ എത്ര കഠിനമായി പണിയെടുക്കുന്നു എന്നു കാണിക്കാൻ വേണ്ടിയാണ് അതെല്ലാം. ഔദ്യോഗികമായ ജാഗ്രതതെളിയിക്കേണ്ടതയാൾക്കാവശ്യമാണ്, എന്തുകൊണ്ടെന്നാൽ അതിലും കൂടുതൽ അനൗദ്യോഗിക താല്പര്യങ്ങൾ അയാൾക്കുണ്ടെന്ന് ആർക്കും തോന്നരുതു്: അയാളുടെ കയ്യിൽ ചെന്നുവീഴുന്നവരെപ്പററി സഹതപിക്കുക; എന്നാൽ ആ കൂട്ടത്തിൽ പെടുന്നവരിൽ ഒരു ബാങ്കുബുക്കോ വീട്ടിൽ മുതലുകളൊ ഉള്ളവരെപ്പററി ഇരട്ടി സഹതപിക്കുക. അത്തരം ആളുകൾ വേഗത്തിൽ മരിക്കും; കാരണം സാണ്ടർക്ക് ആവക കാര്യങ്ങളിൽ വളരെ അത്യാർത്തിയാണുള്ളതു്. ജർമ്മൻ ഉദ്യോഗസ്ഥന്മാരിൽവെച്ച് ഏററവും പ്രാപ്തനായ ഒരാളായിട്ടാണ് അയാൾ പരിഗണിക്കപ്പെടുന്നതു്—ഈ പ്രത്യേകവിഷയത്തിൽ. ഇയാൾ ഇക്കാര്യത്തിൽ ചെക്കുകാരനായ തന്റെ അസിസ്റ്റന്റ്—സ്മോളാ—എന്ന

പ്പള്ളിയെക്കാൾ അല്പം വ്യത്യസ്തനാണ്. സ്മോളാ ഒരു "മാന്യ" നായ കള്ളനാണ്. നിങ്ങളുടെ പണം കിട്ടിക്കഴിഞ്ഞാൽ പിന്നെ അയാൾക്കു നിങ്ങളുടെ ജീവൻ വേണമെന്നില്ല.

മറെറാന്ന്, മെലിഞ്ഞുനീണ്ട്, കുടില ദൃഷ്ടികളോടും കുടിലമായ പുഞ്ചിരിയോടും കൂടിയ ഫ്റീഡറിച്ച് ആണ്. ചെക്കോസ്ലോവാക്യയിൽ അഭയം പ്രാപിച്ചിരുന്ന ജർമ്മൻ കമ്യൂണിസ്ററുകളെ തെരഞ്ഞുപിടിച്ച് തിരിച്ചയച്ചു കൊടുക്കാൻ വേണ്ടി ഒരു ഗെസ്റ്റാപ്പോ ചാരനായിട്ടാണ് 1937 ൽ അയാൾ ഇവിടെ വന്നത്. ശവങ്ങളാണ് ഇയാൾക്കേററവും ഇഷ്ടമുള്ളത്. ആരുടേയും നിരപരാധിത്വം അയാൾ സമ്മതിക്കുകയില്ല; ഇയാളുടെ ആഫീസിന്റെ ഉമ്മറപ്പടി കടക്കുന്നവരും കുററക്കാരാണ്. സ്ത്രീകളോട്, അവരുടെ ഭർത്താക്കന്മാർ കോൺസെൻട്രേഷൻ ക്യാമ്പിൽവെച്ചു മരിച്ചുപോയെന്നൊ അല്ലെങ്കിൽ വധിക്കപ്പെട്ടുവെന്നൊ, പറയുന്നതിനയാൾക്കൊരു രസമാണ്. മേശവലിപ്പിൽനിന്ന് ചിതാഭസ്മങ്ങൾ നിറച്ച ഏഴു പാത്രങ്ങൾ പുറത്തെടുത്തുവെച്ചുകൊണ്ട് താൻ വിസ്തരിക്കുന്നയാളെ കാണിച്ചുകൊണ്ട് അയാൾ ഇങ്ങിനെ പറയും:

"ഈ ഏഴുപേരേയും ഞാൻ എന്റെ സ്വന്തം കൈകൊണ്ട് അടിച്ചുകൊന്നതാണ്. നീയായിരിക്കും എട്ടാമത്തേത്."

ഇപ്പോൾ അയാളുടെ മേശപ്പുറത്ത് എട്ടു ഭസ്മപ്പാത്രങ്ങളുണ്ട്, അയാൾ ജാൻഷിഷ്കോയെക്കൂടെ അടിച്ചുകൊന്നു.

തന്റെ അനവധി കേസുകളുടെ ഫയലുകൾ മറിച്ചുനോക്കിക്കൊണ്ട് അയാൾക്ക് ഇങ്ങനെപറയാൻ വളരെ ഇഷ്ടമാണ്:

"അവസാനിപ്പിച്ചു. കേസ് തീർന്നു!"

എന്നാൽ സ്ത്രീകളെ ക്രൂരതലായി ദ്രോഹിക്കാനാണ് അയാൾ ഏററവുമധികം ഇഷ്ടപ്പെടുന്നത്.

അയാളുടെ സുഖഭോഗാസക്തി പോലീസ് സംരംഭങ്ങളിൽ അയാൾക്കൊരു മെച്ചമായിത്തീർന്നിട്ടുണ്ട്. വിശിഷ്ടമായി സംവിധാനം ചെയ്യപ്പെട്ട ഒരു പാർപ്പിടമോ, നല്ല നിലയിൽ നടക്കുന്ന ഒരു വ്യാപാരമൊ നിങ്ങൾക്കുണ്ടെങ്കിൽ അതു നിങ്ങളുടെ മരണത്തേ വേഗപ്പെടുത്തും—അത്രതന്നെ.

അയാളുടെ ചെക്കുകാരൻ അസിസ്റ്റൻറിന്—നെർജർ—അ

യാളെക്കാൾ അരച്ചാൺ പൊക്കം കുറവാണ്. എന്നാൽ അവർ തമ്മിലുള്ള വ്യത്യാസവും അത്രമാത്രമാണ്.

എന്റെ കമ്മസ്സാർ ബോച്ചിന് ശവങ്ങൾക്കോ പണത്തിനോ അത്യാർത്തിയില്ല; എങ്കിലും അയാളുടെ ലിസ്റ്റിൽ, മേലറഞ്ഞ രണ്ടുപേരുടേതിനേക്കാളും ശവങ്ങളുടെ എണ്ണം ഒട്ടും കുറവല്ല, കേട്ടോ. തനിക്കും ആരെയൊ ഒക്കെപ്പോലെ പ്രമാണിയായ ഒരാളായിത്തീരണമെന്ന് അഗ്രഹമുള്ള ഒരു തെണ്ടിയാണയാൾ. അയാളും ഒരു പഴയ ഗസ്റ്റാപ്പോക്കാരനാണ്. ഹിററ്ലർ ഏററവും രഹസ്യ കൂടിയാലോചനകൾക്കായി 'ബെരാ'നെ തനിച്ചുകണ്ട അവസരത്തിൽ ഈ ദേഹം—ബോം—നെപ്പോളിയൻ മുറിയിൽ വേല ചെയ്തിരുന്നു. ഹിററ്ലറിനോടുതന്നെ ബെരാൻ പറയാതിരുന്ന സംഗതികൾ ഇയാൾ കൂട്ടിച്ചേർത്തു. എന്നാൽ ജനങ്ങളെ വേട്ടയാടി, അതിൽവെച്ച് അവരുടെ ജീവിതത്തിന്റെയും മരണത്തിന്റെയും യജമാനനായിത്തീരാനും, കുടുംബങ്ങളെ ഒന്നോടെ കൊന്നൊടുക്കാനുള്ള ഉത്തരവു കൊടുക്കാനും ഉള്ള ഭാഗ്യവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതു നിസ്സാരമായിരുന്നു.

അയാളെ തൃപ്തിപ്പെടുത്തുവാൻ എപ്പോഴും ഇത്ര ഭയങ്കരമായ ഒന്നും സംഭവിക്കണമെന്നുണ്ടായിരുന്നില്ല. എന്നാൽ ചില കടന്ന കൈകൾ പ്രയോഗിക്കാൻ അയാളാഗ്രഹിച്ചിരുന്നു; അതു് കുടുംബങ്ങളെ ഒന്നടങ്കം കൊന്നൊടുക്കുന്നതിനേക്കാൾ ഭയങ്കരമായി തീരാറുണ്ട്.

ഏററവും വിപുലമായ ഒരു ചാരസംഘത്തിന്റെ വല അയാൾ നെയ്തുണ്ടാക്കി. അങ്ങിനെ അയാൾ ഏററവുമധികം നായാട്ടുനായ്ക്കളോടുകൂടിയ ഒരു വേടനായിത്തീർന്നു; എന്നിട്ടയാൾ വേട്ടയാടി, പലപ്പോഴും വേട്ടയിലുള്ള രസത്തിനു വേണ്ടിമാത്രവും വേട്ടയാടി. വിചാരണ നടത്തൽ അയാൾക്കൊരു മുഷിപ്പൻ ഏർപ്പാടായിരുന്നു; ആളുകളെ അറസ്റ്റ് ചെയ്യുകയും, എന്നിട്ട് അവർ തന്റെ കല്പന കാത്തു് മുറിക്കു മുൻവശത്തു നില്ക്കുന്നതു കാണുകയുമായിരുന്നു അയാൾക്കേററവുമിഷ്ടം, ഒരിക്കലയാൾ പ്രേഗിലെ 200 ഠാം കണ്ടക്ടർമാരെയും

മോട്ടോർ ഡ്രൈവർമാരേയും ഒന്നിച്ചറസ്റ്റുചെയ്തു; ഗതാഗതം മുഴുവനും നിറുത്തി, ഗതാഗതവ്യവസ്ഥയിൽ പരിഭ്രമമുണ്ടാക്കി, ഈ ഇരുനൂറുപേരേയും ആട്ടിത്തെളിച്ച് തെരുവിന്റെ നടുവിൽക്കൂടെ അയാളുടെ ആഫീസിൽ കൊണ്ടുപോയി. എന്നിട്ട് അയാൾക്കു സന്തോഷമായോ? അതിൽ 150 പേരെ അയാൾ വിട്ടയച്ചു; 150 കുടുംബങ്ങൾ തന്നെപ്പററി ഒരു ദയാശീലനെന്നു പറയുമല്ലോ എന്നു കരുതി.

അയാൾക്കു കിട്ടാറുള്ള സാധാരണ കേസുകൾ അപ്രധാനങ്ങളും എന്നാൽ കുഴപ്പം പിടിച്ചവയും, പടന്ന് പിടിച്ചവയുമായിരിക്കും. ഞാനൊരു വ്യത്യസ്തതയായിരുന്നു, എന്നെ പിടിച്ചതും യാദൃച്ഛികമായിട്ടാണ്.

"നിന്റേതാണ് എന്റെ ഏററവും വലിയ കേസ്," എന്ന് അയാൾ പലപ്പോഴും ആത്മാർത്ഥമായി പറയാറുണ്ട്. തന്റെ കേസുകളിൽ ഒന്ന് ഏററവും പ്രധാനപ്പെട്ടതായിരുന്നു എന്നതിൽ അയാൾ അഭിമാനം കൊണ്ടു. അതു് എന്റെ ജീവൻ അല്പം നീളാനുംകൂടി കാരണമായിട്ടുണ്ടാകാം.

ഞങ്ങളന്യോന്യം ഞങ്ങളുടെ സർവ്വശക്തികളുമുപയോഗിച്ചും കണിശമായും നുണ പറഞ്ഞിരുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ട്. അതായതു്, അയാൾ നുണ പറയുമ്പോൾ ഞാനതു് അറിഞ്ഞിരുന്നു എന്നുള്ളതും, നേരെ മറിച്ച്, ഞാൻ പറഞ്ഞിരുന്നതയാൾ അറിഞ്ഞിരുന്നില്ലെന്നുള്ളതുമാണ്. ഒരു നുണ പൊള്ളയായി തുറന്നു കണ്ടുകഴിയുമ്പോൾ, പിന്നെ അതിനേപ്പററി ഇനിയൊന്നും പറയണ്ട, എന്നൊരു പരസ്പരധാരണയിൽ ഞങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. അയാൾക്കു സത്യം കണ്ടുപിടിക്കാനല്ല, തന്റെ ഏററവും വലിയ കേസിന് കളങ്കമൊന്നും തട്ടാതെ സൂക്ഷിക്കാനാണ് കൂടുതൽ ഉൽക്കണ്ഠ എന്നുപോലും എനിക്കു തോന്നി.

വടികളും ഇരുമ്പും മാത്രമല്ല വിസ്താരത്തിന് അയാളുപയോഗിച്ചിരുന്ന ഉപകരണങ്ങൾ. തന്റെ പുള്ളിയെപ്പററിയുള്ള മതിപ്പിനനുസരിച്ച്, ഭീഷണിപ്പെടുത്തലിനു പകരം പറഞ്ഞു സമ്മതിപ്പിക്കാനും അയാൾ ശ്രമിച്ചിരുന്നു. ആദ്യരാത്രിയിലെങ്ങാനും എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കില

ല്ലാതെ എന്നെ അയാൾ ഒരിക്കലും ഉപദ്രവിച്ചിട്ടില്ല. എന്നാൽ മർദ്ദിക്കേണ്ടതാവശ്യമാണെന്നയാൾക്കു തോന്നിയാൽ എന്നെ അയാൾ വേറെ ആളുകളെ ഏല്പിച്ചുവിടും.

അയാളുടെ സ്വഭാവം. തീർച്ചയായും മററാരുടേതിനേക്കാളും പഠിക്കാൻ രസമുള്ളതും കുഴപ്പം പിടിച്ചതുമായ ഒരു വിഷയമായിരുന്നു. കൂടുതൽ സമ്പന്നമായ ഒരു ഭാവനയാണയാളുടേതു്; അതുപയോഗിക്കാനും അയാൾക്കറിയാം. ബ്രാക്കനിൽ ഒരു സമ്മേളനം നടക്കുന്നതായി സങ്കല്പിച്ചുകൊണ്ടു് ഞങ്ങൾ വച്ചപ്പോഴും അവിടേയ്ക്കോടിച്ചുപോകാറുണ്ടായിരുന്നു. അവിടെ ഞങ്ങൾ ഒരു ബീറ് തോട്ടത്തിലിരുന്നുകൊണ്ടു കടന്നുപോകുന്ന ജനങ്ങളെ നോക്കുകയാണു്.

അവരെ നോക്കി ആലോചനയിലാണ്ടിരുന്നുകൊണ്ടു് അയാൾ പറയും:

"ഞങ്ങൾ നിന്നെ അറസ്റ്റ്ചെയ്തു. എന്നിട്ടും കണ്ടോ, അവരെസംബന്ധിച്ച് ഒരു മാററവുമുണ്ടായിട്ടില്ല. പണ്ടത്തേപ്പോലെതന്നെ അവരിപ്പോഴും നടക്കുന്നു. പണ്ടത്തെപ്പോലെതന്നെ അവരിപ്പോഴും പുഞ്ചിരിതൂകുകയൊ തങ്ങളുടെ വിഷമതകളെപ്പററി വിചാരപ്പെടുകയോ ചെയ്യുന്നു. നീ ഒരിക്കലും ജീവിച്ചിരുന്നിട്ടേയില്ല എന്നപോലെ ലോകം മുന്നോട്ടു പോകുന്നു. അവരിൽ തീർച്ചയായും നിന്റെ പഴയ വായനക്കാരിൽ ചിലർ കാണും. നീ കാരണം അവരിൽ ആർക്കെങ്കിലും മുഖത്തിറു് ഒരു ചുളിവെങ്കിലുമുണ്ടായിട്ടുണ്ടെന്നു നീ വിചാരിക്കുന്നോ?"

ചിലപ്പോൾ പകൽ മുഴുവൻ നീണ്ടുനില്ക്കുന്ന വിസ്താരത്തിനുശേഷം അയാൾ എന്നെ കാറിൽ കയററി നെരൂദാ തെരുവിൽക്കൂടി കൊട്ടാരക്കെട്ടിലേയ്ക്കു കൊണ്ടുപോകും:

"നീ പ്രേഗിനെ സ്നേഹിക്കുന്നുണ്ടെന്നെനിക്കറിയാം. നോക്കൂ! നിനക്കൊരിക്കലും അതിലേയ്ക്കു മടങ്ങണമെന്നാഗ്രഹമില്ലേ? പ്രേഗ് എത്ര മനോഹരമാണു്—നീ പോയതിനുശേഷവും അവൾ ഇതിലും മനോഹരിയായിരിക്കും."

പ്രലോഭകന്റെ വേഷം അയാൾ നന്നായി അഭിനയിച്ചു. സമയം വൈകിയ ആ ഗ്രീഷ്മസന്ധ്യയിൽ പ്രേഗിൽ

മഞ്ഞുവീഴാൻ പോകുന്നതിന്റെ സൂചനയായി ഒരു കുളിർ ക്കാറ്റൂതി. പഴുത്തുതുടങ്ങിയ മുന്തിരിങ്ങാപോലെ ഇളംനീല നിറം പൂണ്ടു തുടങ്ങിയതും മൂടൽമഞ്ഞുപോലുള്ളതും, മുന്തിരിങ്ങാച്ചാറുപോലെ മാദകവുമായിരുന്നു അതു്. ലോകാവസാനംവരെ അതു കണ്ണുമിഴിച്ചു നോക്കിക്കൊണ്ടു നില്ക്കുവാൻ ഞാനാഗ്രഹിച്ചു ...... . .. ....... ... ....... ........ ............... .........
....... എന്നാൽ ഞാനയാളെ തടഞ്ഞുകൊണ്ടു പറഞ്ഞു:

" നീ പോയതിനുശേഷവും പ്രേഗ് കുറേക്കൂടെ മനോഹരമായിരിക്കും."

അയാൾ ചിരിച്ചു, നിഛ്ത്വത്തോടെയല്ല, വ്രസന്നാത്മകമായ ഒരു ചിരി. എന്നിട്ടയാൾ പറഞ്ഞു:

"നിയൊരു മനുഷ്യവിദ്വേഷിയാണ്."

ആ സായാഹ്നത്തിലെ സംഭാഷണത്തിലേക്കു് അയാൾ പിന്നീടു പലപ്പോഴും മടങ്ങിവരാറുണ്ടു്.

"നാം ഈ ലോകത്തിൽ ഇല്ലാതാകുന്നകാലത്തു് .........
അപ്പോൾ നീ ഇനിയും ഞങ്ങളുടെ വിജയത്തിൽ വിശ്വസിക്കുന്നില്ല അല്ലേ?".

അയാൾ അതു ചോദിച്ചതു് അയാൾക്കുതന്നെ ഉറപ്പില്ലാത്തിട്ടാണ്. സോവ്യറ്റുയൂണിയന്റെ ശക്തിയും അജയ്യതയും ഞാനയാൾക്കു വിവരിച്ചുകൊടുത്തപ്പോൾ ഏററവും ശ്രദ്ധാപൂർവ്വം അതെല്ലാം അയാൾകേട്ടു. അതെന്റെ അവസാന "വിചാരണ" കളിൽ ഒന്നായിരുന്നു.

## * സസ്പെൻഡേഴ്സിന്റെ സംഭവം

എന്റെ മുറിക്കു എതിരെയുള്ള മുറിയുടെ വാതിലിനു സമീപം സസ്പെൻഡേഴ്സ് തൂങ്ങിക്കിടക്കുന്നുണ്ടു്. സാധാരണപുരുഷന്മാരുടെ സസ്പെൻഡേഴ്സ്. എനിക്കൊരുകാലത്തും ഈ സാധനം ഇഷ്ടമുണ്ടായിരുന്നില്ല. എന്നാൽ ഇന്നു മുറിയുടെ വാതൽ തുറക്കുമ്പോഴൊക്കെ ഞങ്ങൾ സന്തോഷ

* കാൽമേസുകളുടെമേൽ ഭാഗം തൂക്കിയിട്ടു ഒരുവക പാശ്ചാത്യ ചമയോപകരണം.

ത്തോടുകൂടെ അതിനെ തുറിച്ചു നോക്കാറുണ്ട്—എന്തെന്നാൽ, അവയിൽ ഞാൻ ആശയുടെ കണികകാണുന്നു.

നിങ്ങളെ അറസ്റ്റുചെയ്യുമ്പോൾ അവർ നിങ്ങളെതല്ലിക്കൊല്ലുകയൊ അല്ലെങ്കിൽ മരണത്തിന്റെ വളരെ അടുത്തുവരെ എത്തിക്കുകയൊ ചെയ്യു എന്നുവരാം. ആദ്യമായി നിങ്ങളുടെ 'നെക്ക്ടൈ'യും, ബെൽറ്റും, സസ്പെൻഡേഴ്സുമെല്ലാം എടുത്തുമാറ്റും. നിങ്ങൾ തന്നെത്താൻ തൂങ്ങിച്ചാവാതിരിക്കാനാണിതു്. (പക്ഷെ ഇതിനെക്കാൾ നന്നായി തൂങ്ങിച്ചാവാൻ കൊള്ളാവുന്നതു് നിങ്ങളുടെ ടൗവ്വൽ തന്നെയാണ്) ഏതെങ്കിലും ഒരു ഗെസ്റ്റാപ്പോ കോടതി നിങ്ങളെ വേലയ്ക്കുവേണ്ടിയോ, മറ്റൊരു കോൺസെൻട്രേഷൻ ക്യാമ്പിലേക്കോ വധശിക്ഷക്കോ, എവിടേക്കാണയക്കേണ്ടതെന്നു തീരുമാനിക്കുന്നതുവരെ, ആപൽക്കാരികളായ ഈ മാരകായുധങ്ങൾ ജയിലാപ്പീസിൽ സൂക്ഷിച്ചുവെച്ചിരിക്കും. യാത്രയാവുമ്പോൾ നിങ്ങളെ അകത്തേക്കുവിളിച്ചു ഔദ്യോഗിക ചടങ്ങുകളോടെ ആ സാധനങ്ങൾ മടക്കിത്തരുന്നു—എന്നാൽ അതു നിങ്ങൾക്കു മുറിയിലേക്കുകൊണ്ടുപോകാൻ അനുവാദമില്ല. അതു മുറിവാതിലിനു സമീപമോ, എതിരേയുള്ള ക്രാസിപ്പടിയിന്മേലൊ തൂക്കിയിട്ടിരിക്കണം. വണ്ടിവന്നു നിങ്ങളെ കൊണ്ടുപോകുന്നതുവരെ അതു് അവിടെത്തന്നെ തൂങ്ങിക്കിടക്കണം. ആ മുറിയിൽനിന്നൊരാൾ നിർബന്ധ പ്രകാരമുള്ള ഒരു യാത്ര പുറപ്പെടേണ്ടിയിരിക്കുന്നു എന്നു് അതു കുറിക്കുന്നു.

എതിരെയുള്ള മുറിവാതിൽക്കൽ സസ്പെൻഡേഴ്സ് പ്രത്യക്ഷപ്പെട്ടതു് അഗസ്റ്റീനയുടെ വിധിയേപ്പറ്റി എനിക്കറിവു കിട്ടിയ ആ ദിവസമായിരുന്നു. അവൾക്കു പോകേണ്ടിയിരുന്ന അതേ വണ്ടിയിൽത്തന്നെ, എതിർ മുറിയിലെ എന്റെ സ്നേഹിതനും അടിമവേലക്കുവേണ്ടി കൊണ്ടുപോകപ്പെടുകയാണ്. ആ സംഘം ഇതേവരെ പോയിട്ടില്ല. പോക്ക് പെട്ടെന്നു നീട്ടിവെക്കേണ്ടിവന്നു. കാരണം അവരെക്കൊണ്ടു വേലചെയ്യിക്കാനുദ്ദേശിച്ചിരുന്ന ആ സ്ഥലം ബോംബുവീണു തകർന്നുപോയി എന്നു പറയപ്പെടുന്നു. (ഇതു മറ്റൊരു സന്തോഷവാർത്തയാണ്) ഇനി അവർ എന്നുപോകേണ്ടിവരുമെ

ന്ന് ആർക്കും തീർച്ചയില്ല—ഇന്നു വൈകുന്നേരമോ, ഒരു പക്ഷെ നാളെയൊ, ഒരാഴ്ചകഴിഞ്ഞോ, രണ്ടാഴ്ചകഴിഞ്ഞോ? സസ്പെൻഡേഴ്സ് പിന്നേയും അതേസ്ഥാനത്തു തൂങ്ങിക്കിടക്കുന്നു. അതുകൾ അവിടെകാണുന്നിടത്തോളം കാലം അഗസ്റ്റീനാ പ്രേഗിൽത്തന്നെയുണ്ടെന്ന് എനിക്കു തീർച്ചയാക്കാം. അതുകൊണ്ടു ഞാനതുകളെ സന്തോഷത്തോടും സ്നേഹത്തോടും കൂടെ നോക്കുന്നു. അവ അവളെ സഹായിക്കുന്ന ആരൊ ആണെന്നപോലെയായിരുന്നു അതിലെ ഭാവം. അതുകൾ അവർക്ക് ഒരു ദിവസത്തെ, അഥവാ രണ്ടുദിവസത്തെ, മൂന്നുദിവസത്തെ.........കൂട നൽകുന്നു...... ആ ഏതാനും ദിവസങ്ങളുടെ ഫലമെന്തായിരിക്കാം. ആർക്കറിയാം? ഒരു പക്ഷെ, ആ ദിവസങ്ങളിലൊന്ന് അവളുടെ മോചനം കൊണ്ടുവന്നേക്കാം.

ഇതാണ് ഞങ്ങളെല്ലാം ഇവിടെ ജീവിക്കുന്ന രീതി. കഴിഞ്ഞകൊല്ലം, കഴിഞ്ഞ മാസം, ഇന്ന്, നാളെ— ആശ കുടികൊള്ളുന്ന നാളെയുടെ നേരെയാണ് നമ്മുടെ കണ്ണുകളെല്ലാം തിരിഞ്ഞിരിക്കുന്നതു്. നിങ്ങളുടെ കഴി തീർന്നിട്ടുണ്ടായിരിക്കാം, നിങ്ങളെ മററന്നാൾ വെടിവെക്കാൻ തീർച്ചപ്പെട്ടുത്തിക്കഴിഞ്ഞിട്ടുണ്ടായിരിക്കാം! നാളെത്തെ കഴിയുന്നവരെയെങ്കിലും ജീവിച്ചിരിക്കാം, അപ്പോഴേക്കും കാര്യങ്ങൾ ആകെ മാറിയെന്നും വരാം. സംഗതികളുടെ കിടപ്പ് അത്രക്കു അസ്ഥിരമാണ്. നാളെ എന്തു സംഭവിക്കുമെന്ന് ആർക്കറിയാം? "നാളെ"കൾ കടന്നു പോകുന്നു; ആയിരം ആയിരം പേർ വീഴുന്നു. അവർക്കു "നാളെ" ഇല്ല. എന്നാൽ ജീവനോടെ ശേഷിക്കുന്നവർ ക്ഷയിക്കാത്ത ആശയോടെ വീണ്ടും ജീവിക്കുന്നു— നാളെ എന്തുതന്നെ സംഭവിക്കയില്ല എന്ന് ആർക്കറിയാം?

ഈ മനഃസ്ഥിതിയിൽനിന്ന് ഏററവും ബുദ്ധിശൂന്യമായ കിംവദന്തികൾ ഉയരുന്നു. ഓരോ ആഴ്ചയും യുദ്ധത്തിൻെറ അവസാനത്തെപ്പററി ആശാവഹമായ ഓരോ കഥകൾ ഉണ്ടാകും. ഓരോരുത്തരും അതു് ചെവിയോടു ചെവി ഒരു പുഞ്ചിരിയോടെ അതു പരത്തും. ഓരോ ആഴ്ചയും പാൻക്രാ

റ്റ്സിൽ സന്തോഷകരമായ എന്തെങ്കിലും പുതിയ വാൎത്തയുടെ കുശുകുശുപ്പ് കേൾക്കാം. ഞങ്ങളതു് എളുപ്പത്തിൽ വിശ്വസിക്കും. എങ്കിലും അത്തരം കാൎയ്യങ്ങൾ വിശ്വസിക്കാതിരിക്കാൻ ഞങ്ങൾ സമരം ചെയ്യുന്നോക്കും; മിഥ്യയായ ആശകളെ അമൎത്തിക്കളയുന്നു. എന്തുകൊണ്ടെന്നാൽ, അതു നിങ്ങളുടെ സ്വഭാവത്തിന് കരുത്തു നല്കുന്നില്ല; നേരെമറിച്ച് അവസാനം അതു നിങ്ങളെ ദുൎബ്ബലനാക്കുന്നു. ശുഭാപ്തിവിശ്വാസത്തെ തീററിപ്പോററുന്നതു് നുണകളിന്മേലായിരിക്കരുതു്; അതു സാദ്ധ്യവുമല്ല, സത്യത്തിന്മേലായിരിക്കണം. യുദ്ധത്തിൻെറ അന്ത്യം ഏതുവിധത്തിലാണൊ സംഭവിക്കുക സാദ്ധ്യമാവുന്നവിധത്തിൽത്തന്നെ നാം കാണണം. സത്യത്തിലുള്ള മൗലീകമായ വിശ്വാസം ഓരോരുത്തനിലും സ്വയം ഉള്ളതാണു്. ഒരുദിവസം നിൎണ്ണായകദിവസമായിരിക്കുമെന്നുള്ള വിശ്വാസം, ആ ദിവസം നിങ്ങൾതന്നെ നേടിയതോ, നിങ്ങൾക്കുപേക്ഷിക്കാൻ മടിയുള്ള ജീവിതത്തിൻെറ പരിധിവരെ നിങ്ങളെക്കൊണ്ടുചെന്നാക്കുന്നതോ, മരണത്തിൻെറ ഭീഷണയിൽനിന്നു നിങ്ങളെ രക്ഷപെടുത്തുന്നതോ, ഏതുതരത്തിലുള്ളതാണെന്നുള്ള വിശ്വാസങ്ങൾ, എല്ലാം നിങ്ങളിൽത്തന്നെയാണുള്ളതു്.

ഒരു മനുഷ്യൻെറ ജീവിതത്തിൽ അത്രയധികം ദിവസങ്ങളല്ല. എങ്കിൽക്കൂടെയും ആ ദിവസങ്ങൾ വേഗം നീങ്ങിപ്പോവാൻ നിങ്ങൾ ആഗ്രഹിക്കുന്നു; കഴിയുന്നതിലേക്കും വേഗത്തിൽ നീങ്ങിപ്പോവാൻ ആഗ്രഹിക്കുന്നു. പറക്കുന്നവേഗത്തിൽ, പിടികിട്ടാത്തത്ര വേഗത്തിൽ, അതിവേഗത്തിൽ പായുന്ന സമയം, നമ്മുടെ ജീവിതത്തിൻെറ ചോര ഒഴുക്കിയെടുക്കുന്ന സമയം ഇവിടെ നമ്മുടെ ഏററവും വലിയ മിത്രമാണു്. എന്തു വൈപരീത്യം!

നാളെ ഇന്നലെയായിക്കഴിഞ്ഞു. മറെറന്നാൾ ഇന്നാണ്— അപ്പോഴേക്കും അതും കഴിഞ്ഞു. എതിർ മുറിയുടെ വാതലിനു സമീപം ആ സസ്പെൻഡേഴ്സ് ഇപ്പോഴും തൂങ്ങിക്കിടക്കുന്നുണ്ടു്.

അദ്ധ്യായം 6

# 1942-ലെ പട്ടാളനിയമം

## മേയ് 17, 1943.

ശരിക്കൊരുകൊല്ലം മുമ്പ്.

ഒരു വിചാരണകഴിഞ്ഞ് അവർ എന്നെ സിനിമയിലേയ്ക്കു തിരിച്ചുകൊണ്ടുപോയി. അതായിരുന്നു ഞങ്ങളുടെ ദിനചര്യ: പാൻക്രാററ്സിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഉച്ചഭക്ഷണം കഴിക്കാൻവേണ്ടി 400-ാംനമ്പരിൽനിന്നു താഴത്തേയ്ക്കു കൊണ്ടുവരിക, പിന്നെ തിരിച്ചു നാലാമത്തെ നിലയിലേക്കു കൊണ്ടുപോകുക. എന്നാൽ ആ ദിവസം ഉച്ചയ്ക്കുശേഷം അവർ ഞങ്ങളെ നാലാംനിലയിലേയ്ക്കു തിരിച്ചുകൊണ്ടുപോയില്ല.

നിങ്ങൾ ഇരുന്നു ഭക്ഷണം കഴിക്കുന്നു. ബഞ്ചുകളിൽ നിറയെ തടവുകാരാണ്. അവർ സ്പൂൺ ഉപയോഗിക്കുകയും ചവയ്ക്കുകയും ചെയ്യുന്ന പ്രതീതിയിലാണ്. ഇതെല്ലാം മിക്കവാറും മാനുഷികമായിത്തോന്നുന്നു. നാളെ മരിക്കാനിരിക്കുന്നവരായ ഞങ്ങളെല്ലാവരും ഇന്നുതന്നെ വെറും അസ്ഥിപഞ്ജരങ്ങളായി മാറുകയാണെങ്കിൽ, ഈ മൺപാത്രങ്ങളിൽ സ്പൂണുകൾ മുട്ടിയുണ്ടാകുന്ന ശബ്ദം ഞങ്ങളുടെ എല്ലുകളുടെ ശബ്ദമായും താടിയെല്ലുകളുടെ കടകടശബ്ദമായും മാറിയേക്കാം. എന്നാൽ ആരും അതാലോചിച്ചില്ല എന്നുമാത്രം. ആരും സംശയിച്ചില്ല, ഒരാഴ്ചകൂടി ജീവിച്ചിരിക്കാൻ അല്ലെങ്കിൽ ഒരു മാസം, ഒരുകൊല്ലംകൂടെ ജീവിക്കാൻവേണ്ടി; ഞങ്ങളിൽ ഓരോരുത്തരും വയററിൽ ഭക്ഷണം കുത്തിനിറക്കുകയായിരുന്നു.

മിക്കവാറും നല്ലകാലം എന്നുപറയാം. അപ്പോഴേയ്ക്കും അസാധാരണമായ ഒരു കാററടിച്ചു. അസഹ്യമായ ശാന്തത

പരന്നു. വാർഡർമാരുടെ മുഖഭാവത്തിൽനിന്നു മാത്രമാണ് അസാധാരണമായ എന്തോ സംഭവിക്കുന്നുണ്ടെന്ന് ഊഹിക്കുവാൻ കഴിയുമായിരുന്നുള്ളു. അതിന്റെ തെളിവ്, അവർ ഞങ്ങളെ പുറത്തിറക്കി അണിനിരത്തി പാൻക്രാററ്സിലേക്കു കൊണ്ടുപോയി എന്നുള്ളതാണ്. ഉച്ചയ്ക്കു പാൻക്രാററ്സിലേക്കു തിരികെ പോകുകയോ! ഇതിനുമുമ്പൊരിക്കലും അങ്ങിനെയുണ്ടായിട്ടില്ല. ഒരു പകലിന്റെ പകുതിമുഴുവൻ വിസ്താരംകൂടാതിരിക്കുകയോ; ഞങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാനാവാത്ത ചോദ്യങ്ങൾകൊണ്ട് ഞങ്ങളെല്ലാം ക്ഷീണിച്ചിരിക്കുന്നു. ഇതു ദൈവത്തിൽനിന്നുള്ള ഒരു സമ്മാനംപോലെയിരിക്കുന്നു. എങ്കിലും അങ്ങിനെയല്ല.

ഇടനാഴിയിൽവച്ചു ഞങ്ങൾ ജനറൽ എലിയാഷിനെ കണ്ടു. (പ്രൊട്ടക്ടറേററിനു കീഴിലെ മുമ്പിലത്തെ പ്രധാനമന്ത്രി; പിന്നീട് വധിക്കപ്പെട്ടു.) അദ്ദേഹത്തിന്റെ കണ്ണുകളിൽ ക്ഷോഭം നിഴലിക്കുന്നുണ്ട്. വാർഡർമാരുടെ വേലിക്കിടയിൽക്കൂടെ അദ്ദേഹം എന്നെകണ്ടു; അടുത്തുവന്നിട്ട് മന്ത്രിച്ചു:

"പട്ടാളനിയമം."

എന്റെ മനപ്രശ്നത്തിന് ഉത്തരംപറയാൻ അദ്ദേഹത്തിനു സമയംകിട്ടിയില്ല. ഏററവും പ്രധാനപ്പെട്ട വാർത്തകൾക്കുകൂടി തടവുകാർക്ക് നിമിഷങ്ങൾ കിറിപ്പുകുക്കുന്ന സമയമേയുള്ളു.

പെച്ചെക്കിൽനിന്നു ഞങ്ങൾ നേരത്തെ തിരിച്ചെത്തിയതിൽ പാൻക്രാററ്സിലെ വാർഡർമാർ അത്ഭുതപ്പെട്ടു. എന്നെ മുറിയിലേക്കു കൊണ്ടുപോയ ഒരുത്തനോട്, ഞാൻ കേട്ടതു പറയാൻ, ഞാൻ ധൈര്യപ്പെട്ടു, അത്രയ്ക്കുള്ള വിശ്വാസം എനിക്കവനിൽ തോന്നി. അയാൾ ആരാണെന്നെനിക്കറിയില്ല. എന്നാൽ അയാൾ വെറുതെ തലകുലുക്കുകമാത്രമെ ചെയ്തുള്ളു. പട്ടാളഭരണത്തെക്കുറിച്ച് അയാൾ ഒന്നും അറിഞ്ഞിരുന്നില്ല—അല്ലെങ്കിൽ ഒരുപക്ഷെ എന്റെ ചോദ്യം കേട്ടിട്ടില്ലായിരിക്കാം. ഒരുപക്ഷേ—ചോദ്യം ചോദിച്ചതിൽ എനിക്കുണ്ടായ ഉൽക്കണ്ഠ അങ്ങിനെ തീർന്നു.

എങ്കിലും അന്നു വൈകുന്നേരം അയാൾവന്ന് എന്റെ മുറിയിലേയ്ക്കു നോക്കി:

"നിങ്ങൾ പറഞ്ഞതു ശരിയായിരുന്നു. ഹിഡ്റിച്ചിനെ കൊല്ലാൻ ഒരു ശ്രമംനടന്നു. അദ്ദേഹത്തിനു നല്ല പരുക്കു പററി. പ്രേഗിൽ പട്ടാളഭരണമാണ്."

പിറേറന്നു താഴത്തെ ഇടനാഴിയിൽ അവർ വീണ്ടും ഞങ്ങളെ ചോദ്യത്തിനു കൊണ്ടുപോകുവാൻ അണിനിരത്തി. ഞങ്ങളുടെകൂട്ടത്തിൽ, പാർട്ടിയുടെ സെൻട്രൽകമ്മിററി മെമ്പർമാരിൽ ജീവിച്ചിരിക്കുന്ന അവസാനത്തെ ആളായ സഖാവ് വിക്ടർ സൈനക് ഉണ്ട്. അദ്ദേഹത്തെ 1941 ഫെബ്രുവരിയിലാണ് അറസ്ററുചെയ്തത്. എസ്സ്. എസ്സ്. യൂണിഫാറം ധരിച്ച, ചടച്ചു പൊക്കംകൂടിയ ഒരു താക്കോൽക്കാരൻ, അദ്ദേഹത്തിന്റെ മുഖത്തിനുനേരെ ഒരു കഷണം വെള്ളക്കടലാസ്സിട്ടു കുലുക്കിക്കാണിച്ചു. അതിൽ വളരെ തടിച്ച അക്ഷരത്തിൽ ഇങ്ങിനെ എഴുതിരുന്നതുകാണാം:

"ഡിസ്ചാർജ്ജ് ഓർഡർ."

അയാൾ വികൃതമായി ചിരിക്കുകയാണ്.

"എടാ ജൂതാ, നീ ഇതു കണ്ടോ? നീ അപ്പോൾ ഇതിലും രക്ഷപെട്ടു. നിന്റെ ഡിസ്ചാർജ്ജ് ഓർഡർ— തേണ്ട—" എന്നു പറഞ്ഞിട്ട്, വിക്ടറുടെ തലതെറിക്കുമെന്ന് അർത്ഥംവരത്തക്കവിധമയാൾ ആംഗ്യം കാണിച്ചു. 1941-ലെ പട്ടാളനിയമത്തിൻകീഴിൽ ആദ്യം വധിക്കപ്പെട്ടയാൾ സൈനെക്കു ആയിരുന്നു. അദ്ദേഹത്തിന്റെ സഹോദരനായ വിക്ടറാണ് 1942-ലെ പട്ടാളനിയമത്തിന്റെ ഒന്നാമത്തെ ഇര. അവർ അദ്ദേഹത്തെ മൗത്താസെനിലേക്കു കൊണ്ടുപോയി; എന്തിനാണെന്നോ? "തട്ടികളയാൻ,"—അതാണവരുടെ സംസാരമുറിയിലെ പ്രയോഗം.

പാൻക്രാററ്സിൽനിന്ന് പെച്ചെക്കിലേക്കും അവിടെനിന്നു മടക്കവും ഉള്ള വഴി ആയിരക്കണക്കിനുള്ള തടവുകാക്കു നിത്യേന പരിചയമായി. യാത്രാസമയത്ത് ബസ്സിൽവെച്ച്, എസ്സ്. എസ്സ്. ഭടന്മാർ ഹീഡ്റിച്ചിനു പകരം ചോ

ദിക്കാൻ തുടങ്ങി. അര മൈൽ നീങ്ങികഴിയുമ്പോഴേക്കും തോക്കിൻെറ പാത്തികൊണ്ടുള്ള ഇടി കാരണം തടവുകാരുടെ മുഖത്തും വായിലും നിന്നു ചോരയൊലിച്ചുതുടങ്ങും. എൻെറ കൂടെ ഉള്ളവരുടെകാൎയ്യം ഭേദമാണ്. കാരണം, എൻെറ താടിമീശ പല പ്രയോഗങ്ങൾക്കും ലക്ഷ്യമായിത്തീരാറുണ്ട്. അതുകൊണ്ടു മററുള്ളവരെ ഉപദ്രവിക്കുന്നതിന്ന് അത്ര സമയം കിട്ടാറില്ല. കാറിനകത്തിരുന്നു കുലുങ്ങുമ്പോൾ ഒരു പിടുത്തത്തിന്നുവേണ്ടി എന്നപോലെ വാർഡർമാർ എൻെറ മീശയിൽ പിടിച്ചുതൂങ്ങും. അവൎക്കേററവും ഇഷ്ടമുള്ള ഒരു കളി അതാണ്. എൻെറ വിസ്താരത്തിന്നുവേണ്ടിയുള്ള നല്ലൊരു തയ്യാറെടുക്കലാണതു്. രാഷ്ട്രീയ നിലയനുസരിച്ച് വിസ്താരത്തിൻെറ രീതിയിലും വ്യത്യാസം വരുമെങ്കിലും എപ്പോഴും അവസാനിക്കുന്നതിങ്ങിനെയായിരിക്കും.

"നാളെ നിനക്കു ബുദ്ധി തിരിച്ചുവന്നിട്ടില്ലെങ്കിൽ നിന്നെ വെടിവെയ്ക്കും."

അതിൽ അത്രയ്ക്കു ഭയങ്കരമായി യാതൊന്നുംതന്നെ ഇല്ലായിരുന്നു. താഴത്തെ ഇടനാഴിയിൽ ദിവസേന പേരുകൾ വിളിക്കപ്പെടുന്നതു നിങ്ങൾക്കു കേൾക്കാം. അമ്പതും നൂറും ഇരുനൂറും ആളുകളെ ഒരേ സമയത്ത്, കശാപ്പുശാലയിലേയ്ക്കു മൃഗങ്ങളെയെന്നപോലെ കയ്യും കാലുംകെട്ടി, കൂട്ടത്തോടെ വധിക്കാൻ കോബിലിസിയിലേക്കു കൊണ്ടുപോകുന്നു. അവരുടെ പേരിലുള്ള കുററം എന്താണ്? ഒന്നാമത്തേതു് അവരുടെ പേരിൽ യാതൊന്നും തെളിഞ്ഞിട്ടില്ല എന്നുള്ളതാണ്. അവരെ അറസ്ററു ചെയ്തു; പ്രധാനപ്പെട്ട യാതൊരു കേസുമായി യാതൊരു ബന്ധവും കണ്ടുപിടിക്കപ്പെട്ടില്ല; കൂടുതൽ അന്വേഷണങ്ങൾക്കായി അവരെ ആവശ്യവുമില്ല. അതുകൊണ്ട് അവരെ വധശിക്ഷയ്ക്കു് ഉപയോഗപ്പെടുത്താം. ഹീഡ്റിച്ചിൻെറ വധശ്രമത്തിന്നു രണ്ടുമാസം മുമ്പ് ഒരു സഖാവ് ഒരു ഹാസ്യ കവിതയുണ്ടാക്കി തൻെറ സഖാക്കളെ ചൊല്ലിക്കേൾപ്പിച്ചതിന് അവരെല്ലാവരും അറസ്ററു ചെയ്യപ്പെട്ടു. ഇപ്പോൾ അവരെല്ലാം "കണ്ടംസെല്ല" (മരണമുറി) കളിലാണ്—"വധശ്രമത്തെ അനുകൂലിച്ചു" എന്ന ആരോപ

ണമാണ്. രഹസ്യ ലഘുലേഖകൾ വിതരണം ചെയ്യുന്നു എന്ന സംശയത്തിന്മേൽ ആറുമാസംമുമ്പ് ഒരു സ്ത്രീയെ അറസ്ററു ചെയ്യുകയുണ്ടായി. അവൾ അതൊരിക്കലും സമ്മതിച്ചിട്ടില്ല; യാതൊരു തെളിവുകളും ഇല്ലതാനും. എങ്കിലും അവളുടെ സഹോദരന്മാരേയും, സഹോദരിമാരേയും, സഹോദര പത്നിമാരേയും, സഹോദരീഭർത്താക്കന്മാരേയും എല്ലാം അറസ്ററു ചെയ്തു; ഇപ്പോൾ അവരെയെല്ലാം കൂട്ടത്തോടെ വധിക്കാൻ പോവുകയാണ്. എന്തുകൊണ്ടെന്നാൽ, സംശയിക്കപ്പെടുന്ന കുടുംബങ്ങളെ ഒന്നോടെ അവസാനിപ്പിച്ചുകളയുക എന്നതു പട്ടാളഭരണത്തിന്റെ ഒരു മുദ്രാവാക്യമാണ്. തെററായി അറസ്ററു ചെയ്യപ്പെട്ടുപോയ ഒരു തപാൽശിപായി വിട്ടുതല്ലംകാത്തു് ഇടനാഴിയിൽ ഒരിടത്തു മാറിനില്ക്കുകയാണ്. അയാളുടെ പേർവിളിക്കുന്നതു കേൾക്കുന്നു. അവർ അയാളെപ്പിടിച്ച് മരണശിക്ഷയ്ക്കു കൊണ്ടുപോകാൻ നിറുത്തിയിരിക്കുന്നവരുടെ വരിയിലേക്ക് ഉന്തിത്തള്ളി കൊണ്ടുചെന്നു നിറുത്തുകയും വണ്ടിയിൽക്കയററി കൊണ്ടുപോകുകയും കൊല്ലുകയും ചെയ്യുന്നു. പിറേറദിവസം മാത്രമാത്രമാണ് അതൊരു പിശകായിരുന്നുവെന്ന് അവർക്ക് മനസ്സിലാകുന്നത്. അതേപേരുള്ള വേറൊരാളെയായിരുന്നു കൊല്ലപ്പെട്ടിരുന്നത്. അതുകൊണ്ട് അവർ അയാളെയും കൊന്നു. അങ്ങിനെ തെററുതിരുത്തി. തങ്ങൾ കൊല്ലുന്നതു ശരിയായ ആളെത്തന്നെയാണെന്നുറപ്പുവരുത്താൻ ആർക്കാണു സമയം? അല്ലെങ്കിൽത്തന്നെ രാജ്യത്തെ മുഴുവൻ കൊന്നുകളയുക എന്നതു് ഉദ്ദേശമായിരിക്കുമ്പോൾ, പിന്നെ എന്താണതിന്റെ ആവശ്യം?

അന്നു രാത്രി വളരെ വൈകിയിട്ടാണ് ഞാൻ എന്റെ വിചാരണകഴിഞ്ഞു മടങ്ങിയെത്തിയതു്. തന്റെ സാമാനങ്ങളെല്ലാം ഒരു ചെറിയ മാറാപ്പിൽ പൊതിഞ്ഞുകെട്ടി അതു കാൽക്കൽ വെച്ചുകൊണ്ട് ചുമരിന്നരികെ വ്ളാഡിമിർ വാഞ്ചുറ നില്ക്കുന്നു. (അദ്ദേഹം ചെക്ക് നോവൽകർത്താക്കളിൽ വെച്ച് ഏററവും പ്രതിഭാശാലിയായ ഒരുവനാണ്) ആ നില്പിന്റെ അർത്ഥം എനിക്കു നല്ലപോലെ അറിയാം. അദ്ദേഹത്തിനും അറിയാം. ഞങ്ങൾ ഒരുനിമിഷം പരസ്പരം കൈ ഗ്രഹിച്ചു.

ലൈൻ അവസാനിക്കുന്നിടത്തുള്ള തെരുവിൽ തിരിച്ചുപോകുന്ന യാത്രക്കാരുടെ പ്രവാഹം കൊള്ളത്തക്ക വീതിയില്ലായിരുന്നു. അവർ സന്തോഷഭരിതരായി ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. പകൽ മുഴുവൻ സൂര്യൻേറയും വെള്ളത്തിൻേറയും, തങ്ങളുടെ കാമുകകാരങ്ങളുടേയും ആലിംഗനത്തിൽ കഴിച്ച്, അവർ സാമോദം ക്ഷീണിച്ചിരിക്കുന്നു. അവരുടെ മുഖത്ത് മരണംമാത്രം കാണപ്പെട്ടില്ല; അത് അവരുടെ ഇടയിൽ നടക്കുകയും ഇടയ്ക്കിടയ്ക്ക് അവരിൽ ഒരാളെ ഉന്നംവെച്ച് അമ്പുതൊടുത്തു വിടുകയും ചെയ്തുകൊണ്ടിരുന്നു. അവർ മുയലുകളെപ്പോലെ ചാടിയോടുകയും കിടന്നുരുളുകയും ചെയ്തിരുന്നു. മുയലുകളെപ്പോലെ പാവങ്ങളുമാണവർ. മുയലുകളെപ്പോലെതന്നെ! അവയുടെയിടയിൽ കയ്യിട്ട് ഭക്ഷണത്തിനുവേണ്ടി ഒന്നിനെ പിടിച്ചെടുത്തോളു. ഒരു നിമിഷം അവയെല്ലാം പേടിച്ച് ഒരു മൂലയിൽ പതുങ്ങിക്കൂടും. പക്ഷേ ഉടനെതന്നെ നിങ്ങളുടെ സന്തോഷ സന്താപങ്ങളുമായി നിറഞ്ഞ ജീവിതാനന്ദത്തോടെ അതുകൾ വീണ്ടും അവിടെയെല്ലാം പാഞ്ഞുനടക്കുകയാണ്.

മതിൽ കെട്ടിയടച്ച ജയിൽ ജീവിതത്തിൽനിന്ന് ഞാൻ പെട്ടെന്ന്, അണപൊട്ടിയൊഴുകുന്ന ഈ മനുഷ്യ പ്രവാഹത്തിലേക്ക് മാററപ്പെട്ടു. അതിൻെറ മധുരമായ ആനന്ദം എനിക്കാദ്യം കയ്പായിത്തോന്നി.

എങ്കിലും അതങ്ങിനെയാകാൻ പാടില്ലാത്തതായിരുന്നു.

ഞാനിവിടെക്കാണുന്നത് ജീവിതമാണ്, ഇപ്പോൾതന്നെ ഞാൻ വന്നിരിക്കുന്നതും ജീവിതത്തിൽ നിന്നാണ്. എത്ര ഭീകരമായസമ്മർദ്ദം ചെലുത്തിയാലും ജീവിതം അനശ്വരമാണ്. ഒരു സ്ഥലത്തുകൂടെ അത് അടിച്ചമർത്താം, എന്നാൽ മറെറാരുതുറ സ്ഥലത്തുകൂടി അതു പുറത്തേക്കു തുറിച്ചുചാടും. അതു ജീവിതമാണ്; മരണത്തേക്കാൾ ശക്തിയുള്ളതായിത്തന്നെ അത് ഇന്നു നിലകൊള്ളുന്നു. അതു കയ്പാകാൻ പാടുണ്ടോ.?

തടവുമുറിയിൽ, ഭീകരതയുടെ ഒത്ത നടുവിൽ, താമ

സിക്കുന്ന ഞങ്ങൾ, രാജ്യത്തിലെ മററുള്ളവരിൽനിന്നു വ്യത്യസ്തരായ സൃഷ്ടികളാണോ.?

ചിലപ്പോഴൊക്കെ ഞാൻ വിചാരണക്കു പോകുന്നതു് ഒരു പോലീസുകാരിൽ മര്യാദയായി പെരുമാറുന്ന വാർഡർമാരൊന്നിച്ചാകാറുണ്ട്. ജനലിൽക്കൂടെ തെരുവിലേക്കു നോക്കുന്നതിൽ അവർ അധികമായി തടസ്സപ്പെടുത്താറില്ല. കാഴ്ചക്കു സാമാനങ്ങൾ വെച്ചിരിക്കുന്ന ജനാലകളും, വില്പനക്കു വെച്ചിരിക്കുന്ന പൂക്കളും, യാത്രക്കാരും, സ്ത്രീകളും, എല്ലാം അങ്ങിനെ കാഴ്ചയിൽ പെടാൻ സാധിക്കുന്നു. ഒൻപതുകോടി ഭംഗിയുള്ള കാല്പകൾ എണ്ണാൻ കഴിഞ്ഞാൽ അന്നു ഞാൻ വധിക്കപ്പെടുകയില്ലെന്നു എന്നോടുതന്നെ ഒരിക്കൽ ഞാൻ പറഞ്ഞു. പിന്നെ ഞാൻ അവയെ പരിശോധിക്കാൻ തുടങ്ങി. അവയുടെ രേഖകളെ ശ്രദ്ധിച്ചു ഒത്തുനോക്കാൻ തുടങ്ങി. കാല്പകൾ രസത്തോടും താല്പര്യത്തോടുംകൂടെനോക്കി തെരഞ്ഞെടുക്കാനും തള്ളിക്കളയാനും തുടങ്ങി— എൻെറ ജീവിതം അവയെ ആശ്രയിച്ചാണു് നിലകൊള്ളുന്നതെന്നു ചിന്തിക്കാതെ, കേവലം രേഖകൾ മാത്രമാണു് ജീവിതമല്ല വിഷയം എന്നാൽ എന്നപോലെ.

വൈകി വളരെ കഴിഞ്ഞിട്ടാണു് അവർ സാധാരണയായി എന്നെ മുറിയിലേക്കു കൊണ്ടുവരുകപതിവു്. ഞാൻ മടങ്ങിവരുമോ എന്നുതന്നെ ആശങ്കപൂണ്ടാണു് "അപ്പാപ്പൻ" കാത്തിരിക്കാറു്. വന്നാലുടനെ അദ്ദേഹമെന്നെ കെട്ടിപ്പിടിക്കും. ഞാൻ കേട്ട വർത്തമാനങ്ങൾ, തലേന്നു് കോബിലീസിയിൽ ആരെയെല്ലാം കൊന്നു എന്നും മററും, അദ്ദേഹത്തെ പറഞ്ഞുകേൾപ്പിക്കും. അതു കഴിഞ്ഞു് വാടിയ പച്ചക്കറികൾ കൊണ്ടുണ്ടാക്കിയ ആ വെറുക്കപ്പെട്ട ഭക്ഷണം, വിശപ്പുകൊണ്ടു നിവൃത്തിയില്ലാത്തതിനാൽ, ഞങ്ങൾ കഴിക്കും. പന്നീടു്, ഒന്നുകിൽ ഞങ്ങൾ സന്തോഷകരമായ ഒരു പാട്ടുപാടും. അല്ലെങ്കിൽ, കോപമോ വ്യസനമോ ആണു ഞങ്ങൾക്കെങ്കിൽ, ഒരു കൈച്ചൂതുകളിക്കും. കുറച്ചുനേരത്തേക്കു് അതു് ഞങ്ങളുടെ ശ്രദ്ധയെ പൂർണ്ണമായും തിരിച്ചുകളയാറുണ്ട്. അങ്ങിനെയാണു് ഞങ്ങൾ സായാഹ്നവേളകൾ കഴിക്കുകപതിവു്.

അതിനിടക്ക് ഏതു നിമിഷവും ഞങ്ങളുടെ മുറിയുടെ വാതിൽ തുറക്കുകയോ, ഞങ്ങളിൽ ആരെങ്കിലും മരണത്തിനായി വിളിക്കപ്പെടുകയോ ചെയ്യാൻ പൂർണ്ണമായും സാദ്ധ്യതയുണ്ട്.

"നീ, അല്ലെങ്കിൽ, നീ, ഇറങ്ങിവാ. നിന്റെ എല്ലാം കൂടെ എടുത്തോ. വേഗം!"

എന്നാൽ ആ കാലഘട്ടത്തിൽ ഞങ്ങൾ രണ്ടാളും വിളിക്കപ്പെട്ടില്ല. ആ ഭീകരകാലം ജീവിച്ചുകയറി. ഞങ്ങളിപ്പോൾ ഞങ്ങളുടെതന്നെ മനോഭാവത്തിൽ, അത്ഭുതത്തോടുകൂടിയാണ് അതിനെപ്പറ്റി ഓർക്കാറുണ്ട്. മനുഷ്യൻ എത്ര അത്ഭുതകരമായ വിധത്തിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്— അസഹ്യമായതും നമുക്കു സഹിക്കാൻ കഴിയുന്നു.

എന്നാൽ അത്തരം കാലഘട്ടങ്ങൾ നമ്മുടെ ജീവിതത്തിൽ ആഴമേറിയ മുദ്രകൾ പതിപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. അവ നമ്മുടെ തലച്ചോറിനുതാഴെ ഫിലിം ചുരുളുകളായികിടക്കുന്നു. പിന്നീട് ചിലപ്പോൾ, യഥാർത്ഥ ജീവിതത്തിൽ ഭ്രാന്തിന്റെ രൂപത്തിൽ ആ ചുരുളുകൾ നിവരുന്നു— അത്രയും കാലം നാം ജീവിച്ചിരിക്കുകയാണെങ്കിൽ. അല്ലെങ്കിൽ ഒരു പക്ഷെ, അവ വിശാലമായ ശ്മശാനങ്ങളുടെ രൂപത്തിലോ, മനുഷ്യജീവന്റെ ഏററവും വിലപിടിച്ച വിത്തുകൾ പാകിയ പച്ചത്തോട്ടങ്ങളുടെ രൂപത്തിലൊ നിവർന്നു എന്നുവരാം.

ഏററവും അധികം വിലപിടിച്ചതായ ആ വിത്ത്, അതൊരു ദിവസം മുളച്ച് ജീവിതമായി വികസിക്കും.

അദ്ധ്യായം 7

# വ്യക്തികളും നിഴൽചിത്രങ്ങളും II

## "പാൻക്രാററ്സ്"

ജയിലിനകത്ത് രണ്ടുതരം ജീവിതമുണ്ട്. ഒന്ന് തടവുമുറികൾക്കുള്ളിൽ അടച്ചുപൂട്ടിയിട്ട് ബാഹ്യലോകത്തിൽ നിന്നും കശ്നമായി വേർപെടുത്തപ്പെട്ടിട്ടുള്ളതാണ് – എങ്കിലും രാഷ്ട്രീയതടവുകാരുടെ കാര്യത്തിൽ, ആ ലോകവുമായി ഏററവുമടുത്തു ബന്ധപ്പെട്ടിട്ടുള്ളതുമാണ്. മറെറാന്ന്, മുറികൾക്ക പുറത്തേ നീണ്ട ഇടനാഴികളിലെ ജീവിതമാണ്; പാതിയിരുട്ടിലെ യൂണിഫാറമിട്ട ദുസ്സഹമായ ഒരു നികൃഷ്ടജീവിതം—അതിൽ നിറയേ ചില ചെറിയ മനുഷ്യരേയും രൂപങ്ങളേയും കാണാനുണ്ടെങ്കിലും, മുറികൾക്കുള്ളിലേതിനെക്കാൾ ഏകാന്തമായ ഒരു ജീവിതമാണത്. ആ ജീവിതമാണ് ഞാനിപ്പോൾ വിവരിക്കാൻ തുനിയുന്നത്.

അതിനു സ്വന്തമായൊരു ജീവിതമുണ്ട്. ഒരു ചരിത്രമുണ്ട്. ഉണ്ടായിരുന്നില്ലെങ്കിൽ എനിക്കതിനെ പഠിക്കാൻ സാധിക്കുമായിരുന്നില്ല; ഞങ്ങളുടെ നേരെ തിരിച്ചുവെച്ചിരിക്കുന്ന സ്റ്റേജിൻെറ മുൻവശം മാത്രമെ ഞാൻ കാണുമായിരുന്നുള്ളു—പുറമേയ്ക്കു കഠിനവും ഞെക്കിയാൽ ഞെങ്ങാത്തതുമായിത്തോന്നുന്ന ആ ഉപരിതലം മാത്രം. ആ ഉപരിതലമാണെങ്കിൽ, മുറിക്കുള്ളിലുള്ള ആ മനുഷ്യരുടെമേൽ വല്യതായ ഒരു ഭാരംപോലെ അമൎന്നുചേൎന്നിരുന്നു. ഒരുകൊല്ലംമുമ്പുവരെ, എന്തിന് ഒരാറുമാസം മുമ്പുവരെ, അങ്ങിനെ തോന്നിയിരുന്നു. എന്നാൽ ആ പുറംതോടു മുഴുവൻ വിണ്ടതാണെന്നു ഇന്നെനിയ്ക്കു കാണാൻ കഴിയുന്നുണ്ട്. ഓരോ വിള്ളലും ഒരു മുഖത്തിനു എത്തിനോക്കുവാൻ വേണ്ടത്ര വലിപ്പമുള്ളതാണ്. ആ മുഖങ്ങളാണെങ്കിൽ, ജിജ്ഞാസയോടുകൂടിയ പാവപ്പെട്ട

മുഖങ്ങൾ മാത്രമാണ്; അഥവാ പരിഭ്രമം നിറഞ്ഞു പരിഹാസമായ മുഖങ്ങൾ. അതിൽ എല്ലാത്തരം മുഖങ്ങളുമുണ്ട്; എങ്കിലും ഓരോന്നും ഓരോ മനുഷ്യജീവിയുടേതാണ്. ആ ഇരുളടഞ്ഞ ഓരോ അംഗത്തിൻെറമേലും, ആ ഭരണയന്ത്രത്തിൻെറ സമ്മർദ്ദം ഒരു ഇരുമ്പുവായുടെ താടിയെല്ലുപോലെ അമർച്ചയോടെ പതിയുന്നു. അപ്പോൾ അവനിൽ മനുഷ്യവികാരത്തിൻേറതായ ഏതെങ്കിലും ഒരംശമുണ്ടെങ്കിൽ, അതു് പ്രകാശിക്കുന്നു. മിക്കവാറും അതു വളരെ ലഘുവായിരിക്കും. ചിലർക്ക് മററു ചിലരേക്കാൾ വ്യക്തമായും മനുഷ്യത്വം കൂടുതലുണ്ട്. അതിൻെറ തോതു് അവരിൽ വ്യത്യാസങ്ങളുണ്ടാക്കുന്നു; വ്യത്യസ്ഥമാതൃകകളെ സൃഷ്ടിക്കുന്നു. അപൂർവ്വം ചില തികഞ്ഞ മനുഷ്യരേയും കൂട്ടത്തിൽ നിങ്ങൾ തീർച്ചയായും കാണും. എന്നാൽ ഈ ഭരണത്തിൻെറ സമ്മർദ്ദം, അവരെ മററുള്ളവരുടെ സഹായികളാക്കിത്തീക്കാൻ അവശ്യമായിരുന്നില്ല.

ജയിൽ സന്തോഷകരമായ ഒരു സ്ഥാപനമല്ല; എന്നാൽ മുറികൾക്കു മുമ്പിലെ ഇടനാഴിയിലെ ജീവിതം അകത്തേതിനേക്കാൾ ഇരുണ്ടതാണ്. മുറികൾക്കകത്തു സൗഹൃദം കുടികൊള്ളുന്നു—അഹോ! സൗഹൃദം! യുദ്ധമുന്നണിയിൽ അപത്തിനെ നേരിട്ടുകൊണ്ടു ദീർഘകാലം നില്ക്കേണ്ടിവരുമ്പോൾ, ഇന്നു നിങ്ങളുടെ ജീവൻ എൻെറ കൈയിലും നാളെ എൻെറ ജീവൻ നിങ്ങളുടെ കൈയിലും ആയിരിക്കുന്ന അവസരത്തിലേതുപോലുള്ള ഒരു സൗഹൃദമാണിതു്. പക്ഷേ ഈ ഭരണയന്ത്രത്തിൻെറ സംരക്ഷകന്മാർ (ഗാർഡുകൾ) ക്കിടയിലും നന്നേ അപൂർവ്വമായി കണ്ടുവരുന്നുണ്ട്. അതുണ്ടാകാൻ നിവൃത്തിയില്ലാത്തതാണ്. നീചമായ ഒററിക്കൊടുക്കലിൻെറ അന്തരീക്ഷമാണ് അവരെ വലയംചെയ്തുനില്ക്കുന്നതു്. അവർ പരസ്പരം പിടിച്ചുകൊടുക്കുന്നു. ഔദ്യോഗികമായി സഖാവെന്നു വിളിക്കപ്പെടുന്ന ആളുകളെ അവർക്കു സൂക്ഷിക്കേണ്ടിയിരിക്കുന്നു. അവരിൽ ഉത്തമന്മാരായിട്ടുള്ളവർ, സൗഹൃദം കൂടാതെ, ജീവിക്കാൻ സാധിക്കാത്തവർ, അവരുടെ സ്ഥാനം കണ്ടെത്തേണ്ടതു് തുറുങ്കിലാണ്.

വളരെക്കാലത്തേക്ക ഞങ്ങൾക്ക അന്യോന്യം പേരുകൾ പോലും അറിഞ്ഞുകൂടായിരുന്നു. അതത്ര കാര്യമല്ല, ഞങ്ങൾ അവക്ക സ്വന്തനിലയിൽ പരിഹാസപ്പേരുകൾ സൃഷ്ടിച്ചിരുന്നു.

ചില പേരുകൾ ഞങ്ങൾ അവക്ക കൊടുത്തു, മററു ചിലത് ഞങ്ങളുടെ മുൻഗാമികൾ തന്നെ ഉണ്ടാക്കിയിരുന്നു. ചിലക്കെല്ലാം ഓരോ മുറിയിലും പ്രത്യേകം പ്രത്യേകം പേരുകൾ സിദ്ധിച്ചിരുന്നു—ഇക്കൂട്ടർ ഒരുതരം നപുംസകരാണ്. ഒരു മുറിയിൽ കുറച്ചു കൂടുതൽ വിളമ്പും, മറേറ മുറിയിലുള്ളവരുടെ മുഖത്തടിക്കും. തടവുകാർ ഇത്തരത്തിലുള്ള വാർഡറുമായി ബന്ധപ്പെടുന്ന നിമിഷങ്ങൾ എങ്ങിനെയുള്ളതാണൊ അതിനനുസരിച്ചാണ് അവരവരുടെ പേരുകൊടുക്കൽ ആയിരിക്കുക. നല്ലതോ ചീത്തയോ ആയ സ്വഭാവങ്ങളുള്ളവരായാലും, കുറേക്കൂടെ യുക്തവും സ്ഥിരവുമായ സ്വഭാവങ്ങളോടുകൂടിയ ചില ഗാഡ്കൾക്ക് എല്ലാ മുറികളിലുള്ളവരും ഒരു പക്ഷെ ഒരു പേരുതന്നെ കൊടുത്തേക്കും.

നമുക്കീവ്യക്തികളെ ഒന്നു നോക്കുക. ഈ ചെറിയ മനുഷ്യജീവികളെ ഒന്നു പരിശോധിക്കുക! ഇത് യാദൃശ്ചികമായി ഒത്തുകൂടിയ ഒരു കൂട്ടമല്ല; നാസിസത്തിൻെറ രാഷ്ട്രീയസൈന്യത്തിൻെറ വ്യക്തമായ ഒരു ഭാഗമാണ്. സശ്രദ്ധം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണവർ. ഭരണയന്ത്രത്തിൻെറ നെടുംതൂണുകളാണവർ. അവരുടെ സമുദായം ഏതൊന്നിനെ ആശ്രയിച്ചുനില്ക്കുന്നോ അതാണവർ.

### "പ്രഥമശുശ്രൂഷകൻ"

തടിച്ചു പൊക്കം കൂടിയവനും, ചെറിയ ശബ്ദത്തോടുകൂടിയവനുമായ എസ്സ്. എസ്സ്. റിസ്വ്കാരൻ–റിയൂസ്—റൈൻ നദീതീരത്തുള്ള കൊളോണിൽ നിന്നു വന്നവനാണ്. സാധാരണ ജർമ്മൻ സ്കൂൾ ജാനിററർമാരേപ്പോലെ ഇയാളും പ്രഥമശുശ്രൂഷയിൽ പരിശീലനം സിദ്ധിച്ച ഒരു ജാനിററാണ്. ഇയാൾ പലപ്പോഴും ജയിൽ ഡോക്ടുക്ക പകരം നോക്കാറുണ്ട്. ഇവിടെ എനിക്ക ബന്ധം കിട്ടിയ ആദ്യത്തെ മനുഷ്യൻ അയാളായിരുന്നു. അയാൾ എന്നെ മുറിക്കകത്തേ

ങ്ങു വലിച്ചുകൊണ്ടുപോയി ബെഞ്ചിൽ കിടത്തി. എൻെറ മുറിവുകൾ ശുശ്രൂഷിച്ചു അതുകൾ വെച്ചുകെട്ടി. ഒരു പക്ഷേ അയാളായിരിക്കാം എൻെറ ജീവൻ രക്ഷിക്കാൻ സഹായിച്ചത്. അത് ഏതൊന്നിൻെറ പ്രകടനമായിരുന്നു? അയാളുടെ മനുഷ്യത്വത്തിൻെറ പ്രകടനമോ അതൊ അയാളുടെ പ്രഥമശുശ്രൂഷാപരിശീലനത്തിൻെറ പ്രകടനമോ? എനിക്കറിഞ്ഞുകൂടാ. എന്നാൽ അറസ്റ്റ്ചെയ്യപ്പെട്ട ജൂതന്മാരുടെ പല്ല് അയാൾ തല്ലിക്കൊഴിച്ചിരുന്നതും, അല്ലെങ്കിൽ അവക്കു ഓരോസ്പൂൺ ഉപ്പൊ മഞ്ഞളൊ (എല്ലാ രോഗങ്ങൾക്കുമുള്ള അവരുടെ മരുന്ന് അതായിരുന്നു) കൊടുത്തിരുന്നതും നാസിസത്തിൻെറ പ്രകടനമായിരുന്നു എന്നുള്ളതു തീർച്ചയാണ്.

### "സ്മാർട്ടി"

മൃദുലഹൃദയനും വായാടിയുമായ ആ ഷേബിയൻ ചെസ്സാ ബുഡെജോവിസ്റ്റ്സിലെ മദ്യനിർമ്മാണ ശാലയിൽ ഒരു ഡ്റൈവർ ആയിരുന്നു. ഭക്ഷണം കൊണ്ടുവരുമ്പോൾ ഒരു പുഞ്ചിരിയോടെയാണയാൾ മുറിയിൽ പ്രവേശിക്കുക. അയാൾ ഒരിക്കലും ഞങ്ങളെ ഉപദ്രവിക്കാറുമില്ല: തൻെറ മേലധികാരികൾക്ക് അറിവുകൊടുക്കാനായി എന്തെങ്കിലും ഒരു വാക്കു കിട്ടാൻവേണ്ടി മുറിക്കു പുറത്ത് അനേകം മണിക്കൂറുകൾ അയാൾ ചെവിയോർത്തുകൊണ്ട് ഒരേ നിലയിൽ നിൽക്കാറുണ്ടെന്ന് നിങ്ങൾ ഒരിക്കലും വിശ്വസിച്ചേക്കില്ല.

### "കോക്ലാർ"

ഇയാളും ബുഡെജോവിസ്റ്റിലെ മദ്യനിർമ്മാണശാലയിൽ ഒരു തൊഴിലാളിയായിരുന്നു. അത്തരം അനവധിയാളുകൾ ഇവിടെയുണ്ട്. സുഡേററൻ പ്രദേശത്തുള്ള ജർമ്മൻ തൊഴിലാളികളാണവർ. മാർക്സ് ഒരിക്കൽ എഴുതുകയുണ്ടായി: "ഒരു വ്യക്തിയെന്ന നിലക്കു തൊഴിലാളി ചെയ്യുന്നതു പ്രധാനമല്ല; ഒരു വർഗ്ഗമെന്ന നിലക്ക് അതിൻെറ ചരിത്രപരമായ കടമകൾ നിറവേററാൻ തൊഴിലാളികൾ എന്തുചെയ്യുന്നുവെന്നതാണ് പ്രധാനം." നാം ഇവിടെ കാണുന്നവർക്ക് തങ്ങളുടെ വർഗ്ഗത്തിൻെറ കടമകളെക്കുറിച്ചു യാതൊന്നും അ

റിഞ്ഞുകൂടാ, തങ്ങളുടെ വർഗ്ഗത്തിൽനിന്ന് പറിച്ചുനീക്ക പ്പെട്ട്, അതിനെതിരായി നിർത്തപ്പെട്ടിട്ടുള്ളവർ ആശയപര മായി വായുവിൽ തൂങ്ങിനില്ക്കുന്നു—അവസാനം ഒരു പക്ഷേ ശാരീരികമായും തൂങ്ങുകയും ചെയ്യേക്കാം.

ഉല്ലാസത്തിൽ കാലക്ഷേപമാർഗ്ഗം കണ്ടെത്താനാണ് അ യാൾ നാസികളുടെ കൂട്ടത്തിൽ ചേർന്നത്. എന്നാൽ അ യാൾ വിചാരിച്ചതില്പമധികം കുഴപ്പം പിടിച്ചതാണതെ ന്ന് ഒടുക്കം വന്നുകൂടിയിരിക്കുന്നു. അതിനുശേഷം അയാളുടെ മന്ദഹാസം അദൃശ്യമായി. ഒരു നാസി വിജയത്തിന്മേൽ അയാൾ പന്തയംകെട്ടി; എന്നാൽ താൻ പന്തയം കെട്ടിയ കു തിര ചത്തതാണെന്നു വന്നുകൂടിയിരിക്കുന്നു. അയാളുടെ ആ ത്മസ്ഥൈര്യം നശിച്ചു. ശബ്ദമുണ്ടാക്കാത്ത ചെരുപ്പുകൾ ഇ ട്ടുകൊണ്ട് രാത്രിയിൽ ഇടനാഴിയിൽ ഉലാത്തുമ്പോൾ, ത ന്റെ ഉന്മേഷരഹിതമായ ചിന്തകളുടെ പാട്ടുകൾ അയാൾ താനറിയാതെതന്നെ വിളക്കുമറകളിൽ പററിപ്പിടിച്ചിരിക്കു ന്ന പൊടിപടലത്തിൽ പതിപ്പിച്ചുപോകാറുണ്ട്.

അവയിലൊന്നിന്മേൽ കാവ്യഭംഗിയോടുകൂടി അയാൾ എഴുതി, "സർവ്വവും നാറുന്നു," എന്നിട്ട് അയാൾ ആത്മഹത്യ ചെയ്വാൻ ആലോചിച്ചു.

പകൽ സമയത്തു അയാൾ തടവുകാരേയും വാർഡർമാ രേയും ധൃതിപിടിച്ച ഒരുതരം അടഞ്ഞ ശബ്ദത്തിലുള്ള അട്ട ഹാസങ്ങൾകൊണ്ട് ആട്ടിയോടിക്കും. അതു തന്റെ ധൈര്യം നിലനിറുത്താൻ മാത്രമാണ്.

## "റോസ്സ്ലർ"

ചടച്ച്, പൊക്കത്തിൽ, മുരണ്ടശബ്ദത്തോടുകൂടിയ റോ സ്സ്ലർ, ആത്മാർത്ഥമായി ചിരിക്കാൻ സാധിക്കാത്തവരായി ഇ വിടെയുള്ള അപൂർവ്വം ചിലരിൽ ഒരാളാണ്. അയാൾ ജാ ഗ്ലോനെററസിലേ ഒരു നെയ്ത്തുതൊഴിലാളിയായിരുന്നു. മു റിക്കകത്തുവന്നു അനേകം മണിക്കൂർ സമയം അയാൾ വാദ പ്രതിവാദം ചെയ്തുകൊണ്ടു നില്ക്കുക ഒരു പതിവാണ്.

"എങ്ങിനെയാണ് ഞാനിതിൽ വന്നുകൂടിയതെന്നോ?

പത്തുകൊല്ലർ എനിക്കു സ്ഥിരമായി യാതൊരു ജോലിയും ഉണ്ടായിരുന്നില്ല. ഒരു കുടുംബത്തിനാകെ ആഴ്ചയിൽ 20 ക്രൗൺ കിട്ടിയാൽ ഏതൊരുതരത്തിലുള്ള ജീവിതമാണ് നയിക്കാൻ സാധിക്കുകയെന്നു നിങ്ങൾക്കറിയാമല്ലൊ. അങ്ങിനെയിരിക്കുമ്പോഴാണ് അവർ വന്നതു്. അവർ പറഞ്ഞു: ഞങ്ങളുടെകൂടെ വരുക. ഞങ്ങൾ നിങ്ങൾക്കു ജോലിതരാം. ഞാൻ പോയി. അവർ എനിക്കു ജോലിതന്നു. എനിക്കും മററെല്ലാവർക്കും ഒന്നുമില്ലെങ്കിൽ ഭക്ഷണവും വീടും ഞങ്ങൾക്കുകിട്ടി. ഞങ്ങൾക്കു വീണ്ടും ജീവിക്കാൻ സാധിച്ചു. സോഷ്യലിസമോ? ഇതു വലിയ ഗുണമൊന്നുമില്ല. ഇങ്ങിനെയല്ല ഞാൻ വിചാരിച്ചിരുന്നതു്. എങ്കിലും ഞങ്ങളുടെ മുമ്പിലത്തെ സ്ഥിതിയേക്കാൾ ഭേദമാണതു്.

"അങ്ങിനെയെല്ലന്നൊ? യുദ്ധമോ? ഞാൻ യുദ്ധത്തെ ഇഷ്ടപ്പെട്ടില്ല; മററുള്ളവർ മരിക്കണമെന്നു ഞാൻ ആഗ്രഹിച്ചില്ല. എനിക്കു ജീവിക്കണമെന്നേ ആശയുണ്ടായിരുന്നുള്ളു.

എന്തു്? ഞാൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഈ യുദ്ധത്തെ ഞാൻ സഹായിക്കുകയാണെന്നോ? ഞാൻ എന്തുചെയ്യാനാണ്? ഞാനിവിടെ വല്ലവരേയും ഉപദ്രവിച്ചിട്ടുണ്ടോ? ഞാൻ പോയാൽ എൻെറ സ്ഥാനത്തു വേറെ ആളുകൾ വരും, ഒരു പക്ഷെ എന്നെക്കാൾ കൊള്ളരുതാത്തവർ, അതു് ആരെയെങ്കിലും സഹായിക്കുമോ? യുദ്ധംകഴിഞ്ഞാൽ ഞാൻ ഫാക്ടറിയിലേക്കു പോകും.

"ആരാണ് ജീവിക്കാൻ പോകുന്നതെന്നാണു നിങ്ങൾ വിചാരിക്കുന്നതു്? ഞങ്ങളല്ല? നിങ്ങളോ? അപ്പോൾ ഞങ്ങൾക്കെന്തു സംഭവിക്കും?

"ഞങ്ങളുടെ കഥ കഴിയുമെന്നോ? അതു മഹാ മോശമാണല്ലൊ? ഞാൻ അങ്ങിനെയല്ല വിചാരിച്ചിരുന്നതു്."

ഇത്രയും പറഞ്ഞു്, ഉത്സാഹശൂന്യനായി കാൽനീട്ടിവെച്ചു നടന്നു അയാൾ മുറിവിട്ടുപോകുന്നു.

അരമണിക്കൂർകഴിഞ്ഞു്, സോവിയററു യൂണിയനിലെ യഥാർത്ഥസ്ഥിതി എന്താണ് എന്നു് ഒരു ചോദ്യവുംകൊണ്ടു് അയാൾ മടങ്ങിയെത്തും.

"അതു്"

ഒരുദിവസം രാവിലെ പെച്ചെക്ക് കെട്ടിടത്തിലെ വിസ്താരത്തിനുവേണ്ടി ഞങ്ങളെ കൊണ്ടുപോകുന്നതു കാത്തു് പാൻക്രാററ്സിലെ ഇടനാഴിയിൽ ഞങ്ങൾ നില്ക്കുകയായിരുന്നു. ഞങ്ങളുടെ പിന്നിൽനടക്കുന്നതെന്തെന്നു കാണാതിരിക്കാൻവേണ്ടി ഞങ്ങളുടെ നെററി മതിലിനോടു ചേർത്തുപിടിച്ചുകൊണ്ടു് എല്ലാദിവസവും ഞങ്ങൾക്കങ്ങിനെ നില്ക്കേണ്ടതുണ്ടായിരുന്നു. അന്നു രാവിലെ ഞാൻ ഒരു പുതിയ ശബ്ദം കേട്ടു.

"എനിക്കൊന്നും കാണേണ്ടാ, എനിക്കൊന്നും കേൾക്കേണ്ടാ! നീ എന്നെ അറിയില്ല. പക്ഷെ നിനക്കെന്നെ അറിയാറാകും!"

ഞാൻ ചിരിച്ചു. "നല്ല പട്ടാളക്കാരൻ ഷ്വിക്ക്" എന്ന നാടകത്തിലെ പാവപ്പെട്ട വിദൂഷകൻ ലഫ്ററനൻറ് ഡുബിൻെറ വാക്കുകൾ ഇങ്ങിനെ ഉദ്ധരിച്ചതു്, ഈ ഡ്റില്ലിൽ, വാസ്തവത്തിൽ വളരെ ഉചിതമായിരിക്കുന്നു. അതേവരെ ആ തമാശ ഇത്ര ഉറക്കെ ഉപയോഗിക്കാൻ ആർക്കും ധൈര്യം തോന്നിയിട്ടില്ല. എൻെറ വരിയിൽ എൻെറ തൊട്ടടുത്തു നിന്നിരുന്ന എന്നെക്കാൾ പരിചയംകൂടിയ തടവുകാരിൽനിന്നു ലഭിച്ച വിരൽകൊണ്ടുള്ള വ്യക്തമായ ഒരു കുത്തു ചിരി നിറുത്തുവാൻ എന്നോടാജ്ഞാപിച്ചു. എനിക്കു തെററിയിട്ടുണ്ടായിരിക്കാം, അതൊരു തമാശയായിട്ടല്ല ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു് അതെന്നെ അറിയിച്ചു. അതൊരു തമാശയായിരുന്നില്ലതാനും.

ഞങ്ങളുടെ പിന്നിൽകേട്ട ഒച്ച, എസ്സ്. എസ്സ്. യൂണിഫോറം ധരിച്ചിരുന്ന ഒരു ചെറിയ മനുഷ്യാകൃതിയുടേതായിരുന്നു. അതിന് ഷ്വീക്കിനെക്കുറിച്ച് ഒരറിവും ഉണ്ടായിരുന്നില്ല എന്നതു വളരെ സ്പഷ്ടമാണു്. ലഫ്ററനൻറ് ഡുബിനെപ്പോലെ അതു സംസാരിക്കാൻ കാരണം ലഫ്: ഡുബുമായി അതിന് ആത്മീയബന്ധം ഉണ്ടായിരുന്നു എന്നതാണ്. 'വിഡാൻ' എന്നു വിളിച്ചാൽ അതു വിളികേട്ടിരുന്നു. ചെക്കോസ്ലോവാക്ക് സൈന്യത്തിൽ 'വിററാൻ' എന്ന പേരിൽ അതു വളരെക്കാലം ഒരു ഉയന്ന സാർജൻറായി പണിയെടുത്തിരുന്നു. അയാൾ പറഞ്ഞതായിരുന്നു ശരി. അയാളെ ഞങ്ങൾക്കു നല്ലപോലെ

അറിയാറായി. തൃതീയപുരുഷൻ ഏകവചനത്തിലല്ലാതെ—'അത്' എന്നല്ലാതെ—ഞങ്ങൾ അയാളെപ്പററി ഒരിക്കലും സംസാരിക്കാറേയില്ല. പരമാൎത്ഥം പറഞ്ഞാൽ, പാൻക്രാററ്സിലെ ഭരണയന്ത്രത്തിൻെറ നെട്ടംതൂണുകളിൽ ഒന്നായ അതിന്, വിഡ്ഢിത്വത്തിൻേറയും നീചത്വത്തിൻേറയും അഹങ്കാരത്തിൻേറയും വെറും ചതിത്തരത്തിൻേറയും ഒരു വെറും കലപ്പായ അതിന്, പററിയ ഒരു പരിഹാസപ്പേർ കണ്ടുപിടിക്കുന്നതിൽ ഞങ്ങളുടെ സൃഷ്ടികുശലത തികച്ചും പരാജയപ്പെട്ടു.

മുകളിലേയ്ക്കു കയറാൻ ആഗ്രഹിക്കുന്ന അല്പന്മാരേയും മുഖസ്തുതിക്കാരെയുംപററി അവരെ അവരുടെ ഏററവും ദുർബലസ്ഥാനത്തു മുറിവേല്പിക്കാൻ വിചാരിക്കുമ്പോൾ പറയാറുള്ളതു്: "അവന് ഒരു പന്നിയുടെ മുട്ടോളംതന്നെ ഉയരമില്ല," എന്നായിരുന്നു. തൻെറ പൊക്കക്കുറവിനെപ്പററി ഒരാൾ മനോവ്യഥ അനുഭവിക്കണമെങ്കിൽ അവൻ മാനസികമായും എത്ര ചെറിയവനായിരിക്കണം! വിഡാൻ ഇങ്ങനെ വ്യഥയനുഭവിച്ചു മാനസികമായോ ശാരീരികമായോ തന്നേക്കാൾ വലിയവനായ ആരോടും—എന്നുവെച്ചാൽ ലോകത്തിലുള്ള എല്ലാവരോടും—തൻെറ പകപോക്കുകയും ചെയ്തു.

അടികൾ കൊണ്ടില്ല. അതിനുംമാത്രം ധൈര്യം അയാൾക്കുണ്ടായിരുന്നില്ല. എങ്കിലും പതിഞ്ഞിരുന്ന രഹസ്യങ്ങൾ കണ്ടുപിടിച്ചും കാര്യങ്ങൾ ഒററുകൊടുത്തും അയാൾ അതു നിർവ്വഹിച്ചു. വിഡാൻെറ കള്ളക്കഥകൾ കാരണം എത്രയോ തടവുകാർക്ക് അവരുടെ ആരോഗ്യംകൊണ്ട് ഉത്തരം പറയേണ്ടി വന്നിട്ടുണ്ട്. അതിലെത്രയോ പേർക്ക് തങ്ങളുടെ ജീവൻകൊണ്ടുതന്നെയും ഉത്തരം പറയേണ്ടിവന്നിട്ടുണ്ട്.—കാരണം, നിങ്ങൾ പാൻക്രാററ്സ് വിട്ട് ഒരു കോൺസെൻട്രേഷൻ ക്യാമ്പിലേയ്ക്കു പോകുമോ അതോ എപ്പോഴെങ്കിലും പാൻക്രാററ്സ് വിടാൻതന്നെ സാധിക്കുമോ എന്നതു് നിങ്ങളുടെ കാഡിൽ എഴുതിയിരിക്കുന്ന കുറിപ്പിൻെറ വ്യത്യാസമനുസരിച്ചായിരിക്കും.

സ്വന്തം പ്രാവീണ്യത്തെപ്പററി വലിയ മതിപ്പോടുകൂ

ടി ആ ഇടനാഴിയിലങ്ങിനെ ധാടിയിൽ ഉലാത്തുമ്പോൾ അ നാളെ കാണാൻ, ബഹു തമാശയാണ്. ആരും നോക്കാനില്ലാത്തപ്പോഴും അയാളങ്ങിനെ ധാടിയിൽ നടക്കും. ആരെയെങ്കിലും കാണുമ്പോൾ എവിടെയെങ്കിലും കയറിനില്ക്കണമെന്ന് അയാൾക്കു തോന്നുന്നു. ഞങ്ങളെ ആരെയെങ്കിലും ചോദ്യംചെയ്യുന്ന സമയത്ത് അയാൾ കസേരക്കയ്യിൽ കയറി ഇരിക്കും. ആ അസുഖകരമായ ഇരുപ്പിൽ ഒരു മണിക്കൂർ വേണമെങ്കിലും അയാളങ്ങിനെ ഇരിക്കും. ആ ഇരുപ്പിൽ അയാൾക്കു നിങ്ങളേക്കാൾ ഒരു ചാൺ പൊക്കക്കൂടുമല്ലോഎന്നുള്ള ഒരൊററകാരണംകൊണ്ടാണയാളതു സഹിക്കുന്നത്. ഞങ്ങൾ ക്ഷൗരം ചെയ്യിക്കുന്നിടത്ത് അയാൾ ഡ്യൂട്ടിയിലായിരിക്കുമ്പോൾ ഒരു പടിയുടെ മുകളിൽ കയറിയിട്ടായിരിക്കും അയാളുടെ നില്പ്. അല്ലെങ്കിൽ തനിക്കേററവും പ്രിയപ്പെട്ട ആ വാചകം ഉരുവിട്ടുകൊണ്ട് ബെഞ്ചിനു മുകളിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കും.

"എനിക്കൊന്നും കാണണ്ടാ, എനിക്കൊന്നും കേൾക്കണ്ടാ ...നീ എന്നെ അറിയില്ല..."

രാവിലേയുള്ള വ്യായാമസമയത്ത് അയാൾ ആ പുൽമേടയുടെ മുകളിൽ കയറി നിലയുറപ്പിക്കും. അങ്ങിനെ ചുററുമുള്ള മുററത്തുനിന്നും ഒരു നാലിഞ്ചു ഉയരം അയാൾക്കു കൂടിക്കിട്ടുന്നു. നിങ്ങളുടെ മുറിയിലയാൾ കടക്കുന്നതു് ഒരു ചക്രവർത്തിയുടെ ഗൗരവത്തോടുകൂടിയായിരിക്കും. കടന്നയുടനെ ഉചിതമായ ഉയരത്തിൽ നിന്നുകൊണ്ടു പരിശോധന നടത്താൻ വേണ്ടി ഒരു കസേരയിന്മേൽ കയറും.

ഉദ്യോഗത്തിലിരിക്കുന്ന എല്ലാവങ്കന്മാരേയും പോലെതന്നെ—അയാളെക്കാണാൻ ബഹുതമാശയാണ്. മനുഷ്യ ജീവന്റെ കാര്യത്തോടടുക്കുമ്പോൾ മഹാ ആപൽക്കാരിയുമാണ്. അയാളുടെ ബുദ്ധിശൂന്യതകളിൽ ഒരു സാമർത്ഥ്യം മറഞ്ഞിരുപ്പുണ്ട്—ഒരു കൊതുകിൽനിന്ന് ഒരു ഒട്ടകത്തെ ഉണ്ടാക്കാനുള്ള സാമർത്ഥ്യം. ഒരു കാവൽപ്പട്ടിയുടെ ജോലിയല്ലാതെ അയാൾക്കൊന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് നിയമങ്ങളിൽനിന്നുള്ള നിസ്സാരമായ വ്യതിയാനംപോലും വലിയ എ

രതോ ആയിത്തീരുന്നു, അയാളുടെ സ്വന്തം താൻ പ്രമാണിത്വത്തോടു കിടപിടിക്കുന്ന എന്തോ ഒന്ന്. ജയിൽ ചട്ടങ്ങളുടേയും ഉത്തരവുകളുടേയും ഓരോ ലംഘനത്തേയും, താൻ ഒരു 'വലിയ പുള്ളി'യാണെന്നുള്ള ബോധത്തിനു വളംവെക്കുന്ന വിധത്തിൽ അയാൾ വ്യാഖ്യാനിക്കുന്നു. അയാളുടെ ആരോപണങ്ങളിൽ എത്രമാത്രം വാസ്തവമുണ്ടായിരിക്കുമെന്നു അന്വേഷിക്കാൻ ആരാണ്?

## സ്മെറോൺസ്

സ്മെറോൺസിന്റെ പൊന്തൻശരീരവും ബുദ്ധിശൂന്യത വിളിച്ചറിയിക്കുന്ന മുഖവും യാതൊരു വികാരവും സ്ഫുരിപ്പിക്കാത്ത കണ്ണുകളും, നാസിസ്റ്റോംട്രൂപ്പറേ ഭടനേ ചിത്രീകരിക്കുന്ന ഗ്രോസ്സിന്റെ കാർട്ടൂണുകളുടെ സജീവമാതൃകയാണ്. കിഴക്കൻ പ്രഷ്യയുടെയും ലിത്വേനിയായുടേയും അതിർത്തിയിൽ ഒരു പശുക്കറവക്കാരനായിരുന്നു ഇയാൾ; എന്നാൽ ആ സൗമ്യജീവികളുടെ സ്വഭാവവിശേഷങ്ങളൊന്നും ഇയാൾക്കു ലഭിച്ചിട്ടില്ല എന്നതു വിചിത്രമായിരിക്കുന്നു. ജർമ്മൻ സ്വഭാവഗുണങ്ങളുടെ ഒരു അവതാരമായിട്ടാണ് മുകളിലത്തെ നിലയിൽ ഇയാൾ പരിഗണിക്കപ്പെട്ടിരിക്കുന്നത് — ഇയാൾ കഠിനഹൃദയനും ചുറുചുറുക്കുള്ളവനും കൈക്കൂലി വാങ്ങാത്തവനും ആയിരുന്നു. ഇടനാഴിയിൽവെച്ചു കണ്ടുമുട്ടുന്ന കൺവിക്ട് വാർഡർമാരിൽനിന്നു കുറേശ്ശേ ഭക്ഷണം "ഭഗ്ഗി"ക്കാത്ത അപൂർവ്വം ചിലരിൽ ഒരുത്തൻ. പക്ഷേ.....

ഏതോ ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ—ആരാണെന്നു ഞാൻ ഓർക്കുന്നില്ല—ഒരിക്കൽ ജന്തുക്കളുടെ ബുദ്ധി അവയ്ക്കു ഉച്ചരിക്കാൻ കഴിയുന്ന "വാക്കു" കളുടെ എണ്ണംകൊണ്ട് അളക്കുകയുണ്ടായി. ഈ അടിസ്ഥാനത്തിൽ വീട്ടുപൂച്ചയാണ് ജന്തുക്കളിൽവെച്ച് ഏററവും ബുദ്ധികുറഞ്ഞ ജന്തുവെന്ന് അദ്ദേഹം തീരുമാനിച്ചു. 128 വാക്കുകളേ അതിനു ഉച്ചരിക്കുവാൻ സാധിക്കുകയുള്ളുവത്രെ. സ്മെറോൺസിനോട് ഉപമിക്കുമ്പോൾ പൂച്ച എത്രയോ പ്രതിഭാശാലിയാണെന്നോ! അയാളിൽ നിന്ന് പാൻ ഒരിക്കലും നാലുവാക്കുകളിൽ കൂടുതൽ കേട്ടിട്ടില്ല.

"ദാ, നീ, നോക്കിക്കോ!" (ജമ്മൻ ഭാഷയിൽ ഇതിനു 4 വാക്കു വേണം)

ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഡ്യൂട്ടിമാറൽ ഉണ്ട്. ആ ചെറിയ ചടങ്ങു നിർവ്വഹിക്കുന്നതിനു് അയാൾ ഓരോ തവണയും അത്യന്തം ക്ലേശിക്കാറുണ്ട്. എന്നിട്ടും തെററിക്കുകയും ചെയ്യും. ജനാലകളൊന്നും തുറന്നിടാഞ്ഞതിന് ഒരിക്കൽ ജയിൽസൂപ്രണ്ട് അയാളെ ശകാരിക്കുന്നത് എനിക്ക് കാണാൻ സംഗതിയായി. ആ മാംസപിണ്ഡം അതിന്റെ ആ കുററിക്കാലുകളിൽ നിന്നുകൊണ്ടു മുന്നോട്ടും പിന്നോട്ടും ആടി. അയാളുടെ ആ ബുദ്ധിയില്ലാത്ത തല ഒന്നുകൂടി മുന്നോട്ടു തള്ളി. അയാളുടെ കാതുകൾ അപ്പോൾ കേട്ട കല്പന ഒന്നുച്ചരിക്കാനുള്ള ശ്രമത്തിൽ ആ കടവായ് കീഴോട്ടു ഒന്നിരുന്നു....................പിന്നെ പെട്ടെന്ന് ആ പർവ്വതം ഒരു കുഴൽവിളിയുടെ ശബ്ദംപോലെ ഒന്നലറി. വാർഡുകളിലെല്ലാം പരിഭ്രമം നിറഞ്ഞു. എന്താണ് സംഗതിയെന്ന് അധികമാരും മനസ്സിലാക്കിയില്ല. ജനാലകൾ അടഞ്ഞുതന്നെ കിടന്നു. സ്മൈറോൺസിന്റെ അടുത്തു നിന്നിരുന്ന രണ്ടു തടവുകാരുടെ മൂക്കിൽനിന്ന് ചോരയൊഴുകി. അതായിരുന്നു അയാൾക്കു ചെയ്യാൻ കഴിഞ്ഞത്.

ഇങ്ങിനെയായിരുന്നു അയാൾ. അയാൾ കണ്ണിൽക്കാണുന്ന ആരേയും അടിക്കും; അടിച്ചുകൊല്ലുകകൂടി ചെയ്യും. അയാൾക്കതേ അറിഞ്ഞുകൂടൂ; മറെറാന്നും അറിഞ്ഞുകൂടാ. ഒരിക്കൽ അയാൾ ഒരു മുറിക്കകത്തു കയറി അതിലുണ്ടായിരുന്ന ഒരാളെ അടിച്ചു. രോഗിയായിരുന്ന ആ തടവുകാരൻ നിലത്തുവീണു, വിറച്ചുതുടങ്ങി. ആ പാവപ്പെട്ടവന്റെ അപസ്മാരഗോഷ്ടികൾക്കൊപ്പിച്ചു ഒരുതരം വ്യായാമം ചെയ്യാൻ ആ മുറിയിലുള്ള മററു തടവുകാരെ അയാൾ നിർബന്ധിച്ചു. രോഗിയുടെ ശക്തിക്ഷയിച്ച് അയാൾ ക്ഷീണിച്ചപ്പോൾ വിറയൽ നിന്നു. ഇത്രയും കുഴപ്പം പിടിച്ച ഒരു പരിതഃസ്ഥിതിക്കു പരിഹാരം കണ്ടുപിടിക്കുന്നതിൽ തനിക്കുണ്ടായ വിജയത്തെ പരിശോധിച്ചുകൊണ്ട്, നടുവിനു കയ്യുംകൊടുത്ത് മന്ദഹസിച്ചുകൊണ്ട് സ്മൈറോൺസ് അങ്ങിനെ നിന്നുപോയി.

അയാൾ ഒരു തനി കാടൻ ആയിരുന്നു. അവർ അയാളെ പഠിപ്പിക്കാൻ ശ്രമിച്ച സംഗതികളിൽ ഒന്നുമാത്രമെ അയാൾ ഓർമ്മിച്ചുള്ളൂ — മിക്ക പ്രശ്നങ്ങൾക്കും പരിഹാരം തല്ലാണെന്ന്.

അവസാനം ഈ ജന്തുവിൽക്കൂടെ എന്തോ ഒന്നു പൊട്ടിത്തകർന്നു. ഒരുമാസം മുമ്പാണത്, അയാളും 'കെ'-യുംകൂടി ജയിലിന്റെ സ്വീകരണമുറിയിൽ ഇരിക്കുകയായിരുന്നു. കെ— സ്ഥിതിഗതികൾ വിശദീകരിച്ചുകൊണ്ടിരുന്നു. വളരെ ക്ലേശിച്ച്, വളരെ സമയം വിശദീകരിച്ചതിനുശേഷം മാത്രമേ സ്റ്റൊറോൺസിന് അല്പാല്പം മനസ്സിലാകാൻ തുടങ്ങിയുള്ളൂ. അയാൾ എഴുന്നേററുനിന്നു, ആഫീസിന്റെ വാതിൽ തുറന്നു, വാർഡുകളിലേക്കു ശ്രദ്ധിച്ചുനോക്കി. ഒരൊററശബ്ദമില്ല; നിശീഥിനിയുടെ നിശബ്ദതയിൽ ജയിൽ ആണ്ടിറിക്കുകയാണ്. അയാൾ വാതിലടച്ചു, സൂക്ഷ്മതയോടെ പൂട്ടി, സാവധാനം ഒരു കസേരയിൽച്ചെന്നു വീണു:

"അപ്പോൾ നിങ്ങൾ വിചാരിക്കുന്നത് ......?"

അയാൾ തന്റെ താടി ഉള്ളംകയ്യിന് ഊന്നി. ആ വലിയ ശരീരത്തിലെ ചെറിയ ആത്മാവിൽ ഒരു വലിയ ഭാരം വന്നുതങ്ങി. വളരെ നേരം അങ്ങിനെ ഇരുന്നതിനുശേഷം അയാൾ തലയുയർത്തി നിരാശയോടെ പറഞ്ഞു:

"നിങ്ങൾ പറഞ്ഞത് ശരിയാണ്. നാം ജയിക്കില്ല............"

കഴിഞ്ഞ ഒരുമാസമായി സ്റ്റൊറോൺസിന്റെ പോർവിളി പാൻക്രാററ്സിൽ കേട്ടിട്ടില്ല. പുതിയ തടവുകാർ അയാളുടെ കയ്യുടെ ഘനം അറിഞ്ഞിട്ടില്ല.

## ജയിൽ ഡയറക്ടർ

ഒരു ചെറിയ സംബ്ലാററൂൺ ലീഡർ (റ്യൂർ), യൂണിഫാറത്തിലായാലും അല്ലെങ്കിലും എപ്പോഴും രസികനായി വസ്ത്രധാരണം ചെയ്തിരിക്കും, കാര്യത്തിൽ സാമാന്യം തരക്കേടില്ലാത്തവനും സ്വയം തൃപ്തനുമാണ്. അയാൾക്ക് നായാട്ടും, നായ്ക്കളും ഇഷ്ടമാണ്, സ്ത്രീകളേയും ഇഷ്ടമാണ്— പക്ഷെ അതു നമ്മെ സംബന്ധിക്കുന്ന കാര്യമല്ല.

അയാളുടെ സ്വഭാവത്തിന്റെ മററു വശങ്ങൾ— അവ തീർച്ചയായും പാൻക്രാററ്സിനെ ബാധിക്കും— അയാളുടെ സംസ്കാരശൂന്യമായ പാരുഷ്യവും കഠിനപ്രകൃതവുമാണ്. അയാളൊരു നാസി പുത്തൻപ്രമാണി; സ്വന്തം നില സുരക്ഷിതമാകാൻ വേണ്ടി ആരെയും ബലിയാക്കും. പോളണ്ടിൽനിന്നുള്ളവനാണ്, സോപ്പാ എന്നാണ് പേര്; അതിനെന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ! അയാൾ ഒരു ഇരുമ്പുപണി അപ്രന്റിസായിരുന്നുവെന്നു പറയപ്പെടുന്നു. എന്നാൽ ആ മഹനീയമായ തൊഴിലിന്റെ യാതൊരു മാഹാത്മ്യവും അയാളിൽ അവശേഷിച്ചിട്ടില്ല. അയാൾ ഹിററ്ലരുടെ സേവനത്തിൽ ഏർപ്പെടുകയും, മുഖസ്തുതികൊണ്ടും കൈകടത്തൽകൊണ്ടും ഈ സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ട് വളരെക്കാലമായി. സാധ്യമായ എല്ലാ സൂത്രങ്ങളും പ്രയോഗിച്ചു അയാൾ തന്റെ ഓഫീസിനെ നിലനിർത്തുന്നു. മുതിർന്നവരോ കുട്ടികളോ ആയി തന്റെ കീഴിൽ ഉദ്യോഗം നോക്കുന്നവരോ, ജയിൽപ്പുള്ളികളോ, ആയ യാതൊരുത്തരെക്കുറിച്ചും യാതൊരുവിധമായ പരിഗണനകളും അയാൾക്കില്ല. പാൻക്രാററ്സിലെ ഉദ്യോഗസ്ഥന്മാരുടെയിടയിൽ നാസിസത്തിനുവേണ്ടിയുള്ള വല്ലതായ വികാരമൊന്നുമുണ്ടായിരുന്നില്ല, എങ്കിലും ഇങ്ങിനെ വികാരത്തിന്റെ നിഴൽപോലും തീണ്ടാത്ത ഒരു മനുഷ്യൻ വേറെ കാണുകയില്ല. ആകെ ഇദ്ദേഹം വില കല്പിക്കുന്ന ഒരു മനുഷ്യൻ, ഇയാൾ ചിലപ്പോഴെല്ലാം സംസാരിക്കാറുള്ളു. പോലീസുമാസ്റ്ററും ജയിലിലെ മരുന്നിന്റെ ദേവതയുമായ വീസ്റ്റർ ആണ്. എന്നാൽ ആ ബന്ധം അന്യോന്യം ഒരുപോലെയുള്ളതാണെന്നും തോന്നിക്കുന്നില്ല.

സോപ്പാ തന്നെപ്പററി മാത്രമേ ചിന്തിക്കുന്നുള്ളു. ഈ ഭരണകർത്തൃത്വം താൻ കയ്യേററിട്ടുള്ളത് തനിക്കുവേണ്ടിമാത്രമാണ്; തനിക്കുവേണ്ടിമാത്രമായി ഈ ഭരണത്തോട് അവസാനനിമിഷംവരെ വിശ്വാസ്യതയുള്ളവനായിരിക്കുകയും ചെയ്യും. മറെറന്തെങ്കിലും രക്ഷാമാർഗ്ഗമുണ്ടോ എന്നു എപ്പോഴെങ്കിലും ആലോചിച്ചിട്ടുള്ളവനും, എന്നാൽ ഇനി അതില്ലെന്നു കണ്ടുപിടിച്ചിട്ടുള്ളവനുമായ ഏകവ്യക്തിയാണ് ഇയാൾ.

നാസിസത്തിൻെറ വീഴ്ച ഇയാളുടെ സ്വന്തം വീഴ്ചയായിരിക്കും, അത് ഇയാളുടെ സുഖസമൃദ്ധമായ ജീവിതത്തിനൊരന്ത്യമായിരിക്കും, സുഖസമ്പന്നമായ അധിവാസസാദ്ധ്യതയ്ക്കൊരന്ത്യമായിരിക്കും, അയാളുടെ സ്വയം രസികത്വത്തിൻെറയും അന്ത്യമായിരിക്കും—വധിക്കപ്പെട്ട ചെക്കകാരുടെ വസ്ത്രങ്ങൾ ധരിക്കുന്ന കാര്യത്തിൽ അയാൾക്കു മടി തോന്നിച്ചില്ല. അതാണയാളുടെ രസികത്വം—അതിൻേറയും അന്ത്യമായിരിക്കും.

അതേ, അതായിരിക്കും അയാളുടെ അന്ത്യം.

## ജയിൽ ഡാക്ടർ

പോലീസ് മാസ്റ്റർവിസ്റ്റർ– പാൻക്രാററ്സ് രംഗത്തിലേ എത്രയോ അസാധാരണമായ ഒരു പാത്രം! ഇവിടെ അയാൾ അസ്ഥാനത്താണെന്ന് പലപ്പോഴും നിങ്ങൾക്കു തോന്നിപ്പോകുന്നു—എന്നാൽ അയാളില്ലാത്ത പാൻക്രാററ്സ് നിങ്ങൾക്കു വിഭാവനം ചെയ്യാൻ സാദ്ധമല്ല. ആസ്പത്രിയിലല്ലാത്തപ്പോൾ, വാർഡുകളിൽക്കൂടെ അയാൾ ആടിയാടി ചുവടുകൾ വെച്ചു പതുക്കെപ്പതുക്കെ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നതു കാണാം—തന്നെത്താൻ സംസാരിച്ചുകൊണ്ടും ചുററുമുള്ള സകലതും സൂക്ഷിച്ചുകൊണ്ടും, എപ്പോഴും സൂക്ഷിച്ചുകൊണ്ടുതന്നെ. അലഞ്ഞുതിരിഞ്ഞു എങ്ങിനെയോ ഇവിടെ എത്തിച്ചേരുകയും, ഇവിടുന്നു കഴിയുന്നത്ര വിവരങ്ങൾ ശേഖരിച്ചുകൊണ്ടു പോകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വിദേശിയെപ്പോലെയാണയാൾ. എന്നാൽ എല്ലാ ചാരന്മാരായ ഉപകരണങ്ങളേയുംപോലെതന്നേ, പൂട്ടിനകത്തു് ഒരു താക്കോൽ തിരുകി ഒരു ശബ്ദവും കൂടാതെ അതു തുറക്കാൻ അയാളും സമർത്ഥനാണ്. ശ്രദ്ധാർത്ഥംവെച്ചും അതേസമയം അയാളെ കുരുക്കാൻ തക്കവിധത്തിലുള്ള യാതൊരു വാക്കും നിങ്ങൾക്കു തരാതെയും, ഒരുതരം ഉണക്ക ഫലിതങ്ങൾ പറയാൻ അയാൾക്കു കഴിയും. ആളുകളോടയാൾ അടുത്തുകൂടും. എന്നാൽ തൻെറ അടുത്തുകൂടാൻ ആരേയും അനുവദിക്കുകയുമില്ല. വളരെയധികം കാര്യങ്ങൾ കാണാൻ കഴിയുന്നുണ്ടെങ്കിലും യാതൊരു കഥയും അയാൾ പുറത്തു പറയുകയുമില്ല; ആരെയും ഒട്ടു കുററ

പ്പെടുത്താറുമില്ല. പുകനിറഞ്ഞുനില്ക്കുന്ന ഒരു മുറിയിലയാൾ കയറിച്ചെന്നാൽ ശബ്ദപൂർവ്വം ഒന്നു മണം പിടിച്ചിട്ട് അയാൾ പറയും:

"കൊള്ളാം," പിന്നെ ചുണ്ടൊന്നു നനച്ചിട്ട്, "മുറികളിൽ പുകവലി നടക്കുന്നുണ്ട്." വീണ്ടും ചുണ്ടൊന്നു നനച്ചിട്ടു പറയും, "കർശനമായി നിരോധിക്കപ്പെട്ടതു്."

എന്നാൽ അയാളതു റിപ്പോർട്ടു ചെയ്യുകയില്ല. ഏതോ വലുതായ വ്യസനം അയാളെ എപ്പോഴും ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണെന്നാൽപ്പോലെ അയാളുടെ മുഖം എപ്പോഴും ചുളിഞ്ഞും വിഷമിച്ച ഭാവത്തിലുമാണു് കാണപ്പെടാറുള്ളതു്. താൻ ഏതിനെ സേവിക്കുന്നുവോ, പകൽമുഴുവൻ ഏതൊന്നിന്റെ മർദ്ദനത്തിനിരയായവരെ ശുശ്രൂഷിക്കുന്നുവോ, ആ ഭരണവുമായി തനിക്കു യാതൊരു കാര്യവുമുള്ളതായി അയാൾ വിചാരിക്കുന്നില്ലെന്നതു വ്യക്തമാണു്. അതു ശാശ്വതമായിരിക്കുമെന്നു അയാൾ വിശ്വസിക്കുന്നില്ല, ഒരിക്കലും വിശ്വസിച്ചിട്ടുമില്ല. അതുകൊണ്ടാണയാൾ തന്റെ കുടുംബത്തെ ബ്രസ്ലാവിൽനിന്നു് പ്രേഗിലേക്കു മാററാത്തതു്. വെട്ടിപ്പിടിച്ച ഒരു രാജ്യത്തിൽനിന്നും സമ്പാദ്യം വാരിക്കയററാനുള്ള ഇത്തരം അവസരത്തെ ജർമ്മൻ ഉദ്യോഗസ്ഥന്മാരിൽ അപൂർവ്വം പേർ മാത്രമേ ഉപേക്ഷിച്ചിട്ടുള്ളു. എന്നാൽ ഈ ഭരണസമ്പ്രദായത്തിനെതിരായി സമരം ചെയ്യുന്ന ജനങ്ങളിൽ പൊതുവായ ഐക്യം പ്രാപിക്കുക എന്നുള്ളതു് അയാൾക്കു സാദ്ധ്യവുമല്ല. അയാൾ ഒരു വശത്തേക്കും ചാഞ്ഞില്ല.

ആത്മാർത്ഥമായും കർത്തവ്യബോധത്തോടും കൂടിയാണയാൾ എന്നെ ശുശ്രൂഷിച്ചതു്. അയാളുടെ ഒട്ടുമുക്കാലും രോഗികളേയും അങ്ങിനെ തന്നെയാണയാൾ ചെയ്തിട്ടുള്ളതു്; എന്നല്ല, വളരെയധികം മർദ്ദിക്കപ്പെട്ടുകഴിഞ്ഞ തടവുകാരെ വീണ്ടും വലിച്ചുകീറാൻ കൊണ്ടുപോകുന്നതിനെ പലപ്പോഴും അയാൾ നിർബന്ധപൂർവ്വം നിരോധിക്കുകകൂടി ചെയ്തിട്ടുണ്ടു്. ഒരുപക്ഷേ ഈ പ്രവൃത്തി അയാളുടെ മനഃസാക്ഷിക്കു സ്വസ്ഥത നല്കുമായിരിക്കാം. ചിലപ്പോൾ അയാളുടെ സഹായം ഏററവും ആവശ്യമായിരിക്കുന്നിടത്തു് അതയാൾ നിഷേധിക്കും. ഒരുപ

ക്ഷെ അയാളെ ഭയം ശക്തിയായി പിടികൂടുമ്പോഴായിരിക്കാം അതു്.

അധികാരികളെക്കുറിച്ചുള്ള തൻെറ ഭയത്തിൻെറയും ഭാവിയെക്കുറിച്ചുള്ള ഭീതിയുടേയും നടുവിൽ ഏകാകിയായി നിലകൊള്ളുന്ന ഒരു പൗരൻെറ മാതൃകയാണയാൾ. എല്ലായിടത്തും ഒരുപോംവഴിക്കുവേണ്ടി അയാൾ നോക്കുകയാണ്; എങ്കിലും ഒന്നും കണ്ടെത്തുന്നില്ല. ഒരു തുരപ്പൻ മൂഷികനല്ല, പക്ഷേ വലയിൽ കുരുങ്ങിപ്പോയ ഒരു കൊച്ചു ചുണ്ടെലി.

അതു രക്ഷ വഴിയില്ലാത്തവിധം കുടുങ്ങിപ്പോയിരിക്കുന്നു.

"ഫ്ളിററു്"

ഇതു് കേവലമൊരു ചിത്രശകലമല്ല, എന്നാൽ ഒരു പൂർണ്ണചിത്രമായിട്ടുമില്ല. രണ്ടിനേറയും ഇടയ്ക്കുള്ള ഒന്ന്. തന്നെ ഒരു അസാധാരണ വ്യക്തിയാക്കത്തക്ക നിരീക്ഷണപാടുത അയാൾക്കില്ല;

ആ ജാതി രണ്ടാളുകളുണ്ടവിടെ: തങ്ങൾ വഴുതിവീണ ആപത്തിനെക്കുറിച്ച് ആദ്യം വെറുതെ ഭയപ്പെടുകയും പിന്നീടു അതിൽനിന്നു കരകയറാൻ മാർഗ്ഗമന്വേഷിക്കുകയും ചെയ്യുന്ന ഹൃദയമാർദ്ദവമുള്ളവരായ പാവപ്പെട്ട മനുഷ്യർ. ഏതെങ്കിലും തരത്തിലുള്ള മാനസികമായ പിൻതുണയ്ക്കുവേണ്ടി അവർ അന്വേഷിക്കുന്നു, എന്തെന്നാൽ അവർ സ്വതേ സ്വാശ്രയശീലരല്ല. അവർ സഹായം അന്വേഷിക്കുന്നതു് ഒരു തരം അന്തഃപ്രേരണകൊണ്ടാണ് വ്യക്തമായ ബോധം കൊണ്ടല്ല. അവർ നിങ്ങളെ സഹായിക്കുന്നതു് നിങ്ങളിൽനിന്നു സഹായം പ്രതീക്ഷിക്കുന്നതുകൊണ്ടാണ്. അവർക്കു സഹായം നൽകേണ്ടതു ശരിയാണ് — ഇന്നും ഭാവിയിലും.

പാൻക്രാററ്സിലെ ജർമ്മൻ ഉദ്യോഗസ്ഥന്മാരിൽ യുദ്ധമുന്നണിയിൽ പോയിട്ടുള്ളവർ ഇവർ രണ്ടുപേരും മാത്രമാണ്.

നോർവേയിൽനിന്നു വന്ന ഒരു തുന്നൽപ്പണിക്കാരനാണ് ഹാനാവർ. കിഴക്കൻ യുദ്ധരംഗത്തുനിന്ന് 'മഞ്ഞുകട്ടി' (Froot bite അതിശൈത്യംകൊണ്ടുണ്ടാകുന്ന അത്യാഹിതം) മൂലം നേരത്തെതന്നെ തിരിച്ചയയ്ക്കപ്പെട്ടു — അയാൾ തന്നെ സൂത്രത്തിൽ ഉണ്ടാക്കിയതാണ് സുഖക്കേട് — ഷീക്കി

ശൈലിയിൽ അയാൾ തത്വവിചാരംചെയ്യും: "യുദ്ധം മനുഷ്യർക്കുള്ളതല്ല." "അതിൽ എനിക്കു യാതൊരു കാര്യവുമില്ല."

ഫോപ്പർ ബാററാ തൊഴിൽശാലയിലെ ഒരു ചെരിപ്പുകുത്തിയായിരുന്നു. ഫ്രാൻസിലെ യുദ്ധത്തിൽ പങ്കുകൊണ്ടു. പിന്നീടു അയാൾക്കൊരു ഉദ്യോഗക്കയററം കിട്ടാമായിരുന്നെങ്കിലും അയാൾ പട്ടാളത്തിൽനിന്നും ഒളിച്ചോടി. താൻ നിത്യവും ചെന്നു വീഴാറുള്ള കുഴപ്പങ്ങൾ— അവ അനവധിയായിരുന്നു. താനും—ഓർത്തു കൈവീശുന്ന സമയത്തു് അയാൾ പറയുന്നതു് "ഓ,ഷ്—! എന്നു മാത്രമാണു്.

ഈ രണ്ടുപേരും അവരുടെ വികാരങ്ങളെ സംബന്ധിച്ചും വിധിയെ സംബന്ധിച്ചും സാദൃശ്യമുള്ളവരായിരുന്നു. എന്നാൽ ഫോഫർ ആയിരുന്നു ഭയംകുറവുള്ളവനും കൂടുതൽ വ്യക്തിത്വമുള്ളവനും രണ്ടുപേരിലും വെച്ചു കൂടുതൽ പൂർണ്ണതയുള്ള മനുഷ്യനും അയാൾതന്നെയായിരുന്നു. മിക്കവാറും എല്ലാ മുറികളിലും അയാൾക്കുള്ള പരിഹാസപ്പേർ "ഫ്ളിററു" എന്നാണു്.

അയാളുടെ ഡ്യൂട്ടിദിവസം തടവുമുറികൾക്കെല്ലാം ശാന്തതയുടെ ഒരു ദിവസമാണു്. നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം ചെയ്തുകൊള്ളുക; അയാൾ നിങ്ങളുടെ നേക്കു തൊള്ള വെയ്ക്കുകയാണെങ്കിൽപോലും അയാൾ അപ്പോൾതന്നെ കണ്ണു ചിമ്മിക്കാണിക്കക്കൂടിചെയ്യും. അതിൻെറ അർത്ഥം അയാൾ നിങ്ങളെ ഉദ്ദേശിച്ചല്ല അങ്ങിനെ ചെയ്യുന്നതു്, താഴെയുള്ള ഇൻസ്പെക്ടർ തൻെറ ഉദ്യോഗസാമർത്ഥ്യം മനസ്സിലാകണമെന്നു മാത്രമെ അതിനുദ്ദേശമുള്ളു എന്നാണു്. എങ്ങിനെയും കാഠിന്യത്തിനുള്ള അയാളുടെ ശ്രമങ്ങളെല്ലാം വിഫലങ്ങളേ ആയുള്ളു. ആരേയും ബോദ്ധ്യപ്പെടുത്താൻ അയാൾക്കു കഴിഞ്ഞില്ലെന്നു മാത്രമല്ല, അയാൾ ശിക്ഷിക്കപ്പെടാതെ ആഴ്ചകൾ കഴിഞ്ഞിരുന്നില്ല.

"ഓ,ഷ്—!" കൈവീശി അയാൾ അയാളുടെ വഴിക്കു പോകുന്നു. അയാൾ ഇപ്പോഴും ഒരു ചെരിപ്പുകുത്തിയുടെ ചുമതലാബോധമില്ലാത്ത സഹായക്കാരൻ പയ്യൻ തന്നെയാണു്; ഒരു വാർഡറല്ല. മുറികൾക്കുള്ളിലെ തടവുകാരുമായി

ച്ചമരിന്നരികെ സസന്തോഷം, മിക്കവാറും ആവേശത്തോടു കൂടി അയാൾ 'പൊന്നി' കളിക്കുന്നതു് നിങ്ങൾക്കു കണ്ടുപിടിക്കാൻ പ്രയാസമില്ല. അടുത്ത നിമിഷത്തിൽ മുറി പരിശോധനയ്ക്കായി അതിനുള്ളിലെ തടവുകാരെയെല്ലാം അയാൾ ഇടനാഴിയിലേക്കു അയക്കും. പരിശോധന വളരെ സമയം നീണ്ടുനിന്നാൽ, കാണാൻ നിങ്ങൾക്കു കൗതുകമുണ്ടെങ്കിൽ മേശമേൽ തല ചാച്ചിരുന്നുകൊണ്ടുള്ള അയാളുടെ ഉറക്കം കാണാൻ നിങ്ങൾക്കു സാധിക്കും. ശാന്തനായി അയാൾ പരമസുഖത്തിൽ ഉറങ്ങും. ഇവിടെ മേലധികാരികളിൽനിന്ന് അയാൾ സുരക്ഷിതനാണ്. കാരണം, ഇടനാഴികളിൽ തടവുകാർ കാവൽ നില്ക്കുകയും, ആപത്തുവരുന്നുണ്ടെങ്കിൽ മുൻകൂട്ടി അറിയിക്കുകയും ചെയ്യും. ഡ്യൂട്ടിയിലായിരിക്കുമ്പോൾ അയാൾക്കുറങ്ങാതെ സാദ്ധ്യമല്ല, എന്തുകൊണ്ടെന്നാൽ ലോകത്തിൽവെച്ച് അയാൾ ഏററവുമധികം സ്നേഹിക്കുന്ന ഒരു പെൺകുട്ടി അയാളുടെ രാത്രിയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. നാസിസം ജയിക്കുമോ തോല്ക്കുമോ? "ഓ,ഷ്—! ഈ സക്സ് എന്നെന്നേയ്ക്കും നിലനില്ക്കുകയെന്നതു് സാദ്ധ്യമായി നിങ്ങൾ കരുതുന്നോ?"

അവരിൽ ഒരാളായി അയാൾ അയാളെത്തന്നെ എണ്ണുന്നില്ല. അതു് അയാളെ രസകരമായ ഒന്നാക്കിത്തീർക്കുന്നു, പിന്നെന്താ, അയാൾ അവരുടെ കൂട്ടത്തിൽപ്പെടാൻ ആഗ്രഹിക്കുന്നില്ല, പെട്ടന്നുമില്ല. വേറെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻററിലേക്കു രഹസ്യമായ ഒരുകുറിപ്പ് നിങ്ങൾക്കയയ്ക്കണമെങ്കിൽ "ഫ്ളീററ്" അതേറെറടുക്കും. കൂടുതൽ ആളുകൾക്കു ജീവനാശം വരാതിരിക്കേണ്ടതായ ഒരു സാദ്ധ്യതയ്ക്കു നിങ്ങൾക്കു ഒരാളെ ചിലകാര്യങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ടതായി വരുന്നെങ്കിൽ, ഫ്ളീററ് നിങ്ങളെ അയാളുടെ മുറിയിൽ കൊണ്ടുചെന്നാക്കിയിട്ടു് പുറത്തു കാവൽനില്ക്കും — പോലീസിനെ ഒരു തവണകൂടി പററിച്ചതിൽ അഭിമാനംകൊള്ളുന്ന ഒരു തെരുവുചെറുക്കൻെറ സാമത്ഥ്യമായിരിക്കും അയാളുടെ മുഖത്തു സ്ഫുരിക്കുക. വേണ്ടത്ര കരുതലായിരിക്കാൻ വലിയ തക്കങ്ങൾതന്നെ അയാളോടു വേണ്ടിവരും—

ജനവാകടത്തിന്റെ നടുവിൽവെച്ച് അയാളത്ര ശരിക്കു മനസ്സിലാക്കുന്നില്ല. താൻ ചെയ്യുന്ന നന്മയുടെ യഥാർത്ഥമായ അർത്ഥത്തെപ്പററി അയാൾക്കു ലേശം ബോധമില്ല. തന്റെ കഴിവിൽപ്പെട്ടനിടത്തോളം ചെയ്യുന്നത് അയാൾക്കൊരാശ്വാസമാണ്. അത്രമാത്രം. എന്നാൽ അതയാളുടെ യഥാർത്ഥമായ വളർച്ചയ്ക്ക് വിഘാതമാണ്.

അയാൾ ഇനിയും ഒരു പൂർണ്ണമനുഷ്യനായിക്കഴിഞ്ഞിട്ടില്ല. എന്നാൽ അതിലേക്ക വളരുന്നുണ്ട്.

"കോളിൻ'

പട്ടാളനിയമകാലത്ത് ഒരു സായഹ്നമായിരുന്നു അത്. എന്നെ മുറിക്കകത്തു കൊണ്ടുവന്നാക്കിയ എസ്സ്. എസ്സ്. യൂണിഫോറം ധരിച്ച വാർഡർ എന്റെ കീശകൾ വളരെ അശ്രദ്ധമായി പരിശോധിച്ചു.

"നിങ്ങൾക്കെങ്ങിനെയിരിക്കുന്നു?" അയാൾ ഒരു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു;

"എനിക്കറിയില്ല. നാളെ എന്നെ വെടിവെക്കുമെന്നു അവർ പറഞ്ഞു."

"അതു നിങ്ങളെ ഭയപ്പെടുത്തിയോ?"

"ഞാൻ അതു പ്രതീക്ഷിച്ചിരിക്കുകയാണ്."

ഒരു നിമിഷനേരത്തേക്ക് അയാൾ തന്റെ കൈ യാന്ത്രികമായി എന്റെ ജാക്കററിൽക്കൂടെ ഓടിച്ചു.

"അവർ അങ്ങിനെ ചെയ്യുമെന്നു വരാം. പക്ഷേ നാളെയായിരിക്കയില്ല; കുറച്ചു കഴിഞ്ഞിട്ടാവാം. ഒരുപക്ഷേ അതൊരിക്കലും ഉണ്ടായില്ലെന്നു വരാം. എന്നാൽ ഇത്തരം കാലങ്ങളിൽ......തയ്യാറായിരിക്കുകയാണ് നല്ലത്......"

പിന്നെ അയാൾ മൗനിയായി.

"എന്നാൽ അങ്ങിനെയാണവരുടെ ഭാവമെങ്കിൽ നിങ്ങൾക്ക് ആരെയെങ്കിലും എന്തെങ്കിലും അറിയിക്കണമെന്നുണ്ടോ? അല്ലെങ്കിൽ നിങ്ങൾക്കെഴുതുവാൻ ആഗ്രഹമുണ്ടോ? ഇപ്പോൾ പ്രസിദ്ധീകരിക്കാൻ വേണ്ടിയല്ല, മനസ്സിലായോ, ഭാവിയിലേക്ക്. നിങ്ങളെങ്ങിനെ ഇവിടെയെത്തി, ആരെങ്കിലും നിങ്ങളെ ചതിച്ചോ, ചിലരെല്ലാം എങ്ങിനെ പെരു

മാറി? നിങ്ങൾക്കറിയാവുന്നതു നിങ്ങളോടുകൂടി അവസാനി
ക്കാതിരിക്കാൻ വേണ്ടിമാത്രം."

എനിക്കെഴുതുവാൻ ആഗ്രഹമുണ്ടോ? ഏസ്. എൻറെ
ഏററവും വലിയ ആഗ്രഹം പിന്നെ എന്തായിരുന്നു!

ഒരു നിമിഷത്തിനുള്ളിൽ അയാൾ കടലാസ്സും പെൻ
സിലും കൊണ്ടുവന്നുതന്നു. എന്തു പരിശോധന വന്നാലും
കണ്ടുപിടിക്കാൻ സാധിക്കാത്ത സ്ഥലത്തിൽ ഞാനതു ഭദ്രമായി
ഒളിച്ചുവെച്ചു.

എന്നാൽ ഞാനതു വളരെക്കാലത്തേക്കു തൊട്ടില്ല.

വിശ്വസിക്കാൻ സാധിക്കാത്തവിധം അത്ഭുതകരമായ ഒരു
ഭാഗ്യമായിരുന്നു അതു് — എനിക്കതു വിശ്വസിക്കാൻ കഴി
ഞ്ഞില്ല, അതിനുശേഷം ഏതാനും ആഴ്ചകൾക്കുള്ളിൽ,
ഈ ഉരുട്ടടഞ്ഞ കെട്ടിടത്തിൽ, നിങ്ങളെ അടിക്കയും നിങ്ങ
ളുടെനേരെ കുരച്ചു ചാടുകയുംമാത്രം ചെയ്യുന്നവരുടെ ശ്യൂനി
ഹോറത്തിൽ, ഒരു മനുഷ്യനെ കാണുക — അതേ ഒരു മനു
ഷ്യനെ കാണുകയെന്നതു് അത്ഭുതകരമായിരുന്നു. നിങ്ങൾക്കു
കൈതരികയും ഇതെല്ലാം അതിജീവിക്കുന്നവരോടു് — അല്ല
അതിജീവിക്കാത്തവരോടുപോലും — ഒരു നിമിഷനേരം നി
ങ്ങളെ സംസാരിക്കാൻ സഹായിക്കുകയും ചെയ്യുന്ന ഒരു
സ്നേഹിതനെ കാണുക. അതോ, വധശിക്ഷക്കുവേണ്ടി ആളു
കളുടെ പേരുകൾ വിളിച്ചു പറയപ്പെട്ടുകൊണ്ടിരിക്കുന്ന അ
തേ നിമിഷത്തിൽ, ചോരകുടിച്ചു മതിച്ച ആളുകളുടെ മദ്ധ്യ
ത്തിൽ, ആഗ്രഹമുണ്ടെങ്കിലും ഉറക്കെക്കരയുവാൻ കഴിയാത്ത
വണ്ണം ഭയംകൊണ്ടു തൊണ്ടയടഞ്ഞ ആളുകളുടെ മദ്ധ്യത്തിൽ
ഇങ്ങിനെയുള്ള സമയത്തു് ഒരു സ്നേഹിതനെ കണ്ടെത്തുക —
ഇല്ല അതു വിശ്വസിക്കാൻ സാദ്ധ്യമല്ല, ഇതൊരു സത്യമ
ല്ലെങ്കിൽപ്പിന്നെ ഇതൊരു താക്കീതെങ്കിലും ആയിരിക്കും.
എൻറെ സ്ഥിതിയിലുള്ള ഒരു മനുഷ്യനു സ്വമനസ്സാലെ കൈ
കൊടുക്കുന്നുവെങ്കിൽ ആ മനുഷ്യനു എന്തുമാത്രം മനക്കരുത്തു
ണ്ടായിരിക്കണം! എന്തു ധൈര്യം!

ഏകദേശം ഒരു മാസം കഴിഞ്ഞു. പട്ടാളനിയമം പോ
യിരിക്കുന്നു, അട്ടഹാസങ്ങൾ നിലച്ചു. അതിക്രൂരങ്ങളായി

രുന്ന നിമിഷങ്ങൾ സ്മരണകൾ മാത്രമായി മാറിയിരിക്കുന്നു. അതെ ഒരു സായാഹ്നമായിരുന്നു, വിചാരണ കഴിഞ്ഞു അന്നും എന്നെ മുറിയിലാക്കാൻ വന്ന അതേ വാർഡറുമൊത്തു ഞാൻ മടങ്ങി.

"നിങ്ങൾ ഉറച്ചുനിന്നു എന്നു ഞാൻകണ്ടു. അബദ്ധമൊന്നും പററീട്ടില്ലല്ലോ?"

അയാൾ പറഞ്ഞതിന്റെ അർത്ഥം എനിക്കു മനസ്സിലായി. ആ ചോദ്യം എന്നെ വല്ലാതെ ഇളക്കി. മറെറല്ലാററിനേക്കാളുമധികം അയാളുടെ ആത്മാർത്ഥതയിൽ അതു് എന്നിൽ വിശ്വാസമുണ്ടാക്കുകയും ചെയ്തു. ആ ചോദ്യം ചോദിക്കാൻ ധാർമ്മികമായി അവകാശമുള്ള ഒരാളല്ലാതെ അതു ചോദിക്കുമായിരുന്നില്ല. ആ നിമിഷം മുതൽ ഞാൻ അയാളെ വിശ്വസിച്ചു. അയാൾ ഞങ്ങളിൽ ഒരാളായി.

പ്രഥമദൃഷ്ടിയിൽ അയാൾ ഒരു അസാധാരണ മനുഷ്യനായിരുന്നു. അയാൾ തനിച്ചു് ഇടനാഴിയിൽ നടക്കും. വായ് തുറക്കാത്തവനായ, ശാന്തനായ ഒരു മനുഷ്യൻ എല്ലാം സൂക്ഷിക്കുകയും വളരെ കരുതലോടെ പെരുമാറുകയും ചെയ്യുന്ന ഒരാൾ. അയാൾ ഒച്ചയിടുന്നതു് നിങ്ങൾ ഒരിക്കലും കേട്ടിരിക്കുകയില്ല. അയാൾ ആരേയും അടിക്കില്ല.

"സ്മെറേറാൺസ് ഇങ്ങോട്ടു നോക്കുമ്പോൾ എന്നെ ഒന്നു അടിച്ചോളൂ, കേട്ടോ." എന്റെ അയൽ മുറിയിലെ ആൾ അയാളോടു സ്വരക്ഷയോർത്തു തെല്ലുക്രൂടി ജാഗ്രതയായിരിക്കാൻ വേണ്ടി പറഞ്ഞുകൊടുക്കുകയാണു്.

"അതിന്റെ ആവശ്യമില്ല," അയാൾ തലകുലുക്കിക്കൊണ്ടു പറഞ്ഞു.

ചെക്കുഭാഷയല്ലാതെ അയാൾ യാതൊന്നും സംസാരിക്കുന്നതു നിങ്ങൾക്കു കേൾക്കാൻ കഴിയില്ല. അയാളെ സംബന്ധിച്ച എല്ലാം അയാൾ മററുള്ളവരിൽനിന്നു ഭിന്നനാണെന്നു കാണിച്ചിരുന്നു. എന്നാൽ അതെന്തുകൊണ്ടാണെന്നു പറയാൻ നിങ്ങൾ കുറേ പണിപ്പെടും. അധികൃതന്മാർക്കും അതു തോന്നിയിരുന്നു. എന്നാൽ കാരണത്തിന്മേൽ കൈവെക്കാൻ അവർക്കു കഴിഞ്ഞില്ല.

അയാളെക്കൊണ്ടാവശ്യമുള്ളിടത്തെല്ലാം സന്നിഹിതനാകാൻ അയാൾക്കു കഴിഞ്ഞിരുന്നു. ആളുകൾക്കു ക്ഷോഭവും ആശയക്കുഴപ്പവും നേരിടുന്നിടത്ത് അയാൾ ശാന്തിയുണ്ടാക്കുന്നു. ആളുകൾ തല കീഴോട്ടിടുന്നദിക്കിൽ അയാൾ പ്രോത്സാഹനം എത്തിക്കുന്നു. പുറത്തു കൂടുതൽ ആളുകളുടെ ജീവിതം അപകടത്തിലാകുകയും അവരെ രക്ഷിക്കാൻ കഴിവുള്ളവരുമായി ഞങ്ങൾക്കു ബന്ധംവിട്ടുപോകുകയും ചെയ്തിരിക്കുന്ന അവസരത്തിൽ പുതിയ ബന്ധങ്ങൾ അയാൾ ഉണ്ടാക്കിത്തരുന്നു. അയാൾ കാര്യങ്ങളുടെ കെട്ടുപാടുകളിൽ മുങ്ങിപ്പോകുന്നില്ല. ചിട്ടയോടും വിശാലമായ അടിസ്ഥാനത്തോടും കൂടി അയാൾ പണിയെടുക്കുന്നു.

ഇതു പുതിയതൊന്നുമല്ല. ആദ്യം മുതലേ ഇതു മനസ്സിൽ വെച്ചുകൊണ്ടുതന്നെയാണ് അയാൾ നാസിസർവ്വീസിൽ പ്രവേശിച്ചത്.

നാമിപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ആ ചെക്കുകാരൻ വാർഡർ അഡോൾഫ് കോളിൻസ്കി ഒരു പഴയ ചെക്കു കുടുംബത്തിലെ അംഗമാണ്: അയാൾ ആദ്യം പ്രാഡെക്ക്രാലോവിലും പിന്നീട് പാൻക്രാററ്സിലും ചെക്കു രാഷ്ട്രീയകാരെകാക്കുന്ന ജോലികിട്ടാൻവേണ്ടി അപേക്ഷിച്ചപ്പോൾ ഒരു ജർമ്മൻകാരനാണെന്നു നടിച്ചു. അയാളുടെ പരിചയക്കാർക്കിടയിൽ ഈ സംഭവം കൈപ്പേറിയ ചിന്തകൾ ഉണ്ടാക്കിയിരിക്കണം. നാലു കൊല്ലത്തിനു ശേഷം ജർമ്മൻ കാരനായ ജയിൽ സൂപ്രണ്ട് തൻെറ മുഷ്ടികുലുക്കി കോളിൻസ്കിയുടെ മുഖത്തിനു നേരെകാണിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:

"നിൻെറ 'ആ ചെക്കുതരം' ഞാൻ അടിച്ചുപുറത്താക്കും"

കുറച്ചു വൈകിപ്പോയി. സൂപ്രണ്ടിനുതെററി. കോളിൻസ്കിയുടെ ചെക്കു മനോഭാവം മാത്രമല്ല, അയാളുടെ മനുഷ്യത്വംതന്നെ അയാളിൽനിന്നും അടിച്ചുപുറത്താക്കേണ്ടിവരും. ശത്രുവിൻെറ അണികൾക്കുള്ളിൽ നിന്നുതന്നെ അവനോടുപടവെട്ടാനും, മററുള്ളവരേ സഹായിക്കാനുംവേണ്ടി, ബോധപൂർവ്വം, സ്വമേധയാ ശത്രുവിൻെറകൂടെ ചേർന്ന ഒരാൾ. നി

രന്തരമായ ആപത്തു അയാളുടെ ദൃഢനിശ്ചയത്തിന് ശക്തി കൂട്ടുകമാത്രമേ ചെയ്യുള്ളു.

നമ്മുടെ

1943 ഫെബ്രുവരി 11-ാം തീയതി പ്രാതലിന്, എന്തുകൊണ്ടുണ്ടാക്കിയതാണോ ആ കറുത്തചാറ്, അതിന് പകരം അവർ കൊക്കോയാണ് കൊണ്ടുവന്നിരുന്നതെങ്കിൽ ആ അത്ഭുതം ഞങ്ങൾ ശ്രദ്ധിക്കുമായിരുന്നൊ എന്നു സംശയമാണ്. എന്തുകൊണ്ടെന്നാൽ ആ രാവിലെ മറെറാരത്ഭുതം സംഭവിച്ചു—ഞങ്ങളുടെ മുറിക്കു മുമ്പിൽ ഒരു ചെക്കുപോലീസുകാരൻെറ യൂണിഫോറം പ്രത്യക്ഷപ്പെട്ടു.

അതു് ഒന്ന് മിന്നിമറയുക മാത്രമേ ഉണ്ടായുള്ളു. ഞങ്ങൾക്കു കാണാൻ സാധിച്ചതു് കറുത്ത ട്രൗസറും ഉയർന്ന ബൂട്ട്സും ഇട്ട ഒരു കാൽമാത്രമാണ്. കടും നീലനിറമുള്ള ഒരു കുപ്പായക്കയ്യുറയും അതിൽ നിന്നൊരുകയ്യും മുറിവാതിലിൻെറ പൂട്ടിലേക്കുയർന്നു, വാതിലടഞ്ഞു, അപ്രത്യക്ഷനാവുകയും ചെയ്തു. ഇതെല്ലാം എത്രയോ വേഗത്തിൽ നടന്നു. ഒരു കാൽ മണിക്കൂറിനു ശേഷം ഇതൊന്നും കണ്ടിട്ടില്ലെന്നുപോലും വിശ്വസിക്കുവാൻ ഞങ്ങൾ തയ്യാറായിരുന്നു.

പാൻക്രാററ്സിൽ ഒരു ചെക്കുപോലീസുകാരൻ! ആ ഒരൊററ വസ്തുതയിൽനിന്നു പടർന്നു പിടിച്ച എന്തെല്ലാം ഊഹാപോഹങ്ങളിൽ ഞങ്ങൾ ചെന്നെത്തുകയില്ല:

രണ്ടു മണിക്കൂറിനകം ഞങ്ങൾ അതിലെല്ലാം ചെന്നെത്തി, മുറിയുടെ വാതിൽ വീണ്ടും തുറന്നു. ഒരു ചെക്കുപോലീസുതൊപ്പി അകത്തേക്കുനോക്കി. അത്ഭുതപരതന്ത്രരായ ഞങ്ങളെ നോക്കി മന്ദഹസിച്ചുകൊണ്ടു് ആ ചുണ്ടുകൾ പറഞ്ഞു:

"ഒഴിവുസമയം!"

ഇനി തെററിദ്ധാരണക്കവകാശമില്ല. ഇടനാഴിയിൽ, എസ്സ് എസ്സ്. വാർഡർമാരുടെ പച്ചയും ചാരനിറവും ആയ യൂണിഫോറങ്ങൾക്കിടയിൽ ചില കറുത്ത ആകൃതികൾ—ചെക്കുപോലീസുദ്യോഗസ്ഥന്മാരുടെ— പ്രത്യക്ഷപ്പെട്ടു. ഞങ്ങൾക്ക് അവ അത്യുജ്ജ്വലങ്ങളായിത്തോന്നി.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിൻെറ അർത്ഥമെന്താ

യിരുന്നു? ഇവർ എങ്ങിനെയുള്ളവരായിരിക്കും? എങ്ങിനെയുള്ള വരായാലും വേണ്ടില്ല, അവർ ഇവിടെ വന്നിരിക്കുന്നു എന്ന ഒരു സംഗതിതന്നെ അന്ത്യം അടുത്തിരിക്കുന്നു എന്നതിനുള്ള തെളിവാണ്. ഈ സംഗതി വളരെ വ്യക്തമായ ഭാഷയിലാണ് ആ വസ്തുത സംസാരിക്കുന്നത്. ഒരു ഭരണത്തിന്, അതിൻെറ ഏററവും രഹസ്യ യന്ത്രങ്ങളിലേക്ക്, അതിൻെറ താങ്ങായിരിക്കുന്ന ഏററവും പ്രധാനമായ ഘടനയിലേക്ക്, അത് ഏതൊരു ജനവിഭാഗത്തെ മർദ്ദിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അതിൽപ്പെട്ട ആളുകളെത്തന്നെ സ്വീകരിക്കേണ്ടിവരുമ്പോൾ, ആ ഭരണം എത്രമാത്രം അതിൻെറ അന്ത്യത്തോടടുത്തിരിക്കണം? ഏതാനും പട്ടാളക്കാരെ ലാഭിക്കാൻവേണ്ടി അതിൻെറ പോലീസ്ശക്തിയെ ദുർബലമാകാൻ സമ്മതിക്കണമെങ്കിൽ, അതിനു യുദ്ധമുന്നണിയിൽ എന്തുമാത്രം ആൾക്ഷാമം നേരിട്ടിരിക്കണം? ഇക്കണക്കിന് ആ ഭരണം എത്രകാലം നിലനില്ക്കാൻ ആശിക്കുന്നു എന്നാണു നിങ്ങൾ വിചാരിക്കുന്നത്?

തീർച്ചയായും തിരഞ്ഞെടുത്ത ആളുകളെ മാത്രമേ അവരിങ്ങോട്ട് അയയ്ക്കുകയുള്ളൂ. ഒരുപക്ഷേ അവർ ജമ്മൻ വാർഡർമാരെക്കാൾ കൊള്ളരുതാത്തവരായി എന്നുംവരാം: വിജയത്തിലുള്ള വിശ്വാസവും ജാഗ്രതയും നശിച്ച കൂട്ടരേയായിരിക്കാം ഇങ്ങോട്ടു പറഞ്ഞയച്ചിരിക്കുന്നത്. എന്നാൽ എസ്സ്. എസ്സ്. കാക്ക് പകരം ചെക്കപോലീസുകാരെ ആക്കിയിരിക്കുന്നു എന്ന ആ ഒരു വസ്തുതതന്നെ അന്ത്യം അടുത്തിരിക്കുന്നു എന്നതിന് അനിഷേധ്യമായ ഒരു തെളിവാണ്.

അങ്ങിനെയാണ് ഞങ്ങൾ വാദിച്ചത്.

ആദ്യം ഞങ്ങൾ വിചാരിച്ചതിലും വളരെയധികംപേരുണ്ടായിരുന്നു അവർ. ഭരണയന്ത്രത്തിനു തെരഞ്ഞെടുക്കുവാൻ വേറെ അധികം ആളുകളേയില്ലായിരുന്നു എന്നതാണ് പരമാത്ഥം. ആ യന്ത്രത്തെ രക്ഷിക്കാൻവേണ്ടത്ര പ്രവൃത്തി മുഴുവൻ എടുക്കാൻ ആളുകളുണ്ടായിരുന്നില്ല.

പാൻക്രാററ്സിൽ ഞങ്ങൾ ആദ്യമായി ചെക്കു യൂണിഫോറങ്ങൾ കണ്ടതു് ഫെബ്രുവരി 11–ാംതീയതിയാണ്.

പിറേറദിവസം അതുകൾക്കുള്ളിലെ ആളുകളുമായി ഞങ്ങൾ പരിചയപ്പെടാൻതുടങ്ങി.

ഓരോരുത്തർ വന്നാൽ, മുറിക്കകത്തേക്കു നോക്കും, ഉമ്മറപ്പടിമേൽ അസ്വാസ്ഥതയോടെ മാറിമാറി കാലുകൾ ചവുട്ടിക്കൊണ്ടുനിൽക്കും. പിന്നെ ഞങ്ങളുടെ നോട്ടത്തിനനുസരണമായി പെട്ടെന്നു ധൈര്യമവലംബിച്ചൊന്നു നോക്കും. ഒരു കൊച്ചുകുട്ടി, ഉള്ള ശക്തിമുഴുവൻ പ്രയോഗിച്ചു പെട്ടെന്നു മുട്ടുകുത്തി കുതിക്കുന്നതുപോലെ.

"ശരി, നമുക്കെങ്ങിനെയിരിക്കുന്നു കൂട്ടരെ?"

ഞങ്ങൾ മറുപടിയായി ഒന്നു മന്ദഹസിക്കുന്നു. അവരും മന്ദഹസിക്കുന്നു. അതിനുശേഷം അവർ പെട്ടെന്നിങ്ങനെ പറയുന്നു:

"ഞങ്ങളോടു ദ്വേഷ്യം തോന്നരുത്. പുറത്തുപോയി നടക്കാനാണ് ഇവിടെ ഇങ്ങിനെ നിങ്ങൾക്കു കാവൽനില്ക്കാനല്ല ഞങ്ങൾ ഇഷ്ടപ്പെടുന്നത്. ഇതു് ഞങ്ങൾ ചെയ്യാതെ നിവൃത്തിയില്ല. എങ്കിലും ഇതിൽനിന്നും ഒരുപക്ഷെ വല്ല ഗുണവും ഉണ്ടായേക്കാം ........."

അവർ പാൻക്രാററ്സിൽ വന്നതിനേപ്പററിയും, അവരെപ്പററിയും ഞങ്ങൾ എന്താണ് വിചാരിക്കുന്നതെന്ന് അവരോടു പറഞ്ഞപ്പോൾ അവൎക്കു സന്തോഷമായി. അങ്ങിനെ ആദ്യത്തെ നിമിഷംമുതൽ അവർ ഞങ്ങൾക്കു സ്നേഹിതരായി. വിറെറക്—സൽസ്വഭാവിയായ ഒരു ചെറുപ്പക്കാരൻ—ആയിരുന്നു. ആദ്യത്തെ ദിവസം രാവിലെ ഞങ്ങളുടെ മുറിക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ട ആൾ.

രണ്ടാമത്തെ ആൾ 'ട്ര്യമ' ആയിരുന്നു; ഒന്നാംതരം ഒരു പഴയ ചെക്കുപോലീസുകാരൻെറ മാതൃക. പരുക്കനും ഒച്ചപ്പാടുണ്ടാക്കുന്നവനുമാണെങ്കിലും നൈസൎഗ്ഗികമായി നന്മയുള്ളവനാണ്—റിപ്പബ്ലിക്കൻ ജയിലുകളിൽ ഞങ്ങൾ "പോപ്പ്" എന്നു വിളിക്കാറുള്ളതരത്തിൽപെട്ട ഒരാൾ. തൻെറ സ്ഥിതിയിൽ അസാധാരണമായ എന്തെങ്കിലുമുള്ളതയാൾ കണ്ടില്ല. നേരെമറിച്ച് അയാളതിൽ പൂൎണ്ണമായും തൃപ്തനുമായിരുന്നു തൻെറ സ്വന്തംരീതിയിൽ പതിവുള്ള പരുക്കൻഫലിതങ്ങൾ

എടുത്തുവിളമ്പി സമാധാനം പാലിക്കുകയോ ലംഘിക്കുകയോ അയാൾക്കിഷ്ടംപോലെ ചെയ്യും. മുറികളെത്തേയ്ക്കു കുറെ അപ്പമോ സിഗററോ കൊണ്ടുവന്നുതന്നു, എന്തിനേപ്പററിയെങ്കിലും ആരോടെങ്കിലും സംസാരിച്ചു സമയം കഴിക്കും — എന്നാൽ രാഷ്ട്രീയസ്ഥിതിയേപ്പററിമാത്രം ഒരക്ഷരം പറയാറില്ല. ഇതെല്ലാം കേവലം സ്വാഭാവികമെന്നപോലെയാണയാൾ ചെയ്തിരുന്നത്. ഗാർഡു ഡ്യൂട്ടിയേപ്പററിയുള്ള തൻെറ ധാരണ ഈവിധമാണെന്ന സംഗതിപോലും മറച്ചുവെക്കാതെ അയാൾ പെരുമാറി. അതിന് അയാൾക്കു ലഭിച്ച ആദ്യത്തെ താക്കീത് അയാളെ തെല്ലു സൂക്ഷ്മതയുള്ളവനാക്കി. എങ്കിലും വലിയ മാററങ്ങളൊന്നും അത് അയാളിൽ ഉണ്ടാക്കിയില്ല. അയാൾ പിന്നെയും പണ്ടത്തെ രസികനായ "പോപ്പ്" തന്നെയായിരുന്നു. അയാളോടു വലിയ കാര്യമൊന്നും ചെയ്യാൻ നിങ്ങൾ അവശ്യപ്പെടുകില്ല. എന്നാൽ അയാൾ അടുത്തുള്ളപ്പോൾ നിങ്ങൾക്കു കൂടുതൽ സ്വാതന്ത്ര്യമായി ശ്വസിക്കാം.

മൂന്നാമത്തെ ചെക്കുപോലീസുകാരൻ മുഖംവീർപ്പിച്ചുകൊണ്ട്, യാതൊന്നും കണ്ടില്ലെന്ന മട്ടിൽ, ഇടനാഴികളിൽ ചുററിസഞ്ചരിച്ചുകൊണ്ടിരുന്നു. അയാളെ സമീപിക്കാൻ ചെയ്ത ശ്രമങ്ങളെ അയാൾ ശ്രദ്ധിച്ചതേയില്ല.

അയാളെ ഒരാഴ്ചയോളം ശ്രദ്ധിച്ചു പഠിച്ചിട്ട് അപ്പാപ്പൻ പറഞ്ഞു: "ഇയാളെ തിരഞ്ഞെടുത്തതിൽ അവർക്കുവലരെയൊന്നും കിട്ടുന്നില്ല, അവരുടെ ഏററവും കുറഞ്ഞ വിജയിയാണിയാൾ."

"അഥവാ ഏററവും മിടുക്കൻ," ഞാൻ പറഞ്ഞു, വെറും വാദത്തിനുവേണ്ടിയായിരുന്നു, ഇങ്ങിനെ ചെറിയ കാര്യങ്ങളിൽപോലും എതിരഭിപ്രായങ്ങൾ പറയുന്നത്. ജയിൽമുറിക്കകത്തെ ജീവിതത്തിൽ ആസ്വാദ്യത ചേർത്തിരുന്നു.

രണ്ടാഴ്ചകഴിഞ്ഞ് ആ നിശബ്ദൻ തൻെറ ഡ്യൂട്ടിയുടെ വരയെ അതിലംഘിച്ചുകൊണ്ട് ഏതോ കണ്ണുകൊണ്ടു ആംഗ്യം കാണിച്ചതായി എനിക്കു തോന്നി. ഞാൻ അതേ അടയാളം കൊണ്ടു മറുപടിപറഞ്ഞു. ജയിലിൽ ഇതിന് ഒരായിരം അർത്ഥമുണ്ടാകാം. എന്നാൽ പിന്നീടൊന്നും ഉണ്ടായില്ല, ഒരു പക്ഷെ എനിക്കു തെററു പററിയിരിക്കാം.

എന്നാൽ ഒരുമാസത്തിനുശേഷം എല്ലാം സ്പഷ്ടമായി. ഒരു ചിത്രശലഭം അതിൻെറ മുട്ടപൊട്ടി പെട്ടെന്നു പുറത്തു പ്രത്യക്ഷപ്പെടുന്നതുപോലെ അത്ര പൊടുന്നനെ ആയിരുന്നു ആ സംഭവം. മുട്ടസ്സുള്ളിലിരുന്നു നിരങ്ങിനീങ്ങുന്ന അവസ്ഥയിൽനിന്ന് ആരോ പൊട്ടിച്ചുകളഞ്ഞിട്ട സജീവതയുള്ള ഒരു ജീവി പുറത്തുവന്നു. അതൊരു ചിത്രശലഭമായിരുന്നു, എന്നാൽ ഒരു മനുഷ്യനായിരുന്നു.

"നിങ്ങൾ സ്മാരകസ്തംഭങ്ങൾ പടുത്തുയർത്തുന്നു," അപ്പാപ്പൻ ഇക്കൂട്ടത്തിലെ ചില വ്യക്തികളുടെ ചിത്രങ്ങൾ ഞാൻ സൃഷ്ടിച്ചതിനെക്കുറിച്ച് അഭിപ്രായം പറയുകയായിരുന്നു.

അതു ഞാൻ ചെയ്യുമായിരുന്നു— ഇവിടെവെച്ചും പുറത്തുവെച്ചും സത്യസന്ധതയോടും ധീരതയോടുംകൂടെ പടവെട്ടി രക്തസാക്ഷികളായത്തീന്ന സഖക്കളുടെ സജീവ സ്മരണയെ നിലനിർത്താൻവേണ്ടി ഞാൻ സ്മാരകസ്തംഭങ്ങൾപോലുള്ള ചിത്രങ്ങൾതന്നെ രചിക്കുമായിരുന്നു– പക്ഷെ, ഇവിടെ, ഏററവും വിപരീത സാഹചര്യങ്ങളിൽ ജീവിച്ചിരുന്നിട്ടുകൂടെ, ഒട്ടും കുറവില്ലാത്ത ധൈര്യത്തോടും വിശ്വസ്തതയോടുംകൂടെ ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന സഖാക്കളുടെ സ്മരണയ്ക്കു എഴുതാൻ ഞാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. കോളിൻസ്കീയേപ്പോലെയും ഈ ചെക്കുപോലീസുകാരനേയും പോലെയും ഉള്ള വ്യക്തികളെ പാൻക്രാററ്സിലെ ഇടനാഴികളാകുന്ന പ്രേതലോകത്തിൽനിന്നു ജീവിതത്തിൻെറ വെളിച്ചത്തിലേക്കു കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. അതു് അവരുടെ പ്രതാപത്തിനുവേണ്ടിയല്ല; മററുള്ളവക്കൊരു മാതൃകയാകാൻവേണ്ടിയാണ്. എന്തുകൊണ്ടെന്നാൽ ഈ സമരത്തോടുകൂടി മനുഷ്യൻെറ കത്തവ്യം അവസാനിക്കുന്നില്ല; ജനത തികച്ചും മാനുഷികമായിത്തീരാത്തിടത്തോളം കാലം ഒരു യഥാത്ഥ മനുഷ്യനാകുന്നതിന് ധീരത ആവശ്യമാണ്.

പോലീസുകരാൻ ജറോസ്ലാവ് ഹോറയുടെ കഥ വളരെ ചെറിയ ഒന്നാണ്. എന്നാൽ അതിൽ ഒരു പൂണ്ണമനുഷ്യൻെറ കഥയാണ് നാം കാണുന്നതു്.

'റാഡ്നിക്കോ' രാജ്യത്തിൻെറ ഒരു അകന്ന മൂലയാണ്. മനോഹരമാണെങ്കിലും അതു ശൂന്യവും ദരിദ്ര്യവുമായ ഒരു പ്രദേശമാണ്. വളരെ ക്ലേശകരമായ ഒരു ജീവിതം നയിച്ചിരുന്ന ഒരു ഗ്ലാസുപണിക്കാരനായിരുന്നു അയാളുടെ അച്ഛൻ. ജോലിയുള്ളപ്പോൾ കഠിനാദ്ധ്വാനം, രാജ്യത്തു തൊഴിലില്ലയ്മ സ്ഥിരംപാപ്പായപ്പോൾ കട്ടത്ത ദാരിദ്ര്യവും. ഈ അവസ്ഥ ഒന്നുകിൽ ഒരുവനെ മുട്ടുകുത്തിക്കുകയോ അല്ലെങ്കിൽ നല്ലതായ ഒരു ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ അവൻെറ തലയേ ഉയർത്തിക്കുകയോ ചെയ്യുന്നു. കൂടുതൽ നല്ലൊരു ലോകത്തിൽ വിശ്വസിക്കാനും അതിനുവേണ്ടി പോരാടാനും അയാളുടെ അച്ഛൻ ഒരു കമ്യൂണിസ്റ്റായി.

മെയ്ദിനപ്രകടനങ്ങളിലെ സൈക്കിൾറാലിയിൽ കുട്ടിയായ ജാർദ ചക്രത്തിനുചുററും ഒരു ചുവന്ന നാടകെട്ടി സൈക്കിളോടിച്ചു. അയാൾ ആ ചുവന്ന നാട അവിടെത്തന്നെ ഇട്ടിട്ടുപോയില്ല. പിന്നീട് സ്കോഡാ തൊഴിൽശാലയിൽ അയാൾക്കൊരു ജോലികിട്ടിയപ്പോൾ അതിലെ ലെയിത്തുഷാപ്പിലേക്കു പണിക്കുപോകുന്ന അവസരത്തിൽ തൻെറ ഉളിയെവിടെയൊ സൂക്ഷിച്ചുവെച്ച് അയാൾ ആ ചുവന്ന നാടകൊണ്ടുപോയി.

തൊഴിലില്ലായ്മക്കുഴപ്പംവന്നു. പിന്നീട് മിലിട്ടറി സർവ്വീസ്, അതിനുശേഷം പോലീസിൽ ഒരു ജോലി, ഇക്കാലമത്രയും അയാളുടെ ഉള്ളിലുണ്ടായിരുന്ന ചുവന്ന നാടയ്ക്കെന്തു സംഭവിച്ചു എന്നെനിക്കറിഞ്ഞുകൂടാ—ഒരുപക്ഷെ അതു ചുരുട്ടിക്കൂട്ടി എവിടെയൊ ഭദ്രമായി വെച്ചിരുന്നിരിക്കാം. ഒരുപക്ഷെ പകുതിമറന്നുപോയിരിക്കാം, എങ്കിലും ഒരിക്കലും തീരെ നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഒരുദിവസം അവർ അയാളെ പാൻക്രാററ്സിൽ ഡ്യൂട്ടിക്കിട്ടു. അയാൾ കോളിൻസ്കിയേപ്പോലെ മുൻകൂട്ടി ആലോചിച്ച് ഒരുദ്ദേശത്തോടുകൂടി സ്വമേധയാ വന്നതല്ല. എന്നാൽ ഒരു തടവുമുറിക്കകത്തേക്ക് ആദ്യമായി നോക്കിയ നിമിഷംമുതൽ അയാൾക്ക് ഒരു ലക്ഷ്യത്തെപ്പററിയുള്ള ബോധ്യമുണ്ടായി. ആ ചുവപ്പുനാടയുടെ കെട്ടഴിഞ്ഞു.

അദ്ദേഹമായി തന്റെ യുദ്ധരംഗത്തെ കടന്നു പരിശോധിക്കുകയും സ്വന്തം ശക്തി അളന്നുനോക്കുകയും ചെയ്യേണ്ടിയിരുന്നു. എങ്ങിനെ തുടങ്ങണം, എവിടെനിന്നു തുടങ്ങണം എന്നുള്ള ചിന്തയാൽ അയാൾ മുഖം ഇരുണ്ടു്. അയാൾ രാഷ്ട്രീയപ്രവർത്തനം തൊഴിലാക്കിയ ഒരാളല്ലായിരുന്നു; എന്നാൽ നാട്ടുകാരുടെ മക്കളിൽ ഒരാളായിരുന്നു. എങ്കിലും അയാൾക്ക് പൈതൃകമായ തന്റെ പരിചയസമ്പത്ത് ഉണ്ടായിരുന്നു. സ്വഭാവദാർഢ്യത്തിന്റെ ഉറച്ച ഒരു അന്തകരണം. അതിനു പുറമെ അയാളുടെ തീരുമാനം രൂപമെടുത്തു. എന്താണ് ചെയ്യേണ്ടതെന്നയാൾക്ക് തീരുമാനമായപ്പോൾ, ആ മുട്ടയിൽനിന്നും ചിത്രശലഭത്തിനു പകരം മനുഷ്യൻ പുറത്തുവന്നു.

ഉള്ളിൽനോക്കിയാൽ അയാൾ അതിവിശിഷ്ടനായ ഒരാളായിരുന്നു, അത്ഭുതകരമാംവണ്ണം നിഷ്കളങ്കനും, ഹൃദയാലുവും ആയിരുന്നു. അല്പം ലജ്ജാശീലമുണ്ടെങ്കിലും തികഞ്ഞ പൗരുഷവുമുണ്ട്. അവശ്യമുള്ളതെന്തും അയാൾ ധൈര്യപൂർവ്വം ചെയ്യും. ചെറുതും വലുതുമായ കാര്യങ്ങൾ അവശ്യമുണ്ട് അതുകൊണ്ടു രണ്ടും അയാൾ ചെയ്യുന്നു. ബഹളവും ഗോഷ്ഠിയും കൂടാതെ ശാന്തമായി അയാൾ പണിയെടുക്കുന്നു; നല്ലവണ്ണം ആലോചിച്ചിട്ടാണെങ്കിലും ഭയംകൂടാതെ പ്രവർത്തിക്കും: അതെല്ലാം എത്രയോ സ്വാഭാവികമാണയാൾക്ക്; നിർബന്ധമാണ്. അതാണ് ചെയ്യേണ്ടത് പിന്നെ എന്തിനെപ്പററി സംസാരിക്കുന്നു?

അതാണ് അത്രമാത്രം. ഇതാണ് ഒരു വ്യക്തിയുടെ പൂർണ്ണചരിത്രം. അനേകം മനുഷ്യരുടെ ജീവനെ രക്ഷിച്ചുവെന്ന് ഇയാൾക്കഭിമാനിക്കാം. പാൻക്രാററ്സിൽ ഇങ്ങനെയൊരാൾ തന്റെ മനുഷ്യോചിതമായ കടമകൾ നിർവ്വഹിച്ചുവെന്ന കാരണത്താൽ ഇന്നും അനേകം വ്യക്തികൾ പുറത്തു ജീവിച്ചിരിക്കുകയും പണിയെടുക്കുകയും ചെയ്യുന്നുണ്ട്. അയാൾ സ്വന്തനിലയിൽ അവരെ അറിയുകയോ അവർ അയാളെ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ ഇവരെയെല്ലാം പിന്നീടു തമ്മിൽ പരിചയപ്പെടുമെന്നു ഞാ

നാശിക്കുന്നു. ഈ രണ്ടു പ്രവത്തകന്മാരും അതിവേഗത്തിൽ പരസ്പരം പരിചയപ്പെട്ടു, ധ്വനത്തിനുള്ള സന്ദർഭങ്ങളെ ഏററവും നന്നായി ഉപയോഗിച്ചു.

അവരുടെ മാതൃക ഓർമ്മിക്കുക. അതു്, തങ്ങളുടെ ഹൃദയം അതിൻെറ ശരിയായ സ്ഥാനത്തും, തല സ്വന്തം നിയന്ത്രണത്തിലും ഉണ്ടായിരിക്കുകയും അവയെ പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്യു രണ്ടാളുകളുടെ മാതൃകയാണു്.

## സ്ക്കൊറെപ്പാ അപ്പാപ്പൻ

സംഗതിവശാൽ നിങ്ങൾ ഈ മൂന്നു പേരേയും ഒരുമിച്ചു കാണുകയാണെങ്കിൽ, നിങ്ങൾക്കു സൗഹൃദയത്തിൻെറ ഒരു സജീവ ചിത്രമായിരിക്കും ലഭിക്കുക — എസ്സ്. എസ്സ്. വാർഡർ കോളിൻസ്കിയുടെ ചാരയും പച്ചയുമായ യൂണിഫോറവും, ചെക്കുപോലീസുകാരൻ ഫോറായെ തൻെറ കട്ടുംനീലയൂണിഫോറമണിഞ്ഞ നിലയിലും, കൺവിക്ട് വാർഡർ സ്ക്കൊറെപ്പാ, അപ്പാപ്പൻെറ വെളുത്ത നിറം മങ്ങിയ യൂണിഫോറവും; വളരെ അപൂർവ്വമായി മാത്രമെ അവരെ ഒന്നിച്ചു നിങ്ങൾ കാണുകയുള്ളൂ, എങ്ങിനെയും—വളരെ അപൂർവ്വമായിമാത്രം. അതിനുള്ള വ്യക്തമായ കാരണം അവർ ഒന്നാണെന്നുള്ളതുതന്നെയാണു്.

"പ്രത്യേകം വിശ്വസിക്കാവുന്നവരും, അച്ചടക്കമുള്ളട്ടിരും, മററുള്ളവരിൽനിന്നും കശനമായി വേർപെടുത്തപ്പെട്ടുള്ളവരുമായ തടവുകാർമാത്രം," ഇടനാഴികളിൽ ശുചീകരണം, ഭക്ഷണം വിളമ്പൽ മുതലായ ജോലികൾ ചെയ്യാൻ ജയിൽ നിയമങ്ങൾ അനുവദിക്കുന്നുണ്ടു്. നിയമത്തിൻെറ അക്ഷരം അതാണു്. ചത്ത അക്ഷരം ദയനീയമാംവിധം ചത്തുകിടക്കുന്നവ. അങ്ങിനെയുള്ള കൺവിക്ട് വാർഡർ ആരും തന്നെയില്ല, ഒരിക്കലും ഉണ്ടായിരുന്നിട്ടുമില്ല. തീർച്ചയായും യാതൊരു ഗെസ്റ്റാപ്പൊ ജയിലിലും ഉണ്ടായിട്ടില്ല. ഇവിടത്തെ കൺവിക്ട് വാർഡർമാർ ഈ ജയിലിലേ മനുഷ്യസമൂഹത്തിൻെറ കൈകളാണു്; സ്വതന്ത്രമായ, പുറത്തുള്ള ലോകവുമായി ബന്ധപ്പെടാനും വാർത്താവിനിമയങ്ങൾ നട

ത്താനും, അങ്ങിനെ അതിൽ ജീവിക്കുവാനുംവേണ്ടി ഇവിടെ മുറികളിലാക്കപ്പെട്ടു കിടക്കുന്ന സമൂഹവ്യക്തിത്വം പുറത്തേക്കു നീട്ടുന്ന ഒരുതരം സ്പർശാവയവമാണ് കൺവിക്ട് വാർഡർമാർ. പുറത്തു നിന്ന് രഹസ്യസന്ദേശങ്ങൾ വസ്ത്രങ്ങൾക്കുള്ളിൽ ഒളിച്ചുവെച്ചുകൊണ്ടുവരുന്ന വഴിക്കുവെച്ചു പിടിക്കപ്പെട്ടതിന് എത്രയോ കൺവിക്ട് വാർഡർമാർ തങ്ങളുടെ ജീവൻ കൊടുക്കേണ്ടി വന്നിരിക്കുന്നു! എന്നാൽ അവരുടെ പിന്തുടർച്ചക്കാരും അതേ ആപൽക്കരമായ ജോലിതുടർന്നു നടത്തണമെന്നുതന്നെ ജയിൽ സമുദായത്തിന്റെ നിയമം നിർബ്ബന്ധം അനുശാസിക്കുന്നു. ധൈര്യത്തോടുകൂടിയായാലും കൊള്ളാം, ഭയത്തോടുകൂടിയായാലും കൊള്ളാം—സമുദായത്തിനുവേണ്ടി പണിയെടുക്കാൻ അവർ നിർബന്ധിതരാണ്. പേടിച്ചാൽ ആപത്ത് അധികമാണെന്നുമാത്രം. എല്ലാരഹസ്യപ്രവർത്തനത്തിലുമെന്നപോലെ ഇതിലും പേടിച്ചാൽ ഇന്നല്ലെങ്കിൽ നാളെ പണിതീരും.

എതിരാളിനെ ചവുട്ടിയരച്ചു നശിപ്പിക്കാൻവേണ്ടി പുറപ്പെട്ടിരിക്കുന്നവരുടെ മൂക്കിനുനേരെ താഴെവെച്ചു നടത്തുന്ന ഏററവും ആപൽക്കരമായ രഹസ്യ പ്രവർത്തനമാണിത്.

വാർഡർമാരുടെ കൺമുന്നിൽ, അവർ നിശ്ചയിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ നിന്നുകൊണ്ട്, ശത്രുനിശ്ചയിച്ചിരിക്കുന്ന നീക്കുപോക്കില്ലാത്ത ഷെഡ്യൂൾ അനുസരിച്ച്—ഏററവും വിഷമകരമായ പരിതഃസ്ഥിതികളിൽവെച്ച്. പുറത്തുവെച്ച് രഹസ്യ പ്രവർത്തനങ്ങളേക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടുള്ളതൊന്നും ഇവിടെ മതിയാകുകില്ല. എന്നാൽ അവിടെ ചെയ്യുന്നിടത്തോളമോ അതിൽ കൂടുതലോ ഇവിടെ ചെയ്യുകയുംവേണം.

പുറത്തു രഹസ്യ പ്രവർത്തനത്തിൽ അതിസമർത്ഥന്മാരുണ്ട്. ഇവിടെയും കൺവിക്ട്വാർഡർ മാരുടെയിടയിൽ അത്തരക്കാരുണ്ട്. സ്റ്റൊറെപ്പാഅപ്പാപ്പൻ ഒരു കൈകണ്ട വിദഗ്ദ്ധനാണ്. കാഴ്ചയിൽ ശാന്തനും വിനീതനും എന്നാൽ ഒരു എററാൽ മത്സ്യത്തെപ്പോലെ ശരീരലാഘവമുള്ളവനുമാണ്. വാർഡർമാർ അദ്ദേഹത്തെ പ്രശംസിക്കുന്നു—നോക്കൂ,

എന്തൊരു അദ്ധ്വാനശീലൻ, എത്ര വിശ്വസ്തൻ, തൻെറ ജോലി ചെയ്യുക എന്നതിൽ മാത്രമേ അദ്ദേഹത്തിനു താല്പര്യമുള്ളു, ചട്ടങ്ങൾക്കെതിരായി യാതൊന്നും ചെയ്യുന്നുമില്ല. മററു കൺവിക്റ്റുവാർഡർമാരോടു ഇദ്ദേഹത്തിൻെറ മാതൃക അനുസരിക്കുവാൻ അവർ പറയുന്നു.

അതേ, കൺവിക്ട് വാർഡർമാരെ, അദ്ദേഹത്തെ പിൻതുടരുക! തടവുകാരുടെ അഗ്രഹമനുസരിച്ചുള്ള ഒരു മാതൃകാ കൺവിക്ട് വാർഡറാണദ്ദേഹം. ജയിൽ സമുദായത്തിൻെറ സ്വശാവയവങ്ങളിൽവെച്ച ഏററവും സുശക്തമായതും എന്നാൽ ഏററവും വികാരലോലവുമായ അവയവമാണതു്.

ഓരോ മുറിയിലുള്ളവരേ അദ്ദേഹത്തിനറിയാം.—പുതിയതായി വരുന്നവരെ ആ നിമിഷം മുതൽ അറിയാം— അയാൾ എന്തിനിവിടെവന്നു, അയാൾക്കു ബന്ധമുണ്ടായിരുന്ന ആളുകൾ ആരെല്ലാം, പുറത്തു് അയാൾ പെരുമാറിയതെങ്ങിനെ, അയാളുടെ കൂട്ടുകാർ പെരുമാറിയതെങ്ങിനെ, എന്നെല്ലാം അറിയാം. ഓരോ കേസും അദ്ദേഹം പഠിക്കുന്നു; അവയുടെ എല്ലാ രഹസ്യങ്ങളും കെട്ടഴിച്ചു മനസ്സിലാക്കുന്നു. ബാഹ്യബന്ധം നിലനിറുത്താനും ഇടയ്ക്കു ശരിയായ ഉപദേശം നൽകാനും സാധിക്കണമെങ്കിൽ ഇതു വളരെ പ്രധാനമാണു്.

ശത്രുവിനേയും അദ്ദേഹത്തിനറിയാം. ഓരോ വാഡ്ർമാരേയും സൂക്ഷിച്ചു പഠിക്കും. ഓരോരുത്തൻേറയും സ്വഭാവങ്ങൾ, ബലം, ദൗർബല്യങ്ങൾ, അയാളിൽനിന്നു് എന്തൊക്കെ പുറത്തുചാടാനാണു നോക്കേണ്ടതു്, അയാളെ എന്തിനുപയോഗപ്പെടുത്താം, അയാളെ പററിക്കേണ്ടതെങ്ങിനെ, അല്ലെങ്കിൽ അയാളുടെ ശ്രദ്ധ വേറൊരിടത്തേക്കു തിരിക്കണമെങ്കിൽ അതെങ്ങിനെ എന്നെല്ലാം— വാർഡർമാരുടെ സ്വഭാവവിശേഷങ്ങളിൽ ഞാനുപയോഗപ്പെടുത്തീട്ടുള്ളതു് മിക്കതും എനിക്കു് സ്റ്റൊറെപ്പാ അപ്പാപ്പൻ പറഞ്ഞുതന്നതാണു്. അദ്ദേഹത്തിനു് അവരെയെല്ലാം അറിയാം. അവരെ ഭംഗിയായും കൃത്യമായും വർണ്ണിക്കാൻ കഴിയും. ഇടനാഴികളിൽ നിർബാധം സഞ്ചരിക്കാനും തൻെറ പ്രവൎത്തികൾ കാര്യക്ഷമത

യോടെ നിർവ്വഹിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് ഇതു വള രെ പ്രധാനമാണ്.

എന്നാൽ എല്ലാററിലുമുപരി സ്റ്റൊറെപ്പസ്കു തൻെറ ക ടമ നല്ലപോലെ അറിയാം. താൻ ഓരോ നിമിഷവും ഒരു കമ്യൂണിസ്ററുതന്നെ ആയിരിക്കണമെന്നും, പണി അതിൻെറ പാട്ടിനോക്കട്ടെ എന്നു വിചാരിച്ച് കയ്യുംകെട്ടിയിരിക്കാൻ സമയമോ സ്ഥലമോ ഇല്ലെന്നും, അറിയാവുന്ന ഒരു കമ്യൂണിസ്റ്റാണദ്ദേഹം. ഇവിടെ ഏററവും ഭാരംകൂടിയ സമ്മർദ്ദത്തിൻകീഴിലും, ഏററവും മുന്തിയ ആപത്തിനുകീഴിലുമായി, അദ്ദേഹത്തിന് തൻെറ സ്ഥാനംകിട്ടിയത് ഉചിതമായി എന്നു ഞാൻ കരുതുന്നു. ഇവിടെവെച്ച് അദ്ദേഹം വളരുകകൂടി ചെയ്തിരിക്കുന്നു.

അദ്ദേഹം വലിഞ്ഞുയരുകയും ചുരുണ്ടുകൂടുകയും ചെയ്യും; ഓരോ ദിവസവും ഓരോ നിമിഷവും, പുതിയ പുതിയ രീതികൾ ആവശ്യമായി വരുന്നവിധത്തിൽ പുതിയ പുതിയ പരിതഃസ്ഥിതികൾ ഉണ്ടായിത്തീരും. അവയെല്ലാം അദ്ദേഹം സാമർത്ഥ്യപൂർവ്വം ക്ഷണത്തിൽ മനസ്സിലാക്കുന്നു. ഒരു മിനിട്ടിൻെറ ഒരംശംമാത്രമെ അദ്ദേഹത്തിനു ചിലപ്പോൾ കിട്ടുകയുള്ളു. അത്ര കുറച്ചിടകൊണ്ട് ഒരു മുറിയുടെ വാതിലിമ്മേൽ മുട്ടി ചെവികൊടുത്ത് വളരെ സൂക്ഷിച്ചു തയ്യാറാക്കിയിട്ടുള്ള ഒരു സന്ദേശം ശ്രദ്ധിച്ചു ഗ്രഹിക്കാനും ബ്ലോക്കിൻെറ മറേറ അററത്തുള്ള ഒരു മുറിയിൽച്ചെന്ന് വ്യക്തമായും കൃത്യമായും അതിനകത്തുള്ളവരോട് അതു പറഞ്ഞുകൊടുക്കാനും. ബ്ലോക്കിലെ വാർഡർ താഴെ പോയി, അയാൾക്കു പകരമുള്ള മറേറ ആൾ കോണിപ്പടി കയറി വരുന്നതിനകം വേണം ഇതൊക്കെ ചെയ്യാൻ. അദ്ദേഹം വളരെ സൂക്ഷ്മതയും മനഃസാന്നിദ്ധ്യവുമുള്ളവനാണ്. നൂറുകണക്കിനു കുറിപ്പുകൾ അദ്ദേഹത്തിൻെറ കയ്യിൽക്കൂടി കടന്നുപോയിട്ടുണ്ട്—ഒന്നുപോലും പിടിക്കപ്പെട്ടിട്ടില്ല. സംശയംപോലും ഉണ്ടായിട്ടില്ല.

ആരാണു കുഴപ്പത്തിൽപ്പെട്ടിരിക്കുന്നതെന്ന് അന്തഃപ്രേരണയാലെന്നപോലെ അദ്ദേഹം അറിയുന്നു. പുറത്തെ സ്ഥിതിഗതികളെപ്പററി രണ്ടു വാക്കു പറഞ്ഞു പ്രോത്സാഹിപ്പി

ക്കേണ്ടതാരെയാണെന്നും അദ്ദേഹത്തിനറിയാം. വേണ്ട അവസരത്തിൽ തന്റെ പിതൃതുല്യമായ ഒരു നോട്ടംകൊണ്ട് ആരെ ധൈര്യപ്പെടുത്താൻ സാധിക്കുമെന്ന് അദ്ദേഹത്തിനറിയാം. ഇനിയത്തെ പട്ടിണി ശിക്ഷയ്ക്കുവേണ്ട ശക്തി സംഭരിക്കാൻ വേണ്ടി ഒരു കപ്പിൽ സൂപ്പോ ഒരു കഷണം റൊട്ടിയോ ആർക്കാണു കൂടുതൽ ആവശ്യമായിരിക്കുന്നതെന്നും അദ്ദേഹത്തിനു നിശ്ചയമുണ്ട്. പരിചയംകൊണ്ടും തന്റെ മൃദുലവികാരങ്ങളുടെ സഹായംകൊണ്ടും ഇത്തരം കാര്യങ്ങൾ അദ്ദേഹം ഗ്രഹിക്കുന്നു— എന്നിട്ട് ഓരോ സംഗതിയിലും ആവശ്യമായതു് ചെയ്യുന്നു.

അതാണ് സ്റ്റോറെപ്പാ അപ്പാപ്പൻ. ശക്തനും നിർഭയനുമായ ഒരു പടയാളി. ഒരു യഥാർത്ഥ മനുഷ്യൻ.

ഇതു് ഒരുകാലത്തു് വായിക്കാൻ സംഗതിയായേക്കാവുന്ന നിങ്ങൾ ഇദ്ദേഹത്തിൽ ഒരു വ്യക്തിയെമാത്രം കാണണമെന്നല്ല ഞാനാഗ്രഹിക്കുന്നതു്; നേരെ മറിച്ച്, മർദ്ദകർ തങ്ങളിൽനിന്ന് ആവശ്യപ്പെടുന്ന പ്രവൃത്തിയെ മർദ്ദിതരുടെ സേവനത്തിനായി മാററിയ കൺവിക്ട് വാർഡർമാരായ എല്ലാ നല്ല വ്യക്തികളുടേയും ഒരുത്തമ മാതൃകയേയാണ്. ഇവിടെ ഒരൊററ സ്റ്റോറെപ്പാ അപ്പാപ്പനേയുള്ളു, എന്നാൽ വ്യത്യസ്തതരക്കാരായവരും അതേ ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്നവരുമായ മററുള്ളവർ ഒട്ടും കുറവല്ലാത്ത സേവനം തന്നെയാണ് അനുഷ്ഠിക്കുന്നതു്. ഇവിടെ പാൻക്രാററ്സിലും അവിടെ വെച്ചെക്ക് കെട്ടിടത്തിലുമുള്ള അവരെയെല്ലാം ചിത്രീകരിക്കണമെന്നെനിക്കാഗ്രഹമുണ്ടായിരുന്നു. എന്നാൽ ഇനി ഏതാനും മണിക്കൂറുകൾമാത്രമെ ബാക്കിയുള്ളു എന്നതിനാൽ ഖേദിക്കുകയേ തരമുള്ളു—"ഇത്രയും ചുരുക്കത്തിൽ പാടിയവസാനിപ്പിച്ചതെങ്കിലും, വളരെ നീണ്ടാൽ ജീവിച്ച ആ ഗാനം" മുഴുമിക്കാൻ സമയംപോരാ.

അതുകൊണ്ട്, ഏതാനും കുറെ പേരുകൾക്കുകൂടി മാത്രമേ സമയമുള്ളു. ന്യായമായി സ്മരിക്കപ്പെടേണ്ട പലരുമുള്ളതിൽ ചിലരുടെ മാത്രം ഉദാഹരണങ്ങൾ:

"റെനെക" ജോസഫ് ടെറിങ്ങ്ഗൽ, കഠിനനു വേഗത്തിൽ ക്ഷോഭിക്കുന്നവനും ത്യാഗിയും ആണ്. പെച്ചെക്കെട്ടിടത്തിൻേറയും അതിലെ ഞങ്ങളുടെ സമരത്തിൻേറയും ചരിത്രവുമായി ഏററവുമധികം ബന്ധപ്പെട്ട ഒരാൺ. അതുപോലെതന്നെ അയാളുടെ പിരിയാത്ത സ്നേഹിതനും, സഹൃദജനുമായ ജോ ബർവിട്ട.

ഡോക്ടർ മിലോഷ് നോഡ് വെഡ്—സുമുഖനും ഉൽകൃഷ്ടാശയനുമായ ഒരു ചെറുപ്പക്കാരൻ. തടവിൽക്കിടക്കുന്ന സഖാക്കൾക്ക് നിത്യവും ചെയ്തുകൊടുത്തിരുന്ന സഹായം കാരണം അദ്ദേഹത്തിന് ഓസ്‌വിസീമിൽവെച്ച് തൻെറ ജീവൻ ബലികൊടുക്കേണ്ടിവന്നു.

എണ്ണോസ്റ്റ് ലോറൻസ്—ഇയാൾ തൻെറ സഖാക്കളെ ഒററികൊടുക്കാൻ കൂട്ടാക്കാഞ്ഞതുകൊണ്ട് ഇയാളുടെ ഭാര്യ വധിക്കപ്പെട്ടു. ഒരു കൊല്ലത്തിനുശേഷം, തൻെറ സ്നേഹിതന്മാരായ 400–ാംനമ്പർ മുറിയിലെ കൺവിക്ട് വാർഡർമാരേയും അവരുടെ സമുദായത്തേയും രക്ഷിക്കാൻവേണ്ടി അദ്ദേഹവും മരണം വരിച്ചു.

വാഷെക റെസ്ക്ക—അത്ഭുതകരവും നശിപ്പിക്കപ്പെടാനാവാത്തതുമായ ഫലിത വാസനയുള്ളവൻ.

അനിവിക്കോവാ—നിശബ്ദയും അതിവിശ്വസ്തയും, പട്ടാളഭരണകാലത്ത് വധിക്കപ്പെട്ടു.

സ്പ്രിങ്ങർ—സമർത്ഥനും എപ്പോഴും പ്രസന്നവദനനുമായ ഗ്രന്ഥം സൂക്ഷിപ്പുകാരൻ. പുതിയ പുതിയ വഴികളവലംബിച്ച് അതു നിർവ്വഹിച്ചു.

ബിലെക—ഇളംകുരുന്നായ ആ യുവാവ്........

ഇതെല്ലാം ഉദാഹരണത്തിനുമാത്രം, സാമ്പിളുകൾ. ചെറുതോ വലുതോ ആയ വ്യക്തികൾ. എങ്കിലും യഥാർത്ഥ മനുഷ്യർ. വെറും ചിത്രങ്ങളല്ല.

അദ്ധ്യായം 8

# ചരിത്രത്തിൻെറ ഒരു ശകലം

## ജൂൺ 9, 1943

എൻെറ മുറിയുടെ മുൻവശത്ത് ഒരു ബെൽററ് തൂങ്ങികിടക്കുന്നു. എൻെറ ബെൽററ്. അടുത്ത ഭാവിയിലേ ഒരു യാത്രയുടെ അടയാളം. ഒരു പക്ഷേ രാത്രിയിൽ അവരെന്നെ ഒരു വിചാരണയ്ക്കായി 'റീച്ചി' ലേക്കു കൊണ്ടുപോകുമായിരിക്കാം—പിന്നെ അങ്ങിനെ: എൻെറ ജീവിതമാകുന്ന അല്പക്ഷണത്തിൽനിന്ന് കാലം അതിൻെറ അവസാന അംശംകൂടെ കടിച്ചെടുക്കുന്നു. പാൻക്രാററ്സിലേ 411 ദിവസങ്ങൾ അത്ഭുതകരമായ വേഗത്തിൽ കഴിഞ്ഞുകൂടി. ഇനി എത്ര ദിവസങ്ങൾ ബാക്കിയുണ്ട്? എങ്ങിനെയുള്ള ദിവസങ്ങൾ? അവ ഞാൻ എങ്ങിനെ കഴിച്ചുകൂട്ടും?

എന്നാൽ എങ്ങിനെയും, മറെറവിടെയായാലും എനിക്കെഴുതാൻ തരപ്പെടുന്ന കാര്യം കഷ്ടിയാണ്. അതുകൊണ്ടു ഇതാണ് എൻെറ അവസാനത്തെ മൊഴി. ഒരു ചരിത്രശകലം ഇതിൻെറ അവസാനത്തെ ജീവിച്ചിരിക്കുന്ന സാക്ഷി ഞാനാണെന്നു തോന്നുന്നു.

1941—ഫെബ്രുവരിയിൽ ചെക്കോസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മററിയെ മുഴുവൻ അവർ അറസ്റ്റ് ചെയ്തു—അതിനോടൊപ്പം, ഞങ്ങൾ വീണുപോയാൽ ആ സ്ഥാനം ഏറെറടുക്കാൻ തയ്യാറായി നിൽത്തിയിരുന്ന രണ്ടാമത്തെ ഗ്രൂപ്പിൽപ്പെട്ടവരേയും അറസ്റ്റ് ചെയ്തു. ഇത്ര കഠിനമായ ഒരു അടി ഞങ്ങളുടെമേൽ ഇത്രപെട്ടെന്നു വീണതെങ്ങിനെയെന്ന് ഇതേവരെയും മുഴുവൻ വ്യക്തമായിട്ടില്ല. ഒരുകാലത്ത് ഇനി ഗെസ്റ്റാപ്പൊ കമ്മിസ്സാർമാരേപിടിച്ച് അവരെക്കൊണ്ടു പറയിക്കാൻ സാധിക്കുമ്പോൾ ഒരു

പക്ഷേ വ്യക്തമാകുമായിരിക്കാം. പെച്ചെക്ക് കെട്ടിടത്തിൽ ഒരു കൺവിക്ട് വാഡ്റായിരിക്കുമ്പോൾ ഈ രഹസ്യം അറിയാൻ വേണ്ടി ഞാൻ വൃഥാ ശ്രമിച്ചു. തീർച്ചയായും അതിൽ ഒററുവണി ഉണ്ടായിരുന്നു; വളരെ വളരെ സൂക്ഷ്മതക്കുറവും. രണ്ടുകൊല്ലത്തെ വിജയകരമായ പ്രവത്തനം സഖാക്കളുടെ മൂർച്ച കുറച്ചിരുന്നു. ഞങ്ങളുടെ രഹസ്യസംഘടനകൾ വേണ്ടതിലധികം വിപുലമായിത്തീർന്നു; പുതിയ പ്രവത്തകരെ നിരന്തരമായി അതിനകത്തേയ്ക്കെടുത്തുകൊണ്ടിരുന്നു—എന്തെങ്കിലും സംഭവിച്ചാൽ ആദ്യത്തെ സെററിന്റെ സ്ഥാനത്തു പ്രവേശിക്കാൻവേണ്ടി കരുതി നിറുത്തേണ്ടിയിരുന്നവരേക്കൂടെ ഇതിനുള്ളിലേയ്ക്കെടുത്തു. കൃത്യമായി നിയന്ത്രിക്കുക അസാദ്ധ്യമായിത്തീരത്തക്കവണ്ണം ഞങ്ങളുടെ സെല്ലുകളുടെ വല അത്ര കെട്ടുപിണഞ്ഞതായിത്തീർന്നു. ഞങ്ങളുടെ പാർട്ടികേന്ദ്രത്തിന്റെ നേക്കടിക്കപ്പെട്ട അടി വളരെ കരുതലോടെയുള്ളതും വളരെക്കാലമായി ഒരുങ്ങിയിരുന്നുകൊണ്ടുള്ളതുമായിരുന്നു. സോവിയററുയൂണിയനെതിരായ അവന്റെ ആക്രമണത്തിനു ശത്രു തയാറായ അതേ അവസരത്തിൽത്തന്നെയാണ് ഈ അടിയും വീണതു്.

ഞങ്ങളിൽ എത്രപേരെ അവർ കെണിയിൽ വീഴിച്ചു എന്ന് എനിക്കാദ്യം മനസിലായിരുന്നില്ല. സാധാരണ പതിവനുസരിച്ച് ബാക്കിയുള്ളവർ ബന്ധത്തിനു ഇങ്ങോട്ടു സമീപിക്കാൻ ഞാൻ കാത്തിരുന്നു; എന്നാൽ ആ കാത്തിരുപ്പ് വെറുതെയായി. ഒരു മാസം കഴിഞ്ഞപ്പോൾ, ദൂരവ്യാപകമായ ഫലത്തോടുകൂടിയ എന്തൊ ഒന്നു സംഭവിച്ചിരിക്കുന്നുവെന്നും, പുറത്തുനിന്നു ബന്ധത്തിന് ആരെങ്കിലും എന്നെ സമീപിക്കാൻ കാത്തിരുന്നാൽപോരെന്നും മനസ്സിലായി. അങ്ങിനെ അകത്തുനിന്ന് ബന്ധത്തിനു അങ്ങോട്ടു ഞാൻ ശ്രമിച്ചു. മററുള്ളവരും അതേ അന്വേഷണം തുടങ്ങി.

ഞാൻ കണ്ടെത്തിയ ആദ്യത്തെ മെമ്പർ, മദ്ധ്യബൊഹീമിയൻ വിഭാഗത്തിലെ തലവനായ, ഹോൺസാമൈസ്ലോച്ചിൽ ആയിരുന്നു. മുൻകയ്യെടുത്തു പ്രവത്തിക്കാനുള്ള പാടവം അദ്ദേഹത്തിനു വേണ്ടുവോളമുണ്ട്; കൂടാതെ, പാർട്ടി

കൊരു പത്രം ഇല്ലാതെവരരുതെന്നുള്ള ഉദ്ദേശത്തോടുകൂടി “റൂഡ്പ്രാവോ” യുടെ പുനഃപ്രസിദ്ധീകരണത്തിനുവേണ്ടി യുള്ള ചില കരുക്കളും കൈവശമുണ്ടു്. ഞാൻ ഒരു മുഖപ്ര സംഗമെഴുതി, എന്നാൽ ബാക്കി മാററർ ഞാൻ കണ്ടിരുന്നി ല്ല. അതെല്ലാം ചേർത്തു റൂഡ് പ്രാവോ എന്ന പേരിലല്ലാതെ ഒരു ‘മേയ് പത്രം’ പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ തീരുമാ നിക്കുകയും ചെയ്തു. കൃത്യമായി പുറത്തുവരുന്ന പത്രങ്ങൾ ക്കുപകരം ഇത്തരം ഒററപ്പെട്ട പത്രങ്ങൾ മററുപാർട്ടികളും പുറത്തിറക്കിയിരുന്നു.

പിന്നീടുള്ള മാസങ്ങൾ പാർട്ടിയുടെ രഹസ്യസമര പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു. അടി അതികഠിനമാ യിരുന്നെങ്കിലും അതിനു പാർട്ടിയെ നശിപ്പിക്കാൻ കഴി ഞ്ഞില്ല. അടികൊണ്ടു വീണുപോയ നേതാക്കന്മാർ മുഴമിക്കാ തെ ഇട്ടുപോയ പ്രവർത്തനങ്ങൾ ഏറെറടുക്കുവാൻ നൂറുകണ ക്കിനു പ്രവർത്തകർ മുന്നോട്ടുവന്നു. അവരുടെ പുത്തനായ ഉന്മേഷവും ആത്മസമർപ്പണവും മൗലീകസംഘടനയിൽ എ ന്തെങ്കിലും ഉണക്കമോ പരാജയബോധമോ അരിച്ചുകയറു ന്നതിനെ തടഞ്ഞുനിർത്തി. എന്നാൽ കേന്ദ്രസംഘടന ഉണ്ടാ യിരുന്നില്ല. ഒളിസമരങ്ങളുടെ ഗ്രൂപ്പുപ്രവർത്തനത്തിൻെറ ആപത്തു്, ഏററവും പ്രധാനപ്പെട്ട നിമിഷത്തിൽ, സോവിയററു് റഷ്യയുടെനേരെ ശത്രു നടത്തുമെന്നു പ്രതീക്ഷിച്ചിരുന്ന ആക്രമ ണത്തിൻെറ അവസരത്തിൽ, ഏകീകൃതവും സുസംഘടിതവു മായ ഒരു നേതൃത്വം ഉണ്ടാകുകയില്ല എന്നുള്ളതാണ്.

ഒരു പാർട്ടി ഒളിപ്രവർത്തനസെൽ പ്രസിദ്ധീകരിച്ചി രുന്ന “റൂഡ് പ്രാവോ”യുടെ പ്രതിയിൽ രാഷ്ട്രീയപരിച യമുള്ള ഒരു കൈ ഞാൻ കണ്ടു. ഞങ്ങളുടെ “മേയ് പത്രം” വളരെ വിജയകരമായിരുന്നില്ല എന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. എന്നാൽ തങ്ങൾക്കു സഹകരിച്ചു പ്രവർത്തിക്കാവുന്ന ഒരാൾ ഉണ്ടെന്നതിനുള്ള തെളിവ് മററു ചിലർ അതിൽ ദർശിക്കുകയുണ്ടായി. അങ്ങിനെ രണ്ടു ഗ്രൂപ്പുകൾതമ്മിൽ ബന്ധംകിട്ടാൻ ഞങ്ങൾ അന്വേഷണം തുടങ്ങി.

ഒരു വൻകാട്ടിൽ ആളെ അന്വേഷിച്ചുനടക്കുന്നതുപോ
ലെയായിരുന്നു അത്. ഒരു ശബ്ദംകേൾക്കും, ഞങ്ങൾ അന്വേ
ഷിച്ചു പുറപ്പെടുകയായി. അപ്പോഴേക്കും ശരിക്കുള്ള ആ സ്വ
രം വളരെ പതുക്കെ ആവുകയും മുമ്പു കേട്ടദിക്കിൽനിന്ന്
വളരെ വ്യത്യസ്തമായ ഒരു ദിക്കിൽ കേൾക്കപ്പെടുകയും ചെ
യ്യുന്നു. ഞങ്ങളുടെ ഭാരിച്ച നഷ്ടങ്ങൾ, പാർട്ടിയിലുള്ള ഓ
രോരുത്തർക്കും കുഴിയിൽചാടാതെ സൂക്ഷിക്കാനുള്ള കരുതലു
ണ്ടാക്കിത്തീർത്തു. പരസ്പരം കണ്ടുപിടിക്കാനാഗ്രഹിച്ച, മുമ്പി
ലത്തെ സെൻട്രൽകമ്മറ്റിയിലെ രണ്ടു മെമ്പർമാർക്ക് പല
വിധത്തിലുള്ള പരീക്ഷണങ്ങളിൽക്കൂടെ കടന്നുപോകേണ്ടി
വരികയും, തങ്ങൾ ആരിൽ വിശ്വാസമർപ്പിച്ചുവോ അവർ
തന്നെ ഉണ്ടാക്കിവെച്ച അനവധി പ്രതിബന്ധങ്ങൾ തരണം
ചെയ്യേണ്ടിവരികയും ചെയ്തു. ഇതെല്ലാം ചെയ്തതു് ഈ ഇരു
വരിൽ ഒരാളും, വഞ്ചകനായി മാറിയിട്ടില്ലെന്നും ചതിക്കാൻ
ശ്രമിക്കുകയില്ലെന്നും പരസ്പരം ഇരട്ടിച്ച ഉറപ്പുവരുത്താൻ
വേണ്ടിയായിരുന്നു. ഞാൻ ആരേയാണ് അന്വേഷിക്കുന്ന
തെന്ന് എനിക്കുതന്നെ നിശ്ചയമില്ലെന്നുള്ളതായിരുന്നു എന്നേ
സംബന്ധിച്ചിടത്തോളമുള്ള ഏററവും വലിയ പ്രതിബന്ധമാ
യിരുന്നതു്—താനുമായി ബന്ധത്തിനു ശ്രമിക്കുന്ന മെമ്പർ
ആരാണെന്ന് അയാൾക്കും അറിഞ്ഞുകൂടായിരുന്നു.

ഞങ്ങൾ അവസാനം ഒരാളെ കണ്ടെത്തി—ഞങ്ങളെ
രണ്ടുപേരേയും അറിയുകയും, രണ്ടുപേരേക്കുറിച്ചും അന്യോന്യം
ഉറപ്പുനൽകാൻ കഴിയുന്ന ഒരാൾ ഡാക്ടർ "മിലോഷ് ഹെഡ്
വെഡ്—" വിശിഷ്ടനായ ഒരു യുവാവ്. അയാൾ ഞങ്ങ
ളുടെ ആദ്യത്തെ സന്ദേശവാഹകനായി. വളരെ യാദൃശ്ചി
കമായിട്ടായിരുന്നു ഞാനയാളെ കണ്ടെത്തിയതു്. 1941
ജൂൺ മദ്ധ്യത്തിൽ എനിക്കൊരു സുഖക്കേടുവന്നു. ഡോക്ടർ
ഹെഡ്‌വെഡിനെ കണ്ടുപിടിച്ചു ഞാൻ രഹസ്യമായിത്താമ
സിക്കുന്ന ബക്സാസ് വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരാൻ ലീഡ
യെ അയച്ചു. അയാൾ ഉടനെവന്നു. അയാളുടെ സംസാര
ത്തിനിടയിൽ, ആ മേയ് പത്രത്തിലെ മുഖപ്രസംഗമെഴു
തിയ ആളെ അന്വേഷിച്ചറിയാൻ തന്നെ ചുമതലപ്പെടുത്തി

യിട്ടുണ്ടെന്നു വളരെ കരുതലോടെ അയാൾ സൂചിപ്പിച്ചു. ആ ആൾ ഞാനായിരിക്കുമൊ എന്നു് അയാൾക്കു സംശയമേ ഉണ്ടായിരുന്നില്ല; കാരണം, ഞാൻ അറസ്ററു ചെയ്യപ്പെടുകയും ഒരുപക്ഷെ വധിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരിക്കു മെന്നാണ് മറുവശത്തുള്ള എല്ലാ മെമ്പർമാരും ഉറപ്പിച്ചിരുന്നതു്.

1941 ജൂൺ 22-ാംതീയതി ഹിററ്ലർ സോവ്യററു റഷ്യയേ ആക്രമിച്ചു. അന്നു വൈകുന്നേരംതന്നെ 'ഹോൺസാവൈസ്സോച്ചി'ലും ഞാനുംകൂടെ, ചെക്കോസ്ലോവാക്കിയെ സംബന്ധിച്ചിടത്തോളം ഇതിൻെറ അർത്ഥമെന്താണെന്നു വിവരിക്കുന്ന ഒരു ലഘുലേഖ പുറപ്പെടുവിച്ചു, ഞാൻ ഇത്രകാലമായി അന്വേഷിച്ചിരുന്ന മനുഷ്യനെ ജൂൺ മൂപ്പതാം തീയതി ഒടുവിൽ കണ്ടുമുട്ടി. ഞാൻ നിർദ്ദേശിച്ചിരുന്ന മേൽവിലാസത്തിൽ അയാൾ വന്നു. എന്തെന്നാൽ, അയാൾക്കറിയാമായിരുന്നു താൻ ആരെയാണ് സന്ദർശിക്കാൻ പോകുന്നതെന്നു് അയാൾ ആരാണെന്നു് എനിക്കപ്പോഴും മനസ്സിലായിട്ടുണ്ടായിരുന്നില്ല. ഒരു വേനൽക്കാലരാത്രി; അന്വേഷാ പുഷ്പങ്ങൾ അന്തരീക്ഷത്തെ സുഗന്ധവാഹിയാക്കിത്തീർത്തിരുന്നു. കാമിനീകാമുകന്മാരുടെ സമ്മേളനത്തിനു പററിയരാത്രി. സംസാരിക്കുന്നതിനുമുമ്പ് ഞങ്ങൾ ജനാലവിരികൾ മൂടി. ഞാൻ വിളക്കുകൊളുത്തി. ഞങ്ങൾ അന്യോന്യം ആശ്ലേഷിച്ചു. അതു് 'ഹോൺസാസീക്കാ'യായിരുന്നു.

1941-ഫെബ്രുവരിൽ സെൻട്രൽക്കമ്മററിമുഴുവൻ അറസ്ററു ചെയ്യപ്പെട്ടിരുന്നില്ല. അതിലേ ഒരു മെമ്പർ പിന്നേയും സ്വതന്ത്രനായിരുന്നു – 'സീക്കാ' ആയിരുന്നു അതു്. ഞാൻ വളരെ കാലമായി അയാളേ അറിയും. ഞങ്ങൾ രണ്ടുപേരുംകൂടി ഏറെറടുത്തിരുന്ന പ്രവർത്തിയിൽ കൂടെയാണ് ഞങ്ങൾ പരസ്പരം നന്നായി അറിയാൻ ഇടയായിരുന്നതു്. പൊക്കം തെല്ലു കുറഞ്ഞിട്ട് ഒരു ഉരുണ്ട മനുഷ്യൻ— എപ്പോഴും ഒരു പുഞ്ചിരിതൂവുന്നുണ്ടാവും, ഒരു നല്ല അമ്മാച്ചൻ—എന്നാൽ പാർട്ടി പ്രവർത്തനത്തിൽ ദൃഢചിത്തനും, കഠിനനും, വിട്ടുവീഴ്ചയില്ലാത്തവനും, ആത്മസമർപ്പണം ചെയ്യുവനും അ

യിരുന്നു. താൻ ചെയ്തിരുന്ന പ്രവൎത്തിയല്ലാതെ മററുയാതൊന്നും അദ്ദേഹം അറിഞ്ഞിരുന്നില്ല, അറിയാൻ ആഗ്രഹിച്ചുമില്ല! തൻെറ കടമനിൎവ്വഹിക്കാൻവേണ്ടി അയാൾ മറെറല്ലാം ഉപേക്ഷിച്ചു. അയാൾ നാട്ടുകാരേ സ്നേഹിച്ചു. നാട്ടുകാർ അയാളേയും സ്നേഹിച്ചു. എന്നാൽ ഒരൊററ ആളേയും, അവരുടെ വീഴ്ചകൾ കണ്ണടച്ചു കളഞ്ഞിട്ട് തൻെറ വശത്താക്കാൻ അയാൾ ശ്രമിച്ചിട്ടില്ല.

കാൎയ്യങ്ങൾ തീരുമാനിക്കാൻ ഏതാനും മിനിട്ടേവേണ്ടിവന്നുള്ളൂ. ഏതാനും ദിവസങ്ങൾക്കുള്ളിൽ പുതിയ നേതൃതലത്തിലേ ഒന്നാമത്തെ മെമ്പറുമായി ഞാൻ പരിചയപ്പെട്ടു. 'ഹോൺസാചെർണി' ഇയാളുമായി 'സീക്കാ' നിരന്തര ബന്ധത്തിൽ ഏർപ്പെട്ടതു് മേയ് മുതലായിരുന്നു. അയാൾ നാട്ടുകാരുടെ നേരെ അത്ഭുതകരമായ തരത്തിലെ ഒരു മനോഭാവമുള്ള സുമുഖനും ദീൎഘകായനുമായ ഒരു ചെറുപ്പക്കാരനായിരുന്നു. അയാൾ സ്പെയിനിൽ യുദ്ധം ചെയ്തിട്ടുണ്ട്. അവിടെനിന്നും ഈ യുദ്ധം തുടങ്ങിയതിനുശേഷം നാട്ടിലേക്കു മടങ്ങിയതാണ്. ശ്വാസകോശത്തിൽ ഒരു മുറിവുവെച്ചുകൊണ്ടാണ് അയാൾ നാസി ജൎമ്മനിയിൽക്കൂടെ കടന്നുപോന്നതു്. എപ്പോഴും അയാൾ ഒട്ടൊക്കെ ഒരു പട്ടാളക്കാരൻ തന്നെയായിരുന്നു. രഹസ്യ പ്രവൎത്തനത്തിൽ പരിചയമുള്ളവനും, പ്രതിഭാശാലിയും എപ്പോഴും മുൻകൈ എടുക്കുന്നവനും ആയിരുന്നു.

അനേകം മാസങ്ങളിലേ വാശിയോടുകൂടിയ സമരം ഞങ്ങളെ ഒന്നാംതരം സുഹൃത്തുക്കളാക്കിത്തീൎത്തു. ഞങ്ങൾ ഓരോരുത്തരുടേയും കുറവുകളും സ്വഭാവങ്ങളിലേ പ്രത്യേക പരിശീലനവൈകല്യങ്ങളും ഇടതിങ്ങിയ സഹകരണംകൊണ്ടു ഞങ്ങൾ അന്യോന്യം പരിഹരിച്ചിരുന്നതായിതോന്നി. സംഘടകൻ എപ്പോഴും 'സീക്കാ'യായിരുന്നു. അയാൾ യഥാൎത്ഥ്യബോധമുള്ളവനും, ആളുകളേ ഉപദ്രവിക്കുമാറുള്ള കൎശനമായ കൃത്യനിഷ്ഠയോടുകൂടിയവനും വലിയതരം പ്രയോഗങ്ങൾകൊണ്ടു് ഒരിക്കലും വഴിതെററിക്കപ്പെടാത്തവനുമായിരുന്നു. ഓരോറിപ്പോൎട്ടിനേയും, അതിൻെറ മുഴുവനായ അൎത്ഥം കണ്ടെത്തുന്നതുവരെ, അയാൾ തുളച്ചുനോക്കുമായിരുന്നു.

ഓരോ നിർദ്ദേശത്തേയും, ദയാപൂർവ്വകമായും, എന്നാൽ പ്രയോഗികവശത്തു ചേർന്നുനിന്നുകൊണ്ടും പരിശോധിക്കും. എന്നാൽ ഏററവും ദൃഢനിശ്ചയത്തോടെ ഗ്രൂപ്പിൻെറ ഓരോ തീരുമാനത്തേയും അയാൾ നടപ്പാക്കുന്നു.

ശത്രുവിനു പ്രയോജനപ്പെടാവുന്ന വകകളെല്ലാം നശിപ്പിച്ചു കളയുന്ന പ്രസ്ഥാനത്തിൻെറയും, സായുധവിപ്ലവത്തിനുള്ള ഒരുക്കങ്ങളുടേയും ഉത്തരവാദിത്വം 'ചെർണ്ണി'ക്കായിരുന്നു. മിലിട്ടറി ഭാഷയിൽ ചിന്തിക്കുന്ന ഒരാളാണ് 'ചെർണ്ണി' പുതിയ ഉപാധികൾ കണ്ടുപിടിക്കുകയും, വിശാലമായ അടിസ്ഥാനത്തിൽ ഗംഭീരമായ തോതിൽ പ്ലാൻ ചെയ്യുകയും, പുതിയ ആളുകളേയും വിഭവങ്ങളേയും കണ്ടുപിടിക്കുന്നതിൽ തളരാതെ പ്രവൎത്തിക്കുകയും വിജയിക്കുകയും ചെയ്തിരുന്നു.

ഞാൻ രാഷ്ട്രീയാന്തരീക്ഷത്തിൽ എൻെറ പ്രാണശക്തിയെ ആശ്രയിക്കുന്ന ഒരു രാഷ്ട്രീയ പ്രക്ഷോഭകാരിയും പത്രപ്രവൎത്തകനും ആയിരുന്നു. ചിലപ്പോഴെല്ലാം കുറച്ചൊക്കെ കേവലഭാവനയിലേക്കു കടക്കും. ഐക്യവും പരസ്പരപ്പൊരുത്തവും വേണമെന്ന് എനിക്കു ബഹുനിഷ്ക്കൎഷയായിരുന്നു.

ഞങ്ങൾ പ്രവൎത്തികളെ വിഭജിച്ചിരുന്നില്ല, ഉത്തരവാദിത്വങ്ങൾ മാത്രമെ വിഭജിച്ചിരുന്നുള്ളു. എപ്പോഴെങ്കിലും സ്വതന്ത്രമായ തീരുമാനവും പ്രവൎത്തിയും ആവശ്യമായി വന്നാൽ അപ്പോൾ ഞങ്ങളിൽ ഓരോരുത്തൎക്കും മററുള്ളവരുടെ ശാഖകളിൽ ഉത്തരവാദിത്വം സ്വീകരിച്ചു ഒരു കൈ പരീക്ഷിച്ചു നോക്കേണ്ടിയിരുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ കാൎയ്യങ്ങൾക്കും യോഗംകൂടി തീരുമാനമെടുക്കുക വിഷമമായിരുന്നു. പാർട്ടിയുടെമേൽ ഫെബ്രുവരിയിൽ വീണ അടി ഞങ്ങളുടെ ബന്ധങ്ങളേയെല്ലാം മുറിച്ചു കളഞ്ഞിരുന്നു. അവയെല്ലാം പൂൎണ്ണമായും വീണ്ടും ശരിപ്പെടുത്തിയെടുക്കുക ഒരിക്കലും സാദ്ധ്യമല്ലായിരുന്നു. സംഘടനയുടെ ചില ഭാഗങ്ങൾ അങ്ങിനെ തന്നെ തകർന്നിരുന്നു. മററു ചിലവ വീണ്ടും പടുത്തുണ്ടാക്കിയിരുന്നെങ്കിലും അവയുമായി ഞങ്ങൾക്കു ബന്ധം കിട്ടാൻ കഴിഞ്ഞില്ല. പല ഫാക്ടറിയിലേയും സെല്ലുകളും, ചില പ്രദേശങ്ങളിലേ സംഘടനകൾ അങ്ങിനെ

ത്തന്നെയും അനേകമാസങ്ങൾ ഒററപ്പെട്ടുകഴിഞ്ഞതിനു ശേഷമാണ് ഒടുവിൽ അവയുമായി എഴുത്തുകുത്തുകൾ നടത്താൻ ഞങ്ങൾക്കു കഴിഞ്ഞതു്. അവർക്കു ഞങ്ങളുടെ കേന്ദ്രം ലഭിച്ചിരുന്നുവെന്ന് ആശിക്കുകയും അതിൽ നിർദ്ദേശിച്ചിരുന്ന പൊതുവായ മുറകൾ അവർ അനുസരിക്കുമെന്നുറച്ചിരിക്കുകയും മാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളു.

താമസിക്കാൻ സ്ഥലംപോലുമില്ലാത്തപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുക വളരെ വിഷമകരമായിരുന്നു. പണ്ടത്തെക്കോലങ്ങളൊന്നും ഞങ്ങൾക്കുപയോഗിച്ചുകൂടാ. കാരണം, അവയെല്ലാം ശത്രുവിൻെറ നിരന്തരപരിശോധനയുടെ കീഴിലാണ്. ആദ്യം ഞങ്ങളുടെ കയ്യിൽ പണംപോലും ഉണ്ടായിരുന്നില്ല. റേഷൻകാർഡില്ലാതെ ഭക്ഷണം കിട്ടാൻ വിഷമമായിരുന്നു. കാർഡുവാങ്ങിയാൽ ഞങ്ങൾ ആരാണെന്ന സംഗതി പുറത്തുവരികയും ചെയ്യും. ഈ പ്രതിബന്ധങ്ങളെല്ലാം നേരിടേണ്ടിയിരുന്നതു്, തയാറെടുക്കാനും കെട്ടിപ്പടുക്കാനും സമയം അതിക്രമിച്ചിരുന്ന ഒരവസരത്തിൽ—അതായതു്, യുദ്ധത്തിൽ ഞങ്ങൾക്ക് ഒരു സജീവമായ പങ്കു വഹിക്കേണ്ടിവന്ന അവസരത്തിൽ—ആയിരുന്നു. എന്തുകൊണ്ടെന്നാൽ സോവിയററുയൂണിയൻ ആക്രമിക്കപ്പെട്ടിരുന്നു.

ആഭ്യന്തരരംഗത്തിൽ അക്രമികൾക്കെതിരായി സമരം ചെയ്യുക ഞങ്ങളുടെ ചുമതലയായിരുന്നു; ഞങ്ങളുടെ സ്വന്തം പട്ടാളം മാത്രമല്ല, ചെക്കുജനതയുടെ മുഴുവൻ കഴിവുകളോടുംകൂടെ, ശത്രുവിൻെറ ഉപയോഗസാദ്ധ്യതകളെ അട്ടിമറിക്കുന്ന സമരം, ചെറുയുദ്ധങ്ങൾ, ഞങ്ങൾക്കു ചെയ്യേണ്ടിയിരുന്നു. രക്തം ചിന്തുന്ന മർദ്ദനത്തെ നേരിട്ടുകൊണ്ടും, അക്രമികൾക്കെതിരായി പാർട്ടി അതിൻെറ സംഘടനയെ ഉറപ്പിക്കുകയും, കരുത്തുവെപ്പിക്കുകയും അതേസമയം തന്നെ രാജ്യവാസികളുടെ വിശ്വാസം സമ്പാദിക്കുകയും ചെയ്യേണ്ടിയിരുന്നു. അതിൻെറ അർത്ഥം, യാതൊരുപാർട്ടിയിലും പെടാത്ത ആളുകളെ സമീപിക്കുക, സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതാൻ നിശ്ചയിച്ചിട്ടുള്ള എല്ലാവരുമായും ഇടപെടുക, നാട്ടുകാർക്കു മുഴുവൻ സമരാഹ്വാനം കൊടുക്കുക, വി

ന്നെയും സംശയിച്ചു നില്ക്കുന്നവരെ നേരിട്ടു സമീപിക്കുക എന്നിവയൊക്കെയാണ്.

1941—സെപ്റ്റംബറിന്റെ ആരംഭത്തോടുകൂടി ഞങ്ങളുടെ തകന്നസംഘടന വീണ്ടും കെട്ടിപ്പടുത്തു കഴിഞ്ഞുവെന്നു പറയാറായിട്ടില്ലെങ്കിലും, ഗണ്യമായ പല ചുമതലകളും ഏറ്റെടുക്കുവാൻ സുശക്തമായ കാതൽ എങ്കിലും ഉണ്ടായിക്കഴിഞ്ഞുവെന്നു ഞങ്ങൾക്കു പറയാറായി. പാർട്ടിപ്രക്ഷോഭണങ്ങൾ നാട്ടിൽ ശ്രദ്ധയെ ആകർഷിക്കുന്നവയായിക്കഴിഞ്ഞു. ശത്രുവിദ്രോഹപ്രവത്തനങ്ങൾ പടന്നു പിടിച്ചു. പണിമുടക്കങ്ങൾ പൊട്ടിപ്പുറപ്പെട്ടു. സെപ്റ്റംബർ അവസാനത്തിൽ അവർ ഹെയ്ഡ്റിച്ചിനെ ഞങ്ങളുടെ പിന്നാലെ വിട്ടു.

കൂടുതൽ കൂടുതൽ സജീവമായിത്തീന്നിരുന്ന ഞങ്ങളുടെ ചെറുത്തുനില്പിനെ പട്ടാളഭരണത്തിന്റെ ആദ്യഘട്ടം തകത്തില്ല. എങ്കിലും അതു ഞങ്ങളുടെ ഗതിവേഗം കുറച്ചു. പാർട്ടിയുടെമേൽ പുതിയ മുറിവുകൾ ഉണ്ടായി. ഏററവും വലിയ അടിപററിയതു് പ്രേഗിലെ ഡിസ്ട്രിക്ട്സംഘടനക്കും അവിടത്തെ യുവജനസംഘടനക്കുമാണ് ഏററവും വലിയ ഇടികിട്ടിയതു്. പാർട്ടിക്കു് ഏററവും വിലപ്പെട്ടവരായിരുന്ന ഞങ്ങളുടെ പല നേതാക്കന്മാരും പിന്നെയും നഷ്ടപ്പെട്ടു — "ജൗൺക്രെയ്ച്ചി", "ഷാൻസൻ," "മിലോഷ്ക്രാസ്റ്റി", തുടങ്ങിയ വളരെപ്പേർ നഷ്ടപ്പെട്ടു.

എങ്കിലും ഓരോ അടിക്കുശേഷവും, പാർട്ടി എത്രമാത്രം നശിപ്പിക്കാനാവാത്തതാണെന്നു നിങ്ങൾക്കു കാണാൻ കഴിഞ്ഞു. ഇയാൾക്കുപകരം മററാരായാലും പററില്ല എന്നു തോന്നിയിരുന്ന പലരും പോയിട്ടും, അവരുടെ സ്ഥാനമേറെടുക്കാൻ രണ്ടും മൂന്നും പേർ മുന്നോട്ടു വന്നു. നവവത്സരത്തോടുകൂടി ഞങ്ങൾ വീണ്ടും സുശക്തമായ പുതിയ ഒരു സംഘടന കെട്ടിപ്പടുത്തു. അതു്, 1941—ഫെബ്രുവരിയിൽ നമുക്കുണ്ടായിരുന്നിടത്തോളം തന്നെ വിപുലമായിരുന്നില്ലെങ്കിലും, നിണ്ണായകമായ സമരത്തിനുള്ള വെല്ലുവിളിയെ സ്വീകരിക്കത്തക്ക കരുത്തു് അതിനു് തികച്ചും ഉണ്ടായിരുന്നു. ഊ

പണിയിൽ ഞങ്ങളെല്ലാം പങ്കെടുത്തു; എന്നാൽ അതിൻെറ പ്രധാന ഉത്തരവാദിത്വം 'ഹോൺസാറീക്കാ'യ്ക്കായിരുന്നു.

ഞങ്ങളുടെ പ്രസിദ്ധീകരണവേലയുടെ തെളിവുകൾ നാട്ടിൻപുറങ്ങളിലെ നിലവറകളിലും, സഖാക്കളുടെ രഹസ്യ ഫയലുകളിലും മററും കാണാം. അതിനെപ്പററി ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല.

ഞങ്ങളുടെ പാർട്ടി പത്രങ്ങൾ പാർട്ടിപ്രവത്തകന്മാക്കിടയിൽമാത്രമല്ല, രാജ്യത്തൊട്ടാകെ വിപുലമായതോതിൽ പ്രചരിക്കുകയും, വായിക്കപ്പെടുകയും ചെയ്തിരുന്നു. അച്ചടിച്ചതോ കല്ലച്ചിൽ എഴുതിയതോ ആയ രൂപത്തിൽ അവയെ അററവധി "സാങ്കേതിക കേന്ദ്രങ്ങളിൽ" നിന്ന് അനവധി കോപ്പികളാക്കി പ്രസിദ്ധംചെയ്തു. ഈ സാങ്കേതിക കേന്ദ്രങ്ങളെല്ലാം വളരെ രഹസ്യവും ഒന്നിനൊന്നു ബന്ധമില്ലാത്തവയുമായിരുന്നു. ഒരൊററ പ്രസിദ്ധീകരണഗ്രൂപ്പിനെങ്കിലും, മററു ഗ്രൂപ്പുകളിൽ പ്രവത്തിയെടുത്തിരുന്നതാരാണെന്നൊ എവിടെയാണെന്നൊ യാതൊരു നിശ്ചയവുമുണ്ടായിരുന്നില്ല. അവക്കുള്ള നിർദ്ദേശങ്ങളും ലേഖനങ്ങളും എവിടെനിന്നാണു വന്നിരുന്നതെന്നും ആക്കും അറിഞ്ഞുകൂടായിരുന്നു. മനുഷ്യസാദ്ധ്യമായിടത്തോളം വേഗത്തിൽ അവരെല്ലാം പ്രവത്തിച്ചിരുന്നു. യുദ്ധപരിതഃസ്ഥിതി അതാണാവശ്യപ്പെട്ടിരുന്നത്. ഉദാഹരണമായി: 1942 ഫെബ്രുവരി 23-ാം തീയതിയിലെ സഖാവ് സ്റ്റാലിൻെറ "പട്ടാളങ്ങൾക്കുള്ള പൊതു ഉത്തരവ്" ഞങ്ങൾ പ്രസിദ്ധീകരിക്കുകയും അതു 24-ാംതീയതി വൈകുന്നേരംതന്നെ വായനക്കാരുടെ കൈകളിൽ എത്തിച്ചേരുകയും ചെയ്തു. അച്ചടിവേലക്കാർ ഗംഭീരമായി പണിയെടുത്തു. അതുപോലെതന്നെ ഡാക്ടർമാരുടെ സാങ്കേതികഗ്രൂപ്പും, "ഹിററ്ലറിനെതിരായ ലോകം" എന്നപേരിൽ സ്വന്തനിലയിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്ന "ഫുക്സ് ലാററൻസ്" എന്ന മറെറാരു ഗ്രൂപ്പും പണിയെടുത്തിരുന്നു. മററുപത്രങ്ങൾക്ക് ആവശ്യമായിരുന്ന മാററർ മിക്കവാറും മുഴുവൻ തന്നെ ഞാൻ കൊടുത്തിരുന്നു; മററുള്ളവരെ അപകടപ്പെടുത്താതിരിക്കാൻവേണ്ടി,

ഞാൻ നഷ്ടപ്പെടുകയാണെങ്കിൽ എൻെറ സ്ഥാനം കയ്യേൽക്കാനുള്ള ആളെ കാലേക്കൂട്ടി തയ്യാർ ചെയ്തു നിറുത്തിയിരുന്നു. എന്നെ അറസ്ററുചെയ്യുടനെ അയാൾ ജോലി ഏറെറടുത്തു. ഇന്നും അതു ചെയ്തുകൊണ്ടിരിക്കുന്നു.

ഓരോ പ്രവൎത്തിയിലും കഴിയുന്നതും ചുരുക്കം ആളേമാത്രം ബന്ധപ്പെടുത്തത്തക്കവണ്ണം ഞങ്ങൾക്കു കഴിയുന്നത്ര ലളിതമായ ഒരു സംഘടനയാണു് ഞങ്ങൾ കെട്ടിപ്പടുത്തതു്. സന്ദേശങ്ങൾ എത്തിക്കാനുള്ള കുഴപ്പംപിടിച്ച ചങ്ങല സമ്പ്രദായം ഞങ്ങളുപേക്ഷിച്ചു. 1941 ഫെബ്രുവരിയിൽ കമ്മിററിയേ രക്ഷിക്കാൻ അതിനു കഴിഞ്ഞില്ല, നേരേമറിച്ചു വഞ്ചനയുടെ ആപത്തിനെ അധികമാക്കുകയുമാണു ചെയ്തതു്. ഇതു് ഞങ്ങളോരോരുത്തരുടേയും വ്യക്തിപരമായി കൂടുതൽ ആപത്തിനു വിധേയമാക്കിയെങ്കിലും, സംഘടനയെ ഒട്ടാകെ കൂടുതൽ സുരക്ഷിതമായ ഒരു സ്ഥിതിയിൽ എത്തിച്ചു. ഭാവിയിൽ, യാതൊരടിക്കും ഫെബ്രുവരിയിലെപ്പോലെ പാൎട്ടിയെ തകൎക്കാൻ കഴിയുമായിരുന്നില്ല.

അങ്ങിനെ എന്നെ അറസ്ററു ചെയ്തതിനുശേഷവും, സെൻട്രൽകമ്മററി സാധാരണപോലെ തുടൎന്നുവന്നു. എൻെറ പകരക്കാരൻ എൻെറ സ്ഥാനത്തേയ്ക്കു കയറി. എൻെറ ഏററവും അടുത്ത സഹപ്രവൎത്തകന്മാർപോലും യാതൊരു വ്യത്യാസവും അറിഞ്ഞതുമില്ല.

1942 മേയ് 27-ാംതീയതി രാത്രി 'ഹോൺസാസീക്കാ' അറസ്ററു ചെയ്യപ്പെട്ടു. അതു കേവലം യാദൃശ്ചികമായിരുന്നു. ഹെയ്ഡ്റിച്ചിൻെറ വധത്തിനു പിറേറദിവസം രാത്രിയായിരുന്നു അതു്. ശത്രുയന്ത്രം മുഴവൻ പ്രേഗിലെ തെരുവിലിറങ്ങി നഗരമാസകലം പരിശോധന നടത്തുകയാണു്. 'സീക്കാ' ഒളിവിലിരുന്ന സ്ട്രേഷോവീസിലെ മുറികളിലും അവർ കടന്നു പരിശോധന നടത്തി. കള്ളപ്പേരുകൾ വെച്ചുള്ള അയാളുടെ രേഖകൾ പരമഭദ്രങ്ങളായിരുന്നു. അയാൾ ശാന്തനായി ഇരുന്നിരുന്നെങ്കിൽ അവർ അയാളെ ഒരിക്കലും ശ്രദ്ധിക്കുമായിരുന്നില്ല. എന്നാൽ തനിക്കഭയം നല്കിയ ആ നല്ല കുടുംബത്തിൻെറ ജീവനെ അപകടപ്പെടുത്താൻ ഇഷ്ട

മില്ലാതെ അയാൾ രണ്ടാമത്തെ നിലയിലുള്ള ജനാലയിലൂടെ ചാടി രക്ഷപെടാൻ ശ്രമിച്ചു. അയാൾ വീണു. നട്ടെല്ലിനു സാരമായ പരുക്കുപററി. ജയിലാശുപത്രിയിലേക്കു നീക്കംചെയ്യപ്പെട്ടു. തങ്ങൾ കൈവെച്ചത് ആരുടെമേലാണെന്ന് അവക്കു ഒരു പിടിയും ഇല്ലായിരുന്നു. പതിനെട്ടു ദിവസത്തെ പരിശോധനയ്ക്കും അനവധി ഫോട്ടോ ഫയലുകൾ ഒത്തുനോക്കലുകൾക്കും ശേഷമാണ് അയാളാരാണെന്ന് അവർ തെളിയിച്ചത്. പെച്ചെക്ക് കെട്ടിടത്തിലെ വിസ്താരത്തിന് അയാളെ അവർ അങ്ങോട്ടു കൊണ്ടുപോയി. അവിടെവെച്ചാണ് ഞാൻ അയാളെ അവസാനം കണ്ടത്. അയാളെ കാണിക്കാൻ അവരെന്നെ അങ്ങോട്ടു കൊണ്ടുപോയപ്പോൾ ഞങ്ങൾ അന്യോന്യം കൈപിടിച്ചുകലുക്കി. എന്നെനോക്കിക്കൊണ്ടു തൻെറ കനിവേറിയ ആ മന്ദഹാസത്തോടെ അദ്ദേഹം പറഞ്ഞു:

"ജൂലോ, സ്വയം രക്ഷിക്കൂ!"

അതു മാത്രമാണ് അയാളിൽനിന്ന് അവർ കേട്ടിട്ടുള്ളത്. വേറെ ഒരൊററ വാക്കുപോലും അദ്ദേഹം അവരോടു പറഞ്ഞിട്ടില്ല. ഏതാനും അടികൾ മുഖത്തുകിട്ടിയതോടെ അദ്ദേഹം ബോധംകെട്ടു വീണു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ മരിക്കുകയും ചെയ്തു.

മേയ് 29-ാംതീയതി അദ്ദേഹത്തിൻെറ അറസ്റ്റിനെപ്പററി ഞാനറിഞ്ഞു. ഞങ്ങളുടെ സ്വശ്രാവയവങ്ങൾ നല്ലപോലെ പണിയെടുത്തിരുന്നു. അവയിൽക്കൂടി ഞങ്ങൾക്കു കഴിയുന്നിടത്തോളം ഭംഗിയായി അടുത്തപരിപാടിയെപ്പററി ഞങ്ങളാലോചിച്ചു യോജിച്ച തീരുമാനമെടുത്തു. പിന്നീട് ആ തീരുമാനങ്ങളെ 'ഹോൺസാ ചെർണി' ശരിവെച്ചു. പാർട്ടിക്കുവേണ്ടി ഞങ്ങളൊന്നിച്ചുചെയ്ത അവസാനത്തെ തീരുമാനം അതായിരുന്നു.

1942-ലെ വേനൽക്കാലത്ത് 'ഹോൺസാ ചെർണി' അറസ്റ്റ്ചെയ്യപ്പെട്ടു. ഇത്തവണ ഭാഗ്യദോഷം കൊണ്ടായിരുന്നില്ല. അയാളുമായി നേരിട്ടുബന്ധമുണ്ടായിരുന്ന 'ജാൻപൊക്കോൺസ്കി'യുടെ ഗുരുതരമായ അച്ചടക്കലംഘനം നിമിത്തമായി